
പനങ്ങാട് ഗ്രാമപഞ്ചായത്ത്

വികസനരേഖ

23 നവംബർ 1996



അധികാരം ജനങ്ങളിലേക്ക്

അധികാരം
ജനങ്ങളിലേക്ക്

ജനകീയാസൂത്രണം കേന്ദ്രം മാതൃകയാക്കിയേക്കും


പരിശീലനം സപ്തംബ

കോഴിക്കോട്, ആഗസ്ത് 24: ജന
യാസൂത്രണം സംബന്ധിച്ച ജി
പരിശീലന പരിപാടി അഞ്ച്
ളിൽ സപ്തംബർ മൂന്നാ
സപ്തംബർ രണ്ടാംവാ
പ്രാദേശിക തലങ്ങ
പൂർത്തിയാക്കണ
പ്ലാനിങ്ങ് സേ
രിച്ചാണ്
കമ്മി
ഗണ്യമായി

ജനകീയാസൂത്രണം കേന്ദ്രം മാതൃകയാക്കിയേക്കും

കോഴിക്കോട്: ടി പി കുഞ്ഞിക്കണ്ണൻ (നാമനിർദ്ദേശം), കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർമാരായ തോട്ടത്തിൽ രവീന്ദ്രൻ, പി സൗദാമി നി, വടകര മുനിസിപ്പൽ കൗൺസിലർ കെ ശങ്കരക്കുറുപ്പ്, ജില്ലാപഞ്ചായ ത്ത് അംഗങ്ങളായ എം ദാസൻ, കടമേരി ബാലകൃഷ്ണൻ, പി ആർ പത്മനാ ഭൻ അടിയോടി, വി ആർ വിജയരാഘവൻമാസ്റ്റർ, വി കെ പ്രസന്ന, മാധവി അമ്മ നാരായണൻനായർ, ഇ രാജൻമാസ്റ്റർ, എം സി മായിൻഹാജി, വി കെ സി മുഹമ്മദ്കോയ.


131-T



രാഷ്ട്രീയാധികാരം ഒരു ലക്ഷ്യമല്ല

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ഒരു മാർഗ്ഗം മാത്രമാണ്.

—മഹാത്മാഗാന്ധി


ADMINISTRATIVE
MAP OF
KERALA
SCALE
0 15 30 45 60Km
KARNATAKA
TAMILNADU
LAKSHADWEEP SEA
KASARAGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
പനങ്ങാട്
REFERENCE
STATE BOUNDARY
DISTRICT BOUNDARY
IMPORTANT ROAD
RAILWAY
STATE HQ.
IMPORTANT PLACES
DISTRICT HQ.

പനങ്ങാട് ഗ്രാമപഞ്ചായത്ത്
ഒരു പൊതുവിവരണം


ജില്ല	–	കോഴിക്കോട്
പാർലമെണ്ട് നിയോജകമണ്ഡലം	–	കോഴിക്കോട്
താലൂക്ക്	–	കൊയിലാണ്ടി
ബ്ലോക്ക്	–	ബാലുശ്ശേരി
നിയമസഭാ മണ്ഡലം	–	ബാലുശ്ശേരി
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	–	ഉണ്ണികുളം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	–	കുറുമ്പൊയിൽ, കിനാലൂർ

വിസ്തീർണ്ണം	–	46.96 ചതു. കി.മീ.
ജനസംഖ്യ	–	30,339 (91 സെൻസസ്)
പുരുഷന്മാർ	–	14,990
സ്ത്രീകൾ	–	15,349
വാർഡുകൾ	–	12
കുട്ടികൾ 0-6 ആൺ	–	1904
പെൺ	–	1804
പട്ടികജാതി പു:	–	2152
,, സ്ത്രീ	–	2205
ഗിരവർഗ്ഗജനങ്ങൾ പു:	–	19
,, സ്ത്രീ	–	26
സാക്ഷരർ പു:	–	12532
,, സ്ത്രീ	–	11819


അതിരുകൾ:

വടക്ക്	–	കോട്ടൂർ, കൂരാച്ചുണ്ട് പഞ്ചായത്തുകൾ
തെക്ക്	–	ബാലുശ്ശേരി, നന്മണ്ട, ഉണ്ണികുളം പഞ്ചായത്തുകൾ
കിഴക്ക്	–	താമരശ്ശേരി, ഉണ്ണികുളം പഞ്ചായത്തുകൾ
പടിഞ്ഞാറ്	–	ബാലുശ്ശേരി, കോട്ടൂർ പഞ്ചായത്തുകൾ


മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ




കോപ്പറ്റ രാഘവൻനമ്പ്യാർ
1963–79



ഇ. പത്മനാഭൻനായർ
1979–83



കെ. കെ. ഭാസ്കരൻമാസ്റ്റർ
1988



കെ. എൽ. മാത്യു
1988–95



ഇപ്പോഴത്തെ ഭരണസമിതി


ഗ്രാമപഞ്ചായത്ത് ഭരണസമിതി



പി. പി. ഗൗരി
പ്രസിഡണ്ട്



രാഘവൻ കാപ്പുംകര
(വൈസ് പ്രസിഡണ്ട്)



പി. കെ. ഗോപാലൻനായർ
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

ഗ്രാമപഞ്ചായത്ത്
ഭരണസമിതി അംഗങ്ങൾ

ആർ. കബീർ
പി. ഉസ്മാൻ
ടി. കെ. സുധ
കെ. കെ. ബാബു
കെ. ആലിമാസ്റ്റർ
എ. ശാന്തകുമാരി
സരോജിനി കെ. പി.
എ. സി. ഭാസ്കരൻ
ബഷീർ അഹമ്മദ് പി.

എഡിറ്റോറിയൽ ഗ്രൂപ്പ്

- ❒ കെ. ശശിധരൻമാസ്റ്റർ
- ❒ കെ. വി. ബാലകൃഷ്ണൻ
- ❒ പി. ഉസ്മാൻ
- ❒ കെ. അലിമാസ്റ്റർ
- ❒ വി. എം. പത്മനാഭൻ
- ❒ സനീഷ്കുമാർ കെ.
- ❒ കെ. കെ. പത്മനാഭൻമാസ്റ്റർ
- ❒ കെ. സി. ശ്രീധരൻ
- ❒ പി. സിദ്ദീഖ്മാസ്റ്റർ
- ❒ സി. പി. ബാലൻമാസ്റ്റർ
- ❒ സി. അബ്ദുൾറസാഖ്
- ❒ കെ. മുഹമ്മദ്മാസ്റ്റർ
- ❒ അഭിജ പി. എ.

കൺവീനർ – റിസോഴ്സ് പേഴ്സൺ

- ❒ കെ. അരവിന്ദൻ

പഞ്ചായത്ത് സെക്രട്ടറി

- ❒ ടി. മൂസ്സ

ജനറൽ കൺവീനർ

- ❒ വി. എം. കുട്ടികൃഷ്ണൻ

കെ. ആർ. പി.

- ❒ ഗിരിജാ പാർവ്വതി

ബ്ലോക്ക് കൺവീനർ

- ❒ **എം. ലക്ഷ്മി**

പാർലമെണ്ട് അംഗം

ശ്രീ. എം. പി. വീരേന്ദ്രകുമാർ

നിയമസഭാംഗം

എ. സി. ഷൺമുഖദാസ്

(ബഹു: ആരോഗ്യ-കുടുംബക്ഷേമ, സ്പോട്സ് വകുപ്പ് മന്ത്രി)

ജില്ലാ പഞ്ചായത്ത് അംഗം

ശ്രീ. കാഞ്ഞിക്കാവ് കുഞ്ഞിക്കൃഷ്ണൻ

(ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

ശ്രീ. കെ. എൽ. മാത്യു


(ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

ശ്രീമതി പി. കമല

(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

1. കുടുംബക്ഷേമ ഉപകേന്ദ്രം, നിർമ്മല്ലൂർ
2. ലോഹ്യാ മെമ്മോറിയൽ എ.എൽ.പി. സ്കൂൾ
3. പനങ്ങാട് വില്ലേജ് ഓഫീസ്
4. കമ്മ്യൂണിറ്റി ഹെൽത്ത്സെൻറർ, ബാലുശ്ശേരിമുക്ക്
5. പനങ്ങാട് വെസ്റ്റ് എ. എൽ. പി. സ്കൂൾ
6. ബാലുശ്ശേരിക്കോട്ട പരദേവതാക്ഷേത്രം
7. പനങ്ങാട്നോർത്ത് എ. യു. പി. സ്കൂൾ
8. ഗ്രാമപഞ്ചായത്ത് ഓഫീസ്
9. പുതിയകാവ് അമ്പലം
10. മുണ്ടക്കര എ. യു. പി. സ്കൂൾ
11. പ്രൈമറി ഹെൽത്ത്സെൻറർ, പനങ്ങാട്
12. പോസ്റ്റാഫീസ്, വട്ടോളിബസാർ
13. പനങ്ങാട് സൗത്ത് എ. യു. പി. സ്കൂൾ
14. പഞ്ചായത്ത് സാംസ്കാരികനിലയം, ലൈബ്രറി
15. കിനാലൂർ ഗവ: ജി. യു. പി. സ്കൂൾ
16. കുറുമ്പൊയിൽ ദേശസേവാ എ. യു. പി. സ്കൂൾ
17. പൂവ്വമ്പായ് എ. എം. എച്ച്. സ്കൂൾ
18. ഏഴുകണ്ടി ജുമാ മസ്ജിദ്
19. പ്രൈമറി ഹെൽത്ത് സെൻറർ, വയലട
20. വയലിട എ. എൽ. പി. സ്കൂൾ
21. കുടുംബക്ഷേമ ഉപകേന്ദ്രം, ഏഴുകണ്ടി
22. ഹോമിയോ ഡിസ്പൻസറി, മങ്കയം
23. കിനാലൂർ ഗവ: ഈസ്റ്റ് എൽ. പി. സ്കൂൾ
24. തലയാട് എ. എൽ. പി. സ്കൂൾ
25. ആയുർവ്വേദ ഡിസ്പൻസറി, തലയാട്
26. പോസ്റ്റാഫീസ്, പനങ്ങാട്
27. നരസിംഹക്ഷേത്രം, നിർമ്മല്ലൂർ
28. ജുമാമസ്ജിദ് , ബാലുശ്ശേരിമുക്ക്
29. കുടുംബക്ഷേമ ഉപകേന്ദ്രം, കുറുമ്പൊയിൽ
30. ചിന്ത്രമംഗലം ശ്രീകൃഷ്ണക്ഷേത്രം, കിനാലൂർ
31. വില്ലേജ് ഓഫീസ്, കിനാലൂർ
32. കിനാലൂർ റബ്ബർ എസ്റ്റേറ്റ് ഫാക്ടറി
33. കുടുംബക്ഷേമ ഉപകേന്ദ്രം, തലയാട്
34. വില്ലേജ് ഓഫീസ്, കാന്തലാട്
35. പോസ്റ്റാഫീസ്, തലയാട്
36. പോസ്റ്റാഫീസ്, കിനാലൂർ
37. വില്ലേജ് ഓഫീസ്, പനങ്ങാട്
38. കൃഷിഭവൻ, പനങ്ങാട്
39. ക്ഷീരവ്യവസായ ഓഫീസ്, വട്ടോളിബസാർ
40. മൃഗാശുപത്രി, വട്ടോളിബസാർ
41. കെ. എസ്. ഇ. ബി. അക്കൗണ്ട് വിഭാഗം ഓഫീസ്
42. ഖാദിസെൻറർ, അറപ്പീടിക
43. കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടോളിബസാർ
44. കോ-ഓപ്പറേറ്റീവ് ബാങ്ക്, തലയാട്
45. വി. ഇ. ഒ. ഓഫീസ്, അറപ്പീടിക
46. വി. ഇ. ഒ. ഓഫീസ്, ഏഴുകണ്ടി
47. ബീജാധാന ഉപകേന്ദ്രം, തലയാട്
48. ബീജാധാന ഉപകേന്ദ്രം, തയ്യിൽപീടിക
49. സൗത്ത് ഇന്ത്യൻ ബാങ്ക്, തലയാട്
50. തലയാട് പബ്ലിക് ലൈബ്രറി
51. ക്ഷീരോൽപാദക സഹകരണ സംഘം, വട്ടോളിബസാർ
52. ക്ഷീരോൽപാദക സഹകരണ സംഘം, പനങ്ങാട്
53. ക്ഷീരോൽപാദക സഹകരണ സംഘം, തലയാട്.
54. കൃസ്ത്യൻ ദേവാലയം, തലയാട്.
55. കൃസ്ത്യൻ ദേവാലയം, മണിച്ചേരി.
56. പോസ്റ്റാഫീസ്, വയലട.
57. ശിശുമന്ദിരം, വയലട.


ടാർ ചെയ്യാത്ത റോഡുകൾ
സ്റ്റേറ്റ് ഹൈവേ
ടാർ റോഡ്
പുഴകൾ
തോട്
പഞ്ചായത്ത് അതിർത്തി
N
പ ന ങ്ങാ ടു
കുരുച്ചുണ്ട്
താമരശ്ശേരി
കോട്ടൂർ
ബാലുശ്ശേരി
നന്മണ്ട
ഉണ്ണികുളം

ആമുഖം

കേരളം ലോകജനതക്ക് ഇതിന് മുമ്പും പലതവണ മാതൃകയായിട്ടുണ്ട്. രാഷ്ട്രപുനർ നിർമ്മാണത്തിൽ ഒരിക്കൽക്കൂടി മാതൃകയാകുന്നതിന് നമുക്കിന്ന് അവസരം ലഭിച്ചിരിക്കുകയാണ് - ജനകീയ ആസൂത്രണ പരിപാടിയിലൂടെ.

ആസൂത്രണം എന്ന ആശയത്തിന് മനുഷ്യനോളം പഴക്കമുണ്ടെങ്കിലും രാഷ്ട്രപിതാവിന്റെ തത്വചിന്തകളിൽനിന്നുള്ള ഉത്തേജനമാണ് അടിത്തട്ടിൽ നിന്നുള്ള ആസൂത്രണം എന്ന ആശയം നടപ്പിലാക്കുന്നതിന് നമുക്ക് ശക്തി നൽകുന്നത്. നാടിന്റെ സാമ്പത്തിക അഭിവൃദ്ധിക്കും സാമൂഹ്യനീതിക്കും ബീജാവാപംചെയ്ത് ദീർഘവീക്ഷണത്തോടെയുള്ള വികസനത്തിന് അടിത്തറപാകുന്ന രാസത്വരകമായി ഈ പ്രസ്ഥാനത്തെ ചലിപ്പിക്കാൻ നമുക്ക് കഴിയണം. പനങ്ങാടിന്റെ തനതായ പ്രത്യേകതകൾ ഉൾക്കൊണ്ട്, ലഭ്യമായ വിഭവങ്ങളെ വിലയിരുത്തി നാട്ടുകാരുടെ ആവശ്യകത മുൻഗണനാക്രമത്തിൽ പരിഗണിച്ച് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾക്ക് രൂപം നൽകുക എന്ന ആദ്യഭാഗം രണ്ടുഘട്ടങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ പൂർത്തിയാവുകയാണ്.

1996 സപ്തംബർ 13 നും ഒക്ടോബർ 2 നുമിടയിൽ 12 വാർഡുകളിലെ ഗ്രാമസഭകളിലായി 1750 പുരുഷന്മാരും 657 സ്ത്രീകളുമായി 2407 പേർ പങ്കെടുത്തു. പിന്നീട് നടന്ന ദ്വതീത വിവരശേഖരണ പരിപാടിയിലും ഗ്രാമപഠനത്തിലും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും നാനാതുറയിലുമുള്ള ജനങ്ങൾ അത്യധികം ആവേശത്തോടെ സഹകരിക്കുകയുണ്ടായി.

ഈ പ്രദേശത്തിന്റെ പുരോഗതി ലാക്കാക്കി ശാസ്ത്രീയാടിസ്ഥാനത്തിൽ യുക്തിസഹമായ പദ്ധതികൾ കരുപ്പിടിപ്പിക്കുന്നതിനായി ഈ റിപ്പോർട്ട് ഗ്രാമവികസന സെമിനാർ മുമ്പാകെ സമർപ്പിക്കുകയാണ്. സുഷുപ്തമായ സർഗശക്തിയെ തട്ടിയുണർത്തി സജീവമായ ഒരു ജനശക്തി സൃഷ്ടിച്ചുകൊണ്ട് ഈ നാടിന്റെ പുരോഗതിക്കായി നമുക്ക് കൈകോർത്ത് പിടിക്കാം.

പനങ്ങാട് ഗ്രാമപഞ്ചായത്ത്

ഭൂപ്രകൃതി

മലകളും കുന്നുകളും അവയുടെ താഴ്വരയുമായി 47 ച. കി. മീ. വിസ്തീർണ്ണമുള്ള പഞ്ചായത്ത്. വടക്കുഭാഗം കിഴക്ക് മുതൽ പടിഞ്ഞാറ് വരെ മലകളാണ്. കാപ്പിക്കുന്ന്, വാഴോറ, തെരാടി, തോരാട്, മണിച്ചേരി, പുന്നത്തറ, കോട്ടക്കുന്ന്, കിളികുടുക്കി, വാരിമല, പേരിയ തുടങ്ങിയ ചെങ്കുത്തായ ചെരിവുകളോടുകൂടിയ മലകൾ മുഴുവൻ ഈ ഭാഗത്താണ്. വയലിട, കന്നിവയൽ, തലയാട് പ്രദേശങ്ങൾ ഈ മലകൾക്കിടയിലെ സമതലങ്ങളാണ്. താഴ്വരപ്രദേശമായ തെക്കുഭാഗത്ത് പറമ്പുകളും വയലുകളും പുഴയുമാണ് പ്രധാന ഭൂവിഭാഗങ്ങൾ.

ജലപ്രകൃതി

മഞ്ഞപ്പുഴ എന്നും കോട്ടനടപ്പുഴ എന്നും വിളിക്കുന്ന മഞ്ഞക്കടവ് പുഴ നീർച്ചാലുകളിൽനിന്ന് ഉത്ഭവിച്ച് പുഴയുടെ രൂപം കൈക്കൊള്ളുന്നത് പൂർണ്ണമായും പനങ്ങാട് പഞ്ചായത്തിൽ ആണ്. ഇതുകൂടാതെ കിഴക്ക് പേരിയ ചുരത്തോട് ഭാഗത്തുനിന്ന് ഉത്ഭവിക്കുന്ന തോടുകൾ ചീടിക്കുഴിയിൽ സന്ധിച്ച് പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുകൂടി തെക്കോട്ട് ഒഴുകി പൂനൂർപുഴയിൽ ചേരുന്നു.

എന്നാൽ വേനലിൽ ജലക്ഷാമം രൂക്ഷമാണ്. മലമുകളിൽ പെയ്യുന്ന മഴവെള്ളം മണിക്കൂറുകൾക്കകം പുഴയിൽ ഒഴുകിപ്പോവുന്നു. ഇതിനാൽ പുഴയുടെ ഭൂരിഭാഗവും വേനലിൽ വരണ്ടുപോകുകയും ചെയ്യുന്നു.

ട്രാൻസെക്ട്-1

എ പറമ്പിൻതോട്-ബി ഓടക്കാളി

ജലക്ഷാമം	വിളകൾ	അംശം വില്ലേജ്	ദേശം	മൺതരം	സ്ഥലങ്ങൾ	ഭൂഘടന
ഇല്ല	തെങ്ങ്	പനങ്ങാട് വില്ലേജ്	നിർമ്മലൂർ ദേശം	പൂഴികലർന്ന	പറമ്പിൻ തോട്	
ഭാഗികം	കവുങ്ങ്			എക്കൽമണ്ണ്	കോട്ടക്കുന്ന്	
	കുരുമുളക്			ചുവന്നമണ്ണ്	മൈലാടിപ്പാറ	
രൂക്ഷം	കൊക്കോ			പാറക്കല്ലും		
രൂക്ഷം	മഞ്ഞൾ			കറുത്ത മണ്ണും		
	വാഴ					
ഭാഗികം	ചേമ്പ്			ചുവന്നമണ്ണ്	കൂരാച്ചുണ്ട് റോഡ്	
ഭാഗികം	നേന്ത്രവാഴ			ഫലപുഷ്ടമായ	ഉമ്മനമീത്തൽ	
	കൂർക്കൽ			ചെമ്മണ്ണ്	ഉമ്മനത്താഴെ വയൽ	
ഇല്ല	ചേന			ഒഴുകിവന്ന		
ഇല്ല	തെങ്ങ്			മണൽ കലർന്ന		
	കശുമാവ്					
ഭാഗികം	തെങ്ങ്			ചുവന്ന മണ്ണ്	കെട്ടിൽ റോഡ്	
രൂക്ഷം	കപ്പ			കറുത്ത മണ്ണ്	നെരാടിമല	
	കശുമാവ്			കടുപ്പമേറിയ		
രൂക്ഷം	തെങ്ങ്		പനങ്ങാട് ദേശം	ചെങ്കല്ല് വ്യാപകം	തിരുനൽകണ്ടി	
ഭാഗികം	നെല്ല്			ചെങ്കൽമണ്ണ്		
	തെങ്ങ്			ചുവന്ന മണ്ണ്		
ഇല്ല	കവുങ്ങ്			വയൽ പ്രദേശം	എം എൽ എ റോഡ്	
ഇല്ല	വാഴ			മണൽ കലർന്ന	പുതിയകാവ് വയൽ	
	നെല്ല്			കറുത്ത മണ്ണ്	കറ്റോട്ട് റോഡ്	
ഇല്ല	കുരുമുളക്			കറുത്ത മണ്ണ്	ചാലക്കര വയൽ	
	തെങ്ങ്			ലാക്റ്റയിൽ		
ഇല്ല	വാഴ			ചരൽ നിറഞ്ഞ		
ഭാഗികം	കിഴങ്ങ്			ചെമ്മണ്ണ്	ആശാരിക്കുന്നുമ്മൽ	
ഭാഗികം						


ശ്രദ്ധയിൽപ്പെടുത്തുക

ആര്യകുന്നത്തുതാഴെ	മണൽ കലർന്ന		നെല്ല്		ഇല്ല
മണവയൽ	കറുത്ത മണ്ണ്		കവുങ്ങ്		ഇല്ല
തോട്	കറുത്ത മണ്ണ്		വാഴ		ഇല്ല
ആലംനോക്ക് റോയൽ	ചെമ്മണ്ണ്		തെങ്ങ്		ഭാഗികം
വടക്കുളങ്ങര കുക്ക്	കറുത്ത മണ്ണ്		തെങ്ങ്		ഭാഗികം
പാലംതല റോഡ്	ഫലമുള്ള എക്കൽ മണ്ണ		കവുങ്ങ്		ഇല്ല
പൂവ്വമ്പായ്	ചരൽമണ്ണ്	പൂവമ്പായ് ദേശം	തെങ്ങ്		ഇല്ല
	ചെമ്മണ്ണ്		നെല്ല്		ഇല്ല
ഏകരൂൽ റോഡ്	കറുത്ത മണ്ണ്		കവുങ്ങ്	കിനാലൂർ വില്ലേജ്	ഇല്ല
എടത്തിൽ താഴെ വയൽ	പാറ		കുരുമുളക്		ഇല്ല
കൊറ്റിലേരി			നെല്ല്		ഭാഗികം
കെ എസ് ഐ ഡി സി			കവുങ്ങ്		ഇല്ല
			റബ്ബർ		ഇല്ല
			റബ്ബർ		ഇല്ല
ചക്യോളി			പാറ		ഇല്ല
			റബ്ബർ		ഇല്ല
ഓടക്കാളി റോഡ്					ഇല്ല
പാലത്തോട്					ഇല്ല
എസ്റ്റേറ്റ്					എസ്റ്റേറ്റ്
ഓടക്കാളിപ്പാറ					എസ്റ്റേറ്റ്
					ജനവാസ
ഉണ്ണികുളം		കിനാലൂർ ദേശം			മില്ല

ട്രാൻസെക്ട് - 2

(C) കാപ്പിക്കുന്ന് - പടിക്കൽവയൽ (D)

(കാന്തലാട് വില്ലേജ്)



മൺതരം	കറുത്തത്	ഫലഭൂയിഷ്ഠം	നീർവാർച്ചയുള്ളത്	പാറ കലർന്നത്
ജലലഭ്യത	കിണറുകൾ ഇല്ല	നീരുറവകളെ ആശ്രയിക്കുന്നു	വേനലിൽ രൂക്ഷമായി ജലക്ഷാമം	
തെങ്ങ് റബ്ബർ ഇഞ്ചി തെങ്ങ് കാട് തെങ്ങ് കവുങ്ങ് കുരുമുളക് റബ്ബർ കശുമാവ്	കാട് റബ്ബർ	കാട് തെങ്ങ് കാട് റബ്ബർ കശുമാവ്	തെങ്ങ് കുരുമുളക് വാഴ കൊക്കോ റബ്ബർ കുരുമുളക് റബ്ബർ റബ്ബർ തെങ്ങ് തെങ്ങ് തെങ്ങ് റബ്ബർ	

സംസ്ഥാന ഭൂവിനിയോഗ ബോർഡ്

പഴയകാലം – വാമൊഴികളിൽനിന്ന്

ആദ്യമായി ഈ നാട്ടിൽവന്ന മാറ്റങ്ങൾ നമുക്കൊന്നു പരതാം

പഴുത്ത മാവിലകൊണ്ടും ഉമിക്കരികൊണ്ടും പല്ലുതേച്ച്, എള്ളെണ്ണയോ വെളിച്ചെണ്ണയോ തേച്ച് വാകപ്പൊടി കൂട്ടി ഇഞ്ചകൊണ്ടുരസി വെള്ളിലത്താളിയോ ഏഴിലംതാളിയോ തേച്ച് ചന്ദനക്കുറിയോ ഭസ്മക്കുറിയോ വരച്ച്, പച്ച പ്ലാവില കൊണ്ട് കൈക്കുടത്തരിക്കഞ്ഞി കോരിക്കുടിച്ചും ചിലർക്കൊക്കെ ദിവസം തുടങ്ങുമായിരുന്നു.

ചാളയിലായാലും കുടിലിലായാലും ഭക്ഷണക്കുറവുണ്ടായേക്കാമെന്നല്ലാതെ ഉപയോഗിച്ചതൊക്കെ ഇത്തരം സാധനങ്ങൾതന്നെ. കുരുത്തോലതോരണങ്ങളും തെങ്ങിൻപൂക്കുലകളും ചെന്തെങ്ങിളനീർകുലകളും ഒക്കെ ചടങ്ങുകൾക്കുണ്ടായിരിന്നു. മാറുമയ്ക്കാതെ, പൊൻതോടയോ പുളികൊരടോ കാതിലണിഞ്ഞ സ്ത്രീകളായിരുന്നു നാട്ടിലധികമെങ്കിലും ചില വീടുകളിൽ കാച്ചിത്തുണിയും തട്ടവും കുപ്പായവുമണിഞ്ഞ മുസ്ലിം സ്ത്രീകളേയും കാണാമായിരുന്നു. അവരുടെ അരയിൽ ചുവന്നചരടിൻമേൽ കൊച്ചുവർണ്ണകല്ലുകൾകൊണ്ട് കോർത്തൊരുക്കിയ പ്രത്യേക "ചീലസഞ്ചി" കാണും.

വീടുകളിൽ ചിലതിലൊക്കെ തെറ്റാതെ രാവിലെയും വൈകിട്ടും മുറ്റമടിച്ച് ചാണകം തളിക്കുന്ന പതിവുണ്ടായിരുന്നു. പുലർച്ചക്കും സന്ധ്യക്കും നിലവിളക്ക് കത്തിച്ചുവെച്ച് ഉറക്കെ നാമം ജപിക്കുന്ന ശീലവും, സ്രാമ്പ്യകളിൽനിന്ന് മൈക്കിലൂടെയല്ലാതെ വാങ്ക് വിളിക്കുന്ന ശബ്ദവും കേൾക്കാം. മെതിയടിയിട്ടു നടക്കുന്ന സാധാരണക്കാർ എല്ലാ വിഭാഗത്തിലുമുണ്ടായിരുന്നു. കൈത്തണ്ടയിലുറുക്കു കെട്ടി തല മൊട്ടയടിച്ചുനടക്കുന്ന ശീലമായിരുന്നു ചിലർക്കെങ്കിൽ, മുടി നീട്ടിവളർത്തി കുടുമയാക്കി കെട്ടി നടക്കുന്ന ശീലക്കാരായിരുന്നു മറ്റു ചിലർ. രാവിലെ തുറന്നുവിടുന്നതുകൊണ്ട് നാടുനീളെ അലയുന്ന പശുക്കളെ കാണാം. പൂഞ്ഞ കുലുക്കി താടയാട്ടി നടക്കുന്ന കാളക്കൂറ്റൻമാരെ കെട്ടിയിട്ടു പോറ്റാനും കാളപൂട്ടുമൽസരത്തിനു മാത്രമായി കാളകളെ വളർത്താനുമായിരുന്നു ചിലർക്കൊക്കെ താൽപര്യം.

പാരമ്പര്യ വൈദ്യസമ്പ്രദായമായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. വൈദ്യമറിയുന്നവരുടെ കൂടെനിന്ന് അവരുടെ ചികിൽസാരീതികൾ കണ്ടുപഠിച്ച് ഗുരുവിന്റെ സമ്മതത്തോടെ സ്വന്തമായി ചികിൽസ ചെയ്യുക. ഈ പഞ്ചായത്തിന്റെ (മുമ്പത്തെ ബാലുശ്ശേരി) ആദ്യ പ്രസിഡണ്ട് ആയിരുന്ന ശ്രീ. ഉക്കപ്പക്കുറുപ്പ് ആണ് ഈ പഞ്ചായത്തിലുണ്ടായിരുന്ന ഒരു പ്രശസ്ത പാരമ്പര്യവൈദ്യൻ. അദ്ദേഹത്തിനും ഒന്നോ രണ്ടോ ശിഷ്യന്മാർ ഉണ്ടായിരുന്നു.

ആര്യവൈദ്യൻമാർ കഷായത്തിനും മറ്റും ഓല എഴുതിക്കൊടുക്കുന്ന പതിവേ 1962 കാലത്തോളം ഉണ്ടായിരുന്നുള്ളൂ. ആ കുറിപ്പ് അനുസരിച്ച് മരുന്നുകൾ തറിച്ചുവാങ്ങി വീടുകളിൽ കഷായങ്ങളും മറ്റും ഒരുക്കുകയായിരുന്നു. ഇന്ന് ഏതു കഷായവും ബോട്ടിലുകളിൽ കിട്ടുന്ന അവസ്ഥയായി.

പ്രസവങ്ങൾ ഓരോ വീടുകളിലുംവെച്ച് അതീവശ്രദ്ധയോടെ നടത്തുമായിരുന്നു. സൂതികർമ്മിണിമാർ 'നാണിയമ്മ'മാരെപ്പോലെ ഓരോ പ്രദേശത്തുമുണ്ടായിരുന്നു. വൈദ്യഗ്രന്ഥങ്ങളിൽ പറയുന്നതും "പ്രസവിച്ചുപരിചയമുള്ള സ്ത്രീകളുടെ ശ്രദ്ധയും ശുശ്രൂഷയും ഗർഭിണികൾക്ക് കിട്ടണമെന്നാണല്ലോ".

പ്രാദേശികമായി വളരെ പ്രധാനപ്പെട്ടവരും നാട്ടിലെ പഴംപുരാണങ്ങളിൽ തങ്ങിനിൽക്കുന്നവരുമായവരെപ്പറ്റി പറയുമ്പോൾ ആദ്യവ്യക്തിയായി മുച്ചിലോട്ടുകണ്ടി വിടുവനെപ്പറ്റി തുടങ്ങാം. ഒടയാഞ്ചവള്ളിയിലെ മരപ്പാലത്തിനടുത്ത് ഒരു ചായക്കട ആരംഭിച്ചു. പൊതുവായി സംഭാരപുരകൾ മാത്രം ഉള്ള ആ കാലത്ത് അതൊരു സംഭവംതന്നെയായിരുന്നു. അദ്ദേഹം ഒരുക്കുന്ന പുട്ടിനായിരുന്നു ഏറെ പ്രശസ്തി. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും പലരുടെയും നാവിൻതുമ്പിൽ ആ ചായക്കടക്കാരന്റെ പേര് തങ്ങിനിൽക്കുന്നു.

ഒരു സ്ത്രീ പ്രശസ്തമായി ചായക്കട നടത്തിക്കൊണ്ടുപോയതും ഇവിടെ അടുത്തുതന്നെ (വട്ടോളി ബസാറിൽ). "വട്ടോളി പാത്തുമ്മ" എന്നാണ് അവരുടെ പേര്. അവരുടെ പീടികയിലെ പത്തിരിയെ പലരും പുകഴ്ത്തുമായിരുന്നു.

പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ട് പ്രശസ്തരായവർ വേറെയുമുണ്ട്. വിശ്വകർമ്മാളരിൽ വാസ്തുശിൽപ്പിയായി അറിയപ്പെട്ടിരുന്നത് ഒതയോത്തും പടിക്കൽ തറവാട്ടിലെ "കണ്ടോട്ടി" എന്ന ആളാണ്. അവർണ്ണരിലെ സംസ്കൃത പണ്ഡിതനായിരുന്നു ശ്രീ ചെരിയപ്പോട്ടി വൈദ്യർ.

ഇരുമ്പുരുക്കിയെടുക്കാൻവരെ സംവിധാനങ്ങളുണ്ടായിരുന്ന ഇവിടുത്തെ ആലകളിൽനിന്ന് മൂർച്ചയേറിയ ഉരുക്കുകത്തികളും യന്ത്രവിദ്യകൾ നിറഞ്ഞ പൂട്ടുകളും, എന്തിന്, തോക്കുകൾവരെ ജന്മംകൊണ്ടിട്ടുണ്ട്. ഇരുമ്പുരുക്കുപണിക്കാരിൽ പ്രശസ്തൻ വടക്കെളേടത്ത് വേലുവായിരുന്നു.

ഇന്നത്തെ ബാലുശ്ശേരിമുക്ക് അന്നത്തെ "വണ്ടിത്താവള"മാണ്. കാളവണ്ടികളുടെ നിർമ്മാണവും ലാടം തറക്കലും എല്ലാം നടത്തുന്ന കേന്ദ്രം. വണ്ടിച്ചക്രങ്ങളുടെ ഇരുമ്പുറിങ്ങ് ആണ് നിലത്തുരയുക. ഈ ഇരുമ്പുറിങ്ങുകൾ വട്ടത്തിൽ തീയിട്ട് വികസിപ്പിച്ചാണ് ചക്രത്തിൽ കയറ്റുക. പിന്നീടത് ഇളകില്ല. ചക്രം പണിയുന്നത് തേക്കുകൊണ്ടാവും. സഞ്ചരിക്കാനും ഭാരങ്ങൾ കയറ്റാനും കാളവണ്ടികളാണ് ഉണ്ടായിരുന്നത്. കാളകളെ കെട്ടാതെ മനുഷ്യർതന്നെ വലിക്കുന്നതരം കൈവണ്ടികളും ഉണ്ട്. ട്രോളികൾ വന്നത് ഏറ്റവുമൊടുവിലും. ദശകങ്ങൾക്കു മുമ്പുള്ളവരുടെ ഓർമ്മകളിൽ എല്ലാം തികഞ്ഞ ഏറ്റവുമൊടുവിലത്തെ കാളവണ്ടി രാമയ്യരുടെ വണ്ടിയാണ്. കാളവണ്ടിക്കുപിന്നിൽ നടന്ന് "വട്ക്ക്" മുറുക്കാനും തോളുകൊണ്ട് താങ്ങാനും എല്ലാമായി ഒരാളുണ്ടാവും. അരോഗദൃഢഗാത്രനായ ആലങ്കോട്ട് മൊയ്തി കാളവണ്ടിതൊഴിലാളിയായി ഇന്നും ജനങ്ങളുടെ ഓർമ്മയിലുണ്ട്.

പണ്ട് നമുക്കൊരു താളവാദ്യവിദഗ്ദ്ധൻ ഉണ്ടായിരുന്നു. "നടുവിലെയിൽ കൃഷ്ണമാരാർ". കൈത്തിരിയിൽ നിന്നും കത്തിച്ച പന്തമായി ഒരു ശിഷ്യനും - നടുക്കണ്ടി രാമുണ്ണിക്കുട്ടിമാരാർ. പഞ്ചാരിക്കും പാണ്ടിക്കും നേതൃത്വം കൊടുക്കുന്ന ആൾ. ആയിരക്കണക്കിന് ശിഷ്യന്മാരുടെ ഗുരു. ആ പ്രതിഭയിൽനിന്ന് തേജസ്സുൾക്കൊണ്ട കൈത്തിരിനാളങ്ങൾ ഉണരുന്നു, നാട്ടിന്റെ പ്രതീക്ഷയായി.

ചരിത്രത്തിന്റെ ഭാഗമായിരുന്ന പലതും നമുക്ക് സംരക്ഷിക്കാനുണ്ട്. ഇവിടത്തെ നാഗക്കാവുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. കാവുകൾ സംരക്ഷിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കമെങ്കിൽ വിട്ടുകൊടുക്കുവാൻ തയ്യാറുള്ള ഭൂവുടമകൾ ഇവിടെയുണ്ട്. കൊണവായനെല്ലൂരിലെ ശിലാലിഖിതം സംരക്ഷിക്കപ്പെടണം. സംഭാരപ്പുരകളുടെ അവശിഷ്ടങ്ങൾ എവിടെയും ഇല്ല. വെള്ളം തേവുന്ന കൊട്ടകളും ഏത്തങ്ങളുമില്ല. അത്താണികളിൽ തിരുവാഞ്ചേരി പൊയിലിലൊന്നു മാത്രം അവശേഷിക്കുന്നു.

കൊണവായനല്ലൂരിന്റെയും ഒടയാഞ്ചവള്ളിയൂടെയും നൃപതികരനെല്ലൂരിന്റെയും ഓർമ്മകൾ പേറുന്ന വസ്തുക്കളും ക്ഷേത്രാവശിഷ്ടങ്ങളും ശേഖരിച്ച് ഒരു പൊതുസ്ഥലത്ത് നമുക്കൊരു പുരാവസ്തുകേന്ദ്രം പണിയാമായിരുന്നു. വരുംതലമുറക്ക് കാണാൻ. (മനുഷ്യാധ്വാനം ദാനമായി നൽകാൻ തയ്യാറുള്ള യുവതലമുറക്ക് തയ്യാറായി നിൽക്കുമ്പോൾ, കാര്യം എളുപ്പവുമാണ്.)

ചെറിയ നടപ്പാതകളായിരുന്നു നാട്ടിലുണ്ടായിരുന്നത്. അതിന്നിരുവശവും വലിയ തണൽവൃക്ഷങ്ങളും. നടക്കാവിലെ മരങ്ങൾ ആരും മുറിക്കാറില്ലായിരുന്നു. ഈ നടപ്പാതകൾക്കരികിൽ പലയിടങ്ങളിലും സംഭാരപ്പുരകളുണ്ടായിരുന്നു. സംഭാരപ്പുരകളുടെ നടത്തിപ്പ് അതിന്നരികിലെ ഏതെങ്കിലും ഭൂവുടമകൾക്കായിരിക്കും. കയറൂരിവിട്ട് വളർത്തുന്ന പശുക്കൾ ധാരാളമുള്ളപ്പോൾ പാലും മോരും സുലഭമാണ്. ഈ മോരാണ് ഉപ്പും പച്ചമുളകും കറിവേപ്പിലയുമിട്ട് രുചിവരുത്തി സംഭാരമാക്കി മരത്തോണികളിലും മറ്റും നിറച്ചുവെച്ച് മുക്കിക്കൊടുത്തിരുന്നത്. ചില സംഭാരപ്പുരകളിൽ നീളമുള്ള മുളമ്പാത്തികളിലൂടെ ഒഴുക്കി ആവശ്യക്കാരന്റെ കൈക്കുമ്പിളിനരികിലെത്തിക്കാനുള്ള സംവിധാനംവരെ ഉണ്ടാകുമായിരുന്നു. ഇത്തരം ചില വിശ്രമകേന്ദ്രങ്ങൾക്കരികെ പശുക്കൾക്ക് വെള്ളം കുടിക്കാനുള്ള കൊട്ടത്തളങ്ങളും തീർത്തിരുന്നു.

1788 ൽ വയനാടൻ ചുരത്തിലൂടെ താമരശ്ശേരിവഴി കോഴിക്കോട്ടേക്ക് ഒരു പീരങ്കിപ്പാത ഒരുക്കിയത് ടിപ്പുവായിരുന്നു. ഈ പീരങ്കിപ്പാതയിലേക്ക് ചെന്നുമുട്ടുംവിധം കണയങ്കോട്ടുനിന്നു തുടങ്ങി ഒടയാഞ്ചവള്ളി വഴി പോകുന്ന നടപ്പാതയാണ് ഇന്നത്തെ സ്റ്റേറ്റ് ഹൈവേ. ഈ നടപ്പാതയിൽ ധാരാളം വലിയ മരപ്പാലങ്ങൾ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചിരുന്നു. അതിനുമുമ്പും വയനാട്ടിൽനിന്ന് പാട്ടംലഭിക്കുന്ന നെല്ലും കയറ്റി കാളവണ്ടികൾക്ക് കൊട്ടാരംവരെ വരാനുള്ള സൗകര്യം കുറുമ്പ്രനാട് രാജകുടുംബം ഒരുക്കിയിരുന്നു.

ബ്രിട്ടീഷ്ഭരണം തുടങ്ങുന്നതിന് മുമ്പത്തെ കുറുമ്പ്രനാട് രാജഭരണത്തിൻകീഴിലായിരുന്നു. ആ രാജവംശത്തെപ്പറ്റി ച്ചിലത് നമുക്കറിയണമല്ലോ. കുറുമ്പ്രനാട്ട് കുടുംബത്തിന് രണ്ട് താവഴികളുണ്ട്. മേക്കോളശ്ശേരിയും തുവ്വാടും. മേക്കോളശ്ശേരി താവഴിയിലെ കോവിലകങ്ങളാണ് മുതിരക്കൽ (കോക്കല്ലൂർ), രാരോത്ത്, കോറോത്ത്, ചാത്തോത്ത്, കുളപ്പുറത്ത്, മാതുകണ്ടി, മുണ്ടക്കര, കുന്നിരാംവള്ളി, ചാലക്കോവിലകം തുടങ്ങിയവ. തുവ്വാട്ട് ശാഖയിൽ കിഴക്കേടത്ത് കോവിലകം, നരിക്കോട്ട്കോവിലകം തുടങ്ങിയവ.

കുറുമ്പ്രനാട്ട് രാജകുടുംബത്തിന്റെ ദേവത, ബാലുശ്ശേരികോട്ട പരദേവതയാണ്. ഈ ശക്തിതന്നെയാണ് കിരാത മൂർത്തി, വേട്ടക്കൊരുമകൻ എന്നൊക്കെ അറിയപ്പെടുന്നതും. ബാലുശ്ശേരി കോട്ടയോട് ബന്ധപ്പെട്ട ധാരാളം കഥകളുണ്ട്. ഇതിൽ ചിലതൊക്കെ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലുണ്ട്.

കുളപ്പുറത്ത് കോവിലകത്തിന് സ്വന്തമായി ഒരു മൂർത്തിയും ആരാധനയുമുണ്ട്. ഇതിനെ 'അയ്യന്ത്രോൻ' എന്നു പറയുന്നു. ഈ മൂർത്തിയും വയനാട്ടിൽനിന്നു വന്നു എന്നാണ് പറയുന്നത്. ഇതിന്റെ പ്രതീകമായി ഒരു കരിങ്കൽപീഠത്തിൽ മൂന്ന് ഇരുമ്പുദണ്ഡുകളാണ് വെച്ചിട്ടുള്ളത്. ഇതിൽ രാജാവ്, കുറുപ്പ്, കാര്യസ്ഥൻ, നായ, പന്നി എന്നിങ്ങനെ ശക്തികളുണ്ടെന്ന് പറയപ്പെടുന്നു. ഇവിടത്തെ അഞ്ചടി തുടങ്ങുന്നത്:

മാനിച്ചു കുളപ്പുറം കോവിലകമമർന്നീടും
'അയ്യന്ത്രോൻ' വണങ്ങുന്നേൻ..... എന്നാണ്.

കിഴക്ക് ബത്തേരിവരെ അധികാരം കയ്യാളിയിരുന്ന കുറുമ്പ്രനാട് രാജകുടുംബത്തിന്റെ സൈനികനേതൃത്വം ഇടക്കണ്ടി കുടുംബത്തിനായിരുന്നു. വയനാട്ടിൽ 'കൊല്ലിവയലിട'ത്തിലെ കുടുംബമാണ് അവിടെ കാര്യങ്ങൾ ശ്രദ്ധിച്ചു കൊണ്ടിരുന്നത്. ഇവരുടെ കുടുംബദേവത പുത്തൻകുന്ന് ദേവീക്ഷേത്രത്തിലെ 'കണ്ടംഭദ്ര'യാണ്. ഈ ദേവിയെ വളരെക്കാലം ഉപാസിച്ച ഒരാൾ ഒരിക്കൽ തന്റെ ഓലക്കുടയിൽ ദേവിയെ ആവാഹിച്ചുകൊണ്ടുപോന്നു എന്നും 'ഓടക്കാളി' എന്ന സ്ഥലത്തെ ഒരു കുളത്തിൽ ഈ ഓലക്കുട മറിഞ്ഞുവീണെന്നും അവിടെ ദേവിസാന്നിധ്യം അനുഭവപ്പെട്ടെന്നും ഒരു ഐതിഹ്യമുണ്ട്. ഈ ശകതിയുടെ സാന്നിധ്യമാണ് ഇന്ന് ഓടക്കാളി ക്ഷേത്രത്തിൽ ഉള്ളതെന്നും പറയപ്പെടുന്നു. ഇടക്കണ്ടി കുടുംബത്തിലെ ഒരാൾ അവിടെച്ചെന്നാൽ ഭണ്ഡാരം കാട്ടിക്കൊടുക്കണമെന്നാണ് പഴയ ആചാരം. ആ ചടങ്ങ് ഇപ്പോഴും ആവർത്തിക്കുന്നുണ്ട്. എത്തിപ്പെട്ടയാൾ ഏറ്റവും ചെറിയ ഒരു നാണയമെടുക്കുകയും അത് തിരികെ അവിടെത്തന്നെ നിക്ഷേപിക്കുകയുമാണ് പതിവ്.

'കൊല്ലിവയലിട'ത്തിൽനിന്നും 'നെല്ലിവയലിട'ത്തിലേക്ക് മാറിവരികയും വയനാടിന്റെ അധികാരം കൈവിട്ടപ്പോഴോ മറ്റോ ഇങ്ങ് പൂനൂരിടത്തിലും പിന്നെ ആറങ്ങാട്ടിടത്തിലും ഇവർ എത്തിപ്പെടുന്നത്. ഏറ്റവും ഒടുവിൽ കൊട്ടാരവുമായി ബന്ധപ്പെടാനാവുന്നവിധം 'ഇടത്തിൽക്കണ്ടി' എന്ന ഇടക്കണ്ടിയിലെത്തി എന്നാണ് ചരിത്രം. ഇടക്കണ്ടടിയിലെ തറവാട്ടുപുരയും പൊളിച്ച് വീതംവെച്ചുകഴിഞ്ഞു.

ഈ കുടുംബത്തിലെ റാവുബഹദൂർ ഗോവിന്ദക്കിടാവ് ബ്രിട്ടീഷ് ഭരണകാലത്ത് പൊലീസിൽ ഉയർന്ന തസ്തികയിലെത്തി. അദ്ദേഹത്തിന്റെ മരുമകൾ ഡോ. സുമതി മലബാറിലെ ആദ്യത്തെ ഗൈനക്കോളജിസ്റ്റാണ്. ഇവർ മദ്രാസിൽ പ്രാക്ടീസ് തുടങ്ങി. കോഴിക്കോട്ടായിരുന്നു ഒടുവിൽ താമസം.

വിദ്യയഭ്യസിക്കാനുള്ള ആഗ്രഹം മനുഷ്യന് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഗുരുക്കന്മാരുടെ കൂടെ താമസിച്ചുകൊണ്ട് സംസ്കൃത വിദ്യാഭ്യാസം കഴിഞ്ഞവർ പനങ്ങാട് എഴുത്തുപള്ളിക്കൂടങ്ങൾ തുടങ്ങി. അവർണ്ണ സവർണ്ണ വ്യത്യാസമില്ലാതെ ആർക്കും സ്വാഗതമരുളുന്ന വിധമാണ് എഴുത്തുപള്ളിക്കൂടങ്ങൾ നടന്നിരുന്നത്. ഈ പ്രദേശത്ത് എഴുത്തുപള്ളിക്കൂടങ്ങൾ നടത്തിയവർ അധികവും സവർണ്ണരായിരുന്നില്ല.

എഴുത്തുപള്ളികളിൽ ആദ്യത്തേതായി കരുതപ്പെടുന്നത് എടപ്പുതിയേടത്ത്പറമ്പിൽ തിരുവഞ്ചീശ്വരപ്പൊയിലിൽ തുടങ്ങിയ എഴുത്തുപള്ളിയാണ്. ഇതാണ് പിന്നീട് "പ്രിൻസ് ഓഫ് വെയിൽസ് സ്കൂൾ' എന്ന് നാമകരണം ചെയ്യപ്പെട്ട വിദ്യാലയം. ഈ വിദ്യാലയത്തിന്റെ അവസാനവർഷങ്ങളിൽ പാഞ്ചാമ്പുറത്ത് രാമൻമാസ്റ്റർ, മഠത്തിൽ ചന്തുമാസ്റ്റർ തുടങ്ങിയവർ അധ്യാപകരായുണ്ടായിരുന്നു. ഇതിന്റെ മാനേജ്മെൻറ് പലരിലുമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഈ സ്കൂളിന്റെ അവസാനവർഷങ്ങളിലെ ചിലർ ഇന്നും ആ സ്കൂൾ ഓർക്കുന്നു.

ഒടയാംവള്ളി ദേശത്തിൽ അക്കാലത്ത് താമസിച്ചിരുന്ന ഒരു സംസ്കൃത പണ്ഡിതനാണ് ചെരിയപ്പോട്ടി എഴുത്തച്ചൻ. അദ്ദേഹത്തിന് ഒരുപാട് ശിഷ്യന്മാരും ഉണ്ടായിരുന്നു.

വട്ടോളിയിലെ വള്ളിൽപറമ്പിൽ കൈതോട്ട് ശങ്കരൻമാസ്റ്ററുടെ എഴുത്തുപള്ളിയും അവിടെനിന്ന് കുറച്ചേറെ തെക്കോട്ടുമാറി തിരുന്നാവായ സ്വദേശി തയ്യിൽ സെയ്താലി മുസ്ല്യാരുടെ ഓത്തുപള്ളിയും തച്ചംപൊയിലിലെ ചോയിമഠത്തിൽ വാഴക്കാടുകാരൻ ബീരാൻകുട്ടിമുസ്ല്യാരുടെ ഓത്തുപള്ളിയും കിനാലൂരിലെ എളേറ്റിൽ കൊട്ടാരത്തിൽപറമ്പിൽ പൂനത്തുകാരൻ ഗോപി എഴുത്തച്ചന്റെ എഴുത്തുപള്ളിയും പുവ്വമ്പായിൽപറമ്പിൽ രാമുണ്ണിനായരുടെ എഴുത്തുപള്ളിയും തുടങ്ങുന്നു. ഒടത്തും കൊയിലോത്ത് കൊല്ലവർഷം 1114 ൽ കൃഷ്ണൻ എഴുത്തച്ചൻ തുടങ്ങിയ എഴുത്തുപള്ളിയും പനങ്ങാട് കൃഷ്ണൻ എഴുത്തച്ചന്റെ എഴുത്തുപള്ളിയും മുടങ്ങാതെ നടന്നു.

ഇതോടൊപ്പംതന്നെ മറ്റൊരു എഴുത്തുപള്ളിയും ഓർമ്മിക്കേണ്ടതാണ്. ന്യപതികരനല്ലൂരിൽ കിഴക്കേടത്തിനടുത്തു തുടങ്ങിയ എഴുത്തുപള്ളി. ഇതിന്റെ പ്രവർത്തനവും ഏറെക്കാലം നടന്നു. ഇതൊരു ബോർഡ് സ്കൂളായിതീർന്നെങ്കിലും പിന്നീട് അബോളിഷ് ചെയ്യപ്പെട്ടു.

Sri. M.V. Chandu, son of Kesu was a teacher in the Kottakara Girls' school, Panangad, in 1933-36. This school was closed in 1936. During the Civil Disobedience Movement in 1935, Sri M.V. Chandu mentioned above took out a procession of students of the school shouting " Gandhi Slogans". On receipt of a report on this/ by the Departmental authorities disciplinary action was taken against him and he was compelled to leave the school. The school was also subsequently closed in 1936.

(P.S. Subramania Iyer)
Pensioner,
Retired Head Clerk, D.E.O's Office,
~~Calcutta~~. Calicut.

Panangad,
4.2.1974.

Edl. B. 122- 6,348—13-6 22.

9136

SCHOOL LEAVING CERTIFICATE.

Granted under the orders of the Director of Public Instruction, Madras.

Awarded to V. Achuthan Nayar
of Panangad
the ~~son~~/~~daughter~~ of Chathu Nayar
M.R.Rs A.E. Narayana Ayyar

This is to certify that ~~He~~/~~She~~ examined ~~his~~/~~her~~ class, being the Fifth standard class and placed ~~him~~/~~her~~ Second out of 7 pupils. ~~He~~/~~She~~ considered ~~his~~/~~her~~ attainments to be Fair.

The date of ~~his~~/~~her~~ birth according to the school register was 1-7-[illegible]

~~He~~/~~She~~ bears marks of ~~small pox~~/vaccination.

School Prince of Wales, Panangad
Headmaster P. Raman Nair

Signature of the Inspecting Officer,
Range or Division

Date of Examination [illegible]-2

ആദ്യകാലത്ത് എഴുത്തുപള്ളിക്കളായി തുടങ്ങിയ ഓരോ സ്ഥാപനവും എജ്യുക്കേഷൻ ബോർഡിന്റെ അംഗീകാരം വാങ്ങി ബോർഡ് സ്കൂളുകളായിതീർന്നു. ഇക്കൂട്ടത്തിൽ ഒന്നാമത് തിരുവഞ്ചീശ്വരപൊയിലിലെ പ്രിൻസ് ഓഫ് വെയിൽസ് സ്കൂൾതന്നെ. കൈതോട്ട് ശങ്കരൻമാസ്റ്ററുടെ എഴുത്തുപള്ളിക്ക് 1925ൽ അംഗീകാരം കിട്ടി. ഈ സ്കൂൾ പഞ്ചായത്തതിർത്തിക്കുള്ളിലല്ല, പുറത്താണ് ഇന്നുള്ളത്. ആദ്യം ശിവപുരം എലിമെൻററി സ്കൂൾ എന്നും ഇന്ന് ശങ്കരൻമാസ്റ്റർ മെമ്മോറിയൽ സ്കൂൾ എന്നും ഈ സ്ഥാപനം അറിയപ്പെടുന്നു.

ചോയിമഠത്തിൽ ബീരാൻകുട്ടിമുസ്ല്യാരുടെ ഓത്തുപള്ളി, നൂറുൽഹുദാ (സന്മാർഗത്തിന്റെ വെളിച്ചം) എന്ന പേരിൽ സ്കൂളായ് മാറി. ഈ വിദ്യാലയത്തിൽ അധ്യാപകനായിരുന്ന കൈതോട്ട് മാധവൻനായർ ഇന്നും അതെല്ലാം സ്മരിക്കുന്നു. അക്കാലത്ത് വൈകീട്ട് നബിപദ്യം ചൊല്ലിക്കൊണ്ടായിരുന്നു സ്കൂൾ പിരിഞ്ഞത്.

വട്ടോളിയിൽ സെയ്താലി മുസ്ല്യാരുടെ ഓത്തുപള്ളിയാണ് ഇന്നത്തെ പനങ്ങാട് സൗത്ത് യു പി സ്കൂൾ. അദ്ദേഹംതന്നെ സ്ഥാപിച്ച മറ്റൊരു വിദ്യാലയമാണ് പനങ്ങാട് വെസ്റ്റ് എൽ പി സ്കൂൾ. ഗോപിഎഴുത്തച്ചന്റെ സ്കൂൾ സ്ഥലം മാറി ഇന്നത്തെ കിനാലൂർ ജി എൽ പി സ്കൂളായി. പറമ്പിൽ രാമുണ്ണിനായരുടെ എഴുത്തുപള്ളി ആദ്യം എൽ പി സ്കൂളും പിന്നെ യു പി സ്കൂളും ഇപ്പോൾ പൂവമ്പായ് ഹൈസ്കൾ എന്നും മാറിക്കഴിഞ്ഞു. പനങ്ങാട് കൃഷ്ണനെഴുത്തച്ചന്റെ എഴുത്തുപള്ളി ഇന്നത്തെ പനങ്ങാട് നോർത്ത് യു പി എസും. നിർമ്മല്ലൂരിൽ കൃഷ്ണൻഎഴുത്തച്ചന്റെ എഴുത്തുപള്ളി പലരും കൈമാറി ഇന്നത്തെ നിർമ്മല്ലൂർ എൽ പി എസ്സായി. തിരുവാഞ്ചേരി പൊയിലിൽ 43ൽ പി എസ് സുബ്രാഹ്മ അയ്യർ സ്ഥാപിച്ച ഗേൾസ് എലിമെൻററി സ്കൂൾ, മുണ്ടക്കര യു പി എസ് എന്ന പേരിൽ അറിയപ്പെടുന്നു.

സ്കൂളുകളുടെ ചരിത്രത്തിൽ രസകരമായ കാര്യങ്ങൾ പിന്നേയും കിടക്കുന്നു. പുരോഗമന ആശയക്കാരനായ മണപ്പാടിവീട്ടിൽ ചന്തുമാസ്റ്റർ 1933ൽ തുടങ്ങിയതാണ് കോട്ടക്കര ഗേൾസ് സ്കൂൾ. 1935ലെ ആരോഗ്യവാരത്തിന് മഹാത്മാഗാന്ധിക്ക് ജയ്വിളിച്ച് ഘോഷയാത്ര നടത്തിയ കാരണം കാണിച്ചുകൊണ്ട് സ്കൂളിന്റെ അംഗീകാരം എടുത്തുകളഞ്ഞു.

ചന്തുമാസ്റ്റർ ചന്ദനംകണ്ടി കുട്ടികൃഷ്ണൻനായരുമായി സഹകരിച്ച് മറ്റൊരു സ്കൂൾ തുടങ്ങി. ഇത് കോട്ടനടതയ്യിൽതാഴെ വയൽക്കരയായിരുന്നു. 'ആദിദ്രാവിഡ സ്കൂൾ' എന്നായിരുന്നു ഇതിന്റെ പേർ. സാമ്പത്തിക പരാധീനതകൾ കാരണം ഈ സ്കൂളിന്റെയും പ്രവർത്തനം മുടങ്ങി. അക്കാലത്ത് ഗവർമെണ്ടിന്റെ അംഗീകാരത്തിന് കാത്തുനിൽക്കാതെ ഹിന്ദിഭാഷ പഠിപ്പിക്കാനായ് പരിശ്രമിച്ച വ്യക്തിയാണ് ശ്രീ. കോറോത്ത് രാമുണ്ണിമാസ്റ്റർ. അദ്ദേഹത്തിന്റെ പ്രഭുരാം ഹിന്ദിവിദ്യാലയം, ദക്ഷിണഭാരത് ഹിന്ദി പ്രചാരസഭയുടെ പരീക്ഷകൾക്കായ് വിദ്യാർഥികളെ ഒരുക്കിയിരുന്നു.

കിനാലൂർ ഈസ്റ്റ് ഗവ. എൽ പി സ്കൂളും കുറുമ്പൊയിൽ ദേശസേവാ യു പി സ്കൂളും വയ്ലിട എ എൽ പി എസും പിന്നീട് ആരംഭിച്ചു. കൊട്ടാരമുക്കിൽ ആരംഭിച്ച ലോഹ്യാ മെമ്മോറിയൽ എൽ പി സ്കൂൾ ഈ പഞ്ചായത്തിലെ ഏറ്റവും പ്രായംകുറഞ്ഞ വിദ്യാലയമാണ്.

പഠനസാമഗ്രികളിലും കാലോചിതമാറ്റങ്ങൾ വന്നിട്ടുണ്ട്. ആദ്യകാലത്ത് എഴുത്തുപള്ളിക്കൂടങ്ങളിലെ വിദ്യാർഥികൾ നിലത്തിരുന്ന് ചിരട്ടത്തൊണ്ടിലെ മണൽ പരത്തിയിട്ട് കൈവിരൽകൊണ്ട് എഴുതുകയായിരുന്നു. ഒരു ഇളനീരിന്റെ മുഴുവൻ ചിരട്ടത്തൊണ്ട് മുകളിൽ ഒരു ദ്വാരമിട്ട് തൂക്കിനടക്കുന്ന വിദ്യാർഥികൾ എങ്ങിനെയിരിക്കും. ആൺകുട്ടികൾപോലും മുടി നീട്ടിവളർത്തി കുടുമയായി കെട്ടിനടക്കും. സ്റ്റീൽപെന്നും ഫൗണ്ടൻപേനകളും ബ്ലേക്ക് ബോഡും ബെഞ്ചുകളും ബ്രിട്ടീഷുകാരുടെ സംഭാവനയാണ്. അന്നത്തെ വിദ്യാർഥികൾ കടലുകൾക്കക്കരെ ബ്രിട്ടനിലുള്ള രാജാവിന് സ്തുതിഗീതം പാടേണ്ടിയിരുന്നു.

ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് എത്തിനോക്കാൻ പ്രേരിപ്പിക്കുംവിധം തൊപ്പിക്കല്ലുകൾ, കുടക്കല്ലുകൾ, മുതലായവയൊന്നുംതന്നെ ഇവിടെ കാണാനില്ലെങ്കിലും കിനാലൂരിലെ ശിവക്ഷേത്രത്തിനടുത്തുനിന്ന് ഒരു ശിലാലിഖിതം കിട്ടിയിട്ടുണ്ട്. വളരെ പഴയ ചില കാര്യങ്ങൾ ചരിത്രഗവേഷകന്മാർ കണ്ടെത്തിയിരിക്കുന്നു.

വട്ടെഴുത്തിലുള്ള ഈ ലിഖിതത്തിൽനിന്നും "കൊണവായനല്ലൂർ" എന്നൊരു സ്ഥലത്തെപ്പറ്റി നാമറിയുന്നു.

കൊണവായനല്ലൂർ ശിലാലിഖിതം

കിനാലൂർ ക്ഷേത്രപരിസരത്തുനിന്ന് കണ്ടെടുത്ത ശിലാലിഖിതത്തിന്റെ സാരാംശം.

എട്ടാം നൂറ്റാണ്ടിൽ വിജയരാജസിംഹൻ രാജാവ് ശിവപ്രതിഷ്ഠ നടത്തി ക്ഷേത്രം പണിതു. ക്ഷേത്രഭരണം പിന്നീട് രാജനർത്തകിയായ "ചാത്തൻ ചെറുമങ്കെ" എന്നവരെ ഏൽപ്പിച്ചു. "ജാനകിനട" എന്ന വീട്ടിലാണ് അവർ താമസിച്ചിരുന്നത്.

രാജാവിനോടൊപ്പം പോന്ന ശക്തി കോട്ടയിലെ കര്യാത്തനെ തോണ്ടിയെറിഞ്ഞു എന്നും ഇത് കര്യാത്തൻപാറയിൽ ചെന്നുവീണെന്നുമാണല്ലോ കഥ.

ഒരുമലദൈവത്തെ ആരാധിച്ചിരുന്നവരുടെ ആസ്ഥാനം പുറത്തുനിന്നുവന്ന മറ്റൊരു ശക്തി കൈയേറുകയുണ്ടായെന്നും ഒടുവിൽ കൈയേറ്റത്തിനെ എതിർക്കാനാവാത്തവർ പാറയിലേക്ക് പിന്മാറിയതല്ലെന്നും ആരുകണ്ടു. ശിലാലിഖിതത്തിൽ പരാമർശം ചെയ്യപ്പെട്ട "ചാത്തൻ ചെറുമങ്കെ" എന്തുകൊണ്ടും ആദിമ നിവാസികളുടെ കൂട്ടത്തിൽപ്പെട്ടവളാണെന്നുവേണം കരുതാൻ. ഇവിടന്ന് അൽപ്പം മാറിക്കൊണ്ട് ഒരു "ചാത്തൻവീട്" ഇന്നുമുണ്ട്.

ശിലാലിഖിതത്തിൽ ഈ ക്ഷേത്രത്തിന്റെ കീഴിൽ മറ്റു നാലു ക്ഷേത്രങ്ങളുണ്ടെന്ന് പരാമർശിക്കുന്നു. ഇതിലൊന്ന് 'പരലാട്ടുമ്മൽ' ക്ഷേത്രമാണെന്നും കരുതുന്നു. ഈയിടെ 'വരിക്കകണ്ടിക്ക' എന്ന പഴയ ആചാരവിധികളോടെയുള്ള കർമ്മം ആ ക്ഷേത്രപരിസരത്ത് നടന്നതും നാമോർമ്മിക്കണം. ആദിമനിവാസികളുടെ ആചാരാനുഷ്ഠാനങ്ങൾ തകർത്തുകൊണ്ട് ഒരു വിഭാഗം കടന്നുവന്നതും അവർ അധികാരം ഉറപ്പിച്ചതും നാം മനസ്സിലാക്കുന്നു. പഴംകഥകളുടെയൊ

ക്കെ പിന്നിൽ അത്തരം സൂചനകൾ കണ്ടേക്കാം.

ആചാരങ്ങൾ എന്നോ, അനാചാരങ്ങൾ എന്നോ വിളിക്കാവുന്ന നിരവധി കാര്യങ്ങൾ ഇന്നാട്ടിൽ നടപ്പിലുണ്ടായിരുന്നു. തീണ്ടലും തൊട്ടുകൂടായ്മയും ഇന്നു നമ്മൾ ആചരിക്കുന്നില്ല. ഏതാനും ദശകങ്ങൾ മുമ്പുവരെ ഇന്നാട്ടിൽ അതുണ്ടായിരുന്നു. ആരും നെറ്റിചുളിച്ചിട്ടു കാര്യമില്ല. വളരെ ഗൗരവമായി അത്തരം ആചാരങ്ങൾ വെച്ചുപുലർത്തിയവരുടെ പിൻതലമുറയാണ് നാം.

നേരിയ ഒരിരുൾ പടർന്നുതുടങ്ങിയ അക്കാലത്ത് വാഗ്ഭടാനന്ദൻ ഇവിടെയെത്തി. മർദ്ദിതരായി കഴിയുന്ന പലരെയും താങ്ങിയുയർത്തി വിദ്യയുടെ വെളിച്ചം കാട്ടിക്കൊടുത്തു. ചെറിയപ്പോട്ടിവൈദ്യർതന്നെ ആ ലാളനയേറ്റ ആളാണ്. കേരളത്തിലുടനീളം പ്രതിഭാധനനായ വാഗ്ഭടാനന്ദൻ സഞ്ചരിച്ചു. കുറുമ്പ്രനാട്ടെ പ്രവർത്തനവും മഹനീയം തന്നെയായിരുന്നു.

ഇവിടങ്ങളിൽ പണ്ടേ കര്യാത്തൻ, കരിവില്ലി, തലച്ചില്ലോൻ, ഗുളികൻ, കരിങ്കാളി എന്നൊക്കെ പേരുകളിൽ മലദൈവങ്ങളെ ആരാധിക്കുന്ന പതിവുണ്ടായിരുന്നു. "എന്റെറ കര്യാത്താ" എന്ന് ഉള്ളിൽ തട്ടി വിളിക്കുന്നവർ ഇന്നുമുണ്ട്. കുട്ടിച്ചാത്തൻ പ്രതിഷ്ഠകൾ കുറവാണ്. പക്ഷേ, അതും ഉണ്ടായിരുന്നു എന്ന് കാണാം.

കുന്നത്തുനായർക്ക് മാംസവും മുത്തപ്പന് മദ്യവും നേർച്ചകൊടുക്കുന്ന പതിവുണ്ട്. ഇത്തരം ശക്തികൾക്ക് മനുഷ്യരൂപം നൽകി ചായാചിത്രങ്ങൾ രചിച്ചിട്ടില്ല. എങ്കിലും തിറകെട്ടുന്നവർ ഇഷ്ടമൂർത്തികൾക്ക് ആകാരം നൽകുകയാണ് ചെയ്യുന്നത്. കുരുത്തോലകളും ചായങ്ങളും ഉപയോഗിച്ച് അവർ ചമച്ചൊരുക്കുന്ന കലാസൃഷ്ടികളാണ് തിറ. അതിന്നൊപ്പം പിറന്ന സാഹിത്യമാണല്ലോ അഞ്ചടികൾ. എത്രയെത്ര അഞ്ചടികൾ എഴുതിവെക്കാതെ നാം മറന്നു.

1920-25 കാലത്തുപോലും കളങ്കമേശാത്ത കാനനങ്ങളായിരുന്നു പഞ്ചായത്തിന്റെറ കിഴക്കൻ ഭാഗങ്ങളിൽ ഈ വനമേഖലകളിൽ ധാരാളം ആദിവാസികളുമുണ്ടായിരുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ തീവണ്ടി സമ്പ്രദായം ആരംഭിച്ച കാലത്ത് 1861-ൽ മലബാറിൽ കടലുണ്ടി മുതൽ കുറ്റിപ്പുറംവരെ റെയിൽ തുറന്നു. 1902 ലാണ് റെയിൽ വരുന്നത്. ധാരാളം സ്ലീപ്പറുകൾ ആവശ്യമായി വന്നപ്പോൾ ഇത് ലഭ്യമാക്കുവാൻ അവർ സ്വകാര്യ കമ്പനികളെയാണ് ആശ്രയിച്ചത്.

M/sയഹോബായി ആൻറ് മണിബായി കമ്പനി സ്ലീപ്പറുകൾക്കുള്ള ഒരു കോൺട്രാക്ടും സംഘടിപ്പിച്ച് കുറുമ്പ്രനാട്ടെത്തി. കിഴക്കേടത്ത് കോവിലകത്തുനിന്നും 10 ഏക്ര വനം ജന്മാവകാശം വാങ്ങിയ അവർ ഇന്നത്തെ തലയാട്ടെത്തി, അന്നൊന്നും ഈ സ്ഥലത്തിന് പ്രത്യേകം പേരുകളൊന്നുമില്ല. ഇന്നത്തെ 'മണ്ടോപ്പാറ'ക്കടുത്ത് അവർ ഒരു ഈർച്ചമിൽ സ്ഥാപിച്ചു.

ഈ ഈർച്ചമില്ലിൽ മരം ഈർന്നെടുക്കാൻ വലിയ വാളുകളും ചില തരം യന്ത്രങ്ങളും ഉപയോഗിച്ചു. (ആവിയെഞ്ചിൻ ഉണ്ടായിരുന്നു എന്നാണ് അന്നുള്ള പലരുടെയും കഥകളിൽ പറഞ്ഞിരുന്നത്. പോത്തുകളും കാളകളും വലിക്കുന്ന വലിയ തരം വണ്ടികളുണ്ടാക്കി ഈ മരം പുറത്തെ റോഡിൽ ഏകദേശം നിന്നടുത്തുവരെ എത്തിക്കുകയായിരുന്നു. അക്കാലത്തുതന്നെ അത് നല്ലൊരു റോഡായിത്തീർന്നു.

വേണ്ടത്ര തൊഴിലാളികളെയും വണ്ടിക്കാരെയും ഏർപ്പാട് ചെയ്തതും മരം വേണ്ടത്ര എത്തിച്ചുകൊടുത്തതും മറ്റും ജ: കൊല്ലങ്കണ്ടി മൊയ്തി എന്നയാളായിരുന്നു. ഇദ്ദേഹത്തിന് ശേഷം, മക്കളായ മമ്മുസാഹേബും കലന്തൻകുട്ടി സാഹേബും മില്ലിനുവേണ്ട മരം സപ്ലൈയും മറ്റും തുടർന്നുകൊണ്ടിരുന്നു. മില്ലിന്റെറ പ്രവർത്തനം അവസാനിച്ചപ്പോൾ യന്ത്രങ്ങളും മറ്റും നീക്കംചെയ്ത സ്ഥലം 10 ഏക്രയും കമ്പനി മമ്മു സാഹബിന് നൽകുകയായിരുന്നു.

കൊട്ടാരത്തിൽനിന്നും ധാരാളം ഭൂമി ജ: മൊയ്തി പിന്നെയും വാങ്ങിച്ചു. കുറ്റിക്കാണം നിശ്ചയിച്ച് മരംമുറി നിർബാധം നടന്നു. എത്രകാലം മുറിച്ചാലും തീരില്ലെന്ന് കരുതിയ വനം അപ്രത്യക്ഷമായിത്തുടങ്ങി. വെട്ടിയൊഴിഞ്ഞ പ്രദേശത്ത് 4 ഏക്ര ആദ്യം വാങ്ങിയത് അമ്മത് എന്നൊരാളാണെന്ന് പറയപ്പെടുന്നു. അയാൾ കൃഷി തുടങ്ങി. പക്ഷേ എല്ലാം നശിച്ചു. അയാൾ സ്ഥലം തിരികെ മമ്മുസാഹേബിന് നൽകി. പിന്നെയാണ് തെക്കുനിന്നുള്ള കുടിയേറ്റം തുടങ്ങുന്നത്. ആദ്യത്തെ കുടിയേറ്റ കർഷകൻ കുന്നങ്കുളങ്ങര ജോസഫ് ആണെന്ന് കരുതുന്നു.

അക്കാലത്ത് ഭൂമിയുടെ മേന്മപറഞ്ഞ് പറഞ്ഞ് മോഹിപ്പിച്ച് കൃസ്ത്യാനികളെക്കൊണ്ട് വാങ്ങിപ്പിക്കുകയായിരുന്നു. വളക്കൂറുള്ള മണ്ണ് കണ്ടപ്പോൾ കുടിയേറ്റക്കാർ വിസ്മയിച്ചു എന്നതും വാസ്തവമാണ്. എങ്കിൽ പിന്നീട് അവരനുഭവിച്ച ദുരിതങ്ങൾ വിവരണാതീതവുമാണ്. പത്തിനൊന്നുവാരം നിശ്ചയിച്ച് മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്തവരായിരുന്നു ആദ്യം വന്നവർ പലരും. ഇതിൽ നിന്നുണ്ടായ മിച്ചംകൊണ്ടാണ് പിന്നീട് ഭൂമി വാങ്ങിയതും.

അന്ന് ഇത്രയും പേരവിടെ എത്തുമ്പോൾപോലും സ്ഥലത്തിന് തലയാട് എന്നൊരു പേര് ഇല്ലായിരുന്നു. വളരെയേറെ ഉയരമുള്ള ഒരു പുവ്വംമരത്തിന് മുകളിൽ ഏണിവെച്ച് കയറിച്ചെന്നാൽ സുഖമായി കഴിയാവുന്നവിധം മരംകൊണ്ട് ഒരു ക്യാബിൻ നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഈ ക്യാബിൻ വളരെക്കാലം അവിടെ ഉണ്ടായിരുന്നുപോലും. ഇങ്ങനെ മരത്തിന്റെറ തലയാടിൽ വീടുണ്ടായിരുന്നതുകൊണ്ടാണ് ആ പേരുണ്ടായതെന്നും പറയപ്പെടുന്നു.

കാട്ടിൽനിന്നും മരം മുറിച്ചുകൊണ്ടുവരാൻ ഇഷ്ടംപോലെ ആദിവാസികളുണ്ടായിരുന്നു. അന്നത്തെ അരോഗദൃഢഗാത്രരായ ആദിവാസികളെപ്പറ്റി അത്ഭുതംകൂറുന്നവർ ഇന്നുമുണ്ട്. 45 ജോടി വാൾക്കാർ വരെ മരം മുറിച്ചുകൊണ്ടിരുന്നതിന്റെറ കണക്കുകൾ അടുത്തകാലം വരെ കണ്ടവരുണ്ട്. പുറത്തുനിന്നും ചെന്ന മനുഷ്യർ പുകയിലയും വെറ്റിലയും കൂടാതെ നാടൻ മദ്യവും വേണ്ടത്ര നൽകി അവരെ പ്രീതിപ്പെടുത്തി ജോലിചെയ്യിക്കയായിരുന്നു. ജോലിചെയ്യാൻ അവർക്കുള്ള താല്പര്യം ഒരു പ്രത്യേകത തന്നെയായിരുന്നു. കാടിന്റെറ ചുറ്റുപാടുകളുമായി പൊരുത്തപ്പെടാത്ത ഭക്ഷണരീതികളും ലഹരിപദാർഥങ്ങളും എല്ലാം വേണ്ടത്ര കിട്ടിയപ്പോൾ അവരുടെ ജീവിതരീതികളിലും മാറ്റം വന്നു.

കാട്ടിൽ അവർ ഉപയോഗിച്ചിരുന്ന കുഴിക്കിഴങ്ങും, ഞെട്ടിത്തെങ്ങിന്റെ കൂമ്പും, തേനും, മുളയരിയുമൊക്കെ ഇന്ന് കാണാനായില്ല. കാട്ടിനുള്ളിൽ മുതലാളിമാർക്ക് ആദിവാസികൾ നൽകിയ സ്വീകരണങ്ങൾ "മരണം വരെ മറക്കില്ലെന്ന" വാക്കുകൾ വെറും നാട്ടു പഴങ്കഥകളല്ല. സത്യത്തിന്റെ നുറുങ്ങുകൾ അവക്കിടയിലുണ്ട്

ഏകദേശം 1955-60 നോടടുത്തായിരിക്കണം വളരെവളരെ ദുഃഖകരമായ ഒരു സംഭവവും ഈ വനാന്തരത്തിൽ സംഭവിച്ചിട്ടുണ്ട്. തലയാടിനടുത്തുള്ള വനാന്തരങ്ങളെല്ലാം വെളിമ്പ്രദേശമായിക്കഴിഞ്ഞപ്പോൾ ആദിവാസികളായ പണിയരെ പ്രതിഫലം കൂടുതൽ കൊടുത്ത്, ആകർഷിച്ച് ഉൾക്കാടുകളിലേക്കയക്കാൻ തുടങ്ങി. അങ്ങനെയും ധാരാളം മരങ്ങൾ ശേഖരിച്ചു. അവർ സമ്മാനങ്ങൾ കൈപ്പറ്റിക്കഴിഞ്ഞാൽ ഉറപ്പാണ് മരം കാട്ടിനപ്പുറത്തെത്തും.

'വെള്ളി' എന്നു പറയുന്ന മൂപ്പനുമായിട്ടായിരുന്നു ഇടപാടുകൾ. കാട്ടിനുള്ളിലെ മരത്തിന്റെ വണ്ണവും ഉയരവും അവർ വന്നു പറയും. മരങ്ങളുടെ വലിപ്പത്തിനനുസരിച്ച് സമ്മാനങ്ങളും വർദ്ധിപ്പിക്കും. വമ്പൻ മരങ്ങൾ തോണികൾക്ക് പറ്റിയവപോലും മുഴുവൻ നീളത്തിൽ കാടിന് പുറത്തെത്തിക്കുവാൻ വേണ്ട സാമർഥ്യം ആദിവാസികൾക്കുണ്ടായിരുന്നു. തോണി നിർമ്മിക്കാനാറിയുന്നവരെ അവിടെക്കൊണ്ടുപോയി, മരം കുഴിച്ച് തോണിയാക്കി മാറ്റി, കയറ്റിക്കൊണ്ടുപോന്നവർ ഇന്നുമുണ്ട്.

ഒരു മഴക്കാലം തുടങ്ങിയപ്പോൾ ജോലിനിർത്തിവെച്ച് [illegible]ിയന് വേണ്ട സാധനങ്ങളാക്കെ കൊടുത്ത് എല്ലാവരും നാട്ടിലേക്ക് മടങ്ങി. ഇനി അടുത്ത വേനലിലേ കാട്ടിലെത്തേണ്ടതുള്ളൂ. വേനലായി.....മൂപ്പൻ വെള്ളിയെക്കണ്ട് വെറ്റില, പുകയില, ചുവന്നതുണി, എല്ലം കൊടുത്ത്, പണി ഏർപ്പാടാക്കാൻ മമ്മുഞ്ഞി എന്ന് പറയുന്ന മലപ്പുറത്തുകാരനെ അയച്ചു. അയാളൊറ്റക്കാണ് പോയത്. അവരുടെ താമസസ്ഥലത്തിന്നടുത്തെത്തിച്ചേർന്നു. പക്ഷേ, വെള്ളിയേയോ കൂട്ടാളികളെയോ ഒന്നും കാണുന്നില്ല. ആരുടെയും ശബ്ദവും സന്തോഷത്തോടെയുള്ള വരവേല്പും ഒന്നും കാണുന്നില്ല. സാധാരണ വളരെ ദൂരത്തുനിന്ന് തന്നെ അവർ തിരിച്ചറിഞ്ഞ് സമീപത്തെത്തും. ഒടുവിൽ കുടിലുകളുടെ വളരെയടുത്തെത്തിയിട്ടും ഒച്ചവെച്ചിട്ടും ഒന്നും ആരും അനങ്ങുന്നില്ല. കുടിലുകളൊക്കെ കാടുപിടിച്ച മട്ടും. ഒരു കുടിലിന്റെ വരായിൽ കയറിയപ്പോഴാണ് കണ്ടത് മനുഷ്യന്റെ അസ്ഥിക്കൂടം. അവിടന്നിറങ്ങി തൊട്ടടുത്തതിലേക്കും അതിന്നടുത്തതിലേക്കും കയറി. എല്ലാറ്റിലും അസ്ഥിക്കൂടങ്ങൾ മാത്രം. വലിപ്പവ്യത്യാസംകൊണ്ട് കുട്ടികളുടേതുപോലും തിരിച്ചറിയാം. മമ്മുഞ്ഞി ഭയംകൊണ്ട് വിവശനായി. ഒറ്റക്കാണ് ചെന്നത്. നോക്കിന്നിടത്തൊക്കെ അസ്ഥിക്കൂടങ്ങൾ മാത്രം. ഒരൊറ്റയാനെപ്പോലെ കഴിഞ്ഞിരുന്ന അയാളുടെ ധീരതയാകെ ചോർന്നു. അയാൾ കാടിന് പുറത്തേക്കോടുകയായിരുന്നു. മണിക്കൂറുകൾ കഴിഞ്ഞാവും അയാൾ പുറത്ത് നാട്ടിലെത്തുന്നത്. അയാൾക്ക് സമനില തെറ്റിക്കഴിഞ്ഞിരുന്നു. അയാൾ എങ്ങോട്ടോ പോവുകയും ചെയ്തു.

ഒരു ആദിവാസി സമൂഹത്തിന്റെ ദാരുണമായ അന്ത്യമാണ് അന്ന് സംഭവിച്ചത്. പുറംലോകം അതേപ്പറ്റി കൂടുതലൊന്നും അന്വേഷിച്ചില്ല. പഴയ കാലമല്ലേ?

കാലം മാറിയപ്പോൾ കഥയുടെ മട്ടുമാറി. കാട്ടിൽ അവസാനിച്ചവരിൽ ചിലരിലും നാട്ടിലും ഊഹാപോഹങ്ങൾ പരന്നു. അന്നു നടന്ന കൂട്ടമരണം രോഗ കാരണങ്ങളാലാണോ? ഭക്ഷ്യവിഷമാണോ? അതോ, ഒരു വർഗത്തെ മുഴുവൻ ആരോ ചതിച്ചുകൊന്നോ? ആര് പറയുന്നതാവും സത്യമെന്നറിയാത്ത അവസ്ഥ. നാട്ടുമൊഴികളുടെ ഈടുവെപ്പിലേക്ക് ഒന്നുകൂടെ വന്നുചേർന്നു- "കാടന്റെ ശാപം കനലുപോലെ"

കഥകളെന്തൊക്കെയോ ആവട്ടെ. പനങ്ങാടിന്റെ കിഴക്കനതിർത്തിയിൽ ആദിവാസിയുടെ സുവർണ്ണകാലത്തിന് അന്ത്യം സംഭവിച്ചു. ഇന്ന് ആ വംശത്തിന്റെ പ്രതീകങ്ങളായി എല്ലാം കൈമോശം വന്ന ജീവനുള്ള ഏതാനും മനുഷ്യരൂപങ്ങൾ മാത്രം, ഒരു കുന്നിനു മുകളിൽ ബാക്കിയുണ്ട്.

അവർക്കില്ലാത്ത അസുഖങ്ങളില്ല, അവരുടെ മോഹങ്ങളെല്ലാം അസ്തമിച്ചിരിക്കുന്നു. വംശശുദ്ധി നിലനിർത്താൻ പ്രയാസം. പുരുഷന്മാരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. പ്രായപൂർത്തിയെത്തിയ ആരോഗ്യമുള്ള പുരുഷന്മാരേ ഇല്ലെന്ന് പറയാം. ചിലരെല്ലം പിന്നെയും മരിച്ചു. ചിലർ വയനാട്ടിലെങ്ങോട്ടോ ഓടിപ്പോയി. ജീവനോടെ ബാക്കിവന്ന ചിലർക്കാണെങ്കിൽ പുറംലോകം നൽകുന്ന വീടുകളും മറ്റ് സൗകര്യങ്ങൾപോലും സ്വീകരിക്കാനാവാത്ത അവസ്ഥ. വിശ്വാസങ്ങളും രീതികളും ആകെ താറുമാറായ സ്ഥിതി.


പരിഷ്ക്കാരിയായ മനുഷ്യൻ കാലുവെച്ചിടത്തെല്ലം ആദിവാസികൾക്കിതേ സംഭവിച്ചിട്ടുള്ളു. മനുഷ്യരിൽ ഒരു വിഭാഗത്തിന്റെ വിധി എന്ന് പറഞ്ഞ് കൈമലർത്തുകയോ? രക്ഷിക്കാൻ ഇനി ആരാണുള്ളത്?

കാലം ചെയ്ത ഒരു രാജാധികാരത്തിന്റെ അവസാന നീക്കിയിരിപ്പുകൾ തേടിയെത്തിയ ചരിത്രകാരനെ കാത്തു നിൽക്കാൻ ഒന്നുമുണ്ടായിരുന്നില്ല. ഇന്നലെകളിൽ പൊളിച്ചുപോയ, വലിയ കോവിലകങ്ങൾ നിന്നിരുന്ന ഒഴിഞ്ഞ സ്ഥലങ്ങൾ.

പഴയകഥകളിലേക്ക് കൈപിടിച്ചുകൊണ്ടുപോയ ഒരു തമ്പുരാനോട് ചോദിച്ചു. "അന്നത്തെ അധികാര ചിഹ്നങ്ങളായി വല്ലതും കാട്ടിത്തരാനുണ്ടാവുമോ?

തമ്പുരാന്റെ ശബ്ദം താണു"- ഇവിടെയെവിടെയോ ഒരു ചാപ്പയുണ്ടായിരുന്നു. അതിന്മേൽ "മാ:കോ:തടസ്സം" എന്ന് കൊത്തിയിരുന്നു.- "മല്ലിശ്ശേരി കോവിലകം തടസ്സം" എന്നായിരുന്നു അതിന്റെ അർഥം.

അങ്ങനെയൊന്ന് കണ്ടാൽ പിന്നെ കയ്യേറ്റം കാണിച്ചുകൂടാ. മലയാളിക്കുണ്ടായിരുന്ന നീതിബോധത്തിന്റെ അവസാനത്തെ തെളിവ്. അത്തരമൊരു ലക്ഷ്മണരേഖ മുറിച്ചുകടക്കാൻ അന്ന് അവർക്കാവുമായിരുന്നില്ല.



നൂറ്റാണ്ടുകളോളം പഴക്കമുള്ള ഇടപാടാണ് ഈ നാട്ടിൽ കുറിക്കല്യാണം. കരിങ്കുറ്റിയാവാതെ നോക്കാനും തന്നതിന് ഇരട്ടി കൊടുക്കാനുമുള്ള ജനങ്ങളുടെ വ്യഗ്രതയാണ് ഇന്നും കുറിക്കല്യാണം ഈ നാട്ടിൽ നിലനിന്നുപോരുന്നതിന്റെ അടിസ്ഥാനം. മൂന്ന് ദിവസം നീണ്ടുനിന്ന കുറിക്കല്യാണങ്ങളും 101 പവനും പതിനായിരക്കണക്കിന് രൂപയും ലഭിച്ചവരുടെ കഥകളും ഇവിടത്തെ കുറിക്കല്യാണത്തിന്റെ ചരിത്രത്തിലുണ്ട്. കത്തിന് പുറത്ത് പേരുണ്ടെങ്കിൽ ഇടപാടുണ്ടെന്നും പുറത്ത് പേരില്ലെങ്കിൽ ഇടപാടില്ല എന്നും ഒരുകാലത്ത് നിയമമുണ്ടായിരുന്നു. ഇന്ന് കൃത്യമായി ഈ നിയമം അനുസരിക്കുന്നില്ല.

ചരിത്രം ഒറ്റനോട്ടത്തിൽ

1788:-ടിപ്പുവിന്റെ മലബാർ ആക്രമണം-മലബാർ കീഴടങ്ങുന്നു. (ടിപ്പുവിന്റെ ഈ ആക്രമണമാണ് നാം വളരെ വേഗം ഒരു വിദേശിയുടെ അടിമയായി മാറാനുള്ള കാരണവും)

1790:- ടിപ്പു തിരുവിതാംകൂറിന്റെ അടുത്തുവരെ എത്തുന്നു. ഇംഗ്ലീഷുകാർ മൈസൂർ ആക്രമിക്കുന്നു.

1792:-ടിപ്പുവിന്റെ ശ്രീരംഗം സന്ധിയിലൂടെ മലബാർ ബ്രിട്ടീഷുകാർക്ക് ലഭിക്കുന്നു. ജാമ്യവുമായി ടിപ്പുവിന്റെ രണ്ടുപുത്രന്മാരെയും ഇംഗ്ലീഷുകാർക്ക് വിട്ടുകിട്ടുന്നു.

1793:-മെയ്-18 ബ്രിട്ടീഷ് കമ്മീഷണർ കുറുമ്പ്രനാട്ട് രാജയുമായി ഉടമ്പടിയിലെത്തുന്നു. മെയ് 27-ഉടമ്പടി അനുസരിച്ച് 1,40000 രൂപ പാട്ടത്തിന്ന് മലബാർ കുറുമ്പ്രനാട്ട് രാജക്ക് വിട്ടുകൊടുക്കുന്നു. ഈ രേഖയിലാണ് മലബാറിന് മേൽ കമ്പനിയുടെ അധീശത്വം കുറുമ്പ്രനാട്ട് രാജ സമ്മതിച്ചുകൊടുക്കുന്നത്. നാം ബ്രിട്ടീഷുകാരുടെ അടിമകളാവുന്നതും.

1800:-മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമാവുന്നു.

മലബാർ ജില്ലയായി രൂപംകൊണ്ടിട്ടുള്ള മുഴുവൻ ഭൂഭാഗങ്ങളുടെയും റവന്യൂ നീതിന്യായ അധികാരങ്ങൾ കലക്ടരും ജില്ലാ മജിസ്ട്രേട്ടുമായ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാവുന്നു.

1801:- ഒക്ടോബർ 1 ന് മേജർ മക്ലോർഡ് ആദ്യത്തെ മലബാർ കലക്ടറാവുന്നു.

1805:- (30-11-1805 ൽ) വീര പഴശ്ശിരാജ (കോട്ടയത്ത് കേരളവർമ്മ) മാനന്തവാടിക്കടുത്തുള്ള 'മാവിലാൻതോട്ടിൽ' ബ്രിട്ടീഷ് പടയാളികളുമായി ഏറ്റുമുട്ടി മരണപ്പെടുന്നു. ബ്രിട്ടുഷ് കലക്ടർ " ടി എച്ച് ബാബർ, സബ് കലക്ടർ, നോർത്തേൺ ഡിവിഷൻ, മലബാർ (30-11-1805)

1807:- മണ്ണടിയിൽ വേലുത്തമ്പിദളവ ആത്മഹത്യ ചെയ്യുന്നു.

1861:-മലബാറിൽ കടലുണ്ടി മുതൽ കുറ്റിപ്പുറംവരെ റയിൽവേ.

1902:-ഷൊറണൂർ മുതൽ ഏറണാകുളം വരെ റെയിൽവേ.

1908:- മലബാറിൽ കോൺഗ്രസിന്റെ ജില്ലാ കമ്മറ്റി നിലവിൽ വന്നു.

1919:-മൊണ്ടെഗു-ചെംസ്ഫോഡ് ഭരണ പരിഷ്ക്കാരം.

1920:-മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് (എം എൽ ബി ആക്ട്-1920) പ്രകാരം പഴയ മദിരാശി സംസ്ഥാനത്തിൽ ജില്ലാ-താലൂക്ക്-പഞ്ചായത്ത് ബോർഡുകൾ നിലവിൽവന്നു. ബാലുശ്ശേരി പഞ്ചായത്തിൽപെട്ടതായിരുന്നു. ഇന്നത്തെ പനങ്ങാട്. (എം എൽ ബി-20 പ്രകാരം-ഒരു ജില്ലയുടെ ഭരണച്ചുമതലകളിൽ വിദ്യാഭ്യാസം പൊതുജനാരോഗ്യം ഇങ്ങനെ പ്രധാനപ്പെട്ട ചിലതെല്ലാം തെരഞ്ഞെടുക്കപ്പെട്ട ചില ജനപ്രതിനിധികളെ ഏല്പിക്കുന്നു.

1920:-മഹാത്മാഗാന്ധിയും ഷൗക്കത്തലിയും കോഴിക്കോട്ടെത്തുന്നു.

1931:-വടകര സമ്മേളനം-അധ്യക്ഷൻ ജെ. എം സെൻഗുപ്ത

1938:- ജൂലൈ 16 ശനിയാഴ്ച ബാലുശ്ശേരി ഹിന്ദുബോർഡ് സ്കൂളിൽ ചേർന്ന പ്രഥമ യോഗത്തിൽ ബാലുശ്ശേരി പഞ്ചായത്ത് ഭരണസമിതി രൂപംകൊണ്ടു. ശ്രീ പി ഉക്കപ്പക്കുറുപ്പ് പ്രഥമ പ്രസിഡണ്ടായി.

1956:- നവംബർ 1 കേരള സംസ്ഥാനം നിലവിൽ വന്നു. 1956 ലെ സ്സ്ഥാന പുനഃസംഘടനയുടെ ഫലമായി തമിഴ്നാട്ടിലെ മലബർ ജില്ലകളും തമിഴ്നാടിനോട് ചേർന്ന കന്യാകുമാരി ജില്ലയിലെ തെക്കൻ താലൂക്കുകളൊഴിച്ചുള്ള തിരു-കൊച്ചി സംസ്ഥാനവും ചേർത്താൽ കന്യാകുമാരിയിൽനിന്ന് 50 കി.മീ. വടക്കുള്ള പാറശ്ശാല മുതൽ വടക്ക് കാസർഗോഡ് വരെയുള്ള പ്രദേശമാണ് - കേരളം

1960:-കേരള സംസ്ഥാനം രൂപംകൊണ്ടതിന് ശേഷവും പഴയ മലബാറിൽ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടും തിരുകൊച്ചി പ്രദേശത്ത്-തിരു-കൊച്ചി പഞ്ചായത്ത് ആക്ടും 60-ൽ പ്രാബല്യത്തിൽ വന്നു.

16-3-40 ന് ബാലുശ്ശേരി പഞ്ചായത്തിന്റെ രണ്ടാമത്തെ ഭരണസമിതി. പ്രസിഡണ്ട് എം കെ കൃഷ്ണൻ നായർ

7-4-53 ന് മൂന്നാമത്തെ ഭരണസമിതി പ്രസിഡണ്ട്- വി. വി. ബാലകൃഷ്ണൻ

1-1-1962 മുതൽ പനങ്ങാട് പഞ്ചായത്ത് നിലവിൽ വന്നു

1-1-62 മുതൽ 31-12-62 വരെ ഒരു വർഷം കൈപ്രം വീട്ടിൽ സി കെ കൃഷ്ണൻ കുട്ടിക്കുറുപ്പ് (എക്സിക്യൂട്ടീവ് ഓഫീസർ) ചെന്റെ ഭരണച്ചുമതലയിലായിരുന്നു പനങ്ങാട് പഞ്ചായത്ത്

1-1-63 മുതൽ ആദ്യ ഭരണ സമിതി നിലവിൽ വന്നു.

അന്ന് പഞ്ചായത്ത് ഏഴ് വാർഡുകളായിട്ടാണ് വിഭജിച്ചിരുന്നത്. വാർഡുകളെ പ്രതിനിധീകരിച്ചുള്ള ഓരോ മെമ്പർമാരും 2-ാം വാർഡിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടികജാതി പട്ടിക വർഗ്ഗ മെമ്പറും പിന്നീട് നോമിനേറ്റ് ചെയ്ത ഒരു വനിതാ മെമ്പറും അടക്കം 9 പേർ ഭരണസമിതി അംഗങ്ങളായി.

ആദ്യ പ്രസിഡണ്ട്: ശ്രീ കോപ്പറ്റ രാഘവൻ നമ്പ്യാർ.

രണ്ടാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അധികാരത്തിലേറിയത് ശ്രീ ഇ പത്മനാഭൻ നായർ പ്രസിഡണ്ടായിട്ടുള്ള ഭരണസമിതിയാണ്. മൂന്നാമത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡണ്ടിന്റെ പദം അലങ്കരിച്ചത് ശ്രീ കെ എൽ മാത്യു ആയിരുന്നു.

കൃഷിയും-ജലസേചനവും

നമ്മുടെ പഞ്ചായത്ത് ഒരു പൂർണ കാർഷിക ഗ്രാമമാണ്. 46.96 ച.കി.മീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് കോട്ടക്കുന്നുമല, വാഴോറമല, കാരോറമല, കാപ്പിക്കുന്ന്, കാന്തലാട്മല, മണിച്ചേരി-കോട്ടക്കുന്ന്, വയലട, ചെറിയമണിച്ചേരി, പേര്യമല എന്നീ വൻമലകളും നെരാടിമല, പൂവമ്പായി മല, ചെകിടമ്പാറക്കുന്ന് എന്നീ ചെറുകുന്നുകളും ഇവയെ ചുറ്റിയുള്ള ചെരിവുകളും താഴ്വരകളും മഞ്ഞക്കടവ് പുഴയുടെയും, കൈവഴികളുടെയും ഇരുവശങ്ങളിലുമുള്ള നെൽപ്പാടങ്ങളും ചേർന്നതാണ് ഇവിടത്തെ ഭൂപ്രദേശം.

ചെമ്മണ്ണ്, എക്കൽമണ്ണ്, വനമണ്ണ് എന്നീ പ്രധാന മൺതരങ്ങളും, ചെങ്കല്ല്, കരിങ്കല്ല് എന്നീ ശിലകളും പറമ്പിൻതോട് ഭാഗത്തെ ചെറിയ അളവിലുള്ള കളിമണ്ണും കണ്ടുവരുന്നു.

പഴയ കുറുമ്പ്രനാട് താലൂക്കിൽപെട്ടതാണ് നമ്മുടെ പഞ്ചായത്ത്. കിഴക്കേടത്ത് കോവിലകം, രാരോത്ത് കോവിലകം, ഇവരുടെ താവഴിക്കാർ, തലശ്ശേരി കേയി ഇവരുടെയെല്ലാം അധീനതയിലായിരുന്നു ഭൂരിഭാഗം പ്രദേശവും.

നെല്ലായിരുന്നു പഴയകാലത്തെ മുഖ്യകൃഷി. പൂർണമായും മഴയെ മാത്രം ആശ്രയിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. വയലുകളിൽ വെതാണ്ടം, കന്നിച്ചിര, ഏക്രക്ക് എട്ട്, പള്ളിയാൽ, പുഞ്ച, വെള്ളപുഞ്ച, രാമൻകാരി, കവുങ്ങിൻ പൂക്കിലാടൻ, ചെറുചിറ്റേനി, വലുചിറ്റേനി, തവളക്കണ്ണൻ, കൊമ്പൻ, കോഴിയാള, പറമ്പുകളിൽ നകര, ഓണാട്ടൻ, ഏച്ചിലാടൻ, ചോമാല കൂടാതെ, മലമ്പ്രദേശത്ത് കല്ലുരണി, കയമ എന്നീ നെൽവിത്തുകളാണ് ഉപയോഗിച്ചു പോന്നിരുന്നത്. മുത്താറി, ചാമ ഇടവിളകളായി ചേന, ചേമ്പ്, ചെറുകിഴങ്ങ്, കണ്ടിക്കിഴങ്ങ്, എരിക്കിഴങ്ങ് (ഇഞ്ചി) മഞ്ഞൾ, കൂർക്കിൽ, വാഴ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തിരുന്നു. കല്ലുവള്ളി, കോട്ടേൻ, കല്ലുകോട്ടേൻ എന്നീ വള്ളികൾ ഉപയോഗിച്ചുള്ള കുരുമുളക് കൃഷിയും നിലവിലുണ്ടായിരുന്നു.

പഞ്ചമാസക്കാലങ്ങളിൽ കായലരി, ഈന്തിൻകായപ്പൊടി, പനമ്പൊടി, കുവ്വപ്പൊടി, വെളിച്ചേമ്പ്, വരിനെല്ല്, തവര യില എന്നിവയും ഭക്ഷ്യാവശ്യത്തിനായി ഉപയോഗിച്ചിരുന്നു.

കാർഷികോത്സവങ്ങളുടെ ഭാഗമായി കാളപൂട്ട് മത്സരവും, കന്നുകാലിചന്തയും നടത്തിയിരുന്നു. കർഷകർക്ക് ആവശ്യമായ ഉരുക്കളെ ഇത്തരം മേളകളിൽനിന്നായിരുന്നു ശേഖരിച്ചിരുന്നത്.

പഴയ കാലത്ത് ജലസേചനത്തിനായി പുഴ, കൈത്തോട് ഇവയിൽ കൊച്ചു ബണ്ടുകൾ കെട്ടി വെള്ളം തിരിച്ചിരുന്നു. ബണ്ടുകളുടെ നിർമ്മാണത്തിന് ഓല, മുള ഇവ ഉപയോഗിച്ചിരുന്നു. പുഞ്ചകൃഷിക്കായി കിണർ, കുളം ഇവയിലെ വെള്ളം ഏത്തംവെച്ചും മുറംകെട്ടി തേവിയും ഉപയോഗപ്പെടുത്തിയിരുന്നു. കൈത്തോട്, കുളം ഇവയെ സംരക്ഷിക്കാനായി വശങ്ങളിലും, ചുറ്റുപാടുമായി കൈതകൾ വെച്ച് സംരക്ഷിച്ചിരുന്നു.

കൃഷി നശിപ്പിക്കുന്ന എലികളെ നിയന്ത്രിക്കുന്നതിനായി നെൽപ്പാടങ്ങളിൽ അങ്ങിങ്ങായി തെങ്ങിൻ മട്ടൽ നാട്ടി

യും, കീടങ്ങളെ നശിപ്പിക്കാൻ മുറം വിശൽ, വെണ്ണീർ തേവൽ, കാട്ടപ്പക്കുറ്റി നാട്ടൽ എന്നീ സമ്പ്രദായങ്ങളും നിലവിലുണ്ടായിരുന്നു.

വളരെ കൂടുതലുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കൃഷിക്കാർ നേരിട്ടും, ഇടത്തട്ടുകാർ മുഖേനയും കോഴിക്കോടിനെയായിരുന്നു ആശ്രയിച്ചിരുന്നത്. പണത്തിന് പകരം കാർഷികോല്പന്നങ്ങൾ കൊടുത്ത് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു.

ഭൂപരിഷ്ക്കരണം നടപ്പാവുന്നതുവരെ ജന്മിമാരിൽ നിന്നുള്ള വിവിധ തരം ചൂഷണത്തിനും, ഒഴിപ്പിക്കലിനും കൃഷിക്കാരും തൊഴിലാളികളും വിധേയരായിരുന്നു. കാർഷികബന്ധ ബിൽ വന്നതോടെ കൃഷിക്കാർ ഭൂമിയുടെ ഉടമകളാവുകയും ഇത് കാർഷികോല്പാദന രംഗത്ത് വൻ കുതിപ്പ് ഉണ്ടാക്കുകയും ചെയ്തു.

കുടിയേറ്റക്കാരുടെ വരവോടെ പനങ്ങാടിന്റെ മലയോരമേഖലയിൽ കപ്പ, വാഴ, ഇഞ്ചി, കുരുമുകൾ, റബ്ബർ തുടങ്ങിയ കൃഷികൾ വ്യാപിക്കാൻ തുടങ്ങി. ഇത് പഞ്ചായത്തിലെ മറ്റുപ്രദേശങ്ങളിലെ കൃഷിക്കാരിൽ സ്വാധീനം ചെലുത്തുകയും അവരുടെ കൃഷിരീതിയിൽ മാറ്റം വരുത്തുകയും ചെയ്തു.

പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രധാനകൃഷി തെങ്ങുകൃഷിയാണ്. കൊച്ചിൻ മലബാർ എസ്റ്റേറ്റിന്റെ കീഴിൽ ഏതാണ്ട് 3000-ത്തോളം ഏക്രഭൂമിയിൽ റബ്ബർകൃഷി നടക്കുന്നുണ്ട്. മലയോര മേഖലകളിൽ റബ്ബർകൃഷി വ്യാപകമായി വന്നിട്ടുണ്ട്. കൂടാതെ കവുങ്ങ്, കുരുമുളക്, കൊക്കോ, നാമമാത്രമായി കാപ്പി, കശുമാവ് എന്നീ കൃഷികളും ഇടവിളകളായ ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, ഔഷധവർഗത്തിൽപ്പെട്ട രാമച്ചം, കച്ചോലം, സുഗന്ധവിളകളായ ഗ്രാമ്പു, ജാതി, ആവരണവിളയായ പയറുവർഗങ്ങൾ എന്നിവയും കൃഷി ചെയ്തുവരുന്നുണ്ട്.

പഞ്ചായത്തിലെ ആകെ ഭൂമിയുടെ 10 ശതമാനത്തോളം സ്ഥലത്ത് മാത്രമാണ് നെൽകൃഷി നടത്തിവരുന്നത്. ഇതും അനുദിനം കുറഞ്ഞുവരികയാണ്. നെൽവയലുകൾ നികത്തി നാണ്യവിളകൾ വെച്ചുപിടിപ്പിക്കുന്നതും, വ്യാപകമായി കെട്ടിടം പണിയുന്നതുമാണ് മുഖ്യകാരണം. നെൽവയൽ നികത്തപ്പെട്ടതിന്റെ ഭാഗമായി 4-ാം വാർഡിലെ 25 ഏക്ര സ്ഥലത്ത് നീർക്കെട്ട് മൂലം ഇപ്പോൾ കൃഷിയോഗ്യമല്ല. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയതും വയനാടൻ കാലാവസ്ഥയോട് സാദൃശ്യമുള്ളതുമായ വയലിടയിലെ കണ്ണിവയലിൽ വളരെക്കാലം നെൽകൃഷി ചെയ്തിരുന്നു. എന്നാൽ ഇന്നവിടെ നെൽകൃഷി നടക്കുന്നില്ല.

പഴയകാലത്ത് ജൈവവളം മാത്രം ഉപയോഗിച്ച് പാരമ്പര്യവിത്തുകൾ കൃഷിചെയ്തിരുന്ന രീതി മാറി ഇപ്പോൾ അപൂർവ്വം ചില പാരമ്പര്യവിത്തുകളും അത്യുല്പാദനശേഷിയുള്ള ത്രിവേണി, ജ്യോതി, ജയ എന്നീ സങ്കരയിനങ്ങളും, ജൈവവളവും, രാസവളവും സമ്മിശ്രമായി ഉപയോഗിച്ച് കൃഷിചെയ്യുന്ന രീതിയാണ് നിലവിലുള്ളത്.

കൃഷി പോഷിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടനടപാട ശേഖര സമിതി, എളേറ്റിൽ താഴെ പാടശേഖരസമിതി, ആലാട്ടുതാഴെ പാടശേഖരസമിതി, കുരുമുളക് സംരക്ഷണ സമിതി, കേര വികസനസമിതി എന്നീ സമിതികൾ പഞ്ചായത്തിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല.

ജലസേചനത്തിനായി പഞ്ചായത്തിലൂടെ ഒഴുകുന്ന മഞ്ഞക്കടവ് പുഴയിലും കൈവഴികളിലുമായി കാട്ടാമ്പള്ളി ഒരു ബണ്ടും പറമ്പിൻതോട്, പള്ളിത്താഴെ, ചീങ്കണ്ണിക്കുഴി, കോട്ടനട, താനത്തിൽ താഴെ, കച്ചേരിവീട്ടിൽ താഴെ, എരഞ്ഞിക്കാംപൊയിൽ, കൊറ്റിലേരി താഴെ എന്നീ ഒമ്പത് ചീർപ്പുകളും ഉപയോഗിച്ചുവരുന്നു.

നമ്മുടെ മുഖ്യ ജല സ്രോതസ്സായ മഞ്ഞക്കടവ് പുഴ പഞ്ചായത്തിലെ വടക്ക് കിഴക്കൻ മലയോരപ്രദേശങ്ങളിൽനിന്ന് നീർച്ചാലുകളായി ഉത്ഭവിച്ച് ചെറുതോടുകളായി രൂപാന്തരപ്പെട്ട് കോട്ടനടയിലെത്തുന്നു. ബാലുശ്ശേരി മുക്ക് വഴി വരുന്ന തോട് കോട്ടനട ചീർപ്പിന് താഴെവെച്ച് ഇതിനോട് ചേർന്ന് മഞ്ഞക്കടവ് പുഴയായി മാറുന്നു. മലമുകളിലെ നീർക്കെട്ടുകളും കോടനട ചീർപ്പിന് താഴെയുള്ള മഞ്ഞക്കടവ് പുഴിയിലും മാത്രമാണ് വേനൽക്കാലത്ത് വെള്ളം നിലനിൽക്കുന്നത്. മഞ്ഞക്കടവ് പുഴക്ക് പുറമെ ചുരത്തോട് നിന്ന് ഉത്ഭവിച്ച് ചീടിക്കുഴി വഴി പൂനൂർ പുഴയിൽ സന്ധിക്കുന്ന ഒരു ചെറുപുഴയും നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോവുന്നു. ഈ പുഴയിലും വേനൽക്കാലത്ത് വെള്ളം വറ്റാറില്ല.

പൊതുഉടമയിലും സ്വകാര്യഉടമയിലുമായി 22 കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിൽ 12 കുളങ്ങൾ വറ്റാത്തവയാണ്.

പനങ്ങാട്, കിനാലൂർ, കാന്തലാട് വില്ലേജുകളിലെ പുറമ്പോക്ക് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

വില്ലേജിന്റെ പേര്	വിസ്തീർണ്ണം (ഏക്കറിൽ)						
	റോഡ്	തോട്	കുളം	പുഴ	വനം	മറ്റുള്ളവ	ആകെ
പനങ്ങാട്	30.06	15.16	0.22	41.12	-	3.81	90.39
കിനാലൂർ	-	-	-	2.75	-	1.14	3.89
കാന്തലാട്	61.84	51.42	-	-	92.25	-	205.51
ആകെ	91.90	66.58	0.22	43.87	92.25	4.95	299.79

കൂടാതെ കാന്തലാട് വില്ലേജിൽ റവന്യൂ ഭൂമിയായി 4022 ഏക്ര നിലവിലുണ്ട്.

(അവലംബം വില്ലേജ് പുറമ്പോക്ക് റജിസ്റ്റർ)

പനങ്ങാട് വില്ലേജിലെ ഒരു ഏക്ര 90 സെൻറ് പുറമ്പോക്ക് ഭൂമി പുരയിടത്തിനായി പതിച്ചുകൊടുക്കാവുന്നതാണ്.

പനങ്ങാട്, കിനാലൂർ, കാന്തലാട് എന്നീ വില്ലേജുകളിലെ 'എ' റജിസ്റ്റർ പ്രകാരം കൈവശഭൂമിയുടെ പട്ടിക താഴെ കൊടുക്കുന്നു.

വില്ലേജിൻെറ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ)									ഉടമസ്ഥരുടെ എണ്ണം			
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ് ആകെ	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്ര	2-5 ഏക്ര	5-ന് മേൽ	ആകെ	
പനങ്ങാട്	2236.64	454.75	90.49	1.90	2783.78	1169	2966	1315	891	498	77	2	6918
കിനാലൂർ	2432.61	524.87	3.89	25.05	2986.42	928	1040	795	625	231	59	7	3685
കാന്തലാട്	3707.00	-	205.51	92.25	4004.76	80	385	350	500	460	400	130	2305
ആകെ	8376.25	979.62	299.89	119.20	9774.96	2177	4391	2460	2016	1189	536	139	12908

വിള വിസ്തീർണ്ണവും ഉല്പാദനവും (അവലംബം കൃഷിഭവൻ)		
വിള	വിസ്തീർണ്ണം	ഉല്പാദനം
നെല്ല് ഒന്നാംവിള	10 ഹെക്ടർ	3000 ടൺ
നെല്ല് രണ്ടാംവിള	50 ഹെക്ടർ	15000 "
നെല്ല് മൂന്നാംവിള	1 ഹെക്ടർ	3000 കി.ഗ്രാം
പയർ	5 ഹെക്ടർ	3.5 എം.ടി.
എള്ള്	2 ഹെക്ടർ	640 കി.ഗ്രാം
പച്ചക്കറി	0.5 ഹെക്ടർ	300 "
തെങ്ങ്	3117 ഹെക്ടർ	1483575 എണ്ണം
വാഴ	10 ഹെക്ടർ	130 എം.ടി.
മരച്ചീനി	10 ഹെക്ടർ	188 "
കുരുമുളക്	90 ഹെക്ടർ	31.5 "
കശുമാവ്	35 ഹെക്ടർ	28000 കി.ഗ്രാം
റബ്ബർ	900 ഹെക്ടർ	585 എം.ടി.
കവുങ്ങ്	250 ഹെക്ടർ	45000000 എണ്ണം
ഇഞ്ചി	60 ഹെക്ടർ	210 എം.ടി.
കൊക്കോ	10 ഹെക്ടർ	4.5 "
പ്ലാവ്	20 ഹെക്ടർ	-
മാവ്	20 ഹെക്ടർ	-

(നെല്ല് ഒഴികെ മറ്റ് വിളകൾ പട്ടികയിലേതിനേക്കാൾ കൂടുതൽ ഉണ്ട് എന്നാണ് ഗ്രാമസഭ റിപ്പോർട്ട് സൂചിപ്പിക്കുന്നത്)

നിലവിലുള്ള കൃഷിഭൂമിയുടെ കണക്കും ഉല്പാദനത്തിൻെറ അളവും പരിശോധിച്ചാൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ട ആവശ്യകത മേൽക്കാണിച്ച പട്ടികയിൽനിന്നും വ്യക്തമാകും.

10. ശക്തമായ മണ്ണൊലിപ്പുമൂലം വെള്ളം കെട്ടിനിൽക്കാത്ത അവസ്ഥ

11. ജൈവ വളത്തിന്റെ ലഭ്യതക്കുറവ്.

12. രാസവള വിലവർദ്ധനവും, കീടനാശിനിയുടെ അമിതപ്രയോഗവും

13. കാർഷികവായ്പകൾ യഥാസമയം ലഭിക്കുന്നില്ല.

14. ആധുനിക കാർഷിക ഉപകരണങ്ങളുടെ ദൗർലഭ്യം

15. പേര്യമല, ചെരത്തോട്, ഏലക്കാനം എന്നിവിടങ്ങളിലെ കാട്ടാന ശല്യം കർഷകർക്ക് പതിവ് ഭീഷണിയാണ്.

16. കാട്ടുതീയും, കാട്ടുപന്നി ശല്യവും മലയോര കർഷകർക്ക് എന്നും തീരാത്ത തലവേദന തന്നെ.

17. എസ്റ്റേറ്റ് പരിസരത്ത് കൃഷി നശിപ്പിച്ചുകൊണ്ട് അലഞ്ഞുതിരിയുന്ന കന്നുകാലികളെ കെട്ടുന്നതിന് പോണ്ട് ഏർപ്പെടുത്തണം.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ചീർപ്പുകൾ പല കാരണങ്ങളാൽ നശിക്കുകയോ, കേടുവരുകയോ ചെയ്തിട്ടുണ്ട്. ഇവ നന്നാക്കി എടുക്കണം.

2. ചീർപ്പുകൾ ജനുവരിമാസത്തോടെ തുറന്ന് വെള്ളം ഒഴുക്കുന്നത് തടഞ്ഞാൽ വേനൽക്കാല പച്ചക്കറി കൃഷികൾ നടത്താനും സമീപപ്രദേശത്തെ കിണർ, കുളം എന്നിവയിലെ ജലനിരപ്പ് നിലനിർത്താനും കഴിയും.

3. പൂഴിവാരൽ, മത്സ്യം പിടിക്കാൻ ജലം മലിനപ്പെടുത്തൽ ഇവ തടയണം. (ഈ ഉദ്ദേശ്യത്തോടെയാണ് ജനുവരിയിൽ ചീർപ്പുകൾ പൊളിക്കുന്നത്)

4. ഒന്നാം വാർഡിലെ നടുവത്ത് താഴെ, ആറാം വാർഡിലെ കോരൻകനി, കല്ലാരംകെട്ട്, ഏഴാം വാർഡിലെ എളവീട്ടിൽ താഴെ, ഒമ്പതാം വാർഡിലെ തെക്കെ മായാടി, പന്ത്രണ്ടാം വാർഡിലെ ചൊരത്തോട്-എന്നിവിടങ്ങളിൽ പുതിയ ചീർപ്പുകൾ സ്ഥാപിക്കണം.

5. ഭൂരിഭാഗവും മലമ്പ്രദേശങ്ങൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും 3 നീർമറി പ്രദേശങ്ങളായി അംഗീകരിക്കണം.
എ: നിർമ്മല്ലൂരിലെ കോട്ടക്കുന്ന് ഭാഗം
ബി: മഞ്ഞക്കടവ് പുഴയുടെ ഉത്ഭവസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശം
സി: ചൊരത്തോട്-പേര്യ മണിച്ചേരി ഭാഗങ്ങൾ

6. വേനൽക്കാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, പഞ്ചായത്തിൽ ഒരു സംഭരണകേന്ദ്രം സ്ഥാപിക്കുകയും വേണം.

7. നല്ലയിനം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവക്ക് പഞ്ചായത്തിൽ ഒരു നഴ്സറി സ്ഥാപിക്കണം.

8. കാർഷിക വായ്പകളുടെ ഇടത്തട്ട് ഒഴിവാക്കി കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കണം. പ്രാദേശികാടിസ്ഥാനത്തിൽ ഓരോ കൃഷിക്കും പ്രത്യേകംപ്രത്യേകം സഹകണസംഘങ്ങൾ രൂപീകരിച്ച് ഇത് സാദ്ധ്യമാക്കാവുന്നതാണ്.

9. എല്ലാവിധ കീടരോഗബാധയേയും കാട്ടുതീ, കാട്ടുപന്നി ഇവ മൂലമുള്ള കൃഷി നാശത്തെയും വിള ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവരിക.

കൃഷി ഭവൻ മുഖേന കർഷകർക്ക് വിതരണം ചെയ്ത കാർഷികോപകരണങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

വാർഡുകൾ	ട്രില്ലർ	നാടൻ കലപ്പ	റോക്കർ സ്പെയർ	താഖ് സ്റ്റേക്ക് സ്പെയർ	മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	പോർട്ടബിൾ പമ്പുകൾ
1.	–	2-2	4	2	–	–	10
2.	–	2-2	2	1	–	–	15
3.	–	2-2	–	1	–	–	10
4.	–	14-2	–	3	–	–	8
5.	–	2-2	–	1	–	–	10
6.	–	3-3	10	1	–	1	7
7.	–	4-4	–	1	–	–	6
8.	–	3-3	18	5	–	2	8
9.	–	2-2	25	20	–	–	5
10.	1	3-3	3	2	–	1	12
11.	–	1-1	28	25	–	11	8

കാർഷികരംഗത്തെ പ്രശ്നങ്ങൾ

1. ഉല്പാദനച്ചെലവും ഉല്പന്നങ്ങളുടെ വിലക്കുറവും, ജലസേചനത്തിന്റെ അപര്യാപ്തതയും കാർഷികോല്പാദനക്കുറവന് കാരണമായി.

2. അശാസ്ത്രീയമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ ഘടനയിൽ സാരമായ മാറ്റം വരുത്തി. മണ്ണിന്റെ ഗുണനിലവാരം മനസ്സിലാക്കി കൃഷി നടത്തിക്കൊണ്ടുപോവാൻ കർഷകർക്ക് കഴിഞ്ഞില്ല.

3. ഇതരമേഖലകളിലെ കൂലി കൂടുതൽ കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറയാനിടയാക്കി.

4. നാണ്യവിള കൃഷികൾക്കായും, കെട്ടിടങ്ങൾ പണിയുന്നതിനായും വ്യാപകമായി നെൽവയലുകൾ നികത്തപ്പെടുന്നു.

5. പുതിയകൃഷി രീതിയെക്കുറിച്ചുള്ള കർഷകന്റെ അഞ്ജത.

6. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വളം, നടീൽ വസ്തുക്കൾ എന്നിവ സീസൺ കാലത്ത് ലഭിക്കുന്നില്ല.

7. കാർഷിക വിളകളെ ബാധിക്കുന്ന കീടബാധകൾ.

എ: തെങ്ങ്-കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്
ബി: കവുങ്ങ് -മഞ്ഞളിപ്പ്, മഹാളി
സി: നെല്ല്- തണ്ടുതുരപ്പൻ, ഇലചുരുട്ടി, കുണ്ടചീയൽ
ഡി: കുരുമുളക്- ദ്രുതവാട്ടം
ഇ: വാഴ -കുരലടപ്പ്, മാണപ്പുഴു
എഫ്: കശുമാവ്- തേയിലക്കൊതുക്, വേരുതീനിപ്പുഴു
ജി: ഇഞ്ചി-മൂടുചീച്ചിൽ, ദ്രുതവാട്ടം
എച്ച്: പച്ചക്കറി-തണ്ടുതുരപ്പൻ, ഗാളീച്ച, ഇലതീനി.

8. ജലസേചനത്തിന് നിലവിലുള്ള ചീർപ്പുകൾ പര്യാപ്തമല്ല.

9. ഫീൽഡ് ബോത്തി (കൈച്ചാൽ) കളുടെ അഭാവം.

10. കാട്ടാനശല്യത്തിൽ നിന്നും കൃഷിയെ രക്ഷിക്കാൻ വനാതിർത്തിയിൽ കിടങ്ങുകൾ നിർമ്മിക്കണം.

11. മണ്ണ് പരിശോധനാ യൂനിറ്റ് ബ്ലോക്ക് കേന്ദ്രീകരിച്ചെങ്കിലും സ്ഥാപിക്കണം

12. പുതിയ തലമുറക്ക് കൃഷിയോടഭിമുഖ്യം വളർത്തുന്ന വിദ്യാഭ്യാസരീതി ആവിഷ്ക്കരിക്കണം.

13. 6 മാസത്തിൽ ഒരിക്കൽ വാർഡ്തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷിരീതിയെക്കുറിച്ച് ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

14. നെൽപ്പാടങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങ് രീതി ഏർപ്പെടുത്തണം. പാടശേഖര സമിതികൾ നിലവിലുള്ളവയെ ശക്തിപ്പെടുത്തിയും പുതിയവ രൂപീകരിച്ചും പ്രവർത്തനം സജീവമാക്കണം.

15. വാർഡുകൾ തോറും തെങ്ങ്, കുരുമുളക് എന്നിവക്ക് സംരക്ഷണ സമിതികൾ രൂപീകരിക്കണം.

16. റബ്ബർ കൃഷിക്ക് മൊത്തമായി നൽകിവരുന്ന വമ്പിച്ച ആനുകൂല്യങ്ങൾ പുനഃപരിശോധിച്ച് ചെറുകിട കർഷകർക്ക് പ്രോത്സാഹജനകങ്ങളായ ആനുകൂല്യങ്ങൾ നൽകിയാൽ ഈ മേഖലയിൽ ഇനിയും മുന്നേറ്റമുണ്ടാക്കാം.

17. പഞ്ചായത്തിലെ മലയോര ഭാഗങ്ങളിൽ നിലനിൽക്കുന്ന വനംവകുപ്പും കർഷകരുമായുള്ള തർക്കത്തിന് പരിഹാരം കാണണം.

18. പഞ്ചായത്തിൽ ആഗ്രോ ക്ലിനിക്ക് രൂപീകരിച്ച് കാർഷികോപകരണങ്ങൾ കുറഞ്ഞ വാടകക്ക് കർഷകർക്ക് നൽകണം.

19. പവർ ട്രില്ലറിനെ റോഡ് ടാക്സിൽ നിന്ന് ഒഴിവാക്കണം.

20. പഞ്ചായത്തിലെ നാലാം വാർഡിൽ നീർക്കെട്ടുമൂലം കൃഷിയോഗ്യമല്ലാത്ത 25 ഏക്കർ നൂൽപ്പാടത്തിന്റെ മദ്ധ്യഭാഗത്ത് കൂടെ (സുമാർ 1 കി.മീറ്റർ നീളം) കൈത്തോട് നിർമ്മിച്ച് മഞ്ഞക്കടവ് പുഴയിലേക്ക് ഒഴുക്കി കൃഷിയോഗ്യമാക്കാവുന്നതാണ്.

20. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ തലയാട് കേന്ദ്രമാക്കി ഒരു ആഴ്ച ചന്ത തുടങ്ങാവുന്നതാണ്.

സാദ്ധ്യതകൾ

1. കൂട്ടായ്മയിലൂടെ പുഷ്പകൃഷിക്ക് എല്ലാ വാർഡുകളിലും സാദ്ധ്യതയുണ്ട്. മഹിളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇതിനായി രൂപീകരിക്കാവുന്നതാണ്.

2. പൈനാപ്പിൾ കൃഷിക്ക് 5 ഹെക്ടർ സ്ഥലത്തും മറ്റു പഴവർഗങ്ങളായ പപ്പായ, പേര, സപ്പോട്ട എന്നിവക്ക് വ്യാപകമായും സാദ്ധ്യതയുണ്ട്.

3. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളെ കേന്ദ്രീകൃത തോട്ടങ്ങളിലൂടെ സംരക്ഷിക്കാവുന്നതാണ്.

4. ആവശ്യമായ വിത്തും വളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

5. തെങ്ങിൻ തോട്ടങ്ങളിൽ തമ്മിൽ മത്സരമില്ലാത്ത ഇടവിളകൾ കൃഷി ചെയ്യാം.

ഉദാ: (1.) തെങ്ങ്, കരുമുളക്, ഗ്രാമ്പൂ, പച്ചക്കറി.

2. തെങ്ങ്, വാഴ, പച്ചക്കറി

6. 80 ഹെക്ടർ നെൽ വയലുകളിൽ വിളപരിക്രമണം നടപ്പിലാക്കാം.

(1) നെല്ല്-നെല്ല്-പയർ

നെല്ല്-പച്ചക്കറി-പയർ

3. വാഴ, ചേമ്പ്, പച്ചമുളക്

7. ചെലവ്കുറഞ്ഞതും, വിളവെടുപ്പിന് കാലദൈർഘ്യമില്ലാത്തതുമായ കൂൺകൃഷിക്ക് സാദ്ധ്യതകൾ ഏറെയുണ്ട്.

കാപ്പി, ഏലം, ഗ്രാമ്പൂ എന്നീ കൃഷികൾക്ക് വയലട, പേര്യമണിച്ചേരി എന്നീ പ്രദേശങ്ങൾ അനുയോജ്യമാണ്.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ചില സ്ഥലങ്ങളിൽ എരുമകളേയും, ഉഴുവുകാളകളേയും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനപ്പെട്ടവ കോഴികളാണ്. വളരെ ചെറിയ തോതിൽ താറാവുകളേയും വളർത്തുന്നുണ്ട്. ചില വാഡുകളിൽ ഇറച്ചിക്കോഴികളെയും നാമമാത്രമായി മുയലുകളെയും വളർത്തുന്നു. പഞ്ചായത്തിലെ 85 ശതമാനം വിടുകളിലും കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 60 ശതമാനം പശുക്കളും സങ്കരയിനത്തിൽപ്പെട്ടവയാണ്. 40 ശതമാനം പശുക്കൾ നാടൻ ഇനങ്ങളിൽപ്പെടുന്നു.

വളർത്തു മൃഗങ്ങൾ – പട്ടിക 1

കാള		പശു				എരുമ	ആട്
നാടൻ	സങ്കരം	നാടൻ		സങ്കരം			
		കറവയുള്ളത്	ഇല്ലാത്തത്	കറവയുള്ളത്	ഇല്ലാത്തത്		
48	12	640	527	1760	710	9	1136

അവലംബം: കുന്നുകാലി സെൻസസ് 95-96

നെൽകൃഷി കുറഞ്ഞതും തീറ്റപ്പുല്ലുകളുടെ ദൗർലഭ്യം മൂലവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്തയും, കോഴിക്കുഞ്ഞുങ്ങളിൽ കണ്ടുവരുന്ന ശ്വാസകോശ രോഗങ്ങളും, വസൂരിരോഗവും, കോഴികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരുത്തി.

ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ വിറ്റഴിക്കുന്നതിന് വേണ്ടത്ര വിപണന കേന്ദ്രങ്ങളില്ലാത്തതിനാലും കാലിത്തീറ്റയുടെ വിലവർധനവ്, വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തമൂ

ലവും കാലിവളർത്തലിനെ പൊതുവെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. പനങ്ങാട് പഞ്ചായത്തിൽ മൂന്ന് പാൽ സംഭരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. രണ്ടാം വാർഡിൽ കരയത്തൊടി ക്ഷീരോല്പാദക സഹകരണ സംഘവും (മിൽമ) 5-ാം വാർഡിൽ വട്ടോളി ബസാറിൽ ക്ഷീരവ്യവസായ സഹകരണ സംഘവും 12-ാം വാർഡിൽ തലയാട് ക്ഷീരോല്പാദക സഹകരണ സംഘവും (മിൽമയുടെ കീഴിലുള്ളത്) പ്രവർത്തിക്കുന്നു. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ വിറ്റഴിക്കുന്നതിന് 1, 6, 9, 10 എന്നീ വാർഡുകളിലും 12-ാം വാർഡിന്റെ കാവുംപുറം ഭാഗങ്ങളിലും യാതൊരു സൗകര്യവുമില്ല.

പനങ്ങാട് പഞ്ചായത്തിലെ ഏക സർക്കാർ മൃഗാശുപത്രി ഇപ്പോൾ സ്ഥിതിചെയ്യുന്നത് വട്ടോളി ബസാറിലാണ്. 1955-56 ലാണ് ഈ മൃഗാശുപത്രി സ്ഥാപിതമായത്. തുടക്കത്തിൽ ബാലുശ്ശേരിയിൽ (ഇപ്പോഴത്തെ ബസ് സ്റ്റാൻറ് പരിസരം) ആയിരുന്നു ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നത്. പിന്നീട് 1964-ലാണ് ഈ സ്ഥാപനം വട്ടോളി ബസാറിലേക്ക് മാറ്റിയത്. ഈ സ്ഥാപനത്തിന്റെ കീഴിൽ തലയാട് ഒരു ഐ സി ഡി പി സെൻററും (കരയത്തൊടി) തയ്യിൽതാഴേ ആപ്കോസിന്റെ കീഴിൽ ഒരു ബീജാധാന കേന്ദ്രവും സ്ഥിതിചെയ്യുന്നു.

ഈ മൃഗാശുപത്രിക്ക് പരാധീനതകൾ ഏറെയുണ്ട്. ശുദ്ധജല സൗകര്യമില്ല. രാത്രികാലങ്ങളിൽ അപരിചിതർ കയറി ആശുപത്രി പരിസരം വൃത്തികേടാക്കുന്നു. അതുകൊണ്ട് ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

1, 8, 9, 10, 11, 12 വാർഡുകളിലെ കാലികൾക്ക് ചികിത്സാ സൗകര്യത്തിനുവേണ്ടി എട്ട് മുതൽ 15 കിലോമീറ്റർ ദൂരം വരെയുള്ള ഈ ആശുപത്രിയെ ആശ്രയിക്കണം. സമയത്തിന് ചികിത്സ ലഭിക്കാതെ കാലികൾ ചത്തുപോകുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്.

കാലികൾക്ക് പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, പനി, കാരപൊന്തൽ എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെക്കുറിച്ചും കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗത്തെ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാവുന്നു.

പനങ്ങാട് ഗ്രാമപഞ്ചായത്ത് 95-96
4-3 രോഗവിവരങ്ങൾ - പട്ടിക 3.

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി
1	2	3	4	5	6
1.	ദഹനസംബന്ധമായവ Digestive disorders	1162	3	842	250
2.	ശ്വാസകോശ സംബന്ധം Respiratory diseases	205	1	54	144
3.	ഉപാപചയ സംബന്ധം Metabolic diseases	12			
4.	ത്വക് രോഗങ്ങൾ Skin diseases	149		17	
5.	ധാതുലവണങ്ങളുടെ അഭാവം Deficiency disease	180	1	142	
6.	പരാദ രോഗങ്ങൾ Parasitic disease	1619		115	
7.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacdogycal disorder	116		44	
8.	വന്ധ്യത Infertility	264		5	
9.	അകിടുവീക്കം Mastitis	126		35	
10.	മുടന്തൻ പനി Ephemeral fever	115			
11.	പകർച്ച വ്യാധികൾ Contagion diseases				

പനങ്ങാട് പഞ്ചായത്തിൽ 10 ഗോബർ ഗ്യാസ് പ്ലാൻറുകളുണ്ട്. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും, കർഷകരിൽ ഇത് സംബന്ധിച്ച അജ്ഞതയാണ് പ്രധാന പ്രശ്നം. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

വൈദ്യുതി ക്ഷാമം രൂക്ഷമായി നേരിടുന്ന ഈ കാലഘട്ടത്തിൽ സന്നദ്ധരായ കർഷകരെ ഗോബർ ഗ്യാസ് പ്ലാൻറിനെക്കുറിച്ച് ബോധവാന്മാരാക്കി, പ്ലാൻറ് സ്ഥാപിക്കാൻ വേണ്ട സാമ്പത്തിക, സാങ്കേതിക ഉപദേശങ്ങൾ നൽകിയാൽ ഒരളവോളം വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമെന്നതിൽ സംശയമില്ല.

മുൻ കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ ഇറച്ചിക്കോഴികളെ മറ്റു പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന അവസ്ഥയാണ്. ഇറച്ചി കോഴി വളർത്തലിന് ഈ പഞ്ചായത്തിൽ വൻ സാധ്യത ഉണ്ടെന്നാണ് ഇത് തെളിയിക്കുന്നത്. കോഴികളിൽ സാധാരണയായി കണ്ടുവരുന്ന മാരക രോഗങ്ങൾ മൂലം കർഷകരെ കോഴിവളർത്തലിൽ നിന്നും പിന്മാറാൻ പ്രേരിപ്പിക്കുന്നു.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മുയൽ വളർത്തുന്നുണ്ടെങ്കിലും ഇറച്ചി ആവശ്യത്തിനുവേണ്ടി മുയലിനെ വളർത്തുന്നത് വളരെ കുറവാണ്. ഈ മേഖലയിൽ വേണ്ട സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുകയാണെങ്കിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മുയലുകൃഷി വ്യാപകമായി നടത്താൻ സാധിക്കും.

മൃഗസംരക്ഷണ രംഗത്ത് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

- കാർഷികാവശ്യങ്ങൾക്കും ഭവന നിർമാണത്തിനുമായി വയലുകൾ നികത്തപ്പെട്ടത് തീറ്റപ്പുൽ ക്ഷാമത്തിന് കാരണമായി.
- കാലിത്തീറ്റയുടെ വിലകയറ്റം.
- പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
- പാൽ വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തത.
- പാലിന്റെ വിലകുറവ്.
- കാലികൾക്കുണ്ടാകുന്ന രോഗങ്ങൾ.
- മൃഗഡോക്ടർമാരുടെ സേവനം ആവശ്യത്തിന് ലഭിക്കായ്മ.

സാധ്യതകൾ – നിർദ്ദേശങ്ങൾ

1. ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിച്ച്, കാലിത്തീറ്റ മിതമായ വിലക്ക് ലഭ്യമാക്കണം.

2. പാൽവിപണന സൗകര്യം വർധിപ്പിക്കുക. ഇതിനായി ഒന്നാം വാർഡിൽ നിർമ്മല്ലൂരും, ഒമ്പതാം വാർഡിൽ വയലടയിലും, 10-ാം വാർഡിൽ മങ്കയത്തും പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

3. കൂടുതൽ മൃഗചികിത്സാ സൗകര്യങ്ങൾ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കണം. ഇതിനായി ഒന്നാം വാർഡിൽ നിർമ്മല്ലൂരിലും എട്ടാം വാർഡിൽ കണ്ണാടിപ്പൊയിൽ, ഒമ്പതാം വാർഡിൽ കുറുമ്പൊയിൽ, വയലട 10-ാം വാർഡിൽ മങ്കയത്തും ബീജാധാന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

4. തീറ്റപ്പുൽകൃഷി പഞ്ചായത്തിൽ വ്യാപകമാക്കുക. മേൽത്തരം പുൽവിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക. പുൽകൃഷിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കണം നൽകുക.

5. പ്രത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ക്ഷീരസഹകരണ സംഘങ്ങൾ വഴി കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുക.

6. അത്യുല്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും, ബോധവത്ക്കരണവും നൽകുക.

7. സർകാർ മൃഗാശുപത്രിയുടെ പ്രവർത്തന സമയം പഴയ രൂപത്തിൽ തുടരുക (രാവിലെ എട്ട് മുതൽ 12 വരെ, വൈകുന്നേരം 3 മുതൽ 4 വരെയും).

8. മൃഗഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കാൻ പറ്റുന്ന രൂപത്തിൽ നിലവിലുള്ള ക്വാർട്ടേഴ്സിൽ ഡോക്ടർമാർ താമസിക്കണം.

9. മൃഗാശുപത്രിയിൽ ശുദ്ധജലം ലഭ്യമാക്കണം.

10. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുകയും ഇതിന്റെ വിപണനത്തിനായി പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു വിപണന കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.

11. 1, 4, 8, 9 വാർഡുകളിൽ മുയൽ വളർത്തലിന് സാധ്യതയുണ്ട്. ഇതിനുവേണ്ടി സന്നദ്ധരാവുന്നവർക്ക് വേണ്ട സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുക.

12. സഹകരണ സംഘങ്ങളുടെ കീഴിൽ ഒരു കാലിത്തീറ്റ നിർമാണ യൂനിറ്റ് ആരംഭിക്കണം.

13. വട്ടോളി മൃഗാശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ സൗകര്യം ഏർപ്പെടുത്തുക.

14. മൃഗാശുപത്രിയിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കുക.

15. തലയാട് കേന്ദ്രമാക്കി ഒരു മൃഗാശുപത്രി സ്ഥാപിക്കണം. സ്ഥലം സൗജന്യമായി ലഭ്യമാണ്.

16. 11-ാം വാർഡിൽ ഇറച്ചിക്കോഴികളെ സഹകരണാടിസ്ഥാനത്തിൽ വളർത്തുന്നതിന് സന്നദ്ധരായവരുണ്ട്.

17. ഒമ്പതാം വാർഡിന്റെ കാന്തലാട് ഭാഗത്ത് സഹകരണാടിസ്ഥാനത്തിൽ ആടുവളർത്തുന്നതിന് സന്നദ്ധരായവരുണ്ട്. അവർക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

18. പഞ്ചായത്തിലും പരിസരത്തും അലങ്കാര പക്ഷികളെ വളർത്തുന്നതിൽ താല്പര്യം കാണിക്കുന്നവർ ഏറെയുണ്ട്. ഈ സാഹചര്യത്തിൽ അലങ്കാര പക്ഷികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഒരു കേന്ദ്രത്തിന് സാധ്യതയുണ്ട്.

മത്സ്യബന്ധനം

പനങ്ങാട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിമൂന്നര കിലോമീറ്റർ പുഴയോര മേഖലയാണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽനിന്നായി ഏകദേശം 15 തോടുകൾ ഒഴുകിവരുന്നു. ഈ തോടുകളിൽ ഒന്നൊഴികെ എല്ലാം തന്നെ മഞ്ഞപ്പുഴയിൽ ചേരുന്നു. പനങ്ങാട് പഞ്ചായത്തിൽ വലുതും ചെറുതുമായി 13 കുളങ്ങളുണ്ട്. മുൻകാലങ്ങളിൽ കുളങ്ങളിലും, തോടുകളിലും കണ്ടുവന്നിരുന്ന വരാൽ, മുഴു, കടു എന്നീ മത്സ്യങ്ങൾ ഇപ്പോൾ വിരളമായിക്കൊണ്ടിരിക്കുന്നു. മത്സ്യരോഗംമൂലം മീനുകൾ വ്യാപകമായി ചത്തൊടുങ്ങുന്നു. പുഴ മത്സ്യങ്ങൾ വിരളമായേ ലഭിക്കാറുള്ളൂ. അതുകൊണ്ടുതന്നെ, പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കടൽമത്സ്യമാണ് ഉപയോഗിക്കുന്നത്. പനങ്ങാട് പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 14-ൽപരം മത്സ്യവില്പന കേന്ദ്രങ്ങളുണ്ട്. മത്സ്യവില്പനയുമായി ബന്ധപ്പെട്ട് 45-ഓളം തൊഴിലാളികളുണ്ട്. ശുദ്ധജല മത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, ചെമ്മീൻ കൃഷി മുതലായ മത്സ്യകൃഷികൾ പഞ്ചായത്തിന്റെ ഒരു ഭാഗങ്ങളിലുമില്ല. ഈ മേഖലകളിൽ വേണ്ടത്ര സാമ്പത്തിക സഹായങ്ങളും, സാങ്കേതിക പരിജ്ഞാനവും നൽകിയാൽ വ്യാപകമായ തോതിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കും.

സാധ്യതകൾ, നിർദ്ദേശങ്ങൾ

- മത്സ്യരോഗങ്ങളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.
- പഞ്ചായത്തിൽക്കൂടി ഒഴുകുന്ന പുഴയും, പൊതുകുളങ്ങളും, സ്വകാര്യ കുളങ്ങളും ഉപയോഗിച്ചുകൊണ്ട് ശുദ്ധജല മത്സ്യകൃഷി നടത്താൻ സാധ്യതയുണ്ട്.
- വയലട പ്രദേശത്ത് വേനൽക്കാലങ്ങളിലും വറ്റാത്ത ജലസംഭരണികളുണ്ട് (പ്രകൃതിദത്തമായവ) ഇവിടെ മത്സ്യകൃഷി നടത്താൻ നല്ല സാധ്യതയുണ്ട്.
- മത്സ്യകൃഷി നടത്താൻ സന്നദ്ധരായ കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളേയും, സാമ്പത്തിക സഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകണം.
- പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ചെമ്മീൻകൃഷിക്ക് സാധ്യതയുണ്ട്. ഈ മേഖലയിൽ കൃഷിക്കാർക്ക് വേണ്ട സാമ്പത്തിക സഹായങ്ങളും സാങ്കേതിക സഹായങ്ങളും നൽകണം.
- വിവിധ തരം മത്സ്യകൃഷിക്ക് വേണ്ട ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
- മത്സ്യവിപണന കേന്ദ്രത്തിന് സ്ഥിരമായ കെട്ടിങ്ങൾ നിർമിക്കണമെന്ന് പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിന്നും ആവശ്യങ്ങൾ ഉയന്നുവന്നിട്ടുണ്ട്.
- നഞ്ച് കുരു, തോട്ട, തുരിശ് മുതലായവ വസ്തുക്കൾ ഉപയോഗിച്ച് മീൻ പിടിക്കുന്നത് തടയണം.
- ശുദ്ധജല മത്സ്യസമ്പത്ത് നശിച്ചുപോകുന്നതിന്റെ കാരണങ്ങളെ ബോധ്യപ്പെടുത്തി പുതുമഴക്കെത്തുന്ന ഇണർ മത്സ്യങ്ങളെ കൊല്ലുന്നത് നിരുത്സാഹപ്പെടുത്തണം.
- അലങ്കാര മത്സ്യങ്ങളെ വളർത്തുന്നതിൽ താല്പര്യമുള്ളവർ ഏറെയുള്ള പ്രദേശമെന്ന നിലയിൽ ഇത്തരം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നത് ലാഭകരമാണെന്ന് കാണുന്നു.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ - പട്ടിക 2

വളർത്തു മൃഗങ്ങൾ	ആകെ	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു		755	241
കിടാരി			61
എരുമ		3	

ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരണം:

I കാലിത്തീറ്റ പുൽകൃഷി വികസന പരിപാടി

എ കെ എൽ ഡി ബോർഡ് നൽകുന്ന മേൽത്തരം പുൽവിത്തിനങ്ങളും പയർ വിത്തിനങ്ങളും സബ്സിഡി വിലക്ക് കർഷകർക്ക് നൽകി കൃഷിചെയ്യിക്കുകയും ധനസഹായമായി ഒരു ഹെക്ടറിന് 500 രൂപ തോതിൽ രാസവളം സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

ബി മക്കച്ചോളം, വൻപയർ എന്നിവയുടെ വിത്തുകളും കാലിത്തീറ്റകൃഷിക്കായി സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും മക്കച്ചോളം ഒരു ഹെക്ടറിന് 700 രൂപ തോതിലും വൻപയർ ഒരു ഹെക്ടറിന് 300 രൂപ തോതിലും രാസവള സബ്ഡിഡി നൽകുന്നു.

സി കാലിത്തീറ്റപ്പുൽ കടകളിൽനിന്ന് വാങ്ങി കൃഷിചെയ്യുന്നവർക്കും ഒരു ഹെക്ടറിന് 500 രൂപ തോതിൽ രാസവള സബ്സിഡി നൽകുന്നു.

ഡി വൈക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കൽ. വൈക്കോലിന്റെ പോഷകഗുണം വർധിപ്പിക്കുന്നതിന് വൈക്കോലിൽ നിശ്ചിത രീതിയിൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്നതിനുള്ള ചിലവിലേക്കായി 500 രൂപ ധനസഹായം നൽകുന്നു.

ഇ സൈലേക്ക് നിർമ്മിതി: മഴക്കാലത്ത് അധികം പുല്ലുല്പാദിപ്പിച്ച് വേനൽക്കാലാവശ്യത്തിലേക്ക് നിശ്ചിത രീതിയിൽ സൂക്ഷിച്ചുവെക്കുന്ന രീതിയായ സൈലേക്ക് നിർമ്മിതിക്ക് 1 മെട്രിക് ടണ്ണിന് 125 രൂപ തോതിൽ ധനസഹായം നൽകുന്നു.

എഫ് ഒരു ഹെക്ടർ പുൽകൃഷി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തി പുല്ല് വില്പനയിലൂടെയും പുൽകട വില്പനയിലൂടെയും വരുമാനമുണ്ടാക്കുന്നതിനായി കൃഷിചെലവിനും ജലസേചന സൗകര്യങ്ങൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി മൊത്തം 30,000 രൂപ മുടക്കുമ്പോൾ ഗുണഭോക്താവിന് 14,500 രൂപ ധനസഹായം നൽകുന്നു. കൃഷിഭൂമി പാട്ടത്തിന് എടുത്തിട്ടുള്ളതാണെങ്കിൽ പാട്ടത്തുക ഉൾപ്പെടെ പരമാവധി 15,000 രൂപ ധനസഹായം നൽകുന്നു. ഗുണഭോക്താവ് ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ഈ കൃഷി നിലനിർത്തിയിരിക്കണം.

II ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

മാതൃകാ ഡയറി യൂനിറ്റുകൾ: ചെറുകിട കർഷകർക്ക് കാലിവളർത്തലിലൂടെ വരുമാനമുണ്ടാക്കുന്നതിനും ജൈവവളമുപയോഗത്തിലൂടെ കാർഷിക വരുമാനം വർധിപ്പിക്കുന്നതിനും വേണ്ടി ഒരു കറവക്കാലത്ത് ശരാശരി 2500 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്ന രണ്ട് കറവമാടുകളെ വാങ്ങുന്നതിനും ചുരുങ്ങിയത് 50 സെൻറ് സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനും ഒരു മാതൃകാ കാലിതൊഴുത്ത് നിർമ്മിക്കുന്നതിനും പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ജലസേചന സൗകര്യമുണ്ടാക്കുന്നതിനും മൊത്തം 21,000 രൂപ മുടക്കുമ്പോൾ 7,000 രൂപ ധനസഹായം നൽകുന്നു.

മാതൃകാ കാലിതൊഴുത്തു നിർമ്മാണം

മറ്റ് കൃഷിക്കാർക്ക് മാതൃകയാകത്തക്ക രീതിയിൽ നിർദ്ദിഷ്ട രീതിയിലുള്ള മാതൃകാ കാലിത്തൊഴുത്ത് പണിയുന്ന കർഷകർക്ക് 1250 രൂപ ധനസഹായം നൽകുന്നു. 15 ശതമാനം പട്ടികജാതി പട്ടികവർഗത്തിന് നീക്കിവെച്ചിരിക്കുന്നു.

ക്ഷീരോല്പന്ന നിർമ്മാണ യൂനിറ്റുകൾ

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ നാല് വനിതകൾ ഉൾപ്പെടുന്ന യൂനിറ്റ് തുടങ്ങുന്നതിനായി ക്ഷീരസംഘങ്ങൾ, മഹിളാ സമാജങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവക്ക് യൂനിറ്റ് തുടങ്ങുന്നതിനായി 22,000 രൂപ ധനസഹായം നൽകുന്നു.

പ്രത്യേക ഘടകപദ്ധതി

തെരഞ്ഞെടുത്ത പട്ടികജാതി കുടുംബങ്ങൾക്ക് മിനി ഡയറി യൂനിറ്റ് സ്ഥാപിക്കുന്നതിനായി കറവമാടിനെ വാങ്ങുന്നതിനും, തൊഴുത്ത് നിർമ്മിക്കുന്നതിനും പരിശീലന പരിപാടിക്കും, കുന്നുകാലി ആഹാരം എന്നിവക്കുമായി സബ്സിഡി നൽകുന്നു.

വ്യവസായം

കിഴക്കൻ മലനിരകളുടെ താഴ്വാരം; ഇവിടെ അരുവികളും, നീർത്തടങ്ങളും, നിറഞ്ഞ പച്ചപ്പുമാണ് ഒരു ഗ്രാമം - വിയർപ്പിന്റെ ഗന്ധമുള്ള കാറ്റും നാടൻപാട്ടിന്റെ ഈണവും ഇവിടെ സംഗമിക്കുന്നു - ഇതാണ് പനങ്ങാട് ഗ്രാമപഞ്ചായത്ത്. കുന്നും മലയും ചെരിവുകളും പുഴയോരം വരെ നീണ്ടുകിടക്കുന്ന സമതലങ്ങളും ചേർന്ന് വൈവിധ്യമാർന്ന ഭൂപ്രകൃതി സമ്മാനിക്കുന്ന അനുഗൃഹീതമായ നാട്! വികസനം വിളിച്ചറിയിക്കുന്ന പുകക്കുഴലുകൾ ഇവിടെ ഉയർന്നിട്ടില്ലെങ്കിലും വികാസത്തിന്റെ ഉൾത്തുടിപ്പുകൾ ആശ്വാസമേകുന്നു.

നാഗരികതയുടെ നല്ല നാളെകൾക്ക്, ഇന്നലെയുടെ അനുഭവങ്ങൾ പാഠമാവണം; വികസനം കൊതിക്കുന്ന ജനതതിക്ക് വിനാശകരമല്ലാത്ത ഭാവിയും വന്നുചേരണം-ഇവിടെ. ഗ്രാമചൈതന്യം ചോർന്നുപോവാതെയുള്ള വ്യവസായ വൽക്കരണത്തിന്റെ പാതയിലേക്ക് നാം കടന്നുചെല്ലുക തന്നെ വേണം. മറിച്ചായാൽ ആധുനിക ഭൂപടത്തിൽനിന്ന് നാം മുറിച്ചുമാറ്റപ്പെടുക എന്നതായിരിക്കും ഫലം.

സമഗ്രമായ ജനകീയാസൂത്രണത്തിന് നാന്ദിയായി പ്രഥമമായി 'നാം, നമ്മെ അറിയുക'യാണ്. നമ്മുടെ ശക്തിയും ദൗർബല്യങ്ങളുമറിഞ്ഞാൽ 'സാധ്യതകൾ' നമുക്ക് മുമ്പിൽ തെളിഞ്ഞുവരുമെന്നത് തീർച്ച.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വ്യവസായം കടന്നുവന്ന വഴിയിലേക്ക് ഒന്ന് തിരിഞ്ഞുനോക്കാം.

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ബ്രീട്ടീഷ് സായ്പ്പുമാർ കിഴക്കേടത്ത് കോവിലകം വക ജന്മസ്വത്തായിരുന്നു രണ്ടായിരത്തി അഞ്ഞൂറോളം ഏക്കർ വന്യഭൂമി വിലക്കുവാങ്ങി. ഇതിൽ കുരുമുളക് കൃഷി ആരംഭിച്ചു. പിന്നീട് ഇത് മാറ്റി. ഇന്ന് ഉണ്ണികുളം പഞ്ചായത്തിൽ ഉൾപ്പെടുന്നതടക്കം 4000 ഏക്കറോളം ഭൂമിയിൽ മുഴുവൻ റബ്ബർ കൃഷി നടപ്പാക്കി. 1909-ൽ കാമ്പൽ പിണ്ടർ ഹണ്ട് എന്ന ആദ്യ മാനേജരുടെ നേതൃത്വത്തിൽ റബ്ബർപാൽ ശുദ്ധീകരണശാല കിനാലൂരിൽ സ്ഥാപിതമായി. ഇന്ന്, രണ്ടായിരത്തി അഞ്ഞൂറോളം തൊഴിലാളികളുമായി, കേരളത്തിലെ എണ്ണപ്പെട്ട ഈ പ്ലാന്റേഷൻ യൂനിറ്റും, ലാറ്റക്സ് പ്രൊസസ്സിങ്ങ് പ്ലാന്റും കൊച്ചിൻ-മലബാർ ഗ്രൂപ്പ് വ്യവസായ മാനേജ്മെൻറിന്റെ കീഴിൽ ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. ഗ്രാമപഞ്ചായത്തിലെ ഒരേയൊരു വൻകിട വ്യവസായശാലയും ഇതുമാത്രം.

നാടുവാഴികളുടെയും നാട്ടുരാജങ്ങളുടെയും കാലത്തുതന്നെ വേരുറച്ചിട്ടുള്ള കുലത്തൊഴിലും പരമ്പരാഗത നിർമാണ രീതികളും ഇന്നും തുടർന്ന് വരുന്നുണ്ടെങ്കിലും നാശോന്മുഖമാണ്. ചെറുകിട-പരമ്പരാഗത-കുടിൽ വ്യവസായ മേഖലയിൽ 53 യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ പ്രാമുഖ്യത്തോടെ ഖാദി മേഖലയും പുരുഷ മേധാവിത്വത്തോടെ സേവനാധിഷ്ഠിത വ്യവസായങ്ങളും ശരാശരി വളർച്ച കൈവരിച്ചിട്ടുണ്ടെങ്കിലും സഹകരണമേഖല നാമമാത്രമാണ്.

ഗ്രാമപഞ്ചായത്തിൽ 7154 പേർ മൊത്തം തൊഴിലെടുക്കുമ്പോൾ, അതിൽ 6121 പേർ പുരുഷന്മാരും 1033 പേർ സ്ത്രീകളുമാണ്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ സമീപ ഭാവിയിൽ യാഥാർഥ്യമായിത്തീരുന്ന 'കോഴിക്കോട് വ്യവസായ വളർച്ചാകേന്ദ്രം' ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റുമെന്ന് മാത്രമല്ല; പഞ്ചായത്തിന്റെ പ്രശസ്തി അന്താരാഷ്ട്ര തലത്തിലേക്കുയർത്തുക കൂടി ചെയ്യുമെന്നതിൽ സംശയമില്ല. ഇട ത്തര-വൻകിട വ്യവസായങ്ങളുടെ സമുച്ചയമായ ഈ കേന്ദ്രം, കിനാലൂരിലെ 308 ഏക്കറിലാണ് രൂപംകൊടുത്തിട്ടുള്ളത്.

കാർഷിക വിളകുടെ കനഭൂമിയാണിവിടം. കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് വിപണിയിലെത്തിയക്കാൻ സാധിച്ചാൽ അഭിവൃദ്ധിയുടെ അനന്ത സാധ്യതകൾക്ക് അത് കളമൊരുക്കും. ഇവിടുത്തെ അധ്വാനശീലരായ കർഷകരുടെയും തൊഴിലാളികളുടെയും മാനവവിഭവശേഷി ഗുണകരമായി പരിവർത്തിപ്പിക്കാൻ കഴിഞ്ഞാൽ പുരോഗതിയുടെ പാതയിലെ ഒരു കുതിച്ചുചാട്ടമായിരിക്കുമത്.

പ്രകൃതിരമണീയതകൊണ്ട് അനുഗൃഹീതമായ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ മലയോരം, ശാസ്ത്രീയ ഭാവനയിൽ രൂപകല്പന ചെയ്ത് സൗകര്യമൊരുക്കിയാൽ അതിമനോഹരമായ ഒരു വിനോദസഞ്ചാര കേന്ദ്രം കൈരളിക്ക് സമ്മാനിക്കാൻ നമുക്ക് കഴിയും.

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ വ്യവസായരംഗം ലളിതമായി ഒന്ന് പരിചയപ്പെടാം. പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും എണ്ണം പട്ടിക 1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക – 1

ക്രമ നമ്പർ	വിഭാഗം	യൂനിയൻ	തൊഴിലാളികളുടെ എണ്ണം പുരുഷൻ	സ്ത്രീ	ആകെ	ശതമാനം
1.	പരമ്പരാഗത വ്യവസായം	3	10	6	16	
2.	കുടിൽ വ്യവസായം	9	19	2	21	
3.	ചെറുകിട വ്യവസായങ്ങൾ	27	54	11	65	
4.	വൻകിട വ്യവസായങ്ങൾ	1	1402	1458	2560	
5.	സേവന വ്യവസായങ്ങൾ	14	23	7	30	
6.	ഖാദി യൂനിറ്റ്	2	17	148	325	
7.	മറ്റ് വ്യവസായങ്ങൾ	11	21	11	32	

വിവിധ വ്യവസായ കേന്ദ്രങ്ങൾ

പഞ്ചായത്തിലെ ചെറുകിട-പരമ്പരാഗത കുടിൽവ്യവസാങ്ങൾ അസംസ്കൃത പദാർഥങ്ങളുടെ ദൗർലഭ്യവും ഉല്പന്നങ്ങൾക്കാവശ്യമായ വില ലഭിക്കാനും മെച്ചപ്പെട്ട വിപണികളുടെ അഭാവവുംമൂലം പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുകയാണ്.

1. പരമ്പരാഗത വ്യവസായങ്ങൾ:

പഞ്ചായത്തിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങൾ കൊട്ടനെയ്ത്ത്, പായനെയ്ത്ത്, കയറുപിരിക്കൽ ഇത്തിൾ നീറ്റൽ, മൺപാത്ര നിർമ്മാണം, കയറുല്പന്നങ്ങളുടെ നിർമാണം, ഓട്ടുപാത്ര നിർമ്മാണം, ഇരുമ്പുപണി എന്നിവയാണ്. എന്നാൽ ഈ വ്യവസായങ്ങൾ ഇന്ന് പൂർണമായും അവസാനിച്ചുകൊണ്ടിരിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന പട്ടിക പരമ്പരാഗത വ്യവസായ മേഖലയെ ചിത്രീകരിക്കുന്നു.

പട്ടിക–2

ക്രമ നമ്പർ	വിഭാഗം	യൂനിറ്റുകളുടെ എണ്ണം	തൊഴിലാളികൾ പുരു	സ്ത്രീ	ആകെ	നിലവിലുള്ള അവസ്ഥ
1.	മൺപാത്ര നിർമാണം	1	2	4	6	തകർന്നുകൊണ്ടിരിന്നു
2.	ഓട്ടുപാത്ര നിർമ്മാണം	1	3	2	5	,,
3.	ഇത്തിൾ നീറ്റൽ	2	10	–	5	നിലനിൽക്കന്നു
4.	പായനെയ്ത്ത്	3	–	8	8	തകർന്നു
5.	കയർ നിർമാണം	2	3	9	12	തകർന്നു
6.	ഇരുമ്പ് പണി	6	8	2	10	നിലനില്ക്കുന്നു.

2. കുടിൽ വ്യവസായങ്ങൾ

പപ്പട നിർമ്മാണവും അച്ചാർ നിർമ്മാണവുമാണ് പഞ്ചായത്തിലെ പ്രധാന കുടിൽവ്യവസായങ്ങൾ. കൂടാതെ സോഡാ നിർമ്മാണ യൂനിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. പട്ടിക മൂന്നിൽ കുടിൽ വ്യവസായങ്ങളെ സൂചിപ്പിക്കുന്നു.

പട്ടിക – 3

ക്രമ നമ്പർ	വിഭാഗം	യൂനിറ്റ്	തൊഴിലാളികളുടെ എണ്ണം പുരു	സ്ത്രീ	ആകെ
1.	പപ്പടം	7	121	1	22
2.	സോഡ	4	6	1	7
3.	അച്ചാർ	2	1	3	4
4	ചെരുപ്പ് നിർമ്മാണം	1	1	–	1

പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും എണ്ണം പട്ടികയിൽ കാണിച്ചരിക്കുന്നു.

പട്ടിക–1

ക്രമ നമ്പർ	വിഭാഗം	യൂനിറ്റുകൾ	തൊഴിലാളികളുടെ എണ്ണം പുരു	സ്ത്രീ	ആകെ	ശതമാനം
1.	പരമ്പരാഗത വ്യവസായം	3	10	6	16	
2.	കുടിൽവ്യവസായം	9	19	2	21	
3.	ചെറുകിട വ്യവസായങ്ങൾ	27	54	11	65	
4.	വൻകിട വ്യവസായങ്ങൾ	1	1042	1458	258	
5.	സേവന വ്യവസായങ്ങൾ	14	23	7	30	
6.	ഖാദി യൂനിറ്റ്	2	17	148	325	
7.	മറ്റുവ്യവസായങ്ങൾ	11	21	11	32	
	ആകെ					

5. മറ്റ് വ്യവസായങ്ങൾ:

പഞ്ചായത്തിലെ മറ്റ് വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് സിമൻറ് ബ്രിക്സ് നിർമ്മാണവും മെറ്റൽ, കരിങ്കൽ ക്വാറികൾ, കോഴിഫാമുകൾ, മെഴുകുതിരി, തേനിച്ച വളർത്തൽ, തേനീച്ചക്കൂട് നിർമ്മാണ യൂനിറ്റ് എന്നിവയാണ്. ഇവയിൽ സിമൻറ് ബ്രിക്സിൻെറ ഒരു യൂനിറ്റ് തകർന്നിരിക്കുന്നു. ബേക്കറി പലഹാരനിർമ്മാണ യൂനിറ്റുകൾ മത്സരരംഗത്തെ അതിജീവിക്കാൻ കഴിയാതെ തകർന്ന് പോവുകയാണ്. ഈ മേഖലയുടെ ചിത്രം പട്ടിക 6-ൽ കാണാം.

പട്ടിക - 5

ക്രമ നമ്പർ	വിഭാഗം	യൂനിറ്റ് എണ്ണം	തൊഴിലാളികൾ പുരു	സ്ത്രീ	ആകെ
1.	സിമനറ് ബ്രിക്സ്	1	3	–	3
2.	കോഴിഫാം	1	3	–	3
3.	മെഴുകുതിരി	1	3	2	5
4.	തേനീച്ച വളർത്തൽ	–	–	–	തകർന്നു
5.	തേനീച്ചക്കൂട് നിർമ്മാണം	1	2	–	2
6.	മധുരപലഹാരങ്ങൾ	3	3	–	3
7.	കരിങ്കൽ ക്വാറികൾ	1	2	6	8
8.	മെറ്റൽ ഉല്പാദനം	1	2	–	2
9.	ഇലക്ട്രോണിക് കേന്ദ്രം	–	–	–	–
10.	ക്ഷീരോല്പന്നം	1	–	3	3
11.	സോഫാകംബെഡ്	1	3	–	3

6. വൻകിട വ്യവസായങ്ങൾ

കൊച്ചിൻ മലബാർ എസ്റ്റേറ്റ് ഇൻറസ്ട്രിയൽസ്

പനങ്ങാട് പഞ്ചായത്തിലെ ആദ്യകാല വ്യവസായ കേന്ദ്രമാണിത് 1908-ൽ സ്വകാര്യവ്യക്തിയിൽനിന്നും ബ്രിട്ടീഷുകാർ 989.99 ഹെക്ടർ (2446.31 ഏക്കർ) വനഭൂമി വിലക്കെടുത്തു. റബ്ബർ തൈ കൃഷിചെയ്തുകൊണ്ട് ആരംഭിക്കുന്നു. ആദ്യകാലങ്ങളിൽ കിനാലൂർ റബ്ബർ കമ്പനി എന്ന പേരിൽ അറിയപ്പെട്ട ഈ സ്ഥാപനത്തിൻെറ ഇന്ത്യയിലെ മാനേജിങ്ങ് ഏജൻസി പിയേഴ്സ്ലസ്ലി കമ്പനിയിലായിരുന്നു. 1909-ൽ തന്നെ ആദ്യത്തെ മാനേജരായിരുന്ന കാബൽ പിണ്ടർ ഹണ്ട് എന്ന ഇംഗ്ലണ്ടുകാരൻ ഒരു റബ്ബർ പാൽ ശുദ്ധീകരണശാല ആരംഭിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരം ഈ സ്ഥാപനം ഇംഗ്ലീഷുകാരുടെയും ഇന്ത്യക്കാരുടെയും അധീനതയിലായിരുന്നു. എന്നാൽ 1965-ൽ പിയേഴ്സ്ലസ്ലി കമ്പനിയുടെ നേതൃത്വത്തിൽ ഇത് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി മാറ്റുകയും ധാരാളം ഓഹരികൾ പൊതുമാർക്കറ്റിൽ വിൽക്കുകയും ചെയ്തു. അതിനാൽ ഈ വ്യവസായശാല പൂർണമായും ഇന്ന് ഇന്ത്യക്കാരുടെ അധീനതയിലാണ്. ഈ സ്ഥാപനത്തിൻെറ പ്രധാന ഓഹരി ഉടമകൾ എൽ ഐ സി ഓഫ് ഇന്ത്യയും (30%) ബോംബെയിൽ താമസിക്കുന്ന ജിമ്മി ശസ്താർ എന്ന വ്യാപാരിയും കൽക്കട്ടയിലെ പ്രധാന വ്യവസായ ഗ്രൂപ്പായ ബൻകുർ ആൻറ് ബ്രദേഴ്സുമാകുന്നു. കൂടാതെ ഭൂരിഭാഗം വരുന്ന തൊഴിലാളികളും ഇന്ന് സ്ഥാപന ഓഹരി ഉടമകളാണ്. പനങ്ങാട്, ഉണ്ണികുളം പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ സ്ഥാപനത്തിൻെറ ആരംഭകാലത്ത് ഇതിലെ തൊഴിലാളികൾ ഭൂരിഭാഗവും മലപ്പുറം ജില്ലക്കാരായിരുന്നു. എന്നാൽ ഇന്ന് തദ്ദേശവാസികൾ കൂടുതലായി ഇവിടെ ജോലി ചെയ്യുന്നു.

ഇവിടെ നിന്നും പ്രധാനമായും കോൺസൻട്രേറ്റഡ് ലാറ്റക്സ് (സെൻറിഫ്യൂഗൽ ലാറ്റക്സ്) റോ റബ്ബർ ഷീറ്റ് എന്നിവ ഉല്പാദിപ്പിക്കപ്പെടുന്നു. ഈ ഉല്പന്നങ്ങൾ കൊച്ചി കേന്ദ്രമാക്കിക്കൊണ്ടാണ് വിപണനം നടത്തുന്നത്.

ഈ പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ് നിശ്ചിതപ്പെടുത്തുന്ന ഒരു സംവിധാനം ഈ എസ്റ്റേറ്റിൽ ഉള്ളത് ഈ ഗ്രാമപഞ്ചായത്തിലെ കാർഷികരംഗത്തെ വികസന പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഖാദി മേഖല

സ്വാതന്ത്ര്യസമര കാലത്ത് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഖാദിഗ്രാമോദയസംഘം അറപ്പീടിക കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ ഒരു നൂൽനൂൽപ്പ് കേന്ദ്ര വിൽപ്പനശാല മാത്രമായിരുന്നെങ്കിൽ പിന്നീട് നെയ്ത്തു ശാലയും നിലവിൽ വന്നു. 1983ൽ ഈ സ്ഥാപനം കേരള ഖാദിബോർഡ് ഏറ്റെടുക്കുകയും വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. ഖനിഖേലയിൽ മറ്റൊരു സ്ഥാപനം 4-ാം വാർഡിൽപ്പെട്ട പനങ്ങാട് നോർത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഒന്നാംവാർഡിലെ ഗാന്ധിസ്മാരകനിധിയും ഈ മേഖലയിൽ സ്തുത്യർഹമായ സേവനം നടത്തിയിരുന്നെങ്കിലും ഇന്ന് കേവലം 8 അംഗങ്ങൾ മാത്രമുള്ള ഒരു നൂൽനൂൽപ്പ് കേന്ദ്രമായി ചുരുങ്ങിയരിക്കുന്നു.

കേരള ഖാദിബോർഡിന്റെ കീഴിൽ വന്നശേഷം ഇതിനോടനുബന്ധിച്ച് ഒരു തേൻ സംഭരണകേന്ദ്രവും ഒരു എള്ളെണ്ണ ഉല്പാദന കേന്ദ്രവും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുംപെട്ട 150 ഓളം സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന ഈ സ്ഥാപനത്തിന് പേരായ്മകൾ മാത്രമേ ബാക്കിയുള്ളൂ. സ്ത്രീതൊഴിലാളികൾ തന്നെയാണ് കൂടുതൽ എന്നതുകൊണ്ട് തന്നെ വളരെ കുറഞ്ഞവേതന വ്യവസ്ഥയാണ് നിലവിലുള്ളത്. കൂടാതെ പഴഞ്ചൻ മാതൃകകൾ തന്നെ പിൻതുടരുന്നുവെന്നതും സ്പിന്നിങ്ങ് രംഗത്ത് സാങ്കേതിക വിദഗ്ദരുടെ അഭാവവും കയറ്റുമതി കുറവും വിപണ മാന്ദ്യവും ഈ വ്യവസായത്തെ തകർച്ചയിലേക്ക് നയിക്കുന്നു. വേതന വ്യവസ്ഥയിലെ അത്തരം കാരണം പുതിയ തൊഴിലാളികളെ ആകർഷിക്കുന്നതിനോ നിലവിലുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിനെ തടയാനോ സ്ഥാപനത്തിന് കഴിയുന്നില്ല.
8-ാം നമ്പർ പട്ടിക ഖാദി മേഖലയെ പ്രതിപാദിക്കുന്നു.

ക്രമ നമ്പർ	വിഭാഗം	യന്ത്രങ്ങൾ	എണ്ണം	തൊഴിലാളികൾ പു.	സ്ത്രീ	ആകെ	ശരാശരി ദിവസ വേതനം
അറപ്പീടിക							
1.	നൂൽനൂൽപ്പ്	ചക്ക് ആൻറ് ചർക്ക	50	-		- 50	15 രൂപ
2.	നെയ്ത്ത്	തറി	35	-	70	70	14 രൂപ
3.	ബ്ലീച്ചിങ്ങ് ആൻറ് ഡൈയിങ്ങ്	-	-	3	1	4	38+35
4	ഓഫീസ് നിർവഹണം			3	3	6	മാസശമ്പളം
5.	എണ്ണ	ചക്ക്	2	1	1	2	35+28
6.	മരപ്പണി	-		1		-	70 1
ബി.	പനങ്ങാട് നോർത്ത്						
1.	നൂൽ നൂൽപ്പ്	ചർക്ക	12	-	12	12	15 രൂപ
	ഓഫീസ് നിർവഹണം						മാസ ശമ്പളം
	സി. ഗാന്ധിസ്മാരക നിധി നൂൽ നൂൽപ്പ്	ചർക്ക	10		-	8	12 രൂപ

ഖാദി യൂണിറ്റിന്റെ കീഴിലുള്ള തേൻ സംഭരണ കേന്ദ്രത്തെക്കുറിച്ച് ചുവടെ വിശദീകരിക്കുന്നു.

തേൻ സംഭരണ കേന്ദ്രം

തേൻ സംഭരണരംഗത്ത് സംസ്ഥാനതലത്തിൽ എ

പഞ്ചായത്തിന് അഭിമാനിക്കാൻ കഴിയുന്ന ഒരു പ്രധാന കേന്ദ്രമാണ് ഇത്. സംസ്ഥാനത്ത് ലഭ്യമാകുന്ന മൊത്തം തേൻ സംഭരിക്കുകയും സംഭരിക്കുകയും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേക്കും തേൻ വിപണനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിൽ ഖാദിബോർഡിന്റെ കീഴിൽ ആരംഭിച്ച ആദ്യത്തെ തേൻ സംഭരണകേന്ദ്രം അറപ്പീടികയിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ വൻതോതിൽ തേൻ വിപണനം നടത്തിയിരുന്നെങ്കിലും ഇടക്കാലത്തുണ്ടായ തേനീച്ച രോഗങ്ങളും തേനീച്ചകൾ ചത്തൊടുങ്ങിയതും ഈ സംഭരണ കേന്ദ്രത്തെ പ്രതിസന്ധിയിലെത്തിച്ചു. തൊഴിലാളികൾക്കാവശ്യമായ വേതനം ലഭിക്കാത്തത് ഈ രംഗത്തെയും പ്രശ്നമാണ്.

ഈ സ്ഥാപനത്തിൽ, ഓഫീസ്, സെക്യൂരിറ്റി, പേക്കിംഗ്, ശുചീകരണം എന്നീ വിഭാഗങ്ങളിലായി രണ്ട് സ്ത്രീകളും ഏഴ് പുരുഷന്മാരും ജോലിചെയ്യുന്നു.

ശാസ്ത്രീയമായ രീതിയിൽ തേനീച്ച വളർത്തലും തേനുല്പാദനവും വിജയകരമായി നടത്തിവന്ന ഒരു പഞ്ചായത്തായിരുന്നു പനങ്ങാട്. ഇവിടെ നൂറുകണക്കിൽ തേനീച്ചപ്പെട്ടികൾ വെച്ച് കൊല്ലത്തിൽ പതിനായിരക്കണക്കിൽ രൂപ ആദായമുണ്ടാക്കിയ 108 ഓളം കർഷകർ ഉണ്ടായിരുന്നു.

എന്നാൽ 1991 മുതൽ തേനീച്ചകളെ "തായ് സാക്ക് ബ്രൂഡ്" എന്ന വൈറസ് രോഗം ബാധിച്ചതോടെ ഈ വ്യവസായം തകരുകയും തേനീച്ച വളർത്തൽ നാമമാത്രമായിത്തീരുകയും ചെയ്തു. ഇപ്പോൾ രോഗം മാറിവരുന്നുണ്ട്. അതുകൊണ്ട് തേനീച്ചവളർത്തൽ കർഷകരെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഈ വ്യവസായം ഈ പഞ്ചായത്തിൽ പൂർവാധികം അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

പനങ്ങാട് പഞ്ചായത്തിലെ ഭൂപ്രകൃതിയും ധാരാളം തേൻ കിട്ടുന്ന റബ്ബർ കശുമാവ് തുടങ്ങിയ തോട്ടങ്ങളും മറ്റുവിളകളും വിപണനസൗകര്യങ്ങളും എല്ലാം ഇതിന് സാഹചര്യമൊരുക്കുന്നു. ഇപ്പോൾ തേനീച്ചവളർത്തൽ അറിയാവുന്ന അമ്പതോളം കർഷകർ ഇവിടെയുണ്ട്. ഇവർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങളും വിദഗ്ദോപദേശങ്ങളും ലഭ്യമാക്കിയാൽ മതി.

സ്ത്രീകളും-വ്യാവസായിക രംഗവും

പഞ്ചായത്തിലെ തൊഴിലാളികളിൽ ഭൂരിഭാഗവും പുരഷന്മാരാണെങ്കിലും വ്യാവസായിക തൊഴിലാളികളിൽ എണ്ണംകൊണ്ട് സ്ത്രീകളാണ് മുൻപന്തിയിൽ. കിനാലൂർ റബ്ബർ എസ്റ്റേറ്റിലെ 1458 സ്ത്രീതൊഴിലാളികളിൽ ഭൂരിഭാഗവും പനങ്ങാട് ഗ്രാമപഞ്ചായത്ത് നിവാസികളാണ്.

കൂടാതെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിൽകേന്ദ്രങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. ഈ മേഖലയിൽ 47 സ്ത്രീകൾ ജോലിചെയ്യുന്നു.

ഡി ഡബ്ല്യു സി ആർ എ പദ്ധതി പ്രകാരം ആരംഭിച്ച അനശ്വര ബാഗ് വർക്സും ശ്രദ്ധേയമായ സേവനം നടത്തുന്നുണ്ട്. 10 സ്ത്രീകൾ ഗവർമെണ്ട് സഹായത്തോടെ ആരംഭിച്ച ഈ സ്ഥാപനം റെക്സിൻ ബാഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുകയും തൊഴിൽ തല്പരരായ യുവതികൾക്ക് ബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നു.

ഖാദിബോർഡിന്റെ ധനസഹായത്തോടെ തിരുവഞ്ചേരിപൊയിൽ പണിപൂർത്തിയാക്കിയ തുല്യത സോപ്പുനിർമ്മാണ യൂനിറ്റിന് വർഷങ്ങൾക്ക് ശേഷം ഉല്പാദനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

വ്യവസായ മേഖലയും പ്രശ്നങ്ങളും

വ്യാവസായിക ചരിത്രത്തിന്റെ കൂടപ്പിറപ്പായ വ്യാവസായിക മേഖലയിലെ പ്രശ്നങ്ങൾ എന്നതുകൊണ്ട് തന്നെ ഇതിനെ അവഗണിക്കുക അസാധ്യമാണ്. ഈ വിഷയം ചർച്ചചെയ്യപ്പെടുമ്പോൾ തകർന്നുപോയ വ്യവസായങ്ങളെക്കുറിച്ച് പറയാതെ ഈ റിപ്പോർട്ട് പൂർണ്ണമാവുകയില്ല.

തകർന്നുപോയ വ്യവസായങ്ങൾ

തകർന്നുപോയ വ്യവസായങ്ങളിൽ പ്രധാനപ്പെട്ടവ പരമ്പരാഗത, കുടിൽവ്യവസായങ്ങളാണ്. ഇവയിൽ പായനെയ്ത്ത്, കുട്ടനിർമ്മാണം, കയർനിർമ്മാണം എന്നിവ അസംസ്കൃതപാദാർഥങ്ങളുടെ ദൗർലഭ്യവും മെച്ചപ്പെട്ട വില ലഭിക്കാത്തതു അനുയോജ്യമായ വിപണന കേന്ദ്രങ്ങളുടെ അഭാവവും കാരണം പൂർണ്ണമായും അസ്തമിച്ചിരിക്കുന്നു.

അസംസ്കൃതപദാർഥങ്ങൾക്ക് പ്രാഥമിക മേഖലയെ ആശ്രയിച്ചിരുന്നു എന്നതുകൊണ്ട് വൻതോതിലുള്ള കൈത ഓല നശീകരണവും ചൂരൽക്കാടുകളുടെ നാശവും ചകിരി സംസ്ക്കരണത്തിനുള്ള സൗകര്യക്കുറവും ഈ മേഖലയുടെ തകർച്ചക്ക് കാരണമായി.

ചെറുകിട മേഖലയിൽ തുടങ്ങിയിരുന്ന സിമൻറ് ബ്രിക്സ് നിർമ്മാണം സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവന്നിരിക്കുന്നു. എന്നാൽ പനങ്ങാട് നോർത്തിൽ പെൻഗ്വിൻ എന്ന പേരിൽ ആരംഭിച്ച തീപ്പെട്ടി നിർമ്മാണ യൂനിറ്റ് കുത്തക കമ്പോളത്തിൽ മത്സരിക്കാൻ പറ്റാത്തതിനാൽ പൂർണമായും തകർന്നിരിക്കുന്നു. ഒന്നാം വാർഡിലെ മൺപാത്രനിർമ്മാണം ശുദ്ധമായ മണ്ണിൻെറ ദൗർലഭ്യം കാരണം പ്രതിസന്ധിയെ നേരിടുന്നു

ഇതിനുപറമെ വട്ടോളി ബസാർ കേന്ദ്രമാക്കി സഹകരണ മേഖലയിൽ നടത്തിയുരുന്ന ഒരു ഓട്ടോമൊബൈൽ വർക്ഷോപ്പും തലയാട് കേന്ദ്രമാക്കി പ്രവർത്തിച്ച ഒരു സോപ്പ് നിർമ്മാണയൂണിറ്റും തകർന്നുപോയിരിക്കുന്നു.

പ്രശ്നങ്ങൾ

★ **ഖാദി സോപ്പ് നിർമ്മാണ യൂനിറ്റ്**

11 സ്ത്രീകൾ ഖാദി ബോർഡിൻെറ സഹായത്തോടെ ആരംഭിച്ച ഈ സ്ഥാപനം തുടക്കം തുതലെ തകർച്ചയിലാണ്. ഈ സ്ഥാപനത്തിനാവശ്യമായ കെട്ടിടം, യന്ത്രങ്ങൾ എന്നിവ ഉണ്ടായിട്ടും ഉല്പാദനം നടത്താൻ കഴിഞ്ഞില്ല. നിർമ്മാണത്തിനാവശ്യമായ ജലദൗർലഭ്യതയും ഊർജലഭ്യതയുമാണ് പ്രധാന പ്രശ്നം. കൂടാതെ ആധുനിക കുത്തക കമ്പനികൾ മത്സരരംഗത്ത് വൻതോതിലുള്ള പരസ്യങ്ങളുമായി കടന്നുവന്നതും പഴയ മാതൃകയിലുള്ള ഖാനി ഉല്പന്നങ്ങളോട് ജനങ്ങൾക്കുള്ള വൈമുഖ്യവും ഇതിൻെറ നടത്തിപ്പിനെ ബാധിച്ച പ്രധാന പ്രശ്നമാണ്.

★ ★ പഞ്ചയത്തിലെ വ്യവസായിക പ്രതിസന്ധിയുടെ കാരണങ്ങളിൽ സാങ്കേതിക വിദ്ഗദരുടെ കുറവും ഉർജത്തിൻെറ അപര്യാപ്തയും എടുത്തുപറയേണ്ടതാകുന്നു.

★ ★ ★ ഖാദി വയവസായ കേരന്ദത്തിലെ കുറഞ്ഞ വേതനം ഈ മേഖലയിലെ സ്ത്രീത്തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

★ ★ ★ ★ മുതൽമുടക്കാനാവശ്യമായ സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ വ്യവസായിക സാങ്കേതിക വൈദ്ഗധ്യം തേടിയ ധാരാളം പേർ ഇന്നും തൊഴിൽ രഹിതരായി അവശേഷിക്കുന്നു.

★ ★ ★ ★ ★ നിലവിലുള്ള വ്യവസായങ്ങൾ തന്നെ പരിസരമലിനീകരണത്തിന് കാരണമാകുന്നുണ്ട്. കിനാലൂർ റബ്ബർ ഫാക്ടറിയിൽനിന്നും പുറത്തുവിടുന അമോണിയ കലർന്ന മലിനജലം ശ്വാസകോശസംബന്ധമായ രോഗങ്ങൾക്കും പരിസരപ്രദേശങ്ങളിലെ കൃഷിയെയും പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ അടുത്തകാലത്ത് സ്ഥാപിച്ച ജല ശുദ്ധീകരണ സംവിധാനം ഇത്തരം മലനീകരണം ഗണ്യമായി കുറച്ചിട്ടുണ്ട്.

വ്യവസായ വികസനകേന്ദ്രം കിനാലൂർ

കേരളത്തിൻെറ വ്യാവസായിക ഭൂപടത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിന് ശ്രദ്ധേയമായ ഒരു സ്ഥാനം നേടിത്തരുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഈ കേന്ദ്രത്തിന് തറക്കല്ലിടൽ ചടങ്ങ് മാത്രമേ നടന്നിട്ടുള്ളൂ. കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഇതിനുവേണ്ടി 308 ഏക്കർഭൂമി അകയർ ചെയ്തിട്ടുണ്ട്.

50 മെഗാവാട്ട് ശേഷിയുള്ള ഒരു പാപവൈദ്യുതോല്പാദന കേന്ദ്രവും 5 ഇടത്തരം വ്യവസായശാലകൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ റോഡുകൾ, ശദ്ധജലവിതരണ ശൃംഗല ഓഫീസ് സൗകര്യങ്ങൾ തൊഴിലാളികൾക്ക് താമസസൗകര്യം സ്കൂൾ ആശുപത്രി തുടങ്ങിയവയും കെ എസ് ഐ ഡി സി ഈ ഭൂമിയിൽ പണിതീർക്കും.

പ്രഖ്യാപിത കാലയളവനുള്ളിൽ ഇതിൻെറ പണിപൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. എങ്കിലും ഭാവിയിൽ ഇവിടെ ആരംഭിച്ചേക്കാവുന്ന വ്യവസായങ്ങളെക്കുറിച്ചും അവ ഈ പ്രദേശത്തിൻെറ സാമ്പത്തിക വികസനത്തിൽ ഉപയേഗിപ്പെടുത്താവുന്നതിൻെറ സാദ്ധ്യതകളെക്കുറിച്ചും ചിന്തിക്കുന്നത് അവസരോചിതമായിരിക്കും.

(1) പ്രദേശത്ത് ലഭ്യമായ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് മുനഗണന നൽകുക.

(2) ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പ്രദേശത്തുതന്നെ ലഭ്യമാക്കുന്നതിന് സാദ്ധ്യതകൾ ആരായുക.

(3) വ്യാവസായിക അവശിഷ്ടങ്ങളിൽനിന്നും ഉപോല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിടയൂനിറ്റുകൾ ആരംഭിക്കുക.

പുതുതായി ആരംഭിക്കാവുന്ന വ്യവസായ കേന്ദ്രങ്ങളെക്കുറിച്ച് ഗ്രാമസഭകൾ നിർദ്ദേശിച്ച സാധ്യതകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക-10

ക്രമ നമ്പർ	സാധ്യതയുള്ള വ്യവസായങ്ങൾ ചെറുകിട മേഖല	യൂണിറ്റുകളുടെഎണ്ണം	സാധ്യതയുള്ള വാർഡുകൾ	സാങ്കേതിക വിദഗ്ധർ	എണ്ണം
1.	ഇലക്ട്രോണിക് ഇൻറവെർട്ടർ	2	1,5	ലഭ്യമാണ്	2
2.	അലോപ്പതി മരുന്ന് നിർമ്മാണം	1	4	ലഭ്യമാണ്	2
3.	ടെലിവിഷൻ അസംബ്ലിംഗ് യൂണിറ്റ്	1	5	ലഭ്യമാണ്	2
4.	ചെരുപ്പ് നിർമ്മാണം	3	1,4,8	ലഭ്യാമണ്	3
5.	ഹോളോ ബ്രിക്സ്	5	1,3,4,7,8	ലഭ്യമാണ്	12
6.	കളിമൺ ഉല്പന്നങ്ങൾ	1	1	ലഭ്യമാണ്	3
7.	ഫർണീച്ചർ (മരം)	4	1,4,5,9	ലഭ്യമാണ്	30
8.	സോപ്പ് നിർമ്മാണം	3	7,9,12	ലഭ്യമാണ്	4
9.	ടൂത്ത് പൗഡർ ആൻറ് പേസ്റ്റ്	1	3	ലഭ്യമാണ്	
10.	സ്റ്റീൽ ഫർണീച്ചർ	1	3	ലഭ്യമാണ്	1
11.	ആയുർവേദ മരുന്ന് നിർമ്മാണം	1	4	ലഭ്യമാണ്	1
12.	റെഡീമെയ്ഡ്	4	1,3,5,8	ലഭ്യമാണ്	15
13.	മെഴുകുതിരി	3	2,7,10	ലഭ്യമാണ്	4
	(സി) കാർഷിക മേഖല വ്യവസായങ്ങൾ				
1.	നാളികേരസംസ്ക്കരണം	6	1,3,4,5,7,0	ലഭ്യമാണ്	5
2.	കശുവണ്ടി സംസ്ക്കരണം	1	12	ലഭ്യമാണ്	2
3.	റബ്ബറും റബ്ബർ ഉല്പന്നങ്ങളും	1	12	ലഭ്യമാണ്	
4.	പഴം പഴച്ചാർ സംസ്ക്കരണം	2	9,12	ലഭ്യമാണ്	2

നിർദ്ദേശങ്ങൾ

നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി കയർ സംഘങ്ങൾക്ക് ആവശ്യമായ തൊണ്ടിൻെറ ലഭ്യത ഉറപ്പുവരുത്തുകയും പരിസരമലിനീകരണം തടയുകയും ചെയ്യുക.

(ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ):- കയർ ബോർഡ്, കയർഫെഡ്, കയർ-പ്രൊജക്ട് ഓഫീസ്, പൊന്നാനി)

ചൂടിക്കൊണ്ടുള്ള മറ്റു ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പരിശീലനവും നിർമ്മാണവും ആരംഭിക്കുക.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുവാൻ നാളികേരവികസന ബോർഡ്, കേരഫെഡ്, കയർവികസന ഡയരക്ടർ എന്നിവരുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കുക.

നിത്യോപയോഗത്തിനുള്ള തുകൽ, റബ്ബർ, പ്ലാസ്റ്റിക്സ് ഉല്പന്നങ്ങൾ റെഡിമെയ്ഡ് വസ്ത്രങ്ങൾ, സോപ്പ്, തീപ്പെട്ടി, മെഴുകുതിരി, തുടങ്ങിയവ നിർമ്മിക്കുന്നതിനുംവേണ്ട സാങ്കേതിക സാഹായങ്ങളും, സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുക.

ആയുർവേദ ചികിത്സാരംഗത്തെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് വയലിട പ്രദേശത്ത് ഒരു ഔഷധ നിർമ്മാണകേന്ദ്രവും ചുറ്റുപാടും ഔഷധകൃഷിയും ആരംഭിക്കുന്നത് ഉചിതമായിരിക്കും.

ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആയുർവേദ ആശുപത്രിക്കും ഈ ഭൂപ്രകൃതി ഏറെ അനുയോജ്യമാണ്.

പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി അവർക്കാവശ്യമായ സാമ്പത്തിക സഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭ്യമാക്കുന്നതിനും പ്രവർത്തനകാലത്ത് നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്യാൻ കഴിവുള്ള ഒരു വ്യവസായവികസന സമിതി ഗ്രാമപഞ്ചായത്ത് തലത്തിൽ സജ്ജമാക്കണം.

8. ടൂറിസം:-

മലനിരകളും അരുവികളും നിറഞ്ഞ വടക്കുകിഴക്കൻ മേഖലയുടെ പ്രകൃതിഭംഗി ഈ രംഗത്തെ വികസനസാധ്യതകളെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വൻഹോട്ടലും, കൃത്രിമ പൂന്തോട്ടങ്ങളും എന്ന വികലമായ ചിന്ത ഉപേക്ഷിച്ച് നമ്മുടെ സംസ്ക്കാരം അറിയപ്പെടാനും ബഹുമാനിക്കപ്പെടാനും സാഹചര്യം ഒരുക്കുന്ന രീതിയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നവയാക്കി മാറ്റാൻ പരിശ്രമിക്കാവുന്നതാണ്.

വാർത്താവിനിമയം:-

വാർത്താവിനിമയരംഗത്ത് നമ്മുടെ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. മലയോരമേഖലയായ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യക്ക് ആനുപാതികമായി വാർത്തവിനിമയ സൗകര്യങ്ങൾ നിലവിലില്ല. നമ്മുടെ പഞ്ചായത്തിൽ ആകെ 6 പോസ്റ്റ് ഓഫീസുകളാണ് നിലവിലുള്ളത്. പ്രസ്തുത പോസ്റ്റ ഓഫീസുകൾ പനങ്ങാട്, കണ്ണാടിപൊയിൽ, വട്ടോളി ബസാർ, കിനാലൂർ, വയലട, തലയാട് എന്നീ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നു. ഈ ഓഫീസുകളിൽ കമ്പിസന്ദേശസൗകര്യമോ സ്പീഡ് പോസ്റ്റ് സൗകര്യങ്ങളോ ഇല്ല. പ്രസ്തുത ആവശ്യങ്ങൾക്ക് മലയോര നിവാസികൾ കിലോമീറ്ററുകൾ താണ്ടി ബാലുശ്ശേരിവരെ യാത്രചെയ്യേണ്ടതായി വരുന്നു. യാത്രാ സൗകര്യങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ യാത്ര വളരെ ദുഷ്ക്കരമാണ്. അതിനാൽ പോസ്റ്റ് ഓഫീസുകളിൽ മേൽപറഞ്ഞ സൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും പോസ്റ്റ് ഓഫീസുകൾ നവീകരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ ടെലഫോൺ സൗകര്യവും കുറവാണ്. ബാലുശ്ശേരി ടെലഫോൺ എക്ചേഞ്ചിൽനിന്നും കട്ടിപ്പാറ എക്സ്ചേഞ്ചിൽനിന്നും ഏതാനും കണക്ഷനുകൾ മലപ്രദേശത്ത് നിലവിലുണ്ട്. മലമ്പ്രദേശത്ത് ഫോണുകൾ നിശ്ചലമാകുന്നത് ഒരു നിത്യസംഭവമാണ്. പനങ്ങാട് പഞ്ചായത്തിലെ ഒരറ്റത്തുമാത്രം കണക്ഷൻ നൽകുന്ന കട്ടിപ്പാറ എക്സ്ചേഞ്ചിൽനിന്നും അതുമാറ്റി ബാലുശ്ശേരി എക്സ്ചേഞ്ചിന്റെ കീഴിൽ വരുന്നത് ആ പ്രദേശത്തുകാർക്കും വളരെ പ്രയോജനപ്രദമാണ്.

ബാലുശ്ശേരി ടെലിഫോൺ എക്സ്ചേഞ്ചിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും പനങ്ങാട് പുതിയൊരു എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.


ഗതാഗതം

സമീപ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി ഗതാഗത കാര്യത്തിൽ വളരെയേറെ വിഷമത അനുഭവിച്ചു കൊണ്ടിരിക്കുന്ന പഞ്ചായത്താണ്. പനങ്ങാട് ഗ്രാമപഞ്ചായത്ത് തൊട്ടടുത്ത പല പഞ്ചായത്തുകളേക്കാൾ വളരെയേറെ വിസ്തൃതിയുണ്ടെങ്കിലും യാത്രാസൗകര്യം പരിഗണിക്കുമ്പോൾ ഇവിടത്തെ സ്ഥിതി പരമദയനീയമാണ്. കുന്നുകളും മലമടക്കുകളും ഇടകലർന്നുനിൽക്കുന്ന ഭൂപ്രകൃതിയാണിവിടെ. ആവശ്യമായ ഗതാഗത സൗകര്യങ്ങളില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഒരറ്റത്തുനിന്നും മറ്റൊരറ്റത്തേക്ക് യാത്രചെയ്യാൻ വളരെയേറെ ബുദ്ധിമുട്ടുണ്ട്. തന്മൂലം ഒരേ പഞ്ചായത്തിലെ ജനങ്ങൾക്ക് അന്യോന്യം ബന്ധപ്പെടാനും വികസന കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും അനുഭവിക്കേണ്ടി വരുന്ന യാതനകൾ വിവരണാതീതമാണ്.

ദേശീയപാത ഈ പഞ്ചായത്തിനെ സ്പർശിക്കുന്നില്ല. സംസ്ഥാന ഹൈവെ പേരിന് മാത്രം കടന്നുപോകുന്നു. (ബാലുശ്ശേരി-വട്ടോളിബസാർ 2 കി മീറ്റർ ദൂരം) പി ഡബ്ല്യു ഡി ഏറ്റെടുത്ത ഏതാനും റോഡുകളുടെ ചില ഭാഗങ്ങൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. വട്ടോളി-തെച്ചി റോഡിൽ (11-800 മീറ്റർ) മങ്കയം വരെയുള്ള എട്ട് കി മീറ്റർ മാത്രമെ ഗതാഗതയോഗ്യമായിട്ടുള്ളൂ. ബാക്കിയുള്ള ഉദ്ദേശം നാല് കിലോമീറ്റർ ദൂരം ഗതാഗത യോഗ്യമല്ല. പ്രസ്തുത ഭാഗത്ത് കിനാലൂർ റബ്ബർ എസ്റ്റേറ്റ് മാനേജ്മെൻറ് വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിന് രേഖാമൂലം വിട്ടുകൊടുത്ത റോഡ് ഇപ്പോൾ ഏതാണ്ട് നാമാവിശേഷമായ അവസ്ഥയിലാണ്. വട്ടോളി, തെച്ചി റോഡ് പൂർണമായും ഗതാഗത യോഗ്യമാക്കണമെന്ന് കിനാലൂർ എസ്റ്റേറ്റ്-മങ്കയം റൂട്ടിൽ കൂടുതൽ ബസ്സുകൾ അനുവദിക്കണമെന്നുള്ളതും നാട്ടുകാരുടെ ചിരകാലാഭിലാഷമാണ്.

അതുപോലെ തന്നെ വളരെ വർഷങ്ങൾക്ക് മുമ്പ് എം എൽ എ റോഡിൽ ഉൾപ്പെടുത്തിയതും 18 കി. മീറ്റർ ദൂരം വരുന്നതുമായ ബാലുശ്ശേരി-കുറുമ്പൊയിൽ-വയലട-തലയാട് റോഡിന്റെ നിർമാണപ്രവർത്തിയും വളരെ മന്ദഗതിയിലാണ്. ഇതിൽ കോട്ടനട ഭാഗത്തുനിന്നും കുറുമ്പൊയിൽ വരെയുള്ള ആറ് കി മീറ്റർ ദൂരവും തലയാട് നിന്നും മണിച്ചേരി ഭാഗം വരെയുള്ള രണ്ടര കിലോമീറ്റർ ദൂരവും മാത്രമെ ടാറിങ്ങ് കഴിഞ്ഞിട്ടുള്ളൂ. റോഡ് നിർമ്മാണത്തിന് ഏറെ പ്രായസമുള്ള പുന്നത്തറമല-തോരാട്-വയലട ഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഇടക്കിടെ തടസ്സപ്പെട്ട് സാവധാനത്തിലാണ് നടക്കുന്നത്. തികച്ചും മലയോര മേഖലയായ ഈ പ്രദേശത്തിന്റെ സർവതോന്മുഖമായ വികസനത്തിനും ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുണ്ട്.

കൂടാതെ എസ്റ്റേറ്റ്മുക്ക്-കക്കയം റോഡിൽ തെച്ചി മുതൽ കിളികുടുക്കിവരെയുള്ള 5 കി മീറ്റർ റോഡ് നമ്മുടെ പഞ്ചായത്തിലാണ്. ബാലുശ്ശേരി കൂട്ടാലിട റോഡിൽ മഞ്ഞപ്പാലത്തുനിന്നും തൃക്കുറ്റിശ്ശേരി വരെയുള്ള രണ്ടര കിലോമീറ്റർ റോഡ്, അറപ്പീടിക-കൂട്ടാലിട റോഡിൽ അറപ്പീടിക മുതൽ പുതിയകാവ് മുക്ക് വരെയുള്ള 3 കിലോമീറ്റർ റോഡ്,


ഇന്നത്തെ റോഡുകൾ
48.7 കി.മീ.
29.35 കി.മീ.
12.4 കി.മീ.
2 കി.മീ.
1.28 കി.മീ.
3.95 കി.മീ.
സ്റ്റേറ്റ് ഹൈവേ
പി.ഡബ്ലിയു.ഡി. ടാർ റോഡ്
പി. ഡബ്ലിയു. ഡി. മൺറോഡ്
പഞ്ചായത്ത് റോഡ് ടാർ ചെയ്തത്
പഞ്ചായത്ത് റോഡ് മെറ്റൽ
പഞ്ചായത്ത് മൺറോഡ്

വട്ടോളി-ബസാർ-നന്മണ്ട റോഡിൽ വട്ടോളി മുതലൽ പനങ്ങാട് സൗത്ത് എ യു പി സ്കൂളിന് സമീപനം വരെയുള്ള 500 മീറ്റർ പടിക്കൽ വയൽ-തുവ്വക്കടവുപാലം വരെയുള്ള 500 മീറ്റർ, വട്ടോളി-കപ്പുറം റോഡിൽ 950 മീറ്റർ എന്നിവയും നമ്മുടെ പഞ്ചായത്തിലുള്ള പി ഡബ്ല്യു ഡി റോഡുകളാണ്.

ടാർ ചെയ്ത റോഡുകളിൽ പഞ്ചായത്ത് റോഡുകൾ എന്ന ...ാഗത്തിൽ പെടുത്താവുന്നവ തലയാട്-ചീടിക്കുഴി റോഡിൽ 880 മീറ്റർ, തയ്യിൽതാഴം-മഞ്ഞപ്പാലം റോഡിൽ 400 മീറ്റർ എന്നിവ മാത്രമാണ്.

ബാലുശ്ശേരി-കുറുമ്പൊയിൽ റൂട്ടിൽ ബസ്സ് സ്റ്റോപ്പുകളുടെ അപര്യാപ്തതയുണ്ട്. ഈ റോഡിൽ കോട്ടനട, പനങ്ങാട് നോർത്ത്, കണ്ണാടിപൊയിൽ, കുറുമ്പൊയിൽ എന്നിവിടങ്ങളിൽ പുതിയ ബസ്സ്റ്റോപ്പുകൾ വേണം. കൂടാതെ അറ്പ്പീടിക പുതിയകാവ് മുക്ക് റൂട്ടിൽ-തിരുവാഞ്ചേരിപൊയിൽ തട്ടാൻറെ പുറായിൽ; കറ്റോട് എന്നിവിടങ്ങളിലും വട്ടോളി തെച്ചി റോഡിൽ-രാരോത്ത്മുക്ക്; വട്ടക്കുളങ്ങര; പൂവമ്പായി, ഏഴുകണ്ടി എസ്റ്റേറ്റ് ക്ലബ്ബ്, കൈതച്ചാൽ, മങ്കയം എന്നീ സ്ഥലങ്ങളിലും എസ്റ്റേറ്റ്മുക്ക്-തലയാട് റൂട്ടിൽ മരുതിൻചോട്, 25, 26 മൈലുകളിലും ബാലുശ്ശേരി കൂട്ടാലിട റോഡിൽ പാറമുക്ക്, നിർമ്മല്ലൂർ കൊട്ടാരമുക്ക് എന്നിവിടങ്ങളിലും ബസ്സ്റ്റോപ്പുകൾ നിർമ്മിക്കേണ്ടതുണ്ട്.

ചെറുതും വലുതുമായി ഏഴോളം മെറ്റൽ ചെയ്ത റോഡുകൾ പഞ്ചായത്തിലുണ്ടെങ്കിലും അവയിൽ പലതും ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ. പനങ്ങാട്-കോട്ടൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പറമ്പിൽതോടു ഭാഗത്തേക്കുള്ളതാണ്. പറമ്പിൽതോട്ടിൽ പണിതുകൊണ്ടിരിക്കുന്ന പാലം പണി പൂർത്തീകരിക്കുമ്പോഴേക്കും ഈ റോഡിൻറെ പണിയും പൂർത്തിയാക്കി വാഹനസഞ്ചാരയോഗ്യമാക്കിയാൽ വളരെയേറെ പേർക്ക് ഉപകാരപ്പെടുന്നതായിരിക്കും. മറ്റൊരു റോഡ് കിനാലൂർ എസ്റ്റേറ്റ് റോഡിലെ വട്ടക്കുളങ്ങരനിന്നും ആരംഭിച്ച് കുറുമ്പൊയിൽ റോഡിലെ കൊയലാട്ട് മുക്കിൽ ചെന്നുചേരുന്ന ഒന്നേകാൽ കിലോമീറ്റർ മാത്രം ദൂരംവരുന്ന റോഡാണ്. ഗ്രാമപഞ്ചായത്തിലെ മെറ്റൽ റോഡുകളുടെ ആകെ നീളം 5 കി. 950 മീറ്ററാണ്.

പനങ്ങാട് പഞ്ചായത്തിൽ ഏതാണ്ട് 42 കച്ച (മൺ) റോഡുകളാണ് നിലവിലുള്ളത്. ഇതിൽ വയലട-തലയാട് റോഡിൽ കുറുമ്പൊയിൽ നിന്നും മണിച്ചേരി വരെയുള്ള എട്ട് കിലോമീറ്റർ റോഡാണ് ഏറ്റവും വലുത്.

മൺ റോഡുകളിൽ ഭൂരിപക്ഷവും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കാലവർഷം കഴിയുമ്പോഴേക്കും മിക്ക റോഡുകളുടെയും സ്ഥിതി ശോചനീയമാവുന്നു. ആവശ്യമായ രീതിയിൽ, റോഡ് നിർമ്മിക്കുകയും ഡ്രൈനേജ് സൗകര്യം ഉണ്ടാക്കുകയും തോടുകൾക്ക് കുറുകെ സ്ലേബ് നിർമ്മിച്ച് ഉറപ്പിക്കുകയും, ചതുപ്പുപ്രദേശങ്ങളിൽ സൈഡ് കെട്ടി ഉയർത്തുകയും ചെയ്തെങ്കിൽ മാത്രമെ കാലാവസ്ഥയെ അതിജീവിച്ച് റോഡുകൾക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ.

പ്രസ്തുത മൺറോഡുകൾ മെറ്റൽ ചെയ്തും ടാർ ചെയ്തും ഗതാഗതയോഗ്യമാക്കേണ്ടതാണ്. ഇവയിൽ പലതും ഉൾനാടുകളിലേക്കും മലയോര മേഖലയിലേക്കുമായതിനാൽ ജനജീവിതവും പ്രദേശത്തിൻറെ വികസനവുമായി അഭേദ്യ ബന്ധമുള്ളവയാണ്.

ഇപ്പോൾ ഈ മൺറോഡുകളിൽ ചിലതിൽ വർഷത്തിൽ ഏതാണ്ട് ആറുമാസക്കാലം മാത്രമെ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയുന്നുള്ളൂ. എളുപ്പമാർഗത്തിൽ വയനാട്ടിലേക്ക് എത്തിച്ചേരാൻ കഴിയുന്ന നാല് കിലോമീറ്റർ ദൂരം വരുന്ന 26-ാം മൈൽ-ചുരത്തോട് റോഡ്, വയലട-കുരിശുമല റോഡ്, തോരാട് ഇടിഞ്ഞകുന്ന് റോഡ്, കായപ്പൊയിൽ-ഓടക്കാളി റോഡ് തുടങ്ങി പഞ്ചായത്തിൽ 20-ൽപ്പരം പുതിയ റോഡുകൾ നിർമ്മിക്കേണ്ടതിൻറെ ആവശ്യകത ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പൊതുവിൽ പരിശോധിച്ചാൽ നിലവിലുള്ള റോഡുകളിൽ ബസ്സ് ഗതാഗതം പരിമിതമായിട്ടേയുള്ളൂ. മാത്രമല്ല ബസ് സർവീസുകളുടെ എണ്ണം നിലവിലുള്ളതിൽനിന്ന് കുറയുകയാണുണ്ടായത്. നല്ലൊരു ശതമാനം ജനങ്ങളും യാത്രക്കായി ടാക്സി ജീപ്പുകളെയാണ് ആശ്രയിക്കുന്നത്.

നിലവിലുള്ള റോഡുകളെ (അവലംബം പഞ്ചായത്ത് രേഖ, ഗ്രാമസഭാ രേഖകൾ) ക്കുറിച്ചുള്ള വിവരം.

റോഡിന്റെ പേര്	ദൂരം കി. മീ.	വാർഡുകൾ
ടാർ റോഡുകൾ		
ബാലുശ്ശേരിമുക്ക്-വട്ടോളി ബസാർ (സ്റ്റേറ്റ് ഹൈവേ)	2.00	3, 4, 5
തെച്ചി-കിളികുടുക്കി (പി ഡബ്ല്യു ഡി)	5.00	12
മഞ്ഞപ്പാലം-തൃക്കുറ്റിശ്ശേരി (പി ഡബ്ല്യു ഡി)	2.500	1
കോട്ടനട-കുറുമ്പൊയിൽ (പി ഡബ്ല്യു ഡി)	6.00	2, 7, 8, 9
അറപ്പീടിക-പുതിയകാവ് (പി ഡബ്ല്യു ഡി)	3.00	3, 4, 7
വട്ടോളി-മങ്കയം (പി ഡബ്ല്യു ഡി)	8.00	5, 6, 10, 11
തലയാട്-മണിച്ചേരി (പി ഡബ്ല്യു ഡി)	2.400	10, 12
പടിക്കൽവയൽ-തുവ്വക്കടവ് (പി ഡബ്ല്യു ഡി)	0.500	12
വട്ടോളി-കരിയാത്തൻകാവ് (പി ഡബ്ല്യു ഡി)	1.00	5
തയ്യിൽത്താഴെ-മഞ്ഞപ്പാലം (പഞ്ചായത്ത്)	0.400	1. 2
തലയാട്-ചീടിക്കുഴി (പഞ്ചായത്ത്)	0.880	12
മെറ്റൽ റോഡുകൾ:		
തയ്യിൽതാഴെ-മഞ്ഞപ്പാലം	1.350	1,2
മഞ്ഞപ്പാലം-പറമ്പിൻതോട്	0.600	1
കെട്ടാരമുക്ക്-പറമ്പിൻതോട്	0.500	1
വട്ടക്കുളങ്ങര-പാലംതല	0.800	6
തലയാട്-ചീടിക്കുഴി	0.400	12
കോട്ടനട-തിരുവാഞ്ചേരിപ്പൊയിൽ	1.00	3
വട്ടോളി-കപ്പുറം (പി.ഡബ്ല്യു.ഡി)	0.400	5
മൺറോഡുകൾ	*0.600*	*5*

പേര്	*വീതി മീറ്റർ*	*ദൂരം കി മീ*	*വാർഡുകൾ*
മഞ്ഞപ്പാലം-പറമ്പിൻതോട്	*8*	*1.600*	*1*
പാറമുക്ക്-കെട്ടിൽ	*4*	*1.00*	*1, 2*
പീടികക്കണ്ടിതാഴെ-കെട്ടിൽ	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-വാഴോറമല കോളനി	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-മലയരികത്ത്	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-കെട്ടിൽ	*4*	*1.00*	*2*
അറപ്പീടിക-കോട്ടനട	*4*	*1.300*	*3*
കാറോറമുക്ക്-തട്ടാന്റെ പുറായി	*4*	*1.200*	*3*
ബാലുശ്ശേരിമുക്ക്-പള്ളി	*3*	*0.500*	*3*
തട്ടാന്റെപുറായി-കച്ചേരിക്കണ്ടി	*4*	*1.500*	*3, 4*
എളേടത്ത്മുക്ക്-കല്ലിൽതാഴെ	*3*	*0.500*	*3*
എടക്കണ്ടിമുക്ക്-തേറോത്ത്താഴ	*3*	*0.400*	*3*
തിരുവാഞ്ചേരിപ്പൊയിൽ-വട്ടോളി	*6*	*1.00*	*4*

പേര്	വീതി മീറ്റർ	ദൂരം കി മീ	വാർഡുകൾ
കരുവാളിക്കണ്ടി-മടവൻകണ്ടി താഴെ	3	1.00	4
പേരാറ്റുംപൊയിൽ-ഒതയോത്തുമ്മൽ	4	0.800	4
ആലംങ്കോട്മുക്ക്-ചാലിൽ	3	0.600	4
അറപ്പീടിക-പേരാറ്റുംപൊയിൽ	3	0.600	4
പൂളക്കണ്ടി-വടക്കേടത്ത്താഴെ	3	0.600	4
കുറ്റിക്കാട്മുക്ക്-കുണ്ടൂളിത്താഴെ	3	0.750	4
കച്ചേരിക്കണ്ടി-ഈന്തുള്ളകണ്ടി	3	).750	4
വട്ടോളി ബസാർ-തൊട്ടിൽമീത്തൽ	4	1.200	5
പാലാപറമ്പ്-തിയ്യക്കണ്ടി റോഡ്	3	0.600	5
അമരാപുരി-കരിയാത്തൻകാവ് റോഡ്	4	1.00	5
പൂവ്വമ്പായ്-കാപ്പിയിൽതാഴെ റോഡ്	8	1.500	6
പൂവ്വമ്പായ്-കാക്കപ്പറമ്പ്-(കരുമല) റോഡ്	4	0.750	6
കല്ലിടുക്കിൽ-പൂവ്വമ്പായിമല റോഡ്	5	1.00	6,
പൂവ്വമ്പായ്-കാറ്റാടി റോഡ്	5	1.250	6, 11
ഏഴുകണ്ടി-പൂവ്വത്തിൻചോല	4	1.00	6
പാലംതല-കൊയലാട്ട്മുക്ക്	8	0.400	6
പുതിയകാവ്-രാരോത്ത്മുക്ക് റോഡ്	8	2.500	7
കറ്റോട്-തെക്കെയിൽ കോളനി റോഡ്	5	2.00	7
പാറക്കുന്നത്ത്-ചാന്ത്യാംപൊയിൽ റോഡ്	3.5	0.500	9
കെ ആർ സി ബസ് സ്റ്റോപ്പ്-ലക്ഷംവീട് കോളനി	4	1.00	8
താഴ്വാരം-കാപ്പിക്കുന്ന് ഹരിജൻ കോളനി	6	1.00	8, 9
കണ്ണാടിപ്പൊയിൽ-ലക്ഷംവീട് കോളനി റോഡ്	3	1.00	8
കുറുമ്പൊയിൽ-മണിച്ചേരി (പി.ഡബ്യു.ഡി.)8	8.00	9	
വയലിട-കൂനംമാക്കൂൽ	5	0.500	9
വയലിട-കോട്ടക്കുന്ന്	6	1.250	9
കൊയലാട്ട്മുക്ക്-കാപ്പിക്കുന്ന്	6	1.00	9
കൈതച്ചാൽ-വയലിട	6	3.00	9, 10
മങ്കയം-മണിച്ചേരി	6	3.00	9, 10
കുറുമ്പൊയിൽ-കാപ്പിക്കുന്ന്	4	1.500	9
മണിച്ചേരി-കണ്ണിവയൽ-വയലട	4	2.500	9, 12
ചെറിയ മണിച്ചേരി-നിടുമ്പാറച്ചാൽ	4	2.00	9.10
മങ്കയം-തെച്ചി പി ഡബ്ല്യു ഡി	8	3.800	10
വാരിമല-ചെങ്കണ	6	1.500	10
പടിക്കൽവയൽ-ഒരങ്കോകുന്ന്	6	1.500	10
വാളന്നൂർ-കിനാലൂർ ഈസ്റ്റ്	8	0.500	11
ഏഴുകണ്ടി-പൂവ്വത്തിൻചോല	4	1.00	11
മണിച്ചേരി-കോട്ടക്കുന്ന് ട്രൈബൽ കോളനി റോഡ്	8	2.00	12
തലയാട്-ചെറിയമണിച്ചേരി-വയലിട	8	3.00	12
തലയാട്-ചീടിക്കുഴി റോഡ്	6	0.500	12
ചീടിക്കുഴി-ചുരത്തോട് റോഡ്	6	4.00	12

നിലവിലുള്ള റോഡുകളെ (അവലംബം പഞ്ചായത്ത് രേഖ, ഗ്രാമസഭാ രേഖകൾ) ക്കുറിച്ചുള്ള വിവരം.

റോഡിന്റെ പേര്	ദൂരം കി. മീ.	വാർഡുകൾ
ടാർ റോഡുകൾ		
ബാലുശ്ശേരിമുക്ക്-വട്ടോളി ബസാർ (സ്റ്റേറ്റ് ഹൈവേ)	2.00	3, 4, 5
തെച്ചി-കിളികുടുക്കി (പി ഡബ്ല്യു ഡി)	5.00	12
മഞ്ഞപ്പാലം-തൃക്കുറ്റിശ്ശേരി (പി ഡബ്ല്യു ഡി)	2.500	1
കോട്ടനട-കുറുമ്പൊയിൽ (പി ഡബ്ല്യു ഡി)	6.00	2, 7, 8, 9
അറപ്പീടിക-പുതിയകാവ് (പി ഡബ്ല്യു ഡി)	3.00	3, 4, 7
വട്ടോളി-മങ്കയം (പി ഡബ്ല്യു ഡി)	8.00	5, 6, 10, 11
തലയാട്-മണിച്ചേരി (പി ഡബ്ല്യു ഡി)	2.400	10, 12
പടിക്കൽവയൽ-തുവ്വക്കടവ് (പി ഡബ്ല്യു ഡി)	0.500	12
വട്ടോളി-കരിയാത്തൻകാവ് (പി ഡബ്ല്യു ഡി)	1.00	5
തയ്യിൽത്താഴെ-മഞ്ഞപ്പാലം (പഞ്ചായത്ത്)	0.400	1. 2
തലയാട്-ചീടിക്കുഴി (പഞ്ചായത്ത്)	0.880	12
മെറ്റൽ റോഡുകൾ:		
തയ്യിൽതാഴെ-മഞ്ഞപ്പാലം	1.350	1,2
മഞ്ഞപ്പാലം-പറമ്പിൻതോട്	0.600	1
കെട്ടാരമുക്ക്-പറമ്പിൻതോട്	0.500	1
വട്ടക്കുളങ്ങര-പാലംതല	0.800	6
തലയാട്-ചീടിക്കുഴി	0.400	12
കോട്ടനട-തിരുവാഞ്ചേരിപ്പൊയിൽ	1.00	3
വട്ടോളി-കപ്പുറം (പി.ഡബ്ല്യു.ഡി)	0.400	5
മൺറോഡുകൾ	*0.600*	*5*

പേര്	*വീതി മീറ്റർ*	*ദൂരം കി മീ*	*വാർഡുകൾ*
മഞ്ഞപ്പാലം-പറമ്പിൻതോട്	*8*	*1.600*	*1*
പാറമുക്ക്-കെട്ടിൽ	*4*	*1.00*	*1, 2*
പിടികക്കണ്ടിതാഴെ-കെട്ടിൽ	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-വാഴോറമല കോളനി	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-മലയരികത്ത്	*4*	*1.00*	*2*
പനങ്ങാട് നോർത്ത്-കെട്ടിൽ	*4*	*1.00*	*2*
അറപ്പീടിക-കോട്ടനട	*4*	*1.300*	*3*
കാറോറമുക്ക്-തട്ടാന്റെ പുറായി	*4*	*1.200*	*3*
ബാലുശ്ശേരിമുക്ക്-പള്ളി	*3*	*0.500*	*3*
തട്ടാന്റെപുറായി-കച്ചേരിക്കണ്ടി	*4*	*1.500*	*3, 4*
എളേടത്ത്മുക്ക്-കല്ലിൽതാഴെ	*3*	*0.500*	*3*
എടക്കണ്ടിമുക്ക്-തേറോത്ത്താഴ	*3*	*0.400*	*3*
തിരുവാഞ്ചേരിപ്പൊയിൽ-വട്ടോളി	*6*	*1.00*	*4*

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

പേര്	വീതി മീറ്റർ	ദൂരം കി മീ	വാർഡുകൾ
കോളോത്ത്താഴെ-ആറാളം റോഡ്		250 മീ	2
പാറക്കുന്നത്ത്-വാഴോറമല		300 മീ	2
മണ്ണാങ്കണ്ടി-പാറയുള്ളകണ്ടി		0.500	4
പൂവ്വമ്പായി-പൂവ്വമ്പായി മല		0.500	6
വട്ടക്കുളങ്ങര-ആലംനോക്കിവയൽ ലക്ഷംവീട് കോളനി		0.400	6
കോരൻകുനി-മനത്താംവയൽ റോഡ്		0.600	6, 10
ചക്കിട്ടകണ്ടി-കോമച്ചംകണ്ടി	0.400	6, 11	
കെ ആർ സി കുന്നുമ്മൽതാഴെ-കണ്ണാടിപൊയിൽ റോഡ്		1.100	8
കുറുമ്പൊയിൽ-കാന്തലാട് മല		1.00	9
വയലട-കുരിശുമല		1.500	9
കുറുമ്പൊയിൽ-പൊട്ടങ്കാവ്		0.500	9
തോരാട്-ഇടിഞ്ഞകുന്ന്		1.500	9
കാന്തലാട്-കിനാലൂർ എസ്റ്റേറ്റ് ബൗണ്ടറി		1.00	9
ചെരോത്ത് പൊയിൽ-ചാത്തൻവീട്		0.400	11
എടന്നൂർ-എറമ്പറ്റ (വാണിക്കാംപൊയിൽ)		0.750	11
കായപ്പൊയിൽ-ഓടക്കാളി റോഡ്		1.00	11
എസ്റ്റേറ്റ് ക്ലബ്ബ്-ആലാട്ട്താഴെ (കായപ്പൊയിൽ)		0.400	11
ചേരോത്ത്-ചാത്തൻവീട്		0.750	11
മേലേടത്ത്-കുനിയിൽ		0.600	11
പേര്യമല-ചുരത്തോട്		4.00	12

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ ഇനവും അവയുടെ മൊത്തം ദൈർഘ്യവും താഴെ പട്ടികയിൽ കാണിക്കുന്നു.

ക്രമ നമ്പർ	ഇനം	ദൈർഘ്യം
1.	പി ഡബ്ല്യു ഡി സ്റ്റേറ്റ് ഹൈവേ	2 കിലോമീറ്റർ
2.	(എ)/പി ഡബ്ല്യു ഡി ടാർ ചെയ്തത്	29 കിലോമീറ്റർ 350 മീറ്റർ
	(ബി)/പി ഡബ്ല്യു ഡി മൺറോഡ്	12 കിലോമീറ്റർ - 400 മീറ്റർ
3.	പഞ്ചായത്ത് റോഡ് - ടാർ	1 കിലോമീറ്റർ - 280 മീറ്റർ
4.	പഞ്ചായത്ത് റോഡ് - മെറ്റൽ	3 കിലോമീറ്റർ - 950 മീറ്റർ
5.	പഞ്ചായത്ത് റോഡ് - മൺ	48 കിലോമീറ്റർ -700 മീറ്റർ

പുതിയതായി ആകെ 20.150 കിലോമീറ്റർ ദൈർഘ്യത്തിൽ മൺറോഡ് നിർമ്മിക്കണമെന്ന് ഗ്രാമസഭാ ചർച്ചകളിൽനിന്ന് നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിൽനിന്നും നടപ്പാലവും നടപ്പാതയും നിർമ്മിക്കേണ്ടതിന്റെ ആവശ്യകതകൾ ഉണർന്നുവന്നിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ സഹായമുപയോഗിച്ച് ഇത്തരം ആവശ്യങ്ങൾ നടപ്പാക്കാവുന്നതാണ്.

നിലവിൽ ഗതാഗതമുള്ള റോഡുകൾ തന്നെ ശരിയായ രീതിയിൽ ഓവുകളില്ലാത്തതിനാലും വട്ടോളി ബസാർ, തലയാട്, കുറുമ്പൊയിൽ, ഏഴുകണ്ടി, കണ്ണാടിപ്പൊയിൽ എന്നീ അങ്ങാടികളിൽ യഥാസമയം ശുചീകരണം നടക്കാത്തതിനാലും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ നിരവധിയാണ്.


ശരിയായ രീതിയിൽ ഡ്രൈനേജ് നിർമ്മിക്കുകയും മലിന വസ്തുക്കൾ നീക്കംചെയ്യാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്താൽ ഒരു പരിധിവരെ റോഡുകൾ സുരക്ഷിതമായി നിലനില്ക്കുന്നതാണ്. ഗതാഗതം സുഗമമാക്കി അപകടം

ഒഴിവാക്കുന്നതിനായി വിദ്യാലയ പരിസരങ്ങൾ, കയറ്റവും ഇറക്കവും, കൊടുംവളവുകൾ, ഹമ്പുകൾ, ഡിപ്പുകൾ മറ്റ് അപകടസാധ്യതയുള്ള ഭാഗങ്ങൾ എന്നിവ പ്രത്യേകമായി അടയാളപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബസ്സുകളുടെ മത്സരഓട്ടം അവസാനിപ്പിക്കുകയും സ്റ്റോപ്പുകളിൽനിർത്തി വിദ്യാർഥികളേയും മറ്റും കയറ്റിക്കൊണ്ടു പോകുകയും വേണ്ടതുണ്ട്. പിഞ്ചു കുട്ടികൾ ബസ്സുകളുടെ പിന്നാലെ ഓടി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുക തന്നെ വേണം. വാഹനങ്ങൾ കൈകാര്യം ചെയ്യുന്നവരും രക്ഷിതാക്കളും വിദ്യാർഥികളും ഇതുമായി ബന്ധപ്പെട്ട അധികൃതരും ഒത്തൊരുമിച്ച് ശ്രമിച്ചാൽ നമ്മുടെ പഞ്ചായത്തിലെ വാഹനഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ഗതാഗത യോഗ്യമായ റോഡുകൾ കുറഞ്ഞതിന്റെ പ്രധാന കാരണം ഈ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി തന്നെയാണ്. ചെങ്കുത്തായ മലഞ്ചെരിവുകളിലൂടെ റോഡ് നിർമ്മിക്കുന്നതിന് ഭാരിച്ച പണച്ചിലവുണ്ടാകുന്നു. കേവലം ഒരു കിലോമീറ്റർ ദൂരത്തിനുള്ളിൽ 13 ഹെയർപിൻ വളവുകളുള്ള തലയാട്, മണിച്ചേരി റോഡ് തന്നെ ഇതിന് ഉദാഹരണമാണ്.

മറ്റൊന്ന് റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും സർക്കാർ ധനസഹായത്തെ അമിതമായി ആശ്രയിക്കുന്ന പ്രവണത വർധിച്ചുവരുന്നുണ്ട്. 1963-നും 1979-നും ഇടയിലാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇന്ന് ഗതാഗതയോഗ്യമായ ഒട്ടുമിക്ക റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടന്നത്. ഇതിൽ മഞ്ഞപ്പാലം ഒഴികെ എല്ലാ പാലങ്ങളും റോഡുകളും നിർമ്മിച്ചത് നാമമാത്രമായ സർക്കാർ ഫണ്ട് ഒഴിച്ചാൽ പൂർണമായും ജനങ്ങളുടെ സഹകരണത്തോടെയായിരുന്നെന്ന് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് സ്മരിക്കുന്നു.

പോയ കാലത്തെ ഈ കൂട്ടായ്മയും സേവന സന്നദ്ധതയും നാം പുനരാർജിക്കേണ്ടതുണ്ട്.



(TRUE COPY)

Special Officer
Panniyad Panch.

കുടിവെള്ളവും – പൊതുജനാരോഗ്യവും

കുടിവെള്ളം

ആരോഗ്യമുള്ള ഒരു ജനതയാണ് നാടിന്റെ സമ്പത്ത്. 2000-ാമാണ്ടോടെ "എല്ലാവർക്കും ആരോഗ്യം" എന്ന നമ്മുടെ മുദ്രാവാക്യം സാഫല്യമാവണമെങ്കിൽ ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ നമുക്ക് കഴിയണം. ഇതിലേക്ക് അത്യാവശ്യമായിട്ടുള്ള ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധമായജലം, പോഷകാഹാരങ്ങൾ, പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവ.

നമ്മുടെ പഞ്ചായത്തിലെ 85% ആളുകളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ പൂർണ്ണമായും മലമ്പ്രദേശമായ 9, 10, 12 വാർഡുകളിൽ 75% ആളുകളും പ്രകൃതിയുടെ വരദാനമായ നീരുറവകളെയാണ് ആശ്രയിക്കുന്നത്. നമുക്ക് ആരോഗ്യകരമായ ജീവിതത്തിന് ഒഴിച്ചുനിർത്താനാവാത്തതാണ് ശുദ്ധജലം. കുടിക്കുവാനുള്ള ശുദ്ധജലത്തിന് പുറമെ കുളിക്കുവാനും അലക്കുവാനും കഴുകുവാനും മുതൽ കൃഷിക്ക് വരെ ജലം അത്യാവശ്യമാണ്. ഭൂമിയിൽ ജലം സുലഭമാണ്. എന്നാൽ ഉപയോഗക്ഷമമായ ജലത്തിന്റെ അളവ് വളരെ കുറവാണെന്ന് മാത്രം. ഭൂമിയിൽ ആകെയുള്ള ജലത്തിന്റെ 97.2%വും സമുദ്രജലമാണ്. ഉപ്പുതടാകങ്ങളിലും മഞ്ഞുക്കട്ടകളിലുമായി 2.158% വും സ്ഥിതിചെയ്യുന്നു. നമുക്ക് കുടിക്കാൻ ഉപയോഗിക്കത്തക്കതരത്തിലുള്ള ജലം വെറും 0.62% മാത്രമാണ്. അതായത് ഭൂമിയിലുള്ള ആകെ ജലത്തിന്റെ 1% ത്തിൽ താഴെ മാത്രമാണ് നമുക്ക് ദൈനംദിനാവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക തരത്തിലുള്ളത്.

നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയോ? പശ്ചിമതീരം ഒരറ്റം മുതൽ മറ്റേയറ്റം വരെ അറബിക്കടൽ, ചെറുതും വലുതുമായ 44 നദികൾ, തടാകങ്ങളും അരുവികളും കുളങ്ങളും മറ്റൊരു വക. ഏറ്റവും കൂടുതൽ കിണർസാന്ദ്രതയുള്ള പ്രദേശം. ഏറെ വ്യത്യാസമില്ലാതെ വർഷങ്ങളായി മഴ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രദേശം (ശരാശരി 300 സെ. മീ.). എല്ലായിടത്തും ഹരിതാഭയും ജലസാമീപ്യവും. പക്ഷെ ഈ നാട്ടിലെ മലമ്പ്രദേശങ്ങൾ മുഴുവൻ ഫെബ്രുവരി - മാർച്ച് ആകുന്നതോടെ വരൾച്ചയുടെ പിടിയിൽ അകപ്പെടുന്നു. അതായത് ശരാശരി മഴ ലഭിക്കുന്ന ഒരു വർഷം പെയ്യുന്ന മഴവെള്ളം മുഴുവൻ കെട്ടിനിർത്തിയാൽ (കേരളത്തിന്റെ വിസ്തീർണ്ണമായ 38864 ച.കി.മീ. പ്രദേശത്ത്) നമ്മുടെ സംസ്ഥാനം മുഴുവൻ 2.62 മീറ്റർ ഉയരത്തിൽ വെള്ളംകൊണ്ട് മൂടിപ്പോവും. (സമതലമാണെന്ന് സങ്കൽപിച്ച്).

ഇനി നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയോ? 10 തോടുകളും ഒരു പുഴയും ഏഴോളം വറ്റാത്ത നീരുറവുകളുള്ളതുമായ 46.96 ച. കി.മീ. പ്രദേശത്ത് സംസ്ഥാന ശരാശരിയേക്കാൾ മഴ ലഭിച്ചുകൊണ്ടിരിക്കുന്നു. (368.90 സെ.മീ.). എന്നാൽ വേനൽക്കാലത്ത് സ്ഥിരമായി വരൾച്ച നേരിടുന്നതിൽനിന്നും ശാസ്ത്രീയമായ ഒരു ജലമാനേജ്മെൻറ് നമുക്ക് അനിവാര്യമാണെന്നുള്ളതിലേക്ക് വിരൽചൂണ്ടുന്നു.

നമ്മുടെ പഞ്ചായത്തിലെ കിനാലൂർ, പനങ്ങാട്, വില്ലേജുകളിൽ ശുദ്ധജലവിതരണത്തിനായി കേരള വാട്ടർ അതോറിട്ടി കുറുമ്പൊയിൽ മീത്തൽ സ്ഥാപിച്ച ഏറ്റവും വലിയ ശുദ്ധജലവിതരണപദ്ധതി തികച്ചും പരാജയമായിരിക്കയാണ്. 46 ലക്ഷം രൂപ മുടക്കിയ ഈ പദ്ധതിയിൽ 96 പൊതുടാപ്പുകൾ സ്ഥാപിച്ചെങ്കിലും വേനൽക്കാലത്ത് ടാപ്പുകളിൽ വെള്ളം കിട്ടാറില്ല. ആസൂത്രണത്തിലുണ്ടായ വൈകല്യമാണ് ഈ പദ്ധതിയുടെ പരാജയകാരണമെന്ന് വിശേഷാൽ ഗ്രാമസഭകളിലെ പൊതുചർച്ചകളിൽനിന്ന് ഉയർന്നുവന്ന അഭിപ്രായം.

കുടിവെള്ളക്ഷാമം നേരിടുന്ന പ്രധാന പ്രദേശങ്ങളെക്കുറിച്ചും പരിഹാരനിർദ്ദേശങ്ങളെക്കുറിച്ചും വിശേഷാൽ ഗ്രാമസഭയിലെ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. അവ താഴെ ചേർത്തിരിക്കുന്നു.

കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

പട്ടിക – 3

വാർഡ് : **1.**

പ്രശ്നമേഖല : കൊട്ടാരക്കുന്ന് കോളനി വലിയ മല[illegible]ഴി കോളനി.

നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം : കോട്ടക്കുന്ന് കോളനിയിൽ ഒരു വാട്ടർടാങ്ക് സ്ഥാപിച്ച് മഞ്ഞപ്പുഴയിൽനിന്നും ജലം പമ്പ്ചെയ്ത് വിതരണം നടത്തുക. പാറമുക്ക് വരെ ഈ ജലവിതരണ സൗകര്യം എത്തിക്കാവുന്നതാണ്.

വാർഡ് : **2**

പ്രശ്നമേഖല : വാഴോറമല

(പടിഞ്ഞാറ്ഭാഗം), വാഴോറമല (കിഴക്ക്ഭാഗം).

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) ഇയ്യനാട് താഴെ പുഴവക്കിൽ പഞ്ചായത്ത് സ്ഥലത്ത് കിണർ കുഴിച്ച് കെട്ടിൽഭാഗത്തുകൂടി പൈപ്പ് ലൈൻ ഇട്ട് വാഴോറമലയിൽ ടാങ്ക് സ്ഥാപിച്ചാൽ രണ്ട് കോളനികളിലും കെട്ടിൽ മിച്ചഭൂമി പ്രദേശത്തും പരിസരപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാം.

2) പനങ്ങാട് നോർത്തിൽ സ്ഥാപിച്ച പമ്പ്സെറ്റ് മാറ്റി കൂടുതൽ കുതിരശക്തിയുള്ള പമ്പ്സെറ്റ് സ്ഥാപിക്കുക.

3) പറയരുകണ്ടി ലക്ഷംവീട്ടിലെ കിണർ റിപ്പയർ ചെയ്യുക.

വാർഡ് : **3.**

പ്രശ്നമേഖല : കാറോറമല. പാറച്ചാലിൽ മേഖല. ബാലുശ്ശേരി മുക്ക് പള്ളിയുടെ സമീപപ്രദേശങ്ങൾ.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: കുണ്ടൂളിതാഴ വയലിൽ കിണർ കുഴിച്ച് കാറോറമലയിൽ ടാങ്ക് നിർമ്മിച്ച് അവിടേക്ക് വെള്ളം പമ്പ്ചെയ്യുക. 3, 4, 5 വാർഡുകളിലെ സമതലപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ ഈ പദ്ധതിക്ക് കഴിയും.

വാർഡ് : **4**

പ്രശ്നമേഖല : തെരുവിൽ, പാറയുള്ളകണ്ടി തയ്യുള്ളതിൽ

നിർദ്ദേശിക്കുന്ന പരിഹാമാർഗം: മടവൻകണ്ടിതാഴെ വരൾച്ചാഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കിണറിൽനിന്നും ആലുള്ളപറമ്പിൽ ഒരു ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. തെരുവിൽ, പാറയുള്ളകണ്ടി ഭാഗത്തേക്കും ഈ പദ്ധതി വികസിപ്പിക്കുക. മുച്ചിലോട്ടുകണ്ടിതാഴെ ഭാഗത്തുനിന്നും ജലം സംഭരിക്കാനുള്ള മാർഗ്ഗവും കണ്ടെത്തണം.

റോന്തയിൽ ഭാഗം പൈപ്പ് വെള്ളം എത്തിക്കണം.

വാർഡ് : **5**

പ്രശ്നമേഖല : കളരിപ്പൊയിൽ മീത്തൽ, അരീപ്പുറത്തുതാഴെ ഹരിജൻ കോളനി, ഇരുൾകുന്നുമ്മൽ, കാരക്കാട്ട് മീത്തൽ, രാമത്ത് പ്രദേശം, കുന്നുമ്മൽ ഭാഗം.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) പൂവുള്ളകണ്ടി കളരിപൊയിൽ മീത്തൽ ഹരിജൻ കോളനിയിലേക്ക് വെള്ളമെത്തിക്കാൻ കുഴിച്ച കിണറിൽ സ്ഥാപിച്ച 7.5 എച്ച്. പി. മോട്ടോർ മാറ്റി പകരം 15 എച്ച്. പി. മോട്ടോർ സ്ഥാപിക്കുക.

2) അരീപ്പുറത്ത്താഴെ ഹരിജൻ കോളനി സ്ഥിതിചെയ്യുന്നത് വയൽപ്രദേശത്ത് ആയതിനാലും അടുത്തടുത്ത് വീടുകൾ ഉള്ളതിനാലും കക്കൂസ് ടാങ്കുകൾമൂലമാണ് ജലം മലിനമാവുന്നത്. ഇവിടെ കിണർ ഒരു പരിഹാരമാർഗമല്ല. തൊട്ടടുത്ത് ലഭ്യമാവുന്ന ശുദ്ധജലം പമ്പ്ചെയ്ത് ടാങ്കിലെത്തിച്ച് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുക.

3) പൂവുള്ളകണ്ടി പദ്ധതി വിജയകരമാക്കിയാൽ ഇരുൾകുന്നുമ്മൽ ഭാഗത്ത് വെള്ളം എത്തിക്കാവുന്നതാണ്. വെള്ളം തികയാത്ത പ്രശ്നം വരികയാണെങ്കിൽ മറ്റൊരു കിണർ കുഴിക്കുകയോ കുഴൽകിണർ സാദ്ധ്യത ആരായുകയോ ചെയ്യുക.

4) കാരോൽതാഴെ വയലിൽ കിണർ കുഴിച്ച് കാരക്കാട്ട്മീത്തൽ വെള്ളം എത്തിക്കാവുന്നതാണ്.

5) എരിഞ്ഞിക്കണ്ടിയിലുള്ള കുളം നന്നാക്കുകയോ അല്ലെങ്കിൽ സ്ഥലം കണ്ടെത്തി കിണർ കുഴിച്ചോ രാമത്ത് പ്രദേശത്തേയും മൃഗാശുപത്രിയിലെയും ജലക്ഷാമം പരിഹരിക്കാം.

6) കുന്നുമ്മൽ ഭാഗത്ത് ഒരു കിണർ കുഴിച്ചു നൽകുക.

1995 ഏപ്രിൽ മുതൽ 1996 മാർച്ച് വരെ നമ്മുടെ പഞ്ചായത്തിൽ ലഭിച്ച മഴയുടെ കണക്ക് താഴെ കൊടുക്കുന്നു

പട്ടിക - 1

മാസം	മഴ സെ.മീ.
1995 ഏപ്രിൽ	17.78
മെയ്	31.56
ജൂൺ	81.02
ജൂലായ്	93.32
ആഗസ്ത്	58.72
സപ്തംബർ	23.20
ഒക്ടോബർ	34.34
നവംബർ	26.40
ഡിസംബർ	--
1996 ജനുവരി	--
ഫെബ്രുവരി	0.92
മാർച്ച്	1.64
ആകെ :	368.90

അവലംബം: ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്, കിനാലൂർ എസ്റ്റേറ്റ്

സംസ്ഥാന ശരാശരി 300 സെ.മീ.

മലമ്പ്രദേശങ്ങളിലും കുന്നുകളിലും പെയ്യുന്ന മഴവെള്ളം 2-3 മണിക്കൂറുകൾക്കകംതന്നെ നമ്മുടെ പഞ്ചായത്തിന്റെ പുറത്തെത്തിപ്പോവുന്നു. ഇങ്ങനെ ശക്തിയായുണ്ടാവുന്ന നീരൊഴുക്കിന്റെ ഭാഗമായി മണ്ണൊലിപ്പും ജൈവ, ധാതു, സൂക്ഷ്മമൂലക നഷ്ടവും സംഭവിക്കുന്നു. കൂടാതെ താഴ്ന്ന പ്രദേശങ്ങളിൽ നീർക്കെട്ടിനും കാരണമായിത്തീരാറുണ്ട്. മറിച്ച് വേനൽക്കാലത്ത് രൂക്ഷമായ വരൾച്ചയും ഉണ്ടാവുന്നു. വേനൽക്കാലത്ത് കുടിവെള്ളക്ഷാമമുള്ള പ്രദേശത്ത് വാഹനങ്ങളിൽ കുടിവെള്ളമെത്തിക്കുക എന്ന താൽക്കാലിക പദ്ധതിയാണ് നിലവിലുള്ളത്. കഴിഞ്ഞ വർഷം 40 ദിവസത്തിലധികം ജലവിതരണം നടത്താൻ 3,20,000 രൂപ ചെലവഴിച്ചു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ശുദ്ധജല വിതരണപദ്ധതി നമുക്ക് ഇല്ല എന്നത് ഒരു വാസ്തവമാണ്. 1995-96 വർഷത്തിൽ മാത്രം 1481 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവം ഇതിൽനിന്നും വ്യക്തമാകുന്നു. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ ശുദ്ധജലസ്രോതസ്സുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 2

കിണറുകൾ		കുഴൽകിണറുകൾ		കുളങ്ങൾ		പൊതുടാപ്പ്	പുഴകൾ	തോടുകൾ	നീരുറവകൾ
പൊതു	സ്വകാര്യം	പൊതു	സ്വകാര്യം	പൊതു	സ്വകാര്യം				
10	3589	7	3	4	18	149	1	10	7

വാർഡ് : **6**

പ്രശ്നമേഖല : പൂവമ്പായ് മല, കല്ലിടുക്കിൽ മല, കുറ്റിക്കണ്ടി മീത്തൽ, ആലംനോക്ക് വയൽ നാല് [illegible] കോളനി.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) കല്ലിടുക്കിൽ താഴെ വയലിൽ കിണർ കുഴിച്ച് പൂവമ്പായ് മലയിൽ ടാങ്ക് സ്ഥാപിച്ച് പൂവമ്പായ് മലയിലേയും കല്ലിടുക്കിൽ മീത്തലേയും വീട്ടുകാർക്ക് വെള്ളമെത്തിക്കാം. ശേഷിയുള്ള ടാങ്ക് സ്ഥാപിച്ചാൽ വാർഡിലെ മൊത്തം കുടിവെള്ളപ്രശ്നം പരിഹരിക്കാം.

2) ആലംനോക്ക് വയലിൽ നിലവിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് കിണർ കുഴിച്ചു നൽകുക.

3) മഴക്കാലത്തും ശുദ്ധജലം ലഭ്യമല്ലാത്ത ആലംനോക്കുവയൽ, ആര്യൻകുന്നത്ത് താഴെ, അരീക്കരവയലിൽ കോളനി, വട്ടക്കുളങ്ങര ഭാഗം, പാലംതല ഭാഗം എന്നിവിടങ്ങളിൽ ജലക്ഷാമം പരിഹരിക്കാൻ പൈപ്പുജലം വിതരണം നടത്തണം.

വാർഡ് : **7**

പ്രശ്നമേഖല : കൊട്ടാരംകുന്നത്ത്.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: കൊട്ടാരംകുന്നത്ത് താഴെ വയലിൽ ഒരു പൊതുകുളം കുഴിക്കുക. കുന്നിന്റെ മുകളിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പിടുക.

വാർഡ് : **8**

പ്രശ്നമേഖല : പൊറംകുന്ന്, ഊളംകുന്ന്, വാഴോറമല, കാവുംകുന്ന്, കോഴിക്കോടൻകുന്ന്.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) കൈതക്കുളത്ത് സ്ഥിതിചെയ്യുന്ന 14 സെൻറ് വിസ്തീർണ്ണമുള്ള പൊതുകുളത്തിൽനിന്നെടുക്കുന്ന ജലം പാറംകുന്ന് ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ്ചെയ്ത് വിതരണം നടത്താവുന്നതാണ്.

2) കാപ്പിക്കുന്ന് കൊളാട്ടയിൽ നികന്നുപോയ കുളം വൃത്തിയാക്കി ഉപയോഗപ്രദമാക്കുക.

വാർഡ് : **9**

പ്രശ്നമേഖല : കരിമ്പിൻതരി, പുന്നത്തറ മല, തോരാട് മല, കാന്തലാട്, തോണിക്കുഴി, കുരിശുപാറ, ചെറിയ മണിച്ചേരി.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) കെ. ഡബ്ലിയു. എ.യുടെ കുറുമ്പൊയിൽ മീത്തൽ ടാങ്കിൽനിന്നും കരിമ്പിൻതരി മലമുകളിലുള്ള ടാങ്കിലേക്ക് കണക്ഷൻ നൽകുക. അല്ലെങ്കിൽ കുറുമ്പൊയിൽ അങ്ങാടിക്ക് പടിഞ്ഞാറ് പൊട്ടൻകാവ് ഭാഗത്ത് പൊതുകുളം കുഴിച്ച് ടാങ്കിലെത്തിച്ച് വിതരണം നടത്തുക.

2) തോരാട് അതിർത്തിയിലുള്ള നീരുറവയിലെ ജലം ടാങ്കിൽ ശേഖരിച്ചാൽ തോരാട് ഭാഗത്ത് ജലമെത്തിക്കാം.

3) കാപ്പിക്കുന്ന് കോളനിയിലേക്കുള്ള പഞ്ചായത്ത് കിണറും ടാങ്കും പ്രയോജനപ്പെടുത്തി പമ്പ്സെറ്റ് സ്ഥാപിച്ചാൽ കരിമ്പിൻതരി ഭാഗത്ത് കുടിവെള്ളം എത്തിക്കാം.

4) കന്നിവയലിൽ പൊതുകുളം നിർമ്മിച്ച് മങ്കയം, മണിച്ചേരി, വയലിട, തോരാട് ഭാഗത്ത് വെള്ളമെത്തിക്കാം. ഇതിന്റെ പ്രയോജനം കൂടുതൽവിശാലമായ പ്രദേശത്തേക്ക് കൂടി വ്യാപിപ്പിക്കാൻ കഴിയും. ഇത് ഉയർന്ന പ്രദേശമായതിനാൽ താഴോട്ട് വെള്ളമെത്തിക്കാൻ പമ്പ്സെറ്റിന്റെ ആവശ്യമില്ല.

5) കോട്ടക്കുന്ന് കുളം ഉപയോഗമാക്കി വയലിട കുടിവെള്ളമെത്തിക്കാം.

6) കുരിശുപാറയിൽ കുഴൽകിണർ സാദ്ധ്യത ആരായുക.

വാർഡ് : **10**

പ്രശ്നമേഖല : ഒരങ്കോക്കുന്ന്, നെട്ടംപാറചാലിൽ, ഓടക്കുണ്ടാംപൊയിൽ ഹരിജൻ കോളനി, തലയാട് ഭാഗം.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) ധാരാളം ശുദ്ധജലം ലഭിക്കുന്ന 9-ാം വാർഡിലെ കന്നിവയൽ പ്രദേശത്ത് ടാങ്ക് സ്ഥാപിച്ചാൽ നെട്ടംപാറച്ചാൽ, ഓടക്കുണ്ടാംപൊയിൽ, ഒരങ്കോക്കുന്ന് എന്നിവിടങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും.

2) തലയാട് ഭാഗത്ത് ഇപ്പോൾ നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്ന കിണറിന് സമീപത്തുള്ള തോട്ടിലെ മലിനജലം കയറുന്നതിനാൽ കിണർ മാറ്റി കുഴിച്ച് ശക്തിയേറിയ മോട്ടോറുകൾ സ്ഥാപിച്ച് വാട്ടർടാങ്ക് അൽപംകൂടി ഉയർന്ന ഭാഗത്ത് മാറ്റി സ്ഥാപിക്കുക.

വാർഡ് : **11**

പ്രശ്നമേഖല : ഏച്ചിങ്ങാപൊയിൽ, ചേരോത്ത്പൊയിൽ, മനത്താംവയൽ.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: കോളനി പ്രദേശമായതുകൊണ്ട് കക്കൂസ് ടാങ്കും കിണറും തമ്മിൽ ആവശ്യമായ അകലത്തിൽ സ്ഥാപിക്കാൻ കഴിയാത്തതുകൊണ്ട് കിണർ പരിഹാരമാർഗമല്ല. നിലവിലുള്ള പഞ്ചായത്ത് കിണറിന് സമീപം ടാങ്ക് നിർമിച്ച് പൈപ്പ്ജലം വിതരണം നടത്താവുന്നതാണ്.

വാർഡ് : **12**

പ്രശ്നമേഖല : വില്ലംപാറ, 25-ാം മൈൽ, 26-ാം മൈൽ, തെങ്ങുംകുന്ന്, കാവുംപുറം, മണിച്ചേരി.

നിർദ്ദേശിക്കുന്ന പരിഹാമാർഗം: 1) കാവുംപുറം ഭാഗത്ത് കിണർ നിർമ്മിച്ച് ടാങ്ക് കെട്ടുക. പൈപ്പ് വഴി ജലം കാവുംപുറം, വില്ലംപാറ പ്രദേശങ്ങളിൽ എത്തിക്കാം. ഇതിന് പമ്പ്സെറ്റ് ആവശ്യമാണ്.

2) തെങ്ങുംകുന്നിൽ നിലവിലുള്ള കിണർ ആഴം കൂട്ടി വൃത്തിയാക്കുക.

3) ഉയർന്ന പ്രദേശങ്ങളിലെ നീരുറവകളിലെ ജലം ടാങ്കിൽ ശേഖരിച്ച് മണിച്ചേരി ഭാഗത്ത് വെള്ളമെത്തിക്കാം. കന്നിവയലിൽ നിന്നും ഇവിടെ ശുദ്ധജലമെത്തിക്കാവുന്നതാണ്.

4) ചുരത്തോട് പ്രകൃതിദത്തജലം കെട്ടിനിർത്തി 25-ാം മൈൽ, 26-ാം മൈൽ, ചീടിക്കുഴി, കിളിക്കുടുക്ക് ഭാഗങ്ങളിൽ വിതരണം ചെയ്യാൻ കഴിയും.

5) തലയാട് പുഴക്ക് സമീപം കിണർ കുഴിച്ച് കിളികുടുക്ക് ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് ഉയർന്ന കുതിരശക്തിയുള്ള മോട്ടോർ സ്ഥാപിച്ചാൽ കിളികുടുക്കിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

മേൽകാണിച്ചതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡിലും കുടിവെള്ളക്ഷാമമനുഭവിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാം. മലമ്പ്രദേശങ്ങൾക്ക് പുറമെ സമതലങ്ങിലും വയൽപ്രദേശങ്ങളിൽപോലും കുടിവെള്ളക്ഷാമം ഒരു തീരാശാപമായി മാറിയിരിക്കയാണ്. കഴിഞ്ഞ വേനൽക്കാലത്ത് ലോറികളിലെത്തിച്ച് വിതരണം ചെയ്ത വെള്ളം ഭൂരിഭാഗവും പ്രയോജനപ്പെടുത്തിയ നിരപ്പായ പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. നമ്മുടെ ഈ പരിതസ്ഥിതിയിൽ നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

കേരള വാട്ടർ അതോറിറ്റി പദ്ധതികൾ

പട്ടിക - 4

സ്ഥലം	പൊതുടാപ്പുകൾ	സ്വകാര്യകണക്ഷൻ	മൊത്തം ടാപ്പുകൾ
1) കുറുമ്പൊയിൽ	96	-	96
2) നെരാടിമല			
3) തലയാട്മല	47	-	47

കൂടാതെ വാഴോറമലയിൽ ബ്ലോക്ക് മുഖാന്തിരം നടപ്പാക്കിയ ..... പൊതുടാപ്പുകളുമുണ്ട്. ഇതിൽനിന്നും ഒരു കാര്യം നമുക്ക് വ്യക്തമാവുന്നതാണ്. നിലവിലുള്ള പദ്ധതികളൊന്നും തന്നെ നമ്മുടെ കുടിവെള്ളക്ഷാമത്തെ നേരിടാൻ കഴിവുള്ളവയല്ല. കഴിഞ്ഞ വർഷക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ 1481 പേർക്ക് ജലജന്യരോഗങ്ങൾ പിടിപെട്ടതിൽനിന്നും പട്ടിക 3-ൽ കാണിച്ച സ്ഥലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിന് പുറമെ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പല കിണറുകളിലും വർഷക്കാലത്ത് മലിനജലം കലരുന്നു എന്ന് വ്യക്തമാകുന്നു. ഇതിന്റെ പ്രധാന കാരണം ചിലയിടങ്ങളിൽ കക്കൂസ്ടാങ്കും കിണറുകളും തമ്മിൽ വേണ്ടത്ര അകലം സ്ഥാപിക്കാൻ കഴിയാത്തതും മറ്റു ചില പ്രദേശങ്ങളിൽ വെളിംപ്രദേശങ്ങളിൽ മലവിസർജനം നടത്തുന്നതുമൂലം കിണറുകളിൽ മാലിന്യങ്ങൾ കലരുന്നതുമാണ്. ആയതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിന്റെ സാമ്പത്തികസഹായത്തിന് പുറമെ ജനങ്ങളിൽ ശക്തമായ ബോധവൽക്കണവും പദ്ധതികളുടെ വിജയത്തിന് ശാസ്ത്രീയമായ ആസൂത്രണവും ജനപങ്കാളിത്തവും ആവശ്യമാണ്. സംസ്ഥാന ശരാശരിയേക്കാൾ മഴ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശത്ത് തുടർച്ചയായി വരൾച്ചയനുഭവപ്പെടുന്നത് വിരോധാഭാസമല്ലേ. (10 വലിയ തോടുകളും ഒരു പുഴയും 7 വറ്റാത്ത നീരുറവകളും വേറെയുമുണ്ട്). ഇവിടെയാണ് ജനങ്ങളുടെ ബോധവൽക്കരണത്തിലേക്കും ശാസ്ത്രീയമായ കാഴ്ചപ്പാടിലേക്കും വിരൽചൂണ്ടുന്നത്. ഒരുകാലത്ത് ധാരാളം മരങ്ങളുണ്ടായിരുന്ന നമ്മുടെ മലമ്പ്രദേശങ്ങൾ കാടുകൾ അനിയന്ത്രിതമായി നശിപ്പിച്ചതിനെ തുടർന്ന് മൊട്ടക്കുന്നുകളായി മാറിക്കൊണ്ടിരിക്കുകയാണ്. മഴക്കാലത്ത് മണ്ണിൽ കിനിഞ്ഞിറങ്ങുന്ന ജലകണങ്ങളാണ് വേനൽക്കാലത്ത് കിണറുകളിൽനിന്നും നമുക്ക് ലഭിക്കുന്നതെന്ന് ഓർക്കണം. തുലാവർഷക്കാലത്ത് പറമ്പുകളിൽനിന്ന് നഷ്ടപ്പെട്ട് തോടുകളിലൂടെ കുത്തിയൊലിച്ച് പോവുന്ന മഴവെള്ളത്തിന്റെ വലിയൊരു പങ്കും തൊട്ടടുത്ത വേനലിൽ നമുക്ക് കുടിക്കാൻ കിട്ടേണ്ടിയിരുന്ന വെള്ളമാണെന്ന് നമുക്ക് ബോധ്യമാവണം. ജലനഷ്ടത്തിന് പുറമെ മണ്ണൊലിപ്പും നമ്മുടെ ശരീരത്തിന് ആവശ്യമായ അയോഡിൻ പോലുള്ള സൂക്ഷ്മമൂലകങ്ങളും മണ്ണിന്റെ വളക്കൂറും പോലും നഷ്ടപ്പെടുന്നു. കഴിഞ്ഞ വർഷം വയലിട പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടറായിരുന്ന ഡോ. ശ്രീ. ഒലിവർ പ്രതാപ് നൂൺ വയിലടപ്രദേശത്ത് നടത്തിയ ഒരു ആരോഗ്യസർവേയിൽനിന്നും പ്രസ്തുത പ്രദേശത്തെ 45% സ്ത്രീകൾക്കും അയോഡിന്റെ അഭാവംമൂലമുണ്ടാകുന്ന ഗോയിറ്റർ രോഗം ബാധിച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു.

നമ്മുടെ പഞ്ചായത്തിലെ ജലവിഭവങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്തുകയാണെങ്കിൽ നമ്മുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാനാവുമെന്നാണ് വിശേഷാൽ ഗ്രാമസഭകളിൽനിന്നുയർന്നുവന്ന ചർച്ചകളിൽനിന്നും വ്യക്തമാകുന്നത്. ഏതായാലും ഇക്കാര്യത്തിൽ ഗ്രാമസഭകളിൽ സജീവ ചർച്ച നടന്നു എന്നതും വിലപ്പെട്ട നിർദ്ദേശങ്ങളും പരിഹാര മാർഗങ്ങളും നിർദ്ദേശിച്ചു എന്നുള്ളതും ആശാവഹമാണ്.

പല ഗ്രാമസഭകളിൽനിന്നുമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടുന്ന ചില പൊതുനിർദ്ദേശങ്ങൾ കൂടി താഴെ കൊടുക്കുന്നു.

പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കേണ്ടുന്ന പൊതുനിർദ്ദേശങ്ങൾ:

★ മലമ്പ്രദേശങ്ങളിൽ ഊർജിത വനവൽക്കരണ പദ്ധതി നടപ്പിലാക്കുക. ഇവിടങ്ങളിൽ ചരിവുതലത്തിന് അനുയോജ്യമായ കൃഷികൾ തട്ടുതട്ടായി മാത്രം കൃഷിചെയ്യുക.

★ നദികളിലും തോടുകളിലും 500 മീറ്റർ ഇടവിട്ട് തടയണകൾ കെട്ടുക. അതുവഴി സമതലങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാനും മണ്ണൊലിപ്പ് തടയാനും കഴിയും. കൃഷി പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിക്ക് കഴിയുന്നതാണ്.

★ മഴക്കാലാരംഭത്തിൽ പഞ്ചായത്തിലെ മുഴുവൻ കിണറുകളിലും ആരോഗ്യപ്രവർത്തകരുടെ സഹായത്താൽ അണുനാശനം (ക്ലോറിനേഷൻ) നടത്തുക.

★ വൻകിട ശുദ്ധജലവിതരണ പദ്ധതികൾക്ക് പകരം ധാരാളം ചെറുകിട പദ്ധതികൾക്ക് മുൻഗണന നൽകുക. പഞ്ചായത്തിലെ നീരുറവകൾ പരമാവധി പ്രയോജനപ്പെടുത്തുക. ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തിന് മാത്രമായി ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞാൽ അതിന്റെ നടത്തിപ്പിനുള്ള ചുമതല ഒരു പ്രാദേശിക കമ്മറ്റിയെ ഏൽപ്പിക്കുക.

★ സൗകര്യമുള്ള സ്ഥലങ്ങളിൽ വീടുകളിലേക്ക് സ്വകാര്യ കണക്ഷൻ നൽകുകയും സ്വയം മീറ്റർ റീഡിങ്ങ് പരിശോധനപ്രകാരം നാമമാത്രമായ കരം ഈടാക്കുകയും ചെയ്യാവുന്നതാണ്.

★ കുടിവെള്ളം സംരക്ഷിക്കേണ്ട ആവശ്യകതയെപ്പറ്റിയും ജലസംരക്ഷണരീതി, ജലത്തിലൂടെ പകരുന്ന രോഗങ്ങൾ, വനവൽക്കരണത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുക. പഞ്ചായത്ത് മുൻകൈയെടുത്ത് ആരോഗ്യപ്രവർത്തകർ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹായം ഉപയോഗപ്പെടുത്തേണ്ടതാണ്.

പൊതുജനാരോഗ്യം

ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിരതയാണ് ആരോഗ്യം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു സമൂഹത്തിന്റെ പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. ഒരു സമൂഹത്തിന്റെ ആരോഗ്യത്തിന്റെ അളവുകോലായ ഉയർന്ന പ്രതിശീർഷിത ആയുസ്സ്, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ രോഗാതുരത, കുറഞ്ഞ പൊതുമരണനിരക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ രോഗാതുരതയൊഴികെ മറ്റെല്ലാ കാര്യത്തിലും വികസിതരാജ്യങ്ങളോടും കിടപിടിക്കാവുന്ന തലത്തിലേക്ക് നാം ഉയർന്നുകഴിഞ്ഞിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസ നിലവാരം – പ്രത്യേകിച്ച് സ്ത്രീകളിൽ – ഇതിന് കാരണമായി കാണിക്കപ്പെടുന്നു. എന്നാൽ ശരിയായി വിശകലനം നടത്തിയാൽ നമുക്ക് ഇനിയും വളരെയേറെ കടമ്പകൾ കടക്കേണ്ടിയിരിക്കുന്നുവെന്ന് മനസിലാക്കാം. രണ്ടാം ലോകമഹായുദ്ധാനന്തര കാലത്ത് അനുഭവപ്പെട്ട തരത്തിലുള്ള കടുത്ത പട്ടിണി ഇല്ലെങ്കിലും പോഷകാഹാരക്കുറവ് കൊണ്ടുണ്ടാകുന്ന നിരവധി രോഗങ്ങൾ കേരളത്തിലുണ്ട്. മരണനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ രോഗമുള്ളവരുടെ എണ്ണം കൂടിവരികയാണ്. അടുത്തകാലത്ത് വീണ്ടും

പ്രത്യക്ഷപ്പെട്ട മലമ്പനി, കോളറ എന്നിയവും എലിപ്പനി, എയ്ഡ്സ് പോലുള്ള പുത്തൻ രോഗങ്ങളിൽനിന്നുള്ള ഭീഷണിയും നമ്മെ ആശങ്കാകുലാരാക്കുന്നില്ലേ? ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട എബോളയും സൂറത്തിൽ ആക്രമണം നടത്തിയ പ്ലേഗും ഈയടുത്തകാലത്ത് തലസ്ഥാനനഗരിയായ ഡൽഹിയിൽ പടർന്നുപിടിച്ച 'ഡെംഗിപനി'യും നമ്മുടെ ആരോഗ്യരംഗത്തെ അലോസരപ്പെടുത്തുന്നില്ലേ? വരാനിരിക്കുന്ന നാളുകളിൽ പുത്തൻ പേരുകളുമായി എന്തെല്ലാം പുത്തൻ രോഗങ്ങൾ വരാനിരിക്കുന്നു എന്ന് ആരുകണ്ടു! 2000-ാമാണ്ടോടെ 'എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യത്തെ സാഫല്യമാക്കുന്നതിൽ ഇവ വിലങ്ങുതടിയാവുകയില്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

എങ്കിലും തിരിഞ്ഞുനോക്കുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകകളേറെയുണ്ട്. ഇന്നത്തെ തരത്തിലുള്ള ആധുനിക ചികിത്സ ലഭ്യമല്ലാതിരുന്ന കാലത്ത് കിലോമീറ്ററുകളോളം കാൽനടയായി സഞ്ചരിച്ച് നാട്ടുവൈദ്യന്മാരുടെയും വയറ്റാട്ടികളുടെയും സേവനം മുഖ്യമായും സ്വീകരിച്ചിരുന്ന നാം ഇന്ന് എത്ര മുന്നോട്ടുപോയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിലപ്പെട്ട പല സംഭാവനകളും നൽകിയ പ്രഗൽഭരായ നാട്ടുവൈദ്യന്മാരെ ഈ സന്ദർഭത്തിൽ ഞങ്ങൾ ഇവിടെ അനുസ്മരിക്കുകയാണ്. മുൻ പഞ്ചായത്ത് പ്രസിഡണ്ടും സാമൂഹ്യപ്രവർത്തകനുമായിരുന്ന ശ്രീ. പാറക്കോത്ത് ഉക്കപ്പക്കുറുപ്പ്വൈദ്യർ (വാതസംബന്ധമായ ചികിത്സാവിദഗ്ദ്ധൻ), തെയ്യംതലക്കൽ കുഞ്ഞിക്കിട്ടൻവൈദ്യർ (പ. നോർത്ത്), മഠത്തിൽ കുഞ്ഞിക്കണ്ണൻ വൈദ്യർ (കുറുമ്പൊയിൽ), അഴകത്ത് മാധവൻവൈദ്യർ (കറ്റോട്), വെള്ളപ്പാലീ. വീട്ടിൽ കൃഷ്ണൻവൈദ്യർ, പകത്താഞ്ചേരി കുഞ്ഞിരാമക്കുറുപ്പ് (നേത്രരോഗം), വിഷചികിത്സാ വിദഗ്ദ്ധനായിരുന്ന പേരൂർ കുഞ്ഞിരാമൻവൈദ്യർ, അച്ചുതൻവൈദ്യർ (അറപ്പീടിക) എന്നിവരും കല്ലിടുക്കിൽ കാർത്ത്യായനി, ആമിനഉമ്മ കിനാലൂർ, കൈതച്ചാലിൽ കല്യാണിഅമ്മ, ഉന്നതകുലജാതയായിട്ടുപോലും ഉച്ചനീചത്വമുള്ള സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിവന്ന് പ്രസവശുശ്രൂഷാ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ച വഴുതിലേരി തച്ചനാടത്ത് നാണിയമ്മയെപോലുള്ള മൺമറഞ്ഞ പ്രതിഭകൾ നമ്മുടെ ആതുരശുശ്രൂഷാരംഗത്തുണ്ടായിരുന്നു മണിമുത്തുകളാണ്.

പനങ്ങാട് പഞ്ചായത്തിൽ ബാലുശ്ശേരി മുക്കിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ കമ്മ്യണിറ്റി ഹെൽത്ത് സെൻററിനും ഒരുപാട് ചരിത്രം നമ്മോട് പറയുവാനുണ്ട്. നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ആശുപത്രിയാണ് മേൽപ്പറഞ്ഞ കമ്മ്യണിറ്റി ഹെൽത്ത്സെൻറർ. പനങ്ങാട്, അവിഭക്ത ബാലുശ്ശേരി പഞ്ചായത്തിന്റെ ഭാഗമായിരുന്ന കാലത്ത് 1959-ലാണ് ഈ സ്ഥാപനം സ്ഥാപിച്ചത്. തുടക്കത്തിൽ ബാലുശ്ശേരി ടൗണിലുള്ള ഒരു വാടകക്കെട്ടിടത്തിലായിരുന്നു ഇത് ആരംഭിച്ചത്. പിന്നീട് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന ഡോ. ഒ. കെ. ഗോവിന്ദൻ, പ്രദേശത്തെ പ്രമുഖരായ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകുരുടെയും അന്നത്തെ ജില്ലാ കലക്ടർ ശ്രീ. എസ്. അനന്തകൃഷ്ണന്റെയും ആത്മാർത്ഥമായ പ്രവർത്തനഫലമായി ബാലുശ്ശേരി മുക്കിൽ ഒരു ഏക്കർ സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന ട്രാവലേഴ്സ് ബംഗ്ലാവും ആശുപത്രിക്കുവേണ്ടി സൗകര്യപ്പെടുത്തുകയാണുണ്ടായത്. ഈ സ്ഥലത്തിന് പണ്ട് 'വണ്ടിത്താവളം' എന്നായിരുന്നവത്രെ പേര്. ഈ പേരിനാധാരമായി പറയുന്നത് വാഹനഗതാഗതം വേണ്ടത്ര ഇല്ലാതിരുന്ന കാലത്ത് കാർഷികോൽപന്നങ്ങൾ കോഴിക്കോട് പട്ടണത്തിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് എല്ലാ കാളവണ്ടികളും ഇവിടെ കേന്ദ്രീകരിച്ചാണ് യാത്ര തുടരാറുള്ളത്.

ആരംഭത്തിൽ വെറും ഒ. പി. മാത്രമുണ്ടായിരുന്ന ഈ കേന്ദ്രത്തിൽ പിന്നീട് ആറ് ബഡുകൾ അനുവദിച്ചു. പിന്നീട് നന്മണ്ട പഞ്ചായത്തിലെ വ്യവസായ പ്രമുഖനായിരുന്ന യശഃശരീരനായ കെ. പി. കുഞ്ഞിരാമൻ അദ്ദേഹത്തിന്റെ പിതാവിന്റെ സ്മരണക്കായി ആറ് ബഡോടുകൂടിയ ഒരു വാർഡ് പണിത് ഈ ആരോഗ്യകേന്ദ്രത്തിന് സംഭാവന ചെയ്യുകയുണ്ടായി.

കുടുംബാസൂത്രണപ്രവർത്തനങ്ങളിൽ എന്നും സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുള്ള ചരിത്രമാണ് ഈ സ്ഥാപനത്തിനുള്ളത് 1975 മുതൽ 1978 വരെയുള്ള കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ പുരുഷവന്ധീകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളതിന് ഈ കേന്ദ്രം സംസ്ഥാന അവാർഡും ദേശീയ അവാർഡും നേടിയിട്ടുണ്ട്. കൂടാതെ 60 ശതമാനത്തിൽ കൂടുതൽ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ദേശീയ അംഗീകാരം നേടിയ പഞ്ചായത്ത് എന്ന ഖ്യാതി പനങ്ങാട് പഞ്ചായത്തിന് നേടിത്തന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്. 1983-85ൽ വീണ്ടും ഈ സ്ഥാപനം സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനത്ത് എത്തിയിട്ടുണ്ട്. മറ്റു പല അവസരങ്ങളിലും സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഈ സ്ഥാപനം മുൻപന്തിയിലായിട്ടുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

പനങ്ങാട് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

ക്ര.ന	സ്ഥാപനങ്ങൾ	വാർഡ്	ഭൗതികസൗകര്യം (നിലവിലുള്ളത്)
1.	സാമൂഹ്യ ആരോഗ്യകേന്ദ്രം, ബാലുശ്ശേരിമുക്ക്	3	സ്വന്തമായ സ്ഥലം, വൈദ്യുതി, റോഡ് സൗകര്യം ഉണ്ട്. കുടിവെള്ളപ്രശ്നം ഉണ്ട്
2.	പ്രാഥമികാരോഗ്യകേന്ദ്രം, കണ്ണാടിപൊയിൽ	8	കെട്ടിടം, കിണർ, വൈദ്യുതി ഉണ്ട്
3.	പ്രാഥമിക ആരോഗ്യകേന്ദ്രം, വയലിട	9	സ്വന്തമായി സ്ഥലമുണ്ട്. കെട്ടിടം, വൈദ്യുതി, വെള്ളം എന്നിവയില്ല
4.	കുടുംബക്ഷേമ ഉപകേന്ദ്രം, നിർമ്മല്ലൂർ	1	സ്വന്തമായി കെട്ടിടം, വൈദ്യുതി, കിണർ എന്നിവയുണ്ട്
5.	കുടുംബക്ഷേമ ഉപകേന്ദ്രം, കുറുമ്പൊയിൽ	9	സ്വന്തമായി കെട്ടിടം, വൈദ്യുതി, കിണർ എന്നിവയുണ്ട്
6.	കുടുംബക്ഷേമ ഉപകേന്ദ്രം, ഏഴുകണ്ടി (കിനാലൂർ)	11	സ്വന്തമായി കെട്ടിടം, വൈദ്യുതി എന്നിവയുണ്ട്. കുടിവെള്ളമില്ല
7.	കുടുംബക്ഷേമ ഉപകേന്ദ്രം, തലയാട്	12	സ്വന്തമായി കെട്ടിടം, വൈദ്യുതി, കിണർ എന്നിവയുണ്ട്
8.	ഗവ. ആയുർവേദ ഡിസ്പൻസറി, തലയാട്	12	സ്വന്തമായി സ്ഥലമുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതി ഇല്ല. കിണറുണ്ട്
9.	ഗവ. ഹോമിയോ ഡിസ്പൻസറി, മങ്കയം	10	സ്വന്തമായി കെട്ടിടമുണ്ടായിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതി ഇല്ല. വെള്ളം ഇല്ല.

സ്വകാര്യമേഖല

സ്വകാര്യമേഖലയിൽ ബാലുശ്ശേരി മുക്കിലും (3-ാം വാർഡ്) തലയാട്ടും (12-ാം വാർഡും) ഓരോ അലോപ്പതി ആസ്പത്രിയും കിനാലൂർ റബ്ബർ എസ്റ്റേറ്റിൽ തൊഴിലാളികൾക്ക് മാത്രമായി ഒരു ആസ്പത്രിയും ഉണ്ട്. ആയുർവ്വേദ രംഗത്ത് അഞ്ച് മരുന്നുകടകളും ആറ് ചികിത്സാകേന്ദ്രങ്ങളും നിലവിലുണ്ട്. അറപ്പീടികയിൽ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ആയുർവ്വേദ മരുന്ന് നിർമ്മാണശാലയും ഉണ്ട്. നാല് ഹോമിയോ ക്ലനിക്കുകളും മൂന്ന് ചികിത്സാകേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ട്. 8 അലോപ്പതി മെഡിക്കൽ ഷാപ്പുകളും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ പച്ചമരുന്ന് ഉപയോഗിച്ച് മഞ്ഞപ്പിത്തത്തിന് ചികിത്സനടത്തിവരുന്ന കുന്നംകുളങ്ങര ജോസഫ്വൈദ്യരും നമ്മുടെ പഞ്ചായത്തിലുണ്ട്.

കക്കൂസുകൾ

പഞ്ചായത്തിൽ 30 ശതമാനത്തിലേറെ വീടുകൾക്ക് സ്വന്തമായി കക്കൂസില്ല എന്നത് നമ്മെ പരിസരശുചിത്വത്തിന്റെ പരിമിതിക്കെതിരെ കണ്ണുതുറപ്പിക്കത്തക്കതാണ്. ഏതാണ്ട് 1607-ൽ പരം വീടുകൾക്ക് ഇനിയും കക്കൂസ് ആവശ്യമാണ്. ചില പ്രദേശങ്ങളിൽ ഇപ്പോൾ ഉപയോഗിക്കുന്ന കക്കൂസിന്റെ ടാങ്ക് ഗുണമുള്ളവയുമല്ല. ആയതിനാൽ മഴക്കാലത്ത് ജലമലിനീകരണത്തിന് കാരണമാകാറുണ്ട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ചർച്ചകളിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും താഴെ ചേർക്കുന്നു. (1992-ന് ശേഷം 211 കക്കൂസുകൾ നിർമ്മിക്കാനുള്ള സാമ്പത്തികസഹായം പഞ്ചായത്ത് നൽകിയിട്ടുണ്ട്).

തടസ്സകാരണം	പരിഹാരനിർദ്ദേശങ്ങൾ
സാമ്പത്തികപരാധീനത	സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുങ്ങിയവയുടെ സഹായം ലഭ്യമാക്കുക.
സ്ഥലപരിമിതി	ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ സെപ്റ്റിക്ക്ടാങ്ക് നിർമ്മിച്ച് ലൈൻകക്കൂസുകൾ സ്ഥാപിച്ചുനൽകുക.
ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാത്തതിനാൽ	പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ് നടത്തുക. വീഡിയോ പ്രദർശനമുൾപ്പെടെയുള്ള മറ്റു ബോധവൽക്കരണ രീതികളും ഉപയോഗിക്കുക.

പരിസരശുചിത്വം

ഒരു ഗ്രാമീണ മേഖലയായതിനാൽ പട്ടണപ്രദേശങ്ങളിലുള്ളത്ര പരിസരമലിനീകരണം നമ്മെ ബാധിച്ചിട്ടില്ല. എങ്കിലും വികസിച്ചുകൊണ്ടിരിക്കുന്ന നാല് അങ്ങാടികളിലും ശുചീകരണപ്രവർത്തനങ്ങൾ തൃപ്തികരമല്ല. അവിടങ്ങളിലെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1) ബാലുശ്ശേരി മുക്ക്:

നമ്മുടെ പഞ്ചായത്തിലെ പ്രധാന അങ്ങാടിയാണിത്. ഈയടുത്ത കാലത്തായി മലിനീകരണപ്രവണത വളരെയധികം ഏറിവരുന്നതായി കാണാവുന്നതാണ്.

1) ബാലുശ്ശേരിമുക്കിൽ അടുത്തകാലത്തായി ഒരു സ്വകാര്യ കെട്ടിടം നിർമ്മിച്ചതിന്റെ ഫലമായി നേരത്തെ ഉണ്ടായിരുന്ന അഴുക്കുചാൽ അടഞ്ഞുപോവുകയും മലിനജലം തോട്ടിലേക്ക് ഒഴുകുന്നത് നിന്നുപോവുകയും ചെയ്തിരിക്കുന്നു. അതിന്റെ ഫലമായി ആസ്പത്രി, തട്ടുകടകൾ എന്നിവയിൽനിന്നും പുറത്തുവരുന്ന മലിനജലം, ബസ്വെയ്റ്റിങ്ങ് ഷെഡിന് പിൻഭാഗത്തുള്ള ഓടയിൽ കെട്ടിനിൽക്കുന്നു. ഇതിന്റെ ഫലമായി കൊതുക്ശല്യം വർദ്ധിച്ചിരിക്കുന്നു.

2) കച്ചവടസ്ഥാപനങ്ങളിൽനിന്ന് ഒഴിവാക്കുന്ന ഖരമാലിന്യങ്ങൾ റോഡ്വക്കിൽ നിക്ഷേപിക്കുന്നതിന്റെ ഫലമായി മലിനീകരണം ഉണ്ടാവുന്നു.

3) നിലവിലുള്ള കാവച്ചാലുകൾ നികന്നുപോയതുകൊണ്ട് മാലിന്യങ്ങൾ മഴക്കാലത്ത് റോഡിലേക്കാണ് ഒഴുകുന്നത്. അതുകൊണ്ട് റോഡിൽ മാലിന്യങ്ങൾ കുന്നുകൂടുന്നു.

ബാലുശ്ശേരിമുക്കിലെ പരിസരത്തെ ശുചീകരണം നിലനിർത്തുന്നതിനായി താഴെകൊടുത്ത നിർദ്ദേശങ്ങൾ പരിഗണിക്കാം.

1) ബാലുശ്ശേരിമുക്കിലുള്ള കാവച്ചാലിലെ മലിനജലം തോട്ടിലേക്കൊഴുകുവാനുള്ള സംവിധാനം ഉണ്ടാക്കണം. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഉടമ കെട്ടിടനിർമ്മാണ നിയമങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് കർശനമായി പരിശോധിക്കണം. നിലവിലുള്ള കാവച്ചാലുകൾ മഴക്കാലത്തിന് മുമ്പായി വൃത്തിയാക്കണം. സി. എച്ച്. സി.യിലെ മാലിന്യങ്ങളും മലിനജലവും പുറത്തേക്കൊഴുകാതെ ആസ്പത്രി കോമ്പൗണ്ടിൽ തന്നെ ടാങ്കിൽ സംഭരിക്കണം. ഖരമാലിനയങ്ങൾ രപത്യേകം ശേഖരിച്ച് കത്തിക്കണം.

2) അറപ്പിടിക:

കൊതുക്, ഈച്ച തുടങ്ങിയ രോഗംപരത്തുന്ന പ്രാണികളുടെ ശല്യം അറപ്പിടിക പരിസരത്ത് വർദ്ധിച്ചുവരുന്നു. അഴുക്കുചാലിന്റെ ആഴം കുറഞ്ഞുപോയതുകൊണ്ട് മലിനജലം ഓടയിൽനിന്നും പുറത്തേക്കൊഴുകുകയും മലിനീകരണമുണ്ടാക്കുകയും ചെയ്യുന്നു. കച്ചവടസ്ഥാപനങ്ങളിൽനിന്ന് പുറത്തെറിയുന്ന പാഴ്വസ്തുക്കൾ മലിനീകരണമുണ്ടാക്കുന്നു. വർക്ക്ഷാപ്പിൽനിന്നും പുറത്തുവരുന്ന 'കരിഓയിൽ' മഴക്കാലത്ത് ഒഴുകിവരുന്നതിനാൽ സമീപപ്രദേശത്തെ തോടുകൾ മലിനമാകുന്നതായും പരാതിയുണ്ട്.

മത്സ്യവിൽപനക്ക് പ്രത്യേക മാർക്കറ്റ് പണിയുക, ഓടകൾ എല്ലാ വർഷവും മഴക്കാലത്തിന് മുമ്പായി വൃത്തിയാക്കുക, ഹോട്ടലുകളിലെ മലിനജലം പുറത്തേക്കൊഴുക്കിവിടാൻ അനുവദിക്കാതെ പ്രത്യേകം ടാങ്കിൽ ശേഖരിക്കാൻ നിർദ്ദേശം നൽകണം. കച്ചവടസ്ഥാപനങ്ങളിൽനിന്ന് പുറത്തെറിയുന്ന മാലിന്യങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനുമുള്ള പ്രവർത്തനം നടത്തുക. വർക്ക്ഷോപ്പിൽനിന്നും പുറത്തുവരുന്ന കരിഓയിൽ മഴവെള്ളത്തിൽ കലരാനിടയാവാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

3) വട്ടോളിബസാർ

റോഡ്‌വക്കിലെ മത്സ്യവിൽപന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. വാഹനത്തിരക്കേറിയ പ്രദേശമായതിനാൽ അപകടസാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു. അഴുക്കുചാലിന്റെ ആഴം കുറഞ്ഞുപോയതിനാൽ ജലം കെട്ടിനിന്ന് ഈച്ച, കൊതുക് എന്നിവയുടെ വംശവർദ്ധനവിന് കാരണമാകുന്നു. കച്ചവടസ്ഥാപനങ്ങൾ, പച്ചക്കറിസ്റ്റാളുകൾ എന്നിവിടങ്ങളിൽനിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ റോഡിലും ഓടയിലും കുമിഞ്ഞുകൂടുന്നു.

വട്ടോളിയിൽ ഒരു മത്സ്യമാർക്കറ്റ് പണിയുക, അഴുക്കുചാലുകൾ യഥാസമയം വൃത്തിയാക്കുക, ഹോട്ടലിലെ മലിനജലം പുറത്തേക്കൊഴുക്കുന്നത് തടയുക, കച്ചവടസ്ഥാപനങ്ങളിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ കുപ്പത്തൊട്ടികൾ സ്ഥാപിച്ച് മാലിന്യങ്ങൾ ആഴ്ചയിലൊരിക്കലെങ്കിലും നീക്കംചെയ്യുക.

4) തലയാട്

അങ്ങാടിയിലെ പൊതുനിരത്തിൽ മത്സ്യവിൽപനയുണ്ട്. ഇവിടെ രണ്ട് സ്ഥിരം അറവുശാലയും ഒരു താൽക്കാലിക അറവുശാലയും ഉണ്ട്. അറവുശാലകൾ ശാസ്ത്രീയമല്ല. ഇവയിലൊന്ന് കെട്ടിടമില്ലാത്തതുകൊണ്ട് പൊതുനിരത്തിൽ വെച്ചാണ് വിൽപന നടത്തുന്നത്. ഹോട്ടലിലെ മലിനജലം ഓടയിൽ കെട്ടിക്കിടക്കുന്നതുകൊണ്ട് കൊതുക്, ഈച്ച എന്നിവയുടെ ശല്യം വർദ്ധിച്ചിരിക്കുന്നു.

മത്സ്യവിൽപനക്ക് പ്രത്യേകം മാർക്കറ്റ് ഏർപ്പെടുത്തുക,അറവുശാലകൾക്ക് പ്രത്യേകം ലൈസൻസ് നിർബന്ധമാക്കുക, ഇത്തരം ലൈസൻസ് നലകുന്നയിടങ്ങളിൽ കശാപ്പുചെയ്യുന്ന മൃഗങ്ങൾക്ക് മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക, എല്ല്, മറ്റ് അവശിഷ്ടങ്ങൾ തുടങ്ങിയവ സംസ്കരിക്കാനുള്ള ടാങ്കുകൾ സ്ഥാപിക്കാൻ കർശനനിർദേശം നൽകുക. ഓടകൾ യഥാസമയം വൃത്തിയാക്കുകയും മലിനജലം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ എല്ലാ ആഴ്ചയിലും മരുന്ന് തളിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക. ഇതിന് പഞ്ചായത്തിലെ ശുചീകരണ ജോലിക്കാരെ നിയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ ആരോഗ്യനിലവാരം

നമ്മുടെ പഞ്ചായത്തിലെ ജനന മരണ നിരക്കുകൾ താഴെ ചേർക്കുന്നു

ജനസംഖ്യ	ജനനിരക്ക്	മരണനിരക്ക്	ജനസാന്ദ്രത	വിസ്തീർണ്ണം
35128	17.6	3.51	727	46.96 ച.കി.മീ.

അവലംബം: സി. എച്ച്. സി. ബാലുശ്ശേരി

മേൽക്കാണിച്ച ചാർട്ടിൽ നിന്നും നാം പല കാര്യത്തിലും സംസ്ഥാന ശരാശരിയേക്കാൾ മികവ് പുലർത്തുന്നു എന്നു കാണാം. 30-6-96ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 34128 ആണ്. കേരളത്തിലെ മരണനിരക്ക് 6ന് അടുത്താണ് എന്നാൽ നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞവർഷം 120 മരണങ്ങളുണ്ടായതിൽ നിന്നും മരണനിരക്ക് 3.5 ആണെന്ന് കാണാം. ജനനനിരക്ക് സംസ്ഥാനശരാശരി 20ന് അടുത്താണെങ്കിൽ നമ്മുടെ പഞ്ചായത്തിലേത് 17.6 ആണ്. (601 ജനനം) ജനസാന്ദ്രതയിലും നാം ആപേക്ഷികമായി പിന്നിലാണ്. സംസ്ഥാനത്തെ ജനസാന്ദ്രത 749 ആണെങ്കിൽ നമ്മുടെ പഞ്ചായത്തിലേത് 727 മാത്രമാണ്. ഇതെല്ലാം ആരോഗ്യരംഗത്ത് ആശാവഹമായ കാര്യങ്ങളാണെങ്കിലും നാം പല കാര്യത്തിലും ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു എന്ന് താഴെപറയുന്ന കാര്യങ്ങൾ ബോധ്യമാക്കുന്നു.

പനങ്ങാട് ഗ്രാമപഞ്ചായത്ത് പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1993-94	1350	62	13
1994-95	1602	58	13
1995-96	1481	42	15

അവലംബം സി. എച്ച്.സി. ബാലുശ്ശേരി

കുഷ്ഠരോഗം ബാധിച്ചവർ

വർഷം	രോഗമുള്ളവർ	ചികിത്സ നൽകിയവർ
1990-91	14	12
91-92	2	1
92-93	14	14
93-94	12	12
94-95	3	3
95-96	18	18
ആകെ	63	60

അവലംബം: സി.എച്ച്.സി. ബാലുശ്ശേരി

മലമ്പനി പിടിപെട്ടവർ

വർഷം	എണ്ണം
1994	5
1995	3
1996	4
ആകെ	12

അവലംബം: സി. എച്ച്. സി. ബാലുശ്ശേരി

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ് ലഘുവായ പോഷണ		2-ാം ഗ്രേഡ് മിതമായ പോ.കുറ.		3-ാം ഗ്രേഡ് ഗുരുതരമായ പോ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	141	100	21	23	2	4	-	1
1-3 വയസ്സ്	223	174	78	102	18	30	1	1
3-6 വയസ്സ്	233	222	94	104	20	29	-	-

സി.എച്ച്.സി. ബാലുശ്ശേരി

ബാലുശ്ശേരി I.C.D.S -ൽ നിന്നും ലഭിച്ചതനുസരിച്ച് ശിശുമരണക്കണക്ക് താഴെകൊടുക്കുന്നു

പ്രായം	മരണസംഖ്യ
0-1 വയസ്സുവരെ	3
1-3	-
3-6	-

ഗുരുതരമായ പോഷണകുറവ് അനുഭവപ്പെട്ട 3 കുട്ടികൾ നമ്മുടെ പഞ്ചായത്തിലുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു.

പൊതുശ്മശാനം:- 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ശ്മശാനം ഭൂമിശാസ്ത്രപരമായി ഒട്ടും യോജിക്കാത്ത പ്രദേശമാണ്. കല്ലുകൾ നിറഞ്ഞതും ഉയർന്നതുമായ പ്രസ്തുത കുന്നിൻ പ്രദേശത്തുനിന്നും അനുയോജ്യമായ മറ്റ് സ്ഥലത്തേക്ക് മാറ്റാവുന്നതാണ്.

പഞ്ചായത്തിലെ വാർഡുകളിലെ ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും

വാർഡ്	സ്ഥാപനങ്ങൾ		പൊതുസ്ഥാപനത്തെ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലും
	പൊതുസ്ഥാപനം	സ്വകാര്യസ്ഥാപനം	
1	കുടുംബക്ഷേമഉപ ധകേന്ദ്രം നിർമ്മല്ലൂർ	സ്വകാര്യമേഖലയിൽ ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. ആയുർവ്വേദം-1	ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം തൃപ്തികരമല്ല. ഡോക്ടറുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുക.
2	ആരോഗ്യസ്ഥാപ നങ്ങൾ ഇല്ല		ബാലുശ്ശേരി സി.എച്ച്.സി.യെ ആശ്രയിക്കുന്നു. വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം ആവശ്യമാണ്.
3	കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, ബാലുശ്ശേരി	ഒരു അലോപ്പതി ക്ലിനിക്ക്-1 മർമ്മചികിത്സാകേന്ദ്രം-1 ആയുർവേദ ക്ലിനിക്ക്-1 ദന്തരോഗ ചികിത്സാകേ ന്ദ്രം, X-Ray Unit, Med.Lab-2	വേനൽക്കാലത്ത് കഠിനമായ ജലക്ഷാമം നേരിടുന്നു. മലിനവസ്തുക്കൾ സംസ്കരിക്കാനുള്ള സംവിധാനം വേണം. ഇപ്പോൾ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി കൂടുതൽ സൗകര്യമുള്ള കെട്ടിടങ്ങൾ പണിയുക. X-ray യൂനിറ്റ് സ്ഥിരമായി പ്രവർത്തിപ്പിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കുക. പോസ്റ്റ്മോർട്ടം നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുക. ഒരു ടി.ബി. സാനിറ്റോറിയം സ്ഥാപിക്കുക, സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക, ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല.
4	ഇല്ല	ആയുർവേദ ചികിത്സ പാര മ്പര്യമർമ്മ ചികിത്സ-1	ബാലുശ്ശേരി സി.എച്ച്.സി.യെ ആശ്രയിക്കുന്നു.
5	ഇല്ല	ആയുർവേദ ചികിത്സാകേന്ദ്രം-2	ബാലുശ്ശേരി സി.എച്ച്.സി. യെ ആശ്രയിക്കുന്നു. വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രത്തിന് സ്ഥലം കണ്ടെത്തി കെടിടം നിർമ്മിക്കണം. ഇതിന് പറ്റിയ സ്ഥലം പൂളക്കണ്ടി ഭാഗമാണ്.
6	ഇല്ല	ആയുർവേദ ചികിത്സാകേന്ദ്രം-2 ഹോമിയോ-1	ബാലുശ്ശേരി സി.എച്ച്.സിയെ ആശ്രയിക്കുന്നു.
7	ഇല്ല	ആയുർവേദ ചികിത്സാകേന്ദ്രം-1	കണ്ണാടിപൊയിലിലുള്ള പ്രൈമറി ഹെൽത്ത് സെൻറിനെ ആശ്രയിക്കുന്നു.
8	പ്രാഥമിക ആരോഗ്യകേന്ദ്രം-1	ഹോമിയോ ക്ലിനിക്ക്-1 ആയുർവേദ ചികിത്സാകേന്ദ്രം-3	കുടിവെള്ളക്ഷാമം പരിഹരിക്കാനായി പമ്പ് സെറ്റ് സ്ഥാപിക്കണം. 10 ബെഡോടുകൂടിയ പുതിയ കെട്ടിടം അനുവദിക്കണം., പ്രസവശുശ്രൂഷാ സൗകര്യം ഏർപ്പെടുത്തണം, ചുറ്റുമതിൽ കെട്ടണം - ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയണം.

9	പ്രാഥമിക ആരോഗ്യകേന്ദ്രം-1	ഇല്ല	സ്ഥിരമായി ഡോക്ടർമാർ ഉണ്ടാവാറില്ല. ഇപ്പോഴുള്ള ഡോക്ടർ നീണ്ട അവധിയിലാണ്. മറ്റു ജീവനക്കാരുടെ അഭാവവും ഉണ്ട്. ആദിവാസികളടക്കമുള്ള കോളനിക്ക് സമീപത്താണ് ആശുപത്രി. നിലവിലുള്ള റോഡിന്റെ അസൗകര്യമാണ് എല്ലാറ്റിനും കാരണം. നാട്ടുകാർ ആസ്പത്രിക്ക് വേണ്ടി 1 ഏക്കർ സ്ഥലം സൗജന്യമായി കൊടുത്തിട്ടുണ്ട് അവിടെ ആശുപത്രിയും ക്വാർട്ടേഴ്സും പണിയണം. വൈദ്യുതിയും, വെള്ളവും എത്തിക്കണം. ആദിവാസി മേഖലയിലുള്ള ഈ ആശുപത്രിയിൽ കിടത്തി ചികിത്സക്കുള്ള സൗകര്യമില്ലാത്തതിനാൽ ചികിത്സക്ക് കാലതാമസം നേരിട്ടതുകൊണ്ട് മരണംവരെ സംഭവിച്ച അവസ്ഥയുണ്ടായിട്ടുണ്ട്. 14 കി.മീ. സഞ്ചരിച്ചാണ് പലരും ബാലുശ്ശേരി സി.എച്ച്.സി.യിൽ എത്തുന്നത്.
	കുടുംബക്ഷേമ ഉപകേന്ദ്രം-1	ഇല്ല	കെട്ടിടത്തിന് പഞ്ചായത്ത് നമ്പർ ഇല്ല. കുടുംബക്ഷേമപ്രവർത്തനങ്ങൾ തൃപ്തികരം. ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
10	ഗവ.ഹോമിയോ ഡിസ്പെൻസറി-1	ഇല്ല	ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാട്ടുകാർ സംഭാവന നൽകിയ സ്ഥലത്ത് 2 വർഷംമുമ്പ് കെട്ടിടം ഉണ്ടാക്കിയിട്ടും ഇതുവരെ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല. സ്വന്തം കെട്ടിടമുണ്ടായിട്ടും പ്രതിവർഷം 6000/- രൂപ വാടകയിനത്തിൽ ചെലവഴിക്കുന്നത് ദുർവ്യയമാണ്. ആശുപത്രിയിലേക്കുള്ള റോഡ്, ശുദ്ധജലം എന്നിവ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ആശുപത്രിയിലേക്ക് ആവശ്യമായ സാധനങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യുക. മങ്കയത്ത് ഒരു സബ്സെന്റർ സ്ഥാപിക്കുക.
11	കുടുംബക്ഷേമ ഉപകേന്ദ്രം-1	എസ്റ്റേറ്റ് ആശുപത്രി	കുടിവെള്ളമില്ല, 1994ൽ അനുവദിച്ച പുതിയ കിണറിനുള്ള അനുമതി ഇതുവരെ പ്രാവർത്തികമായിട്ടില്ല. കെടിടത്തിന് നമ്പർ ഇല്ല, തൊഴിലാളി മേഖലയായതിനാൽ ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വരണം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തണം, ആരോഗ്യപ്രവർത്തനങ്ങളും പ്രതിരോധ നടപടികളും കൃത്യമായി നടക്കുന്നുണ്ട്.
12	ആയുർവേദ ഡിസ്പെൻസറി-1	അലോപ്പതി ആശുപത്രി-1 ഹോമിയോ ക്ലിനിക്ക്-1, അലോപ്പതി ക്ലിനിക്ക്-1	അങ്ങാടിയിൽനിന്നും 2 കി.മീ. ഉൾഭാഗത്തായി ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. തലയാട്ട് അങ്ങാടിക്കടുത്ത് റോഡ്വക്കിൽ 25 സെൻറ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിത് കിടത്തി ചികിത്സക്ക് ആവശ്യമായ സൗകര്യമുണ്ടാവണം.
	കുടുംബക്ഷേമ ഉപകേന്ദ്രം		ഇപ്പോഴുള്ള കിണറ്റിലെ വെള്ളം ഉപയോഗശൂന്യമാണ്. കിണർ മാറ്റി കുഴിക്കണം. ചുറ്റുമ

തിൽ പൂർണ്ണമാക്കണം. ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ലഭ്യമാവണം.

നമ്മുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുള്ള പൊതുജനാരോഗ്യ സംവിധാനത്തിന്റെ തകർച്ച ഒരു ഗുരുതരമായ പ്രശ്നം തന്നെയാണ്. സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥമൂലം ജനങ്ങൾക്ക് ഇവയിലുള്ള വിശ്വാസം കുറഞ്ഞുവരുന്നു. ദരിദ്രവിഭാഗങ്ങളിൽ നിന്നുള്ളവർപോലും സ്വകാര്യആശുപത്രികളിലെ ചികിത്സക്കായി ആശ്രയിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യആശുപത്രികൾ തഴച്ചു വളരുകയാണ്. ഇതിന്റെ ഫലമായി കേരളത്തിൽ ആരോഗ്യചെലവ് വർദ്ധിച്ചുവരികയാണ്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ചികിത്സ അപ്രാപ്യമാവുകയോ വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയാവുകയോ ചെയ്തിരിക്കുന്നു. വിദഗ്ദ ചികിത്സ സമൂഹത്തിലെ സമ്പന്നർക്ക് മാത്രം ലഭ്യമാവുകയും ദരിദ്രർക്ക് ആതുരസേവനം പരിമിതപ്പെട്ടുകൊണ്ടിരിക്കുന്ന ഒരവസ്ഥ കേരളത്തിൽ വളർന്നു വരികയാണ്.

ആരോഗ്യമേഖലയുടെ തകർച്ചകൊണ്ട് മാത്രമുണ്ടായിട്ടുള്ളതല്ല ഇന്നത്തെ പ്രശ്നങ്ങൾ. ഉയർന്ന വിദ്യാഭ്യാസ ബോധനിലവാരമുള്ള നമ്മുടെയിടയിൽ കോളറ, ചർദ്ദി, അതിസാരം, വയറികളക്കരോഗങ്ങൾ എന്നിവ ഏറിവരികയാണ്. ഉയർന്ന വിദ്യാഭ്യാസവും ബോധനിലവാരവുമൊക്കെ ഉണ്ടായിട്ടുകൂടി നമ്മുടെ ചുറ്റുപാട് വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിലും മൊത്തം പരിസര ശുചിത്വത്തിന്റെ കാര്യത്തിലും നാം വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ലാ എന്ന് ഇത് സൂചിപ്പിക്കുന്നു.

ആരോഗ്യം = ഡോക്ടർ + മരുന്ന് + ആശുപത്രി എന്ന ധാരണയിൽ നിന്ന് മാറി

ആരോഗ്യം = പോഷകാഹാരം + ശുചിയായ പരിസരം + രോഗപ്രതിരോധ മാർഗങ്ങൾ എന്ന ധാരണയിലേക്ക് നാം നീങ്ങണം.

പഞ്ചായത്ത് തലത്തിൽ നടപ്പാക്കാവുന്ന ചില നിർദ്ദേശങ്ങൾ

- എല്ലാ കൊല്ലവും മഴക്കാലത്തിന് മുമ്പായി പഞ്ചായത്തിലെ മുഴുവൻ കിണറുകളിലും ക്ലോറിനേഷൻ നടത്തുക.
- പഞ്ചായത്തിലെ അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക, ഇവിടങ്ങളിൽ പരിശോധനാ വിധേയമായ മൃഗങ്ങളെ മാത്രമെ അറക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുക.
- പഞ്ചായത്ത് ശുചീകരണ ജോലിക്കാരുടെ സേവനം ഉപയോഗപ്പെടുത്തുക, അങ്ങാടികളിലെ മലിനീകരണം, കാവച്ചാൽ വൃത്തിയാക്കൽ, കെട്ടിനിൽക്കുന്ന ജലത്തിൽ മരുന്ന് തളിക്കൽ എന്നിവ ഇവരിലൂടെ നടപ്പിലാക്കാവുന്നതാണ്.
- സ്കൂൾകുട്ടികളുടെ ആരോഗ്യപരിശോധന കാര്യക്ഷമമാക്കുക. ഇന്ന് ഇത് വെറും D.T. കുത്തിവെയ്പിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. എല്ലാ കുട്ടികളുടെയും രക്തപരിശോധന നടത്തി ഹെൽത്ത്കാർഡുകൾ വിതരണം ചെയ്യുക. രോഗിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ച് അറിയാൻ ഇത് സഹായിക്കും.
- മദ്യപാനം, പുകവലി, എയിഡ്സ് തുടങ്ങിയവയെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ വ്യാപകമാക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം:- ഭൂരിപക്ഷം ഇടത്തരക്കാരായ ജനങ്ങൾ താമസിക്കുന്ന പനങ്ങാട് ഗ്രാമപഞ്ചായത്ത് പനങ്ങാട്, കിനാലൂർ, കാന്തലാട് വില്ലേജുകളും കൂരാച്ചുണ്ട് വില്ലേജിലെ ഒരു ചെറിയഭാഗവും ഉൾപ്പെട്ടതാണ്. സ്വന്തമായി ഒരു വീട് എന്ന സ്വപ്നം മനുഷ്യന്റെ പ്രാഥമികാവശ്യംതന്നെയാണ്. ഇതിന്റെ സാക്ഷാത്കാരത്തിന് അടുത്തകാലത്തായി ജനങ്ങളിൽ ഒരു വ്യഗ്രത എല്ലായിടത്തും കാണപ്പെടുന്നു. ഇത് പാർപ്പിടപ്രശ്നം പരിഹരിക്കപ്പെടുന്നതിന് വളരെയേറെ സഹായകരമാണ്. എന്നാൽ കിട്ടാവുന്നിടത്തുനിന്നെല്ലാം കടമെടുത്ത് വീട് മോടികൂട്ടി അവസാനം കടക്കെണിയിൽ പെട്ട് ഉള്ള വീടുകൂടി വിൽക്കേണ്ടിവരുന്ന അനുഭവവും ഉണ്ട്. ആയുഷ്കാലം മുഴുവൻ ഗൾഫിലും മറ്റും ജോലിചെയ്ത് കിട്ടുന്ന പണംകൊണ്ട് കൂറ്റൻ വീടുകളുണ്ടാക്കുന്നവരും കുറവല്ല.

മൂന്നിലൊന്നു ഭാഗം കുന്നും മലകളും നിലകൊള്ളുന്ന പഞ്ചായത്തിൽ 7922 വീടുകളാണ് ഇപ്പോഴുള്ളത്. ഇതിൽ 2428 വീടുകൾ ടറസ്സുകളും 4134 വീടുകൾ ഓടുമേഞ്ഞതും 1360 വീടുകൾ കുടിലുകളും, ഓലവീടുകളുമാണ്. ഭേദപ്പെട്ട വീടുകൾ മിക്കതും റോഡുഭാഗങ്ങളിലും ഇടത്തരം വീടുകൾ കോളനിപ്രദേശങ്ങളിലും ചേരിപ്രദേശങ്ങളിലുമാണ്.

കാന്തലാട്, മണിച്ചേരി, പുന്നത്തറ, കോട്ടക്കുന്ന്, വാഴോറ, പേരിയ, കാറോറ, ഇരുൾക്കുന്ന്, പൂവ്വമ്പായ്, കാപ്പിക്കുന്ന്, നെരാടി, ചൊരത്തോട് മുതലായ മലമ്പ്രദേശങ്ങളിൽ 600ൽപരം വീടുകളുണ്ട്. ഇവയിൽ മിക്കതും പ്രാഥമിക സൗകര്യങ്ങൾ കുറഞ്ഞതും ശുദ്ധജലക്ഷാമമുള്ളവയുമാണ്. ഇവ പ്രധാനമായും പനങ്ങാട് പഞ്ചായത്തിലെ 1, 2, 3, 9, 10, 12 വാഡുകളിലാണ് സ്ഥിതിചെയ്യുന്നത്. നമ്പർ ലഭിച്ചിട്ടില്ലാത്ത വീടുകളും ധാരാളം ഉണ്ട്.

വീടുകളുടെ തരംതിരിവ് പട്ടിക

പട്ടിക നമ്പർ 1.

വാഡ് നമ്പർ	ടെറസ്	ഓട്	ഓല/കുടിൽ	ആകെ
1	258	429	84	771
2	209	358	120	687
3	304	518	179	1001
4	171	294	98	563
5	204	348	121	673
6	163	279	95	537
7	201	342	118	661
8	215	366	127	708
9	192	328	115	635
10	241	411	143	795
11	270	461	160	981
ആകെ	2428	4134	160	891

* 95 മാർച്ചിലെ കണക്കുപ്രകാരം

പരമ്പരാഗത വാസ്തുശിൽപ്പ മാതൃകയിലുള്ള പഴയവീടുകൾ പൊളിച്ചുമാറ്റി ആധുനികരീതിയിലുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവണതയും ചിലേടങ്ങളിൽ കണ്ടുവരുന്നു. 1991-92ൽ 5400 വീടുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 7922 ആയി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ യഥാക്രമം 540 + 690 + 740 + 552. ആകെ 2522 (46.7%) വർധനവ്.

പനങ്ങാട് പഞ്ചായത്ത് ഭവനലഭ്യത പട്ടിക

പട്ടിക നമ്പർ 2

വർഷം	IAY	MWS	JRY	ആകെ
1991-92	3	11	2	16
'92-93	15	-	-15	
'93-94	7	10	14	31
'94-95	7	10	-	17
'95-96	12	9	13	34
ആകെ	44	40	29	113

പഞ്ചായത്തിൽ മൂന്ന് ലക്ഷംവീട് കോളനികളും 29 മറ്റ് കോളനികളും 82 എസ്റ്റേറ്റ് പാടികളും 19 എസ്റ്റേറ്റ് സ്റ്റാഫ് ക്വാട്ടേഴ്സും ഉണ്ട്. 16 ഹരിജൻകോളനികൾ അംഗീകരിച്ചവയും 16 എണ്ണം അംഗീകരികാരത്തിനായി സമർപ്പിച്ചവയും, ഒരു ട്രൈബൽ കോളനിയും ഉണ്ട്. മേൽപറഞ്ഞ കോളനികളിൽ വീടുകൾ തൊട്ടുതൊട്ടായി സ്ഥിതിചെയ്യുന്നതുകൊണ്ടും പശ്ചാത്തല സൗകര്യങ്ങൾ കുറവായതും ആരോഗ്യപരവും പരിസ്ഥിതിപരവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ശുദ്ധജല ലഭ്യതയും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

വീടില്ലാത്ത 700 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരിൽ 300 പേർ സ്വന്തമായി സ്ഥലം ഇല്ലാത്തവരാണ്. സ്വന്തമായി വീടുള്ളവരിൽതന്നെ 400 വീടുകൾ അടിയന്തിരമായി പുനർനിർമ്മാണം നടത്തേണ്ടതാണ്. കേന്ദ്ര - സംസ്ഥാന സർകാരുകളുടെ വിവിധ സ്കീമുകൾവഴി പഞ്ചായത്തിൽ സഹായം ലഭിക്കുന്നുണ്ടെങ്കിൽ അത് അപര്യാപ്തവും നാമ

മാത്രവുമാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ഐ.എ.വൈ. സ്കീമിൽ 44 വീടുകളും എം ഡബ്ലിയു എസ് വഴിയായി 40 വീടുകളും ജെ ആർ വൈ യിൽ 29 വീടുകളും നിർമിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മേൽപറഞ്ഞ വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കലും ഉപയോഗയോഗ്യമല്ലാത്തവ പുനർനിർമ്മിക്കലും ...ചയ്താലെ ഒമ്പതാം പദ്ധതിക്കാലത്ത് ഈ രംഗത്ത് നമുക്ക് ലക്ഷ്യത്തിൽ എത്താൻ കഴിയൂ. അതിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്. വീടിന് സ്ഥലമില്ലാത്തവർക്ക് ആദ്യമായി സ്ഥലം ലഭ്യമാക്കണം. ഇതിന്നായി ഒന്നാം വാഡിലുള്ള പതിച്ചുകൊടുക്കാൻ പറ്റുന്ന ഒരു ഏക്കർ 90 സെൻറ് ഭൂമി നാലു സെൻറ്വീതം ഓരോ കുടുംബങ്ങൾക്കും ലഭ്യമാക്കാവുന്നതാണ്. മറ്റു പുറംപോക്കുഭൂമിയും പ്രയോജനപ്പെടുത്താം. ബാക്കിവരുന്നവർക്ക് അകിസിഷൻ വഴിയോ കൂടുതൽ ഭൂമിയുള്ളവരോട് സംഭാവനയായോ ലഭ്യമാക്കാവുന്നതാണ്. ഇതിൽ വീടുകൾ വെക്കുന്നതിന് കേന്ദ്ര- സംസ്ഥാന ഗവ. കളുടെ വിവിധ സ്കീമുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവരും എന്നാൽ വീട് നിർമ്മിക്കാൻ കഴിയാത്തവരുമായ ഗുണഭോക്താക്കളെ കണ്ടെത്തുകയും ഇവർക്കായി വാഡുതലത്തിൽ ബൃഹത്തായ പദ്ധതികളുണ്ടാക്കുകയും വേണം. ഗുണഭോക്താക്കളേയും സന്നദ്ധപ്രവർത്തകരേയും സംഘടനകളെയും വിളിച്ചുചേർത്ത് എത്രമാത്രം പണം ഗുണഭോക്താക്കൾക്ക് സമാഹരിക്കാൻ കഴിയുമെന്ന് കണ്ടെത്തുകയും ബാക്കിയുള്ളവക്ക് കടംവഴിയോ സംഭാവനവഴിയോ ശ്രമദാനംവഴിയോ പരിഹാരം കാണേണ്ടതുമാണ്. ഇതിനായി താഴെ പറയുന്ന സാധ്യതകൾ ആരായാവുന്നതാണ്.

1. ഹൗസിങ്ങ് സൊസൈറ്റികളുടെ സേവനം ലഭ്യമാക്കുക.
2. ചെലവുകുറഞ്ഞ നിർമ്മാണരീതികളുടെ പ്രചാരണം.
3. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം.
4. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില കുറക്കാനുള്ള പരിപാടികൾ.

IAY, MWS, JRY, RLEGP, എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ ധനസഹായതുകയും ഉയർത്തുക. ഇവ ലഭിക്കുന്നതിനുള്ള സാങ്കേതികത്വവും കാലതാമസവും ഒഴിവാക്കുക.

ഇടത്തരക്കാരായ കുടുംബങ്ങൾക്കും വീട് നിർമ്മാണരംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. ബേങ്ക്വായ്പകളുടെ ഉയർന്ന പലിശനിരക്ക്, കെട്ടിടസാമഗ്രികളുടെ ക്രമാതീതമായ വിലവർധനവ്, കൂലിചെലവുകളിലെ വർധനവ്, നിർമാണരംഗത്തെ പരിജ്ഞാനക്കുറവ്, കെട്ടിടനിർമാണ അനുമതിക്കും നമ്പർ ചെയ്തുകിട്ടുന്നതിലുമുള്ള സാങ്കേതികത്വം എന്നിവ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. ഭവന നിർമ്മാണവായ്പക്കുള്ള സൗകര്യം ഇപ്പോൾ പഞ്ചായത്തിലില്ല. നമ്മുടെ ഹൗസിങ്ങ് സൊസൈറ്റിയെയും മറ്റ് ബേങ്കുകളെയുമാണ് ആശ്രയിക്കേണ്ടിവരുന്നത്. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾവഴി ആവശ്യത്തിനുള്ള വായ്പ ലഭ്യമാക്കുക, ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ബോധവൽകരണം നടത്തുക, ഉയർന്ന പലിശനിരക്കുകൾ കുറക്കുക, ചിലവ് കുറഞ്ഞ സാധനസാമഗ്രികൾ ഉൽപ്പാദിപ്പിക്കുക, അതിന്റെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക (സിമൻറ് - കമ്പി മുതലായവ) ലൈസൻസിങ്ങ് ലളിതമാക്കുക, പഞ്ചായത്ത്തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക, എഞ്ചിനീയർ മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.

ഭേദപ്പെട്ട വീടുനിർമ്മാണരംഗത്തും ധാരാളം പ്രശ്നങ്ങൾ ഉണ്ട്. റോഡുകളുടെ ഇരുവശത്തും വലിയ വില നൽകി സ്ഥലം വാങ്ങി കൂറ്റൻ മന്ദിരങ്ങൾ നിർമ്മിക്കുന്ന പ്രവണത അടുത്തകാലത്തായി കണ്ടുവരുന്നു. പരമ്പരാഗത വാസ്തുശിൽപ്പ മാതൃകയിലുള്ള വീടുകൾ പൊളിച്ചുമാറ്റിയും ഇത്തരം വീടുകൾ നിർമ്മിച്ചുവരുന്നുണ്ട്. ദുർവ്യയവും ധൂർത്തും വളരെയാണ്. ഇത് പരസ്പര മാൽസരവും പൊങ്ങച്ച സംസ്ക്കാരവും വളർത്തുന്നു. പല നിലകളിലായുള്ള കൂറ്റൻ കെട്ടിടങ്ങൾ ഉയരുന്നതിലൂടെ സാധനസാമഗ്രികളുടെ ഡിമാൻറ് വർദ്ധിക്കുകയും വില കുതിച്ചുയരുകയും ചെയ്യുന്നു. ഇത് പാവപ്പെട്ടവർക്ക് വീട് സ്വന്തമാക്കാനുള്ള സ്വപ്നം കരിച്ചുകളയുന്നു. വലിയ കെട്ടിടങ്ങൾ ഉയർത്തുന്നതിന് വയലുകൾ നികത്തുന്ന പ്രവണതയും കണ്ടുവരുന്നു. ഇത് കാർഷികരംഗത്ത് പ്രശ്നങ്ങളുണ്ടാക്കുന്നു. കെട്ടിടത്തിന്റെ ഫ്ളോറിങ്ങിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ (ഉദാ. മാർബിൾ, കടപ്പ, ഗ്രാനൈറ്റ് തുടങ്ങിയവ) നമ്മുടെ നാട്ടിലെ പണം മറ്റു നാടുകളിലേക്ക് നീങ്ങുന്നതിന് ഇടയാക്കുന്നു. ഇത്തരം പ്രവണതകൾ നിരുൽസാഹപ്പെടുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രയോഗവൽക്കരിക്കേണ്ടതാണ്. വീടുകളുടെ ഏരിയക്ക് സ്റ്റേജ് കണക്കാക്കി നികുതി വർദ്ധിപ്പിക്കുക, പരിധി ഏർപ്പെടുത്തുക, വേണ്ടിവന്നാൽ നിയന്ത്രണം ഏർപ്പെടുത്തുക, ഈ ധൂർത്തിനെതിരെ ബോധവൽക്കരണം നടത്തുക.

ഭവന നിർമ്മാണ സാമഗ്രികളുടെ വില കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മുന്നും നാലും ഇരട്ടി വർദ്ധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ കൂലിയിലും വർധന ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ തൊഴിലാളികൾ കൂടുതലും ഈ രംഗത്താണ് ജോലി ചെയ്യുന്നത്. ഇവർക്ക് വേണ്ടരീതിയിൽ പരിജ്ഞാനമോ, ക്ഷേമനിധികളിൽ പങ്കാളിത്തമോ ഇല്ല. ഇതിന് പരിഹാരം കാണേണ്ടതാണ്.

കാലവർഷക്കെടുതികൾകൊണ്ടും മറ്റ് പ്രകൃതിക്ഷോഭങ്ങളാലും വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും പുതിയ സംവിധാനങ്ങൾ കണ്ടെത്തണം. ഇനിയുംവേണ്ടത്ര സർവ്വെ നടത്തി ശരിയായ ഗുണഭോക്താക്കളെ കണ്ടെത്തുകയും അനർഹർ വിവിധ സ്കീമുകളിലെ സഹായം പറ്റുന്നത് ഒഴിവാക്കുകയും വേണം. വയലിടകോട്ടക്കുന്നിൽ ഉള്ള ആദിവാസികൾക്കായി അവരുടെ അഭിപ്രായം ശ്രദ്ധിച്ചുകൊണ്ടുള്ള പാർപിട പരിപാടി ആവിഷ്കരിക്കണം. നമ്മുടെ പഞ്ചായത്തിലെ പാവങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് നമുക്ക് കൂട്ടായി യത്നിക്കാം. എന്നാൽ വിജയം സുനിശ്ചിതം.

സാമൂഹ്യക്ഷേമം

വികസന രംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ. ഒരു രാഷ്ട്രത്തിന്റെ ശരിയായ വളർച്ച ആ രാജ്യത്തെ അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനമാണ്. വിദ്യാഭ്യാസ - സാമ്പത്തിക - സാംസ്കാരിക - ആരോഗ്യ രംഗത്ത് വളർച്ച പ്രാപിച്ച ഒരു സമൂഹമായിരിക്കണം നമ്മുടേത്. ഈ ലക്ഷ്യം പൂർത്തീകരിക്കാനുതകുന്നതാവണം സാമൂഹ്യക്ഷേമരംഗത്ത് നാം നടത്തുന്ന പ്രവർത്തനങ്ങൾ. നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ കുറെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇനിയും മുന്നേറേണ്ടതുണ്ട്.

നമ്മുടെ ആസൂത്രണത്തിൽ കാര്യമായ ശ്രദ്ധപതിയേണ്ടത് ഇവിടെയാണ്. സ്വയം പര്യാപ്തത നേടാൻ വ്യക്തിതലത്തിൽ കഴിയേണ്ടതുണ്ട്. ഇത്തരം വ്യക്തികൾ ചേർന്ന കുടുംബം സന്തുഷ്ടവും ഈ കുടുംബങ്ങൾ ചേർന്നുണ്ടാവുന്ന സമൂഹം ഐശ്വര്യപൂർണ്ണവും ഇത്തരം സമൂഹങ്ങളുടെ സംവിധാനമായ രാഷ്ട്രം വികസിതവും ആയിരിക്കും. ചുരുക്കത്തിൽ ഒരു വികസിതരാഷ്ട്രത്തിന്റെ അടിത്തറ സർവ്വതലത്തിലുള്ള വ്യക്തികളുടെയും വികാസമാണ് എന്ന് കണ്ടെത്താൻ പ്രയാസമില്ല. ഈ ലക്ഷ്യം നേടാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കുകയും അതനസുരിച്ചുള്ള പദ്ധതികൾക്ക് രൂപം കൊടുക്കലുമാണ് ആവശ്യമായിട്ടുള്ളത്.

ഇതിനായി വ്യക്തമായ സർവെയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ, പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്തവർ, ഇടത്തരക്കാർ, മുന്നോക്കം നിൽക്കുന്നവർ എന്നിവരെ കണ്ടെത്തണം. അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഒരു രീതി സ്വീകരിക്കണം. ഈ രംഗത്ത് പല പദ്ധതികളും നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ അതിന്റെ പ്രയോജനം ആവശ്യപ്പെട്ടുവരുന്നവരിൽ പരിമിതപ്പെട്ടുപോവുന്നു. അവരെക്കാൾ അർഹതയുള്ളവർക്ക് അജ്ഞതമൂലവും മറ്റുകാരണങ്ങളാലും ലഭിക്കാതെ പോവുന്നു. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടാവുകയും അർഹതപ്പെട്ടവർ യാതൊരു കാരണവശാലും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താനും കഴിയണം.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും സംഘടിത-അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികൾക്കുപുറമെ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനുകളും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. പക്ഷെ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, കിട്ടുന്നവർക്കുതന്നെ ആവശ്യത്തിനും സമയത്തും കിട്ടായ്ക, ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ ക്ഷേമപദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു.

നിലവിലുള്ള പദ്ധതികൾ വളരെ അപര്യാപ്തമാണ്. തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. മിക്ക തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല. കർഷകതൊഴിലാളികൾ, കെട്ടിട നിർമ്മാണതൊഴിലാളികൾ, കരിങ്കൽതൊഴിലാളികൾ, മൽസ്യതൊഴിലാളികൾ, തോട്ടംതൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ എന്നിവരാണ് പഞ്ചായത്തിൽ കൂടുതലായും തൊഴിൽരംഗത്തുള്ളവർ. മറ്റു തുറകളിലും ധാരാളം പേർ ജോലിചെയ്യുന്നു. മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാനും അതുവഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കാര്യമായ ശ്രമം ആവശ്യമാണ്.

സർവ്വെ അടിസ്ഥാനത്തിൽ ലഭ്യമായ കണക്കുപ്രകാരം 894 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 361 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. പഞ്ചായത്തിൽ മൊത്തം 2517 പേരാണ് ഐ ആർ ഡി പി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. അതിൽ 386 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 261 പേർക്കാണ് ഐ ആർ ഡി പി വകയിൽ ധനസഹായം ലഭിച്ചത്. ഇതു വളരെ അപര്യാപ്തമാണ്. ദാരിദ്ര്യരേഖക്ക് താഴെക്കണ്ട 894 കുടുംബങ്ങൾക്കും അടിയന്തരമായി സഹായം ലഭ്യമാക്കേണ്ടതാണ്. സഹായം ലഭി

IRDP സഹായലഭ്യതാ കണക്ക്

വർഷം	പൊതുസഹായം	പ. ജാതി/പ.വർഗ്ഗം	ആകെ
1993-94	14	114	128
'94-95		3	75
'95-96	22	36	58
ആകെ	39	222	261

ച്ച 281ൽ 16 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയത്. ബാക്കിയുള്ളവർ പിന്നീടും പാവങ്ങളായിത്തന്നെ അവശേഷിക്കുന്നു.

ഈ പദ്ധതിയെക്കുറിച്ച് സർക്കാരിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാവേണ്ടതുണ്ട്. ദാരിദ്ര്യരേഖയുടെ മാനദണ്ഡം 25,000 രൂപ വാർഷികവരുമാനമാക്കി ഉയർത്തണം- ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പദ്ധതികളെ

ക്കുറിച്ച് ബോധവത്കരണം നടത്തണം- ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ബേങ്കുകളുടെ ഭാഗത്തുനിന്നുള്ള ഉദാസീനതയും സാങ്കേതികപ്രയാസങ്ങളും ഇല്ലാതാക്കണം. ദേശസാൽകൃത ബേങ്കുകളിൽനിന്ന് ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കണം. സഹകരണ ബേങ്കുകളെ കൂടുതൽ ഫണ്ടനുവദിച്ച് ഇക്കാര്യത്തിനായി പ്രാപ്തമാക്കണം

പെൻഷനുകൾ

അവശത അനുഭവിക്കുന്നവർക്കായി വിവിധ ഇനം പെൻഷനുകൾ നിലവിലുണ്ട്. വാർദ്ധക്യപെൻഷൻ, അഗതി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, ക്ഷയരോഗ പെൻഷൻ, കാൻസർരോഗ പെൻഷൻ, കാർഷികതൊഴിലാളി പെൻഷൻ, അവശകലാ-- സാഹിത്യ- കായികതാരങ്ങൾക്കുള്ള പെൻഷനുകൾ, തൊഴിലില്ലായ്മാ വേതനം മുതലായവ നൽകിവരുന്നു. അതിനുപുറമെ വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിനും മറ്റുമായി വേറെയും സഹായങ്ങൾ ചെയ്തുവരുന്നു. പഞ്ചായത്തിൽ ലഭിച്ച പെൻഷനുകളെക്കുറിച്ച വിശദവിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇവിടെയും തുക വർദ്ധിപ്പിക്കുക, അനർഹർക്ക് ലഭിക്കുന്നത് നിർത്തലാക്കുക എന്നിവ നിർദ്ദേശങ്ങളാണ്. പെൻഷൻതുക സമയത്ത് ലഭിക്കായ്ക ഒരു വലിയ പ്രശ്നമാണ്. പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 12 ഗ്രാമപഞ്ചായത്തിന്റെ 12 ഗ്രാമസഭകളിൽനിന്നും ഇത്തരം പരാതികൾ ലഭിച്ചിട്ടുണ്ട്. അതുപോലെ അപേക്ഷ നൽകിയ ധാ

പനങ്ങാട് ഗ്രാമപഞ്ചായത്ത് പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ
വില്ലേജ് തിരിച്ച്

വില്ലേജ്	അഗതി പെൻഷൻ	വിധവ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യകാല പെൻഷൻ	ക്ഷയരോഗ പെൻഷൻ	കർകതൊഴിലാളി പെ.	തൊഴിലില്ലാ യ്മാവേതനം	ആകെ
പനങ്ങാട്	-	150	85	32	5	285	220	777
കിനാലൂർ	-	102	77	16	9	350	130	684
കാന്തലാട്	129	54	64	11	5	415	78	756
ആകെ	129	306	226	59	19	1050	428	2217

രാളം പേർക്ക് ഇനിയും കിട്ടാനുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പെൻഷൻ കാന്തലാട് വില്ലേജിൽ മാത്രമാണ് ലഭിക്കുന്നത്.

വിധവാ പെൻഷൻ

വിധവാപെൻഷൻ മൂന്ന് വില്ലേജുകളിലായി പഞ്ചായത്തിൽ 306 പേർക്കാണ് ലഭിക്കുന്നത്. പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റംവരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

വികലാംഗ പെൻഷൻ

പനങ്ങാട്, കിനാലൂർ, കാന്തലാട് വില്ലേജുകളിലായി യഥാക്രമം 85ഉം 77ഉം 64ഉം ആകെ 226 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇത് ജില്ലാ ആസ്പത്രിയിൽനിന്ന് മാറ്റി താലൂക്ക് ആസ്പത്രികളിലെ പ്രധാന മെഡിക്കൽ ആപ്പീസർമാർക്ക് ചുമതല ദൽകാനുള്ള നടപടികൾ സ്വീകരിക്കണം. ഇതുമൂലം വികലാംഗരുടെ യാത്രാക്ലേശം ഇല്ലാതാക്കാനും കഴിയും.

കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ മൊത്തം 1050 പേർക്ക് കർഷകതൊഴിലാളി പെൻഷൻ ലഭിച്ചുവരുന്നു. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. എന്നാൽ അനർഹരായ ധാരാളം പേർക്ക് ലഭിക്കുന്നതായി പരാതിയുണ്ട്. ശരിയായ സർവ്വെയുടെ അടിസ്ഥാനത്തിൽ അനർഹരെഒഴിവാക്കിയാൽ പ്രസ്തുത തുകകൂടി അർഹരായവർക്ക് നൽകാൻ കഴിയുന്നതാണ്. കർഷകതൊഴിലാളിപെൻഷൻ അർഹരായവരെ തെരഞ്ഞെടുക്കുമ്പോൾ കുടുംബവരുമാനം നോക്കാതെ വ്യക്തിവരുമാനം മാനദണ്ഡമാക്കണം.

തൊഴിലില്ലായ്മാ വേതനം

ഇവിടെയും അനർഹർ ആനുകൂല്യം കൈപ്പറ്റിവരുന്നു. അർഹരായ ധാരാളം പേർ അജ്ഞതകൊണ്ടോ മറ്റു കാരണങ്ങളാലോ ഇതിന്റെ ഗുണഭോക്താക്കളായിട്ടില്ല. ഇവരെ കണ്ടുപിടിച്ച് വേതനം ലഭ്യമാക്കാനുള്ള പ്രവർത്തനം നടക്കേണ്ടിയിരിക്കുന്നു. 428 പേർക്ക് മാത്രമാണ് പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നത്.

വാർദ്ധക്യ പെൻഷൻ

ഈ പെൻഷൻ പഞ്ചായത്തിൽ മൊത്തം 59 പേർക്ക് മാത്രമാണ് ലഭിക്കുന്നത്. അർഹരായ മറ്റുള്ളവർക്കുകൂടി ലഭ്യമാക്കാൻ കഴിയണം. കൃത്യസമയത്ത് ഇത് ലഭിക്കായ്കകൊണ്ട് ധാരാളം പ്രയാസം ഉണ്ട്. ജീവിതത്തിന്റെ സായംസന്ധ്യയിൽ മറ്റൊരവലംബവുമില്ലാത്ത ഇത്തരക്കാർ പെൻഷൻ വരുന്നതും കാത്തുനിൽക്കുന്ന അനുഭവം വളരെ ദയനീയമാണ്. കുറേക്കൂടി ദയാദാക്ഷിണ്യം ഇവരോട് കാണിക്കാൻ സാധിക്കേണ്ടതുണ്ട്. 19 പേർക്ക് ക്ഷയരോഗപെൻഷൻ ലഭിക്കുന്നുണ്ട്. എല്ലാവിധ പെൻഷനുകൾക്കും തൊഴിലില്ലായ്മാവേതനത്തിനും അർഹരായവരെ കണ്ടെത്തുന്നതിന്.ഗ്രാമപഞ്ചായത്ത്തലത്തിൽ ഈ പ്രതിനിധികളും സാമൂഹ്യസംഘടനാ പ്രതിനിധികളുമടങ്ങുന്ന കമ്മിറ്റി രൂപകീരിച്ച് ചുമതല നൽകുന്നത് ഗുണപ്രദമാകും.

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന്ന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവറത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA ഇതിന്റെ ഒരു യൂനിറ്റ് മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അഞ്ചാം വാഡിലാണ് 'അനശ്വര' എന്ന പേരിൽ ഇത് പ്രവർത്തിക്കുന്നത്. 10 വനിതകൾക്കായി ഒന്നര ലക്ഷം രൂപ 60,000 രൂപ സബ്സിഡിയോടുകൂടി ലോൺ ലഭിച്ചിട്ടുണ്ട്. റക്സിൻ ബാഗുകളുടെ വിവിധ ഇനങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. സീസണിൽ മാത്രമേ ഇതിന് മാർക്കറ്റുള്ളൂ. അതിനാൽ മറ്റ് ഇനങ്ങളിലും സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം നൽകി അവർക്ക് വേണ്ടത്ര വരുമാനം ലഭിക്കാൻ സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

ഇപ്പോൾ വാടകബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന പ്രസ്തുത യൂനിറ്റിന് സ്വന്തം കെട്ടിടത്തിനായി പഞ്ചായത്ത് രണ്ടു സെന്റ് ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലും വനിതകൾക്ക് ഇത്തരം സംരംഭം തുടങ്ങുന്നതിന് പ്രചോദനവും സഹായവും നൽകേണ്ടതുണ്ട്. ഇതിലൂടെ വനിതാക്ഷേമരംഗത്ത് ഒരു വൻ കുതിച്ചുകയറ്റം സാധ്യമാവും. കൂടാതെ വട്ടോളി പാൽസൊസൈറ്റിയുടെ കീഴിൽ നാല് വനിതകളുടെ സംഘം വിവിധ പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവരുന്നുണ്ട്. മിൽക്പേഡ, ചോക്കലേറ്റ് ബർഫി, ഗുലാബ്ജാമുൻ, ഹൽവ, സിപ്പ്അപ്പ്, തൈര് മുതലായവയാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. ഇതിനുവേണ്ട പരിശീലനം ലഭ്യമാണെങ്കിലും പൊതുവെ നമ്മുടെ പഞ്ചായത്തിലെ വനിതകൾ ആ സാധ്യത പ്രയോജനപ്പെടുത്തുന്നതിൽ വളരെ പിന്നിലാണ്. അജ്ഞതയും പ്രോൽസാഹനക്കുറവും പ്രധാന കാരണങ്ങളാണ്. ഇത് പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാവണം.

ട്രൈസം

18 മുതൽ 35 വരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ഈ പദ്ധതി. നമ്മുടെ പഞ്ചായത്തിൽ ഇതിനുകീഴിൽ പരിശീലനം നേടിയവർ വളരെ കുറവാണ്. 1995-96 വർഷത്തിൽ വെറും നാലു പേരാണ് ഇത് പ്രയോജനപ്പെടുത്തിയത്. രണ്ടുപേർക്ക് ഇലക്ട്രോണിക്സിലും ഒരാൾ വെൽഡിങ്ങിലും മറ്റൊരാൾ ഓട്ടോമെക്കാനിസത്തിലും. സ്വയം തെരഞ്ഞെടുക്കാവുന്ന വിഷയത്തിൽ പരിശീലനം ലഭിക്കാനുള്ള സാധ്യത ഇല്ലാത്തത് ഇതിന്റെ ഒരു പോരായ്മയാണ്. പ്രദേശത്തേക്ക് യോജിച്ച - താൽപര്യമുള്ള വിഷയത്തിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കാനുള്ള സൗകര്യം പഠിതാക്കൾക്ക് അനുവദിക്കണം. പരിശീലനം നേടുന്നതിന് പറ്റിയവരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കാനുള്ള ശ്രമം പഞ്ചായത്തുതലത്തിൽ നടത്തണം.

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലാളികൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ് (ആർ എ പി) ഇതുപ്രകാരം പഞ്ചായത്തിൽ 38 പേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ പേരെ കണ്ടെത്തി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കണം.

ടൂൾകിറ്റ് വിതരണം വാഡ് അടിസ്ഥാനത്തിൽ

വാഡ് നമ്പർ	1	2	3	4	5	6	7	8	9	10	11	12	ആകെ
എണ്ണം	4	6	5	5	7	1	-	3	-	3	4	-	38

കക്കൂസ്

പഞ്ചായത്തിലെ 7922 വീടുകളിൽ 4830 കക്കൂസുകളുണ്ടെന്നാണ് സർവ്വെയിൽ വെളിപ്പെട്ടത്. ഇതിൽ 1341 എണ്ണം സാനിട്ടറിതരവും 3168 എണ്ണം സാധാരണ തരവും 321 എണ്ണം ഓലകൊണ്ട് കെട്ടിയ താൽക്കാലിക തരത്തിലുള്ളവയുമാണ്. ഇനിയും 1607 കക്കൂസുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിലേക്ക് 70 എണ്ണം 95-96 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 48 എണ്ണം പൂർത്തിയാവുകയും 22 എണ്ണം പൂർത്തിയാവാൻ ബാക്കിയുമുണ്ട്. 96-97 വർഷത്തിൽ 151 കക്കൂസുകൾ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

അംഗൻവാടികൾ

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 12 വാഡുകളിലായി 28 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. 1000 പേർക്ക് ഒരു അംഗൻവാടി എന്ന ലക്ഷ്യത്തിലെത്താൻ മൂന്നെണ്ണംകൂടി ഇനിയും സ്ഥാപിക്കേണ്ടതുണ്ട്. കാപ്പിക്കുന്ന്, കന്നിവയൽ കിളിക്കുടുക്ക്, കാവുംപുറം, മങ്കയം എന്നിവിടങ്ങളിൽ അംഗൻവാടി വേണമെന്ന് ഗ്രാമസഭകളിൽനിന്ന് നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്ക് പരിശീലനത്തിന്റെ അഭാവം വ്യാപകമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ആകെയുള്ള 28 അംഗൻവാടികളിൽ സ്ഥിരമായി കെട്ടിടമുള്ളത് ഏഴെണ്ണത്തിനുമാത്രമാണ്. നാലെണ്ണത്തിന്റെ പണി പൂർത്തിയായിവരുന്നു. നാലെണ്ണത്തിന് കെട്ടിടമുണ്ടാക്കാൻ സ്ഥലം ലഭിച്ചിട്ടുണ്ട്. 13 എണ്ണം സ്ഥലംപോലും ലഭിക്കാത്തവയാണ്. കൂടാതെ വയലിടയിൽ ഒരു ശിശുമന്ദിരത്തിന് കെട്ടിടം പണിതിട്ടുണ്ടെങ്കിലും തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭിക്കാത്തവർക്ക് സ്ഥലവും ഫണ്ടും ലഭിക്കണം. സ്ഥലം ലഭിച്ചവർക്ക് ഫണ്ട് ലഭിക്കാനുള്ള നടപടികൾ ഉടൻ ആരംഭിക്കേണ്ടതുണ്ട്. ഇതുവരെയായി കെട്ടിടം നിർമ്മിക്കുന്നതിന് 4.08,000 രൂപ അനുവദിച്ചിട്ടുണ്ട്.

അംഗൻവാടികളുടെ വിവരം

S നമ്പർ	വാഡ് നമ്പർ	എണ്ണം	നമ്പറുകൾ	കെട്ടിടമുള്ളത്	ഫണ്ട് അനുവദിച്ചത്	സ്ഥലം ലഭിച്ചത്	സ്ഥലം ഇല്ലാത്തത്
1			123				✔
2	1	3	124	✔	70,000		
3			125	✔	38,000		
4			126			✔	
5	2	3	127			✔	
6			128	✔	70,000		
7	3	1	129			✔	
8			130	✔			
9	4	3	132	✔	70,000		
10			133			✔	
11			131				✔
12	5	3	134				✔
13			135				✔
14			136				✔
15	6	2	147			✔	
16	7	3	138				✔
17			139	✔			
18	8	2	137				✔
19			140		20,000	✔	
20	9	2	141		25,000	✔	
21			142		25,000	✔	
22			143				✔
23	10	3	144	✔	70,000		
24			145		20,000	✔	
25	11	2	146			✔	
26			148				✔
27	12	2	149				✔
28			150				✔
ആകെ		28		7	9	8	13

അംഗൻവാടികളിലൂടെ നടക്കുന്ന പരിപാടികൾ താഴെപറയുന്നവയാണ്. ബാലുശ്ശേരി ICDS ന്റെ കീഴിലാണ് ഇവ പ്രവൃത്തിക്കുന്നത്.

1. 6 വയസ്സുവരെയുള്ള കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ഗർഭിണികളുടെയും അനുപൂരക പോഷകാഹാര വിതരണം.
2. 3 മുതൽ 6 വരെ വയസുള്ള കുട്ടികൾക്ക് പ്രീ സ്കൂൾ വിദ്യാഭ്യാസം.
3. അമ്മമാർക്ക് ആരോഗ്യപോഷണ വിദ്യാഭ്യാസം.
4. മരണം, രോഗം, പോഷകക്കുറവ് ഇവയുടെയും സ്കൂളിൽനിന്ന് കൊഴിഞ്ഞുപോവുന്ന കുട്ടികളെയും കണക്കുകൾ ശേഖരിക്കുക.
5. വിവിധ വകുപ്പുകളുടെ സഹകരണം ലഭ്യമാക്കുക.
6. റഫറൽ സർവ്വീസ്.

ജനറൽ സെക്ടറിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് 25,000 രൂപയാണ് സർക്കാരിൽനിന്നും ലഭിക്കുന്നത്. പലപ്പോഴും കെട്ടിടംപണിയുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള തുക പൊതുജനങ്ങളിൽനിന്ന് സമാഹരിക്കുന്നതിനാൽ കെട്ടിടനിർമ്മാണത്തിന് അധികമായി വരുന്ന ചെലവ് നിർവ്വഹിക്കാൻ കഴിയാതെവരുന്നു. ഇങ്ങനെ അധികമായിവരുന്ന ചെലവിന് പരിഹാരം പഞ്ചായത്തുതലത്തിൽ കാണേണ്ടതാണ്. സ്വന്തമായി കെട്ടിടങ്ങളുള്ള അംഗൻവാടികൾക്കുതന്നെ ചുറ്റുമതിൽ, കക്കൂസ്, കിണർ, കളിപ്പാട്ടങ്ങൾ എന്നിവക്കായി ഒമ്പതാം പദ്ധതിയിൽ സംഖ്യ വകയിരുത്തേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് വളരെയധികം സംഭാവനകളർപ്പിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ശമ്പളവർദ്ധനവിനുള്ള മാർഗ്ഗം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. ആവശ്യമായ പരിശീലനവും നൽകണം.

മഹിളാ സംഘടനകൾ

ചേരിപ്രദേശങ്ങളിൽ ഗ്രാമപ്രദേശങ്ങൾ ഇവിടങ്ങളിലെ 18 വയസ്സിന് മുകളിലുള്ള സ്ത്രീകളുടെ സാമ്പത്തിക - വിദ്യാഭ്യാസ - സാമൂഹിക - തൊഴിൽപരമായ ഉന്നമനത്തിനുവേണ്ടി അംഗൻവാടിതലത്തിൽ 'ഇന്ദിരാ മഹിളാ കേന്ദ്രങ്ങ'ൾ പ്രവർച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള 15 സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഇനിയും വ്യാപിക്കേണ്ടതുണ്ട്. കൂടാതെ രാഷ്ട്രീയ പാർടികളുടെ ഒരു പൊതുവേദി പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്നത് നന്നായിരിക്കും. ഇവർ കൂട്ടായി നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചു പഠിച്ചു പരിഹാരമാർഗ്ഗങ്ങൾ തേടാൻ ശ്രമിച്ചാൽ ആവശ്യമായ ഫലങ്ങൾ കാഴ്ചവെക്കാൻ കഴിയും. വിദ്യാഭ്യാസ - തൊഴിൽ പരിശീലനം എന്നിവ സംഘടിപ്പിക്കാൻ എളുപ്പത്തിൽ കഴിയും. സ്ത്രീകളുടെ മാന്യതയും വിലയും നശിപ്പിക്കാൻ പുത്തൻ കോളോണിയൽ ലോബികൾ നടത്തുന്ന പ്രചാരണങ്ങളെ ചെറുത്തു തോൽപ്പിക്കാനും കഴിയും.

അനർട്ട്

കോഴിക്കോട് ജില്ലക്കായി പ്രവർത്തിക്കുന്ന അനർട്ടിന്റെ ഓഫീസും ഊർജ ഉപകരണങ്ങളുടെ വിതരണകേന്ദ്രവും നമ്മുടെ പഞ്ചായത്തിന്റെ തൊട്ടടുത്ത് കിടക്കുന്ന ബാലുശ്ശേരിയിലാണ്. ശാസ്ത്ര - സാങ്കേതിക രംഗത്ത് നാം കൈവരിച്ച നേട്ടങ്ങളുടെ ഫലമായി ആർജിച്ച ജീവിതസൗകര്യങ്ങൾ ഇവിടെവെച്ച് സബ്സിഡിവഴി നൽകി വിതരണംചെയ്യുന്നതിന്റെ നല്ല ഒരു പങ്ക് പനങ്ങാട് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നു. പുകയില്ലാത്തതും ഇന്ധനം ലാഭിക്കാനുതകുന്നതുമായ അടുപ്പുകൾ സ്ഥാപിക്കുകയാണ് അതിന്റെ പ്രധാന പരിപാടി. 1993 ഫെബ്രുവരിയിലാണ് ഈ യൂണിറ്റ് ബാലുശ്ശേരിയിൽ സ്ഥാപിതമായത്. സംയോജിത ഗ്രാമീണ ഊർജപരിപാടി IREP യിലൂടെ അടുപ്പ് സ്ഥാപിക്കുന്നതിന് പുറമെ കുക്കർ, സ്റ്റൗ, സോളാർ ലാംപ്, ഇലക്ട്രോണിക് ചോക്കുകൾ മുതലായവ വിതരണം ചെയ്യുന്നു. തീരെ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി സോളാർ ടി വികളും സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചുവരുന്നു. 500 രൂപ പൊതുമാർക്കറ്റിൽ വിലവരുന്ന അടുപ്പുകൾ 60 രൂപക്ക് (പട്ടികജാതി- പട്ടികവർഗ്ഗങ്ങൾക്ക് 40 രൂപക്ക്) എന്ന തോതിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ 500 എണ്ണം സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. വയലിടയിൽ ഒരു സോളാർ ടി വിയും കോട്ടക്കുന്ന് മലയിലെ ട്രൈബൽ കോളനിയിലും പേര്യയിലും ഒരോ സോളാർ സ്ട്രീറ്റ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. 3725 രൂപ വിലവരുന്ന സൂര്യറാന്തൽ ആകെ 1030 എണ്ണം 1725 രൂപക്ക് വിതരണം ചെയ്തതിൽ നല്ല ശതമാനവും ഈ ഗ്രാമപഞ്ചായത്തിലാണ് വിതരണം ചെയ്തത്.

പൊതുവിതരണം (റേഷൻ)

പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ ആകെ 12 പൊതുവിതരണ കേന്ദ്രങ്ങളാണ് ഉള്ളത്. ജനങ്ങൾക്ക് ഇപ്പോഴും 'പൊതുവിതരണകേന്ദ്രം' എന്ന പേരുതന്നെ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പഴയപേരായ 'റേഷൻഷാപ്പ്' എന്നുതന്നെ മാറ്റുന്നതാണ് നല്ലതെന്ന് തോന്നുന്നു. ഈ പൊതുവിതരണം നല്ല പരിപാടിയാണെങ്കിലും വളരെയധികം അഴിമതികളും കൃത്യവിലോപവും കാര്യക്ഷമത കുറഞ്ഞതുമായ മേഖലയായിട്ടാണ് ജനങ്ങൾ കാണുന്നത്. പലപ്പോഴും താഴ്ന്നതരം ഭക്ഷ്യവസ്തുക്കളാണ് വിതരണം ചെയ്യുന്നത്. ഇതിനെ കാര്യക്ഷമവും ഗുണമേന്മയുള്ള ഭക്ഷ്യപദാർഥങ്ങൾ വിതരണം ചെയ്യുന്നതുമാക്കി പരിവർത്തിപ്പിക്കാൻ നടപടികളുണ്ടാവണം. സപ്ലൈ ഓഫീസിന്റെ പ്രവത്തനവും കുറ്റമറ്റതാക്കണം.

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 12 പൊതുവിതരണ കേന്ദ്രങ്ങളിലായി ആകെ 6217 കാർഡുടമകളാണുള്ളത്. ഇതിൽ 2229 എണ്ണം വൈദ്യുതീകരിച്ചതും 3988 എണ്ണം വൈദ്യുതീകരിക്കാത്തതും ആണ്. മുഴുവൻ കാർഡുകളിലുമായി 24450 മുതിർന്നവരും 4359 കുട്ടികളുമടക്കം 28809 ഗുണഭോക്താക്കളുണ്ട്. വീടുകൾക്ക് നമ്പർ കിട്ടാത്തതിനാൽ കാർഡുകൾ ഇനിയും ലഭിച്ചിട്ടില്ലാത്തവരുണ്ട്. ഇവർക്ക് കാർഡ് കിട്ടുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് ചെയ്തുകൊടുക്കുന്നതിൽ കാലതാമസം വരാതിരിക്കണം. ഈ മേഖല കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്തുതലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതികളുണ്ടാക്കി പ്രവർത്തിച്ചാൽ ഗുണപരമായ ഫലങ്ങളുണ്ടാകും.

ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് മാവേലി സ്റ്റോർ. നമ്മുടെ പഞ്ചായത്തിൽ മാവേലി സ്റ്റോറുകളുടെ അഭാവം വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഉൽസവക്കാലത്ത് സഹകരണ സംഘങ്ങൾ നടത്തുന്ന ചന്തകൾ വളരെ ഫലപ്രദമാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസം

പനങ്ങാട് പഞ്ചായത്ത്; പശ്ചിമാദ്രിയുടെ മടിത്തട്ട്. മഞ്ഞണിഞ്ഞ മാമലകളും പച്ചപ്പട്ടുടുത്ത താഴ്വരകളും കളകളം പാടിയൊഴുകുന്ന കാട്ടാറുകളും, റബ്ബർ തോട്ടങ്ങളും നിബിഡവനങ്ങളും മേലാപ്പണിയിച്ചുനിൽക്കുന്ന വിശാല ഭൂപ്രദേശം. മൂന്ന് വില്ലേജുകളെ ഉൾക്കൊള്ളുന്ന ഈ ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ലയിലെ അവികസിത പഞ്ചായത്തുകളിലൊന്നാണ്. മലമ്പ്രദേശങ്ങളിൽ ജനവാസം താരതമ്യേന കുറവാണെങ്കിൽ മറ്റു പ്രദേശങ്ങൾ ജനസാന്ദ്രത കൂടിയതും ദരിദ്ര ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നവയുമാണ്.

വിദ്യാഭ്യാസത്തിന്റെ വെള്ളിവെളിച്ചം ജനസമൂഹങ്ങളെ മാറ്റത്തിന്റെ വഴിയിലേക്ക് കൈപിടിച്ചുനടത്തിയപ്പോഴും മാറിവന്ന ഭരണകൂടങ്ങളും, അവർ സമർപ്പിച്ച വിവിധ കരിക്കുലങ്ങളും ഈ രംഗത്ത് വിപ്ലവത്തിന്റെ ശംഖൊലിയുയർത്തിയപ്പോഴും പഞ്ചായത്തിലെ ഏതെങ്കിലും പ്രദേശം അവക്കെതിരെ പുറംതിരിഞ്ഞു നിന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ഇവിടുത്തെ ഭൂപ്രകൃതി തന്നെയാണ്. എന്നാൽ ആ ഇരുൾ മുറ്റിയ യുഗത്തിലും വിജ്ഞാനം കളഞ്ഞുപോയ ധനമാണെന്നുകരുതി. അതു തപ്പിയെടുക്കാൻ നമ്മുടെ പഞ്ചായത്തിൽ പലയിടങ്ങളിലും ശ്രമങ്ങളുണ്ടായി. കാലത്തോടൊപ്പം കുടിപ്പള്ളിക്കൂടങ്ങളിലും ഓത്തുപള്ളികളും എഴുത്തുപള്ളികളും കടന്ന്, മണലെഴുത്തും ഓലയെഴുത്തും പലകയെഴുത്തും ശീലിച്ച് ഇന്നത്തെ രീതിയിലുള്ള എൽ പി, യു പി, ഹൈസ്കൂൾ സമ്പ്രദായങ്ങളിലേക്ക് വരുമ്പോൾ കാലത്തോടൊപ്പം പഠനരീതിക്കും മാറ്റം വന്നത് സ്വാഭാവികം. തിരുവാഞ്ചേരിപൊയിലിൽ 1900-ൽ സ്ഥാപിച്ച് പ്രിൻസ് ഓഫ് വെയിൽസ് എന്ന് പിന്നീട് നാമകരണം ചെയ്ത സ്കൂൾ ആയിരിക്കണം ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമെന്ന് കണക്കാക്കപ്പെടുന്നു. ഏകദേശം 1922-ൽ തുടക്കമിട്ട പനങ്ങാട് എയിഡഡ് മാപ്പിള സ്കൂൾ ആണ് ഇന്നത്തെ പനങ്ങാട് സൗത്ത് യു പി സ്കൂൾ. എടക്കുളം, തിരുന്നാവായ സ്വദേശി തയ്യിൽ സൈതാലി മുസ്ല്യാർ ആണ് ഇതും ഇന്നത്തെ പനങ്ങാട് വെസ്റ്റ് എ എൽ പി സ്കൂളും സ്ഥാപിച്ചത്. ഓത്തുപള്ളികളിൽ മതപഠനത്തിനുശേഷം മറ്റു പഠനങ്ങളാണ് നടന്നിരുന്നത്. അറബിമലയാളമായിരുന്നു പഠനരീതി. സംസ്കൃതം കലർന്ന മലയാളമാണ് എഴുത്തുപള്ളികളിൽ പൊതുവെ സ്വീകരിച്ചത്.

കിനാലൂരിലെ കുറ്റിക്കണ്ടി ഭാഗത്ത് പരേതനായ അരീക്കുഴി ഗോവിന്ദൻനായർ തുടക്കമിട്ട കൊച്ചു പള്ളിക്കൂടമാണ് തൊട്ടടുത്ത താഴെ ഇല്ലത്തേക്കും അവിടുന്ന് ഇന്നുള്ള പുവ്വമ്പായിലേക്കും മാറ്റി സ്ഥാപിച്ച, 1977 മുതൽ ഹൈസ്കൂളായി ഉയർത്തിയ് പുവ്വമ്പായ് ഹൈസ്കൂൾ. വിദ്യാഭ്യാസം ഒരു കച്ചവടവും വ്യവസായവും ആവാതിരുന്ന പഴയകാലത്ത് വിദ്യാലയങ്ങൾ സ്ഥാപിച്ച് അവ നിലനിർത്താനാവാതെ രംഗം വിടേണ്ടിവന്നവർ ഇവിടെയും ഇല്ലാതില്ല. തച്ചംപൊയിലിനടുത്ത ചോയിമഠം നൂറുൽ ഹുദാ ഓത്തുപള്ളിക്കൂടം നിർമ്മല്ലൂരിലെ കൊട്ടാരം ബോർഡ് സ്കൂൾ എന്നിവ ഉദാഹരണം. 6, 7 ക്ലാസുകളോടെ പെരുമ്പാപ്പാറയിൽ ആരംഭിച്ച കരുണാറാം സ്കൂൾ ഒന്നോ രണ്ടോ വർഷത്തിനകം നിർത്തലാക്കി . മദിരാശി സർക്കാരിന്റെ കാലത്ത് ഡെപ്യൂട്ടി ഇൻസ്പെക്ടർമാർ ആയിരുന്ന വി വി രാമയ്യർ, ഗഫൂർഷാ എന്നിവർ ഈ പ്രദേശങ്ങളിലെ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ ആവശ്യമായ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയിരുന്നവരാണ്. ചുരുക്കത്തിൽ 1900 മുതൽ 1935 വരെയുള്ള കാലങ്ങളിലാണ് വിവിധ തരം പള്ളിക്കൂട

ങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽവന്നത് എന്നു പറയാം. തുടക്കം മുതൽതന്നെ എല്ലാ ജനസമുദായങ്ങളിലും പെട്ടവർ പഠനരംഗത്ത് ഏറെയൊന്നും താൽപര്യം കാണിച്ചില്ലെങ്കിലും അവർക്കിടയിൽ വിവേചനം നടന്നതായി തെളിവുകളില്ല. പിന്നോക്കവിഭാഗക്കാർ സാമൂഹ്യമായ അന്നത്തെ ചുറ്റുപാടുകളാൽ വിദ്യാഭ്യാസത്തിന്റെ പ്രധാന്യം ഉൾക്കൊള്ളായ്കയാലും ജീവിതസാഹചര്യം അനുകൂലമല്ലാത്തതിനാലും ഒരു പരിധിവരെ വിട്ടുനിന്നു എന്നതും ഒരു വസ്തുതയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് നമ്മുടെ പഞ്ചായത്തിന് പുറത്തുള്ള ചിലയിടങ്ങളിലേക്ക് ഈ പ്രദേശങ്ങളിൽ നിന്നും വളരെക്കുറച്ചുപേർ തുടർവിദ്യാഭ്യാസത്തിന്നായി പോയിരുന്നത് പഴമക്കാരായ പലരുടെയും ഓർമയിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു.

അറിയപ്പെട്ട പ്രക്ഷോഭങ്ങളൊ, മറ്റു സമരങ്ങളൊ വല്ലാതെയൊന്നും ഈ പ്രദേശത്തെ സ്വാധീനിച്ചില്ലെങ്കിലും ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പോരാട്ടത്തിൽ സ്കൂളുകൾ അടച്ചിട്ട് അധ്യാപകരും വിദ്യാർഥികളും സമരരംഗത്ത് വന്നിട്ടുണ്ട്. ആരോഗ്യദിനാചരണ റാലിയിൽ 'യൂനിയൻ ജാക്' വലിച്ചെറിഞ്ഞ് ത്രിവർണപതാകയേന്തി ദേശസ്നേഹം തെളിയിച്ചിട്ടുണ്ട്.

ഇപ്പറഞ്ഞവയൊക്കെയും ഇന്നലെകളുടേതാണ്. എന്നാൽ വർത്തമാനകാലത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ പൊതു അവസ്ഥകൾ എന്തൊക്കെയാണ്? വിദ്യാഭ്യാസമേഖലയിൽ തികഞ്ഞ പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടെതെന്ന് പറയാൻ കഴിയില്ലെങ്കിലും ഗൗരവമായ ശ്രദ്ധപതിപ്പിക്കേണ്ട ഒരു മേഖല തന്നെയാണിത്. പ്രൈമറി വിദ്യാഭ്യാസം സാർവത്രികമായിട്ടുണ്ടെങ്കിലും കുട്ടികളുടെ കൊഴിഞ്ഞുപോക്കും തീർത്തും ഇല്ലാതില്ല. വിദ്യാഭ്യാസത്തിന്റെ അനുപേക്ഷണീയതയെക്കുറിച്ച് തികഞ്ഞ ബോധം ഇനിയും ഉണ്ടായിട്ടില്ലാത്ത ജനവിഭാഗങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. സാമ്പത്തികവും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾ മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെക്കുറിച്ചുള്ള അജ്ഞതയും ഒരു പരിധി വരെ ഇതിന്റെ കാരണങ്ങളായി കാണാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും അഞ്ച് യു പി സ്കൂളുകളും ആറ് എൽ പി സ്കൂളുകളുമാണുള്ളത്. ഇവയിൽ ഒരു എൽ പി സ്കൂളും ഒരു യു പി സ്കൂളും മാത്രമാണ് സർക്കാർ ഉടമയിലുള്ളത്. ബാക്കിയുള്ള പത്തുവിദ്യാലയങ്ങളും സ്വകാര്യ മാനേജ്മെൻറുകളുടെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. ഈ സ്കൂളുകളിലെല്ലാം കൂടി 4660 വിദ്യാർഥികൾ പഠനം നടത്തിവരുന്നു. എസ് എസ് എൽ സി കഴിഞ്ഞ് ഉയർന്ന കോഴ്സുകളിൽ ചേർന്നുപഠിക്കുന്നവരുടെയും (PDC, DC, PG) മറ്റു സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നവരുടെയും കൃത്യമായ ഒരു കണക്കും നമുക്കുലഭ്യമല്ല.

പട്ടിക ഒന്ന്:-

വിദ്യാർഥികൾ, അധ്യാപകർ

നമ്പർ	സ്കൂളിന്റെ പേര്	ഗവ.	എയിഡഡ്	വിദ്യാർഥികൾ B	G	T	അധ്യാപകർ അനുവദിച്ചത്	നിലവിലുള്ളത്	ഒഴിവുകൾ
1	GLPS കിനാലൂർ ഈസ്റ്റ്	✔		76	73	149	5	5	NIL
2	ALPS തലയാട്		✔	173	164	337	10	10	NIL
3	ALPS വയലട		✔	51	50	101	4	4	NIL
4	നോർത്ത് AUPS പനങ്ങാട്		✔	252	229	481	18	18	NIL
5	AUPS മുണ്ടക്കര		✔	230	221	451	20	20	NIL
6	ലോഹ്യ മെമ്മോറിയൽ ALPS നിർമ്മല്ലൂർ		✔	45	36	81	4	4	NIL
7	ALPS നിർമ്മല്ലൂർ		✔	101	100	201	8	8	NIL
8	ALPS പനങ്ങാട് വെസ്റ്റ്		✔	15	12	27	4	4	NIL
9	AUPS പനങ്ങാട് സൗത്ത്		✔	-	-	501	21	21	NIL
10	GUPS കിനാലൂർ	✔	-	117	112	229	10	9	1
11	ദേശസേവാ AUPS കുറുമ്പൊയിൽ	-	-	251	252	503	20	20	NIL
12	AMHS പുവ്വമ്പായ്	-	-	839	761	1600	62	62	NIL
	ആകെ	2	10			4660	186	185	2

ഇതിനുള്ള ഒരു പ്രധാന കാരണം ഇത്തരത്തിലുള്ള സ്ഥാപനങ്ങളൊന്നും- നമ്മുടെ പഞ്ചായത്തിൽ നിലവിലില്ലാത്തതും ഇവയെക്കുറിച്ചുള്ള വസ്തുതാന്വേഷണ രേഖകൾ ലഭ്യമല്ലാത്തതിനാലുമാണ്. എങ്കിലും ഓരോ വർഷവും എസ് എസ് എൽ സി കഴിഞ്ഞു പുറത്തുവരുന്ന മിക്ക വിദ്യാർഥികളും തുടർവിദ്യാഭ്യാസം തേടുന്നുവെന്നതാണ് യാഥാർഥ്യം.

വിദ്യാർഥി ബാഹുല്യം കാരണം വീർപ്പുമുട്ടിയിരുന്ന പല വിദ്യാലയങ്ങളും ഇന്ന് നിലവിലുള്ള തസ്തികകൾ

നിലനിർത്താനും അധികാരികളുടെ തലയെണ്ണൽ മറികടക്കാനും തന്ത്രപ്പെടുകയാണ്. അതുപോലെ നിലവിലുള്ള വിദ്യാലയങ്ങളുടെ പഠനനിലവാരം നമ്മുടെ ഏക ഹൈസ്കൂളായ പൂവമ്പായിലേതടക്കം വളരെ മോശമായതിനാൽ എസ് എസ് എൽ സി പരീക്ഷയിൽ കുട്ടികൾക്ക് ഉയർന്ന മാർക്ക് വാങ്ങാൻ കഴിയാതെ പോകുന്നു. ഇത് അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള പ്രവേശനം നമ്മുടെ കുട്ടികൾക്ക് നിഷേധിക്കപ്പെടുകയും പാരലൽ കോളേജുകളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. വലിയ സാമ്പത്തിക ബാധ്യതയുള്ള ഈ മേഖല ദരിദ്രപിന്നോക്ക വിഭാഗങ്ങൾക്ക് അപ്രാപ്യമായിത്തീരുകയും ഉന്നത പഠനത്തിനുള്ള അവസരം അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. അതുപോലെ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ പഠിക്കാൻ വിടുന്നത് ഒരാവശ്യവും അഭിമാനവുമാണെന്ന ധാരണ രക്ഷിതാക്കളിൽ വളർന്നുവരുന്നുണ്ട്. വലിയ സാമ്പത്തിക ബാധ്യതയുള്ള ഈ രംഗം സാധാരണ ഇടത്തരം ജനങ്ങളെക്കൂടി ആകർഷിക്കുന്നുണ്ട്. വികലമായ ധാരണയുടെ ഫലം എന്നുപറഞ്ഞൊഴിയാൻ സാധിക്കുമെങ്കിലും നമ്മുടെ സർക്കാർ, എയിഡഡ് സ്കൂളുകളുടെ ശോച്യാവസ്ഥയും നിലവാരത്തകർച്ചയും ഈ പ്രവണതക്ക് ആക്കം കൂട്ടുന്നുവെന്ന വസ്തുത വിസ്മരിക്കാവതല്ല.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഇനിയും മനസ്സിലാക്കാതെയോ, മറ്റു സാഹചര്യങ്ങളാലോ ഇടക്കുവെച്ച് പഠനം നിർത്തുന്നവരും കൊഴിഞ്ഞുപോകുന്നവരും നമ്മുടെ പഞ്ചായത്തിലും ഇല്ലാതായില്ല എന്നതാണ് വസ്തുത. പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ ലഭ്യമായ മൊത്തം കണക്കുകൾ പരിശോധിക്കുമ്പോൾ അവർക്കിടയിലെ കൊഴിഞ്ഞുപോക്ക് വളരെക്കുറഞ്ഞുവരുന്നു എന്നത് ആശ്വാസകരമാണ്. സർക്കാർ തലത്തിൽ ലഭിച്ചുകൊണ്ടിരി

പട്ടിക രണ്ട്:- **പഠനം നിർത്തി കൊഴിഞ്ഞുപോയവർ**

	SC/ST		മറ്റുള്ളവർ		
	ആൺ	പെൺ	ആൺ	പെൺ	ആകെ
L. P.	2	-	10	9	21
U.S.	-	-	2	2	4
H. S.	-	1	1	2	4
	2	1	13	13	29

ക്കുന്ന വിവിധതരം സാമ്പത്തിക സഹായങ്ങളും നിരന്തരമുള്ള ബോധവൽക്കരണ പരിപാടികളും സ്കൂളുകളിലേക്കുള്ള വിദ്യാർഥികളുടെ ഔൽസുക്യത്തിനുള്ള കാരണങ്ങളാണ്. ലംപ്സംഗ്രാന്റ്, മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്, വികലാംഗ സ്കോളർഷിപ്പ്, മെറിറ്റ് സ്കോളർഷിപ്പ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവ ഉദാഹരണങ്ങൾ. ഇത്തരം സ്കോളർഷിപ്പുകളിൽ S C, S T വിദ്യാർഥികൾക്കുള്ള ലംപ്സംഗ്രാന്റ്

ലംപ്സംഗ്രാന്റ് വാങ്ങുന്ന വിദ്യാർഥികൾ:

STD	ആൺ	പെൺ	ആകെ
I	46	42	88
II	42	45	87
III	44	31	75
IV	40	41	81
V	32	34	66
VI	38	38	76
VII	34	51	85
VIII	18	20	38
IX	16	19	35
X	15	15	30
Total	325	336	661

ഒഴിച്ചുള്ളവ വർഷാരംഭത്തിൽതന്നെ ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമായി നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിലെ മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് ഇതേവരെ വിതരണം നടത്തിയില്ല എന്ന പരാതി കൂടിയുണ്ട്. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് റബ്ബർ ബോർഡ്വക സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. ഒട്ടേറെ സർക്കാർ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും വയലിടയിലെ ആദിവാസി സമൂഹത്തിൽപെട്ട കുട്ടികളെ സ്ഥിരമായി സ്കൂളിലെത്തിക്കാൻ കഴിയുന്നില്ല.

മറ്റു സ്കോളർഷിപ്പ് ലഭിക്കുന്നവർ:-

	സ്കൂൾ	മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്	മെറിറ്റ് സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്
1	ലോഹ്യമെമ്മോറിയൽ LPS	-	-	-
2	നിർമല്ലൂർ ALPS	-	-	-
3	പനങ്ങാട് നോർത്ത് AUPS	-	1	-
4	പനങ്ങാട് വെസ്റ്റ് ALPS	-	-	-
5	മുണ്ടക്കര AUPS	8	2	-
6	പനങ്ങാട് സൗത്ത് AUPS	53	-	-
7	കിനാലൂർ GUPS	-	9	-
8	പുവ്വമ്പായ് H S	240	-	8
9	ദേശസേവ AUPS	37	-	-
10	വയലട ALPS	-	-	-
11	തലയാട് ALPS	-	-	-
12	കിനാലൂർ ഈസ്റ്റ് GLPS	-	-	-

രക്ഷിതാക്കൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുകയും ജീവിതത്തിലെ പല അനിവാര്യതകളും മാറ്റിവെച്ച് തങ്ങളുടെ കുട്ടികളെ പഠിക്കാൻ വിടുകയും അവരുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകുകയും ചെയ്യുമ്പോഴും കുട്ടികളുടെ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ, സ്വകാര്യ വിദ്യാലയങ്ങൾക്ക് കഴിയുന്നില്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള അസൗകര്യം അറ്റകുറ്റപ്പണികൾ നടത്താത്ത കെട്ടിടങ്ങൾ, ഉപയോഗത്തിനുപറ്റാത്ത ഫർണിച്ചറുകൾ, അനാരോഗ്യകരമായ ക്ലാസ്റൂം സംവിധാനങ്ങൾ തുടങ്ങിയവ ഇവയിൽ ചിലത് മാത്രമാണ്. തുടക്കത്തിൽ എൽ പി വിഭാഗത്തിലും പിന്നീട് യു പി വിഭാഗത്തിലും സർക്കാർ നടപ്പാക്കിയ ഉച്ചക്കഞ്ഞി വിതരണം എവിടെയും കാര്യക്ഷമമായി നടക്കുന്നില്ലെന്നുതന്നെ പറയാം. അരിയും മറ്റു ഭക്ഷ്യസാധനങ്ങളും കൃത്യസമയത്ത് ലഭിക്കുന്നില്ലെന്നതാണ് പ്രധാനകാരണം. ഇക്കാര്യത്തിൽ സിവിൽ സപ്ലൈസും സ്കൂൾ അധികൃതരും ഒരുപോലെ കുറ്റക്കാരാണ്. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിനാവശ്യമായ ചിലവുകൾ ലഭ്യമാക്കുന്നതിൽ വ്യക്തമായ സംവിധാനവും ഇന്നില്ല. ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കാൻ ഒട്ടും താമസിച്ചുകൂടാത്തതാണ്.

മേൽപ്പറഞ്ഞവയൊക്കെയും ബാഹ്യതലത്തിലുള്ളവയാണെങ്കിൽ വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങളും വളരെയൊന്നും മെച്ചപ്പെട്ടവയല്ല എന്നുകാണാം. ആധുനിക പഠനരീതി പ്രാവർത്തികമാക്കാനാവശ്യമായ ഇലക്ട്രോണിക് സംവിധാനങ്ങൾ മാത്രമല്ല, ലൈബ്രറി, ലെബോറട്ടറി, സ്പോട്സിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവയും ഈ ഗണത്തിൽ വരുന്നവയാണ്. ഉള്ള സൗകര്യങ്ങൾ വേണ്ടവിധത്തിൽ പല വിദ്യാലയങ്ങളും ഉപയോഗപ്പെടുത്തുന്നില്ല എന്ന പരാതിയുമുണ്ട്.

ഇപ്പറഞ്ഞവ പ്രശ്നത്തിന്റെ ഒരുവശം മാത്രമാവുന്നു. വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കി വരുന്ന പുതിയ സംവിധാനങ്ങളുടെ ഭാഗമായുള്ള മാതൃസംഗമങ്ങൾ, പ്രവർത്തന നിരതമായ പി ടി എ കമ്മിറ്റികൾ എന്നിവ സജീവമായുള്ള സ്കൂളുകളിൽ അക്കാദമിക്, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടുവരുന്നു എന്നും കാണാവുന്നതാണ്. എന്നാൽ അനാവശ്യസമരങ്ങൾ മൂലം നഷ്ടപ്പെടുന്ന പ്രവൃത്തിദിനങ്ങളുടെ പ്രശ്നങ്ങൾക്ക് ഇപ്പറഞ്ഞവക്കൊന്നും പരിഹാരം കാണാനാവുന്നില്ല. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ പോലും സാധ്യായ ദിവസങ്ങളിൽ 34 എണ്ണം കുറവുവന്നു എന്നത് പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. കൂട്ടായ ചിന്തയും അടിയന്തരശ്രദ്ധയും പതിയേണ്ട ഒരു പ്രശ്നമായി ഈ സ്ഥിതിവിശേഷത്തെ കാണേണ്ടതുണ്ട്. ഹൈസ്കൂളുകളിലൊതുങ്ങി നിന്നിരുന്ന വിദ്യാർഥി സമരങ്ങളുടെ രീതി മാറി 'വിദ്യാഭ്യാസബന്ദ്' എന്ന പുതിയ മാനം കൈവന്ന സമരമുറയാവണം പ്രൈമറി സ്കൂളിലെയും സാധ്യായദിനങ്ങൾ കവർന്നെടുത്തത്. ഈ പുതിയ പ്രവണതയെ ഒട്ടും പ്രോത്സാഹിപ്പിച്ചുകൂടാ.

ഭൂമിശാസ്ത്രപരവും മറ്റു ഭൗതികപരവുമായ പ്രശ്നങ്ങൾ നിലനിൽക്കെതന്നെ പാഠ്യ-പാഠ്യേതര രംഗങ്ങളിലെ നിലവാരമില്ലായ്മയും ആ രംഗത്തെ പ്രശ്നങ്ങളെയും മറികടക്കാൻ വിവിധങ്ങളായ പരിഹാരക്രിയകൾ നടന്നുവരുന്ന അവസരങ്ങളിൽ നമ്മുടെ വിദ്യാർഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരത്തെക്കൂടി വിലയിരുത്തേണ്ടതുണ്ട്. ഒന്നാംതരം തൊട്ടേ ഒന്നാന്തരമാവണമെന്ന ആഗ്രഹത്തോടെ സ്കൂളിലേക്ക് കടന്നുവരുന്ന ഒരു കുട്ടി, എൽപി, യു പി, ഹൈസ്കൂളിലെ പത്തുവർഷങ്ങൾ പിന്നിട്ട് പുറത്തുവരുമ്പോഴത്തെ അവന്റെ നിലവാരത്തകർച്ച എന്നത്തേതിലും വർധിച്ചുവരുന്നു എന്നു കാണാം. ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും കടന്നുകയറ്റം, ഉപഭോഗ സംസ്കാരത്തിന്റെ വർധിച്ചവരുന്ന സ്വാധീനം, ഭീതിജനകമായി അവന് തോന്നുന്ന പരീക്ഷാരീതികൾ, ഭാവിയെക്കുറിച്ചുള്ള ശൂന്യവും മിഥ്യയുമായ ധാരണ തുടങ്ങിയവയെല്ലാം ഇതിന്റെ കാരണങ്ങളിൽ ചിലതു മാത്രമാണ്.

അക്കാദമിക് നിലവാരം:-

Std	30%ത്തിന് താഴെ	30-40% മാർക്ക് നേടിയവർ	40-50% മാർക്ക് നേടിയവർ	50-60% മാർക്ക് നേടിയവർ	60%ത്തിന് മുകളിൽ
III	121	76	94	78	132
IV	161	93	79	96	127
V	137	65	80	74	64
VI	155	70	71	88	89
VII	150	62	64	79	67
VIII	209	23	10	3	2
IX	196	44	22	4	4
X	152	30	15	7	2

സ്ഥിതിവിവരക്കണക്കുകൾ നൽകുന്ന ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുത താരതമ്യേന എൽ പി, യു പി വിഭാഗങ്ങളിൽ നല്ല മാർക്ക് വാങ്ങുന്നവർ പോലും ഹൈസ്കൂൾ തലത്തിലെത്തുമ്പോഴേക്കും കുത്തനെ താഴോട്ടുപോകുന്നു എന്നാണ്. നിരക്ഷരത ഇല്ലായ്മ ചെയ്യാൻ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പലനൂതന പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ തന്നെ വിദ്യാലയങ്ങളിൽ നിരക്ഷരരുടെ എണ്ണം കൂടുന്നുണ്ടോ എന്ന സംശയവും അസ്ഥാനത്തല്ല. പല ഗ്രാമസഭാ റിപ്പോർട്ടും ഈയൊരു വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഇത് പരിഹരിക്കാനും ആസൂത്രിതമായ നടപടി വേണ്ടതുണ്ട്. ഇനി എസ്. എസ്. എൽ. സി. റിസൾട്ടിന്റെ കാര്യമാണെങ്കിൽ അത് കൂടുതൽ ദയനീയമാണെന്നു കാണാം. പരിഹാരബോധനപ്രവർത്തനങ്ങൾ ഒരു ഭാഗത്ത് നടക്കുമ്പോഴും വിജയശതമാനത്തിന്റെ കാര്യത്തിൽ പതനത്തിന്റെ പാതാളത്തിലേക്ക് കൂപ്പുകുത്തുന്നതാണ് കണക്കുകൾ എന്നുകാണാം. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പൂവ്വമ്പായ് ഹൈസ്കൂളിന്റെ വിജയശതമാനം സംസ്ഥാന തലത്തിനേക്കാൾ വളരെ താഴെയാണ്. ഈ ദുസ്ഥിതി പരിഹരിക്കാനും വിജയശതമാനം ക്രമാനുഗതമായി ഉയർത്തിക്കൊണ്ട് അയൽപ്രദേശങ്ങളിലെ വിദ്യാർഥികളെക്കൂടി ഇവിടുത്തേക്ക് ആകർഷിക്കാനും നാം വഴികാണേണ്ടതുണ്ട്.

എസ് എസ് എൽ സി വിജയശതമാനം:-

1992-93	93-94	94-95	95-96
16%	36%	22%	15%

പഞ്ചായത്തിൽ നേരത്തെ സൂചിപ്പിച്ച വിദ്യാലയങ്ങൾക്ക് പുറമെ, തീർത്തും സ്വകാര്യ മേഖലയിലുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ഗാന്ധി സ്മാരകനിധി വക ഒരു പ്രീ-പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 28 അംഗൻവാടികളും ഉണ്ട്. കൂടാതെ പൂവമ്പായ്, പടിക്കൽ വയൽ, കൊയലാട്ടുമുക്ക്, ബാലുശ്ശേരി മുക്ക്, തിരുവാഞ്ചേരി പൊയിൽ, വട്ടോളി ബസാർ എന്നിവിടങ്ങളിലായി ട്യൂഷൻ സെൻററുകളും പ്രവർത്തിച്ചുവരുന്നു. മതപഠനങ്ങൾക്കായുള്ള സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സജീവ ജനപങ്കാളിത്തത്തോടെ നടന്നിരുന്ന സാക്ഷരതാ പരിപാടിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമായി നടത്തായ്കയാൽ പല നവസാക്ഷരരും നിരക്ഷരതയിലേക്ക് നീങ്ങുന്നത് തടയപ്പെടേണ്ടതുണ്ട്.

എണ്ണിപ്പറയാൻ കുറെ സ്ഥാപനങ്ങളുണ്ടെങ്കിലും പഞ്ചായത്തിലെ മലയോരപ്രദേശങ്ങളായ വാഴോറമല, മങ്കയം, ചീടിക്കുഴി, കണ്ണാടിപൊയിൽ എന്നിവിടങ്ങളിലെ പിഞ്ചുകുട്ടികൾ പോലും കിലോമീറ്ററുകൾ താണ്ടി വേണം വിദ്യ നേടാൻ. ഈ അവസ്ഥ പരിഹരിക്കാൻ മേൽസൂചിപ്പിച്ച പ്രദേശങ്ങളിൽ ഓരോ എൽ പി സ്കൂളുകൾ സ്ഥാപിക്കുകയും പഞ്ചായത്ത് അതിർത്തിയിലുള്ള ഏക ഗവ. എൽ പി സ്കൂളായ കിനാലൂർ ഈസ്റ്റ് ജി എൽ പി സ്കൂളിനോടൊപ്പം നിർമ്മലൂർ ലോഹ്യ മെമ്മോറിയൽ എൽപി സ്കൂൾ, വയലാട് എൽ പി സ്കൂൾ, തലയാട് എൽ പി സ്കൂൾ, എന്നിവയും അപ്ഗ്രേഡ് ചെയ്യണം. തലയാട് പ്രദേശത്തെ കുട്ടികൾ പത്ത് കി.മീറ്റർ യാത്രചെയ്താണ് ഹൈസ്കൂളുകളിലെത്തുന്നത്. ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

മുണ്ടക്കര എ യു പി സ്കൂൾ, കിനാലൂർ ജി എൽ പി സ്കൂൾ ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളിലും പഠന നിലവാരം താഴോട്ട് പോകുന്നതിൽ എല്ലാ ഗ്രാമസഭകളും ഉൽക്കണ്ഠ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അവസ്ഥ ഇല്ലായ്മചെയ്യാൻ അധ്യാപകരും രക്ഷിതാക്കളും ബന്ധപ്പെട്ട അധികാരികളും കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും സ്കൂളിന്റെ പ്രവർത്ത

നങ്ങൾ വിദ്യാഭ്യാസ സമിതി മുഖേന പൊതുജനങ്ങൾ അറിയാൻ സംവിധാനം ഉണ്ടാക്കുകയും വേണം.

അധ്യാപകർക്കാവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുക, പി ടി എക്കും മാതൃസമിതികൾക്കും പഞ്ചായത്ത് തലത്തിൽ പൊതുപ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുക, മാത്തമാറ്റിക്സ് ക്ലബ്, ഹെൽത്ത് കോർണർ, ശാസ്ത്ര മൂലകൾ, സഹിത്യസമാജങ്ങൾ, വായനശാലകൾ, സ്കൗട്ട്സ് ആൻറ് ഗൈഡ്, റെഡ്ക്രോസ് പ്രവർത്തനങ്ങൾ എന്നിവ എല്ലാ വിദ്യാലയങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഇവയുടെ നടത്തിപ്പിൽ രക്ഷിതാക്കളുടെയും പൂർവവിദ്യാർഥികളുടെയും പങ്കാളിത്തം ഉണ്ടാകുക. കുട്ടികളുടെ നിരീക്ഷണപാടവം വളർത്തിയെടുക്കാൻ ആവശ്യമായ പ്രകൃതിപാഠനരീതി ആവിഷ്കരിക്കുക, അവരിലെ സർഗാത്മക കഴിവുകൾ വികസിപ്പിച്ചെടുക്കാൻ കൈയെഴുത്ത് മാസിക, ചുമർമാസിക എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തുക, ഐക്യവും സാഹോദര്യവും വളർത്തുന്നതിനുവേണ്ടിയുള്ള സൗഹൃദപഠനരീതി ഫലപ്രദമായി നടപ്പിലാക്കാൻ പദ്ധതികളാവിഷ്കരിക്കുക, ചെലവുകൂടിയ ദീർഘദൂര പഠനയാത്രകൾക്ക് പകരം വിജ്ഞാനപ്രദവും പ്രാദേശികവും ചിലവുകുറഞ്ഞതുമായ ഹ്രസ്വ ദൂര പര്യടനങ്ങൾക്ക് മുൻതൂക്കം നൽകുക, പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ബുക്ബാങ്ക് സംവിധാനം ഏർപ്പെടുത്തുക, ദേശീയ, സംസ്ഥാന തലങ്ങളിൽ കായികതാരങ്ങളെ സംഭാവനചെയ്ത നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം നിർമിക്കാൻ നടപടികൾ ത്വരിതപ്പെടുത്തുക, പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും യൂനിഫോം ഏകീകരിക്കുകയും ചെയ്യുക.

കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും ഫർണിച്ചറുകളുടെ അപര്യാപ്തതയും സിമൻറ് പൂശാത്ത തറയും കളിസ്ഥലത്തിൻെറ പോരായ്മയും ക്ലാസുകളെ വേർതിരിക്കാൻ വേണ്ട സംവിധാനമില്ലായ്മയും അനാരോഗ്യകരമായ പാചകസംവിധാനങ്ങളും ഏതാണ്ടെല്ലാ സ്കൂളുകളുടെയും പ്രശ്നമാണ്. പൊതുനിരത്തുകളോട് ഉരുമ്മിനിൽക്കുന്ന വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമിക്കുന്നതിനും ശാസ്ത്രീയവും ഇന്ധനലാഭമുള്ളതുമായ 'അനർട്' അടുപ്പുകൾ സ്ഥാപിക്കുന്നതിനും അടിയന്തര പരിഗണന നൽകേണ്ടതുണ്ട്. കേവലം 27 വിദ്യാർഥികളെയും അവരെ 'അഭ്യസിപ്പിക്കാൻ' നാല് അധ്യാപകരെയും വെച്ച് ഒരു വിദ്യാലയം നമ്മുടെ പഞ്ചായത്തിലുണ്ടെന്നതും മറന്നുകൂടാത്തതാണ്. തീർത്തും അനാരോഗ്യകരമായ ചുറ്റുപാടിലുള്ള ഈ സ്കൂളിനെ ഏറ്റവും അടുത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് ഇതിനെ സംരക്ഷിക്കേണ്ട നടപടിക്ക് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ ഒന്നുമുതൽ 10 വരെ ക്ലാസുകൾ ഒരേ കോംപൗണ്ടിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ രീതി അവസാനിപ്പിച്ച് എൽ പി വിഭാഗമെങ്കിലും വേർതിരിക്കാൻ വേണ്ട നടപടികൾ ഉണ്ടാവുകയും വേണം. പഞ്ചായത്തിലെ 7, 8, 12 വാർഡുകളിൽ ഒറ്റ സ്കൂളുകൾ പോലുമില്ല. അവിടങ്ങളിൽ വിദ്യാലയത്തിൻെറ ആവശ്യകത പരിശോധിക്കേണ്ടതുണ്ട്.

എസ് എസ് എൽ സി കഴിഞ്ഞു പുറത്തിറങ്ങുന്ന വിദ്യാർഥികൾക്ക് ഉപരിപഠനത്തിനുള്ള ഒരു സംവിധാനവും നമുക്കില്ല. അഫിലിയേറ്റഡ് കോളേജുകളിലെത്താൻ നാൽപതോളം കി.മീറ്റർ യാത്രചെയ്യേണ്ട ദുഃസ്ഥിതിയാണുള്ളത്. ഏക അവലംബം സമാന്തര സ്ഥാപനങ്ങൾ മാത്രമാണ്. ഈ ദുരവസ്ഥക്കിടയിലും പഞ്ചായത്തിലെ ഒരു വിദ്യാർഥി യൂനിവേഴ്സിറ്റിതലത്തിൽ നേടിയ ഒന്നാംറേങ്ക് തിളക്കമാർന്നത് തന്നെയാണ്. ഉപരിപഠനത്തിനായി പുവ്വമ്പായ് ഹൈസ്കൂളിൽ പ്ലസ് ടു ഏർപ്പെടുത്തുകയും കൂടാതെ വലിയൊരു പ്രദേശത്തിൻെറ ആവശ്യമായിത്തീർന്ന ഒരു അഫിലിയേറ്റഡ് കോളേജ് ഗവർമെണ്ട് മേഖലയിലോ സഹകരണ മേഖലയിലോ സ്ഥാപിച്ചുകിട്ടാനും ശ്രമം നടത്തണം. ഇതിനു പ്രധാന പ്രതിബന്ധമായി ചൂണ്ടിക്കാണിക്കുന്നത് സ്ഥലസൗകര്യം ലഭ്യമല്ലാത്തതാണ്. കെ എസ് ഐ ഡി സിക്കുവേണ്ടി സർക്കാർ ഏറ്റെടുത്തതിനോട് ചേർന്ന സ്ഥലം ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. നമ്മുടെ പഞ്ചായത്ത് കേരളത്തിലെ വ്യവസായഭൂപടത്തിൽ സ്ഥാനം പിടിക്കാൻ പോകുകയാണല്ലോ! ഈ സാഹചര്യത്തിൽ ധാരാളം സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യമായിവരും. അതിനുകൂടി ഉതകുന്ന രീതിയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ഈ പ്രദേശത്ത് അനിവാര്യമാണ്. കൂടാതെ പഞ്ചായത്തിൽ ഒരു വനിതാ പോളിടെക്നിക്ക് സ്ഥാപിക്കാനും നടപടി ഉണ്ടാവേണ്ടതുണ്ട്.

സാക്ഷരതയിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ നിലവാരത്തിൽ വളരെ പിന്നിലാണെന്നത് നിരവധി സർവെകളിലൂടെ വെളിപ്പെട്ട ദയനീയ യാഥാർഥ്യമാണ്. കേരളത്തിലെ ബിരുദാനന്തര ബിരുദധാരികൾക്കിടയിൽ ഈയിടെ നടത്തിയ ഒരു പഠനം ഈ വസ്തുത അരക്കിട്ടുറപ്പിക്കുന്നു. ഐ എ എസ്, ഐ പി എസ്, ഐ എഫ് എസ് തുടങ്ങിയ ഉന്നത മേഖലകളിലെത്തിപ്പെടുന്ന മലയാളികളുടെ എണ്ണവും വിരലുകളിലൊതുങ്ങുന്നു. ഇതിനെതിരെ വർഷങ്ങളായി നാനാദിക്കുകളിൽ നിന്നും മുറവിളി ഉയരുകയും തൽഫലമായി പല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തെങ്കിലും മലയാളികളുടെ വിദ്യാഭ്യാസ നിലവാരത്തകർച്ച ഇന്നും ഒരു തുടർക്കഥയാണ്. ഈ രംഗത്ത് വേണ്ടത്ര പരിഷ്കാരങ്ങൾ നിർദേശിക്കപ്പെടാത്തതോ, നൂതന ബോധനരീതികൾ കടലാസുകളിലില്ലാത്തതോ അല്ല ഈ തകർച്ചക്ക് കാരണം. കർശനമായ നടപടികളിലൂടെ മാത്രമെ ഈ രംഗത്തെ മോചിപ്പിക്കാനാവൂ. നിർദേശിക്കപ്പെടുന്നവ ക്ലാസുമുറികളിലെത്തണം. സ്വയം തയാറാവാത്ത ഒരു സമൂഹത്തെ നിർബന്ധ ബുദ്ധ്യാ മാറ്റിയെടുക്കണം. പരീക്ഷയെന്ന ക്രൂരമൃഗത്തെ മെരുക്കാനഭ്യസിപ്പിക്കുന്ന പരിശീലകൻ എന്ന തലത്തിൽ നിന്ന്, അറിവിൻെറയും അനുഭവത്തിൻെറയും പുതിയ മേഖലയിലേക്ക് കൈപിടിച്ച് നടത്തിക്കുന്ന മാർഗദർശി എന്ന സ്ഥാനത്തേക്ക് ഓരോ അധ്യാപകനും ഉയരണം.

പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളുടെയും അവ പരിഹരിക്കുന്നതിൽ നാം നടത്തേണ്ട കൂട്ടായ ചില പരിഹാരങ്ങളുടെയും ചൂണ്ടുപലകകൾ മാത്രമാണിത്. നമ്മുടെ സംസ്ഥാന ഖജനാവിൻെറ വലിയൊരു ഭാഗം

വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നുണ്ട്. ഇന്നത്തെ പ്രശ്നങ്ങൾ പണംകൊണ്ട് മാത്രം പരിഹരിക്കപ്പെടാവുന്നതല്ല. കൂട്ടായ പരിശ്രമങ്ങളും ധീരമായ ചില നീക്കങ്ങളും ഈ രംഗത്ത് അത്യാവശ്യമാണ്. അതിനായുള്ള ചില നിർദേശങ്ങളിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.

1. എല്ലാ അധ്യാപകർക്കും ഇൻസർവീസ് കോഴ്സ് ലഭിക്കാൻ സംവിധാനമുണ്ടാക്കുക. (പത്തും ഇരുപതും വർഷം സർവീസ് ഉള്ളവർ പോലും ഇത് ലഭിക്കാത്തവരായുണ്ട്) ഇത്തരം കോഴ്സുകൾ അവധിക്കാലത്ത് നടത്താൻ പ്രത്യേകം ശ്രദ്ധിക്കുക.

2. അദ്ധ്യയനകാലം ആരംഭിക്കുന്നതിന് മുമ്പ് പത്ത് ദിവസമെങ്കിലും റിഫ്രഷ്മെൻറ് കോഴ്സും ടീച്ചിങ്ങ് എയിഡ് നിർമാണവും നടത്തുക.

3. പഞ്ചായത്ത്തലത്തിൽ അക്കാദമിക് കൗൺസിൽ രൂപീകരിക്കുക.

4. മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ സ്കൂളിലും അക്കാദമിക് കൗൺസിൽ അംഗങ്ങളുടെ പ്രശ്നപരിഹാര ചർച്ചകൾ സംഘടിപ്പിക്കുക.

5. പ്രഥമാധ്യാപകരുടെ ക്ലാസ് നിരീക്ഷണം കാര്യക്ഷമമാക്കുക.

6. ക്ലാസുകളിൽ ടീച്ചിങ്ങ് എയിഡ്ഡ് ഉപയോഗം നിർബന്ധമാക്കുക.

7. അറബി, ഉറുദു, സംസ്കൃതം പഠിക്കുന്ന കുട്ടികൾക്കും മാതൃഭാഷാ പഠനം നിർബന്ധമാക്കുക.

8. ഹൈസ്കൂൾ തലം മുതലെങ്കിലും കുട്ടികളുടെ അഭിരുചിക്കനുസരിച്ചും തൊഴിലുമായി ബന്ധപ്പെടുത്തിയുമുള്ള വിദ്യാഭ്യാസം നൽകുക.

9. നിലവിലുള്ള പരീക്ഷാരീതി തീർത്തും മാറ്റുക. (യുറീക്കാ വിജ്ഞാനോത്സവം നടത്തുന്നത് പോലുള്ള രീതി അനുകരണീയമാണ്)

10. മോണിറ്ററിങ്ങിന് പഞ്ചായത്ത്തല സംവിധാനമുണ്ടാക്കുക.

11. എല്ലാ എൽ പി സ്കൂളുകളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

12. ശാസ്ത്രഗണിതശാസ്ത്രരംഗത്തെ ഇന്നത്തെ മത്സരരീതി ഉപേക്ഷിച്ച് പഞ്ചായത്ത് തലത്തിൽ പ്രദർശനരീതി നടപ്പിലാക്കുക.

13. എൽ പി ക്ലാസുകളിലെങ്കിലും വിദ്യാർഥി-അധ്യാപക അനുപാതം കുറക്കുക.

14. നിലവിലുള്ള പ്രമോഷൻ രീതിയിൽ മാറ്റം വരുത്തുക.

15. പ്രവൃത്തിദിനങ്ങൾ (വെക്കേഷൻ ഉൾപ്പെടെ) ഏകീകരിക്കുക.

16. കലാകായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ അവർക്ക് പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കുക.

17. കുട്ടികൾക്കിടയിൽ പ്രചാരത്തിലുള്ള പല മാസികകളും ബുദ്ധിമരവിപ്പിക്കുന്നതും അവരെ സ്വപ്ന ജീവികളാക്കി മാറ്റുന്നവയുമാണ്. ഇത്തരം മാസികകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും പകരം, വിജ്ഞാനദായകങ്ങളും ചിന്തോദ്ദീപകങ്ങളുമായ മാസികകൾ പ്രചരിപ്പിക്കുക.

18. രക്ഷിതാക്കൾക്കിടയിൽ, അവർ വിദ്യാഭ്യാസരംഗത്ത് നിർവഹിക്കേണ്ട കടമകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

19. അധ്യാപക-രക്ഷാകർതൃ ബന്ധം സുദൃഢമാക്കാനും വിദ്യാർഥികളെ അടുത്തറിയാനും ഗൃഹസന്ദർശന പരിപാടികൾആവിഷ്കരിക്കുക.

20. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം നിയന്ത്രണവിധേയമാക്കുക.

21. അടിസ്ഥാന ഭൗതിക സൗകര്യങ്ങളില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാതിരിക്കുക, കൊടുത്തവ പുനഃപരിശോധിക്കുക.

22. സ്വകാര്യമേഖലയിലെ അധ്യാപക നിയമനത്തിൽ യോഗ്യതക്കും കഴിവിനും മുൻഗണന നൽകുക.

23. നൈതിക സദാചാര മൂല്യങ്ങൾക്ക് പാഠ്യപദ്ധതിയിൽ അർഹമായ സ്ഥാനം നൽകുക.

24. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.

25. ഏഴാംതരത്തിൽ പൊതുപരീക്ഷ നടത്തുക.

26. വിദ്യാർഥികളുടെ സംഘടിതമായ ശേഷി കൃഷി, പൊതുജനസേവനം തുടങ്ങിയ രംഗത്തേക്ക് തിരിച്ചുവിട്ട് ക്രിയാത്മകമാക്കണം.

അക്കാദമിക് സൗകര്യങ്ങൾ:-

	സ്കൂൾ	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	റേഡിയോ/ടേപ്പ്	ടി.വി./വി.സി.ആർ.	പ്രൊജക്ടർ	കമ്പ്യൂട്ടർ	ബ്ലാക് ബോഡ്	പ്രവൃത്തി ദിവസം 95-96	സമരംമൂലം നഷ്ടമായത്	പ്രത്യേക പൊതു അവധി	മാതൃ സംഗമം	പി.ടി.എ.
1	ജി.എൽ.പി.എസ്. കിനാലൂർഈസ്റ്റ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	4	194	-	3	ഉണ്ട്	ഉണ്ട്
2	എ.എൽ.പി.എസ്. തലയാട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	194	-	3	ഉണ്ട്	ഉണ്ട്
3	എ.എൽ.പി.എസ്. വയലട	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	4	193	-	6	ഉണ്ട്	ഉണ്ട്
4	എ.യു.പി.എസ്. പനങ്ങാട് നോർത്ത്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	15	192	-	3	ഉണ്ട്	ഉണ്ട്
5	എ.യു.പി.എസ്. മുണ്ടക്കര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	14	192	-	5	ഉണ്ട്	ഉണ്ട്
6	ലോഹ്യ മെമ്മോ എൽ.പി.എസ്.	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	4	189.5	-	10.5	ഉണ്ട്	ഉണ്ട്
7	എ.എൽ.പി.എസ്. നിർമല്ലൂർ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	7	194	-	6	ഉണ്ട്	ഉണ്ട്
8	എ.എൽ.പി.എസ്. പനങ്ങാട് വെസ്റ്റ്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	194	-	6	ഇല്ല	ഇല്ല
9	എ.യു.പി.എസ്. പനങ്ങാട് സൗത്ത്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	19	194	-	6	ഉണ്ട്	ഉണ്ട്
10	ജി.യു.പി.എസ്. കിനാലൂർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	194	-	6	ഉണ്ട്	ഉണ്ട്
11	ദേശസേന യു.പി.എസ്.	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	192	-	8	ഉണ്ട്	ഉണ്ട്
12	എ.എം.എച്ച്.എസ്. പുവമ്പായ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	42	166	17	17	ഉണ്ട്	ഉണ്ട്

ഭൗതിക സൗകര്യങ്ങൾ:-

നം.	സ്കൂൾ	ഡിവിഷൻ	സ്ഥിരം കെട്ടിടം	താൽക്കാലിക കെട്ടിടം	ക്ലാസ് മുറികൾ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ള സംവിധാനം	വൈദ്യുതീകരണം	പാചകമുറി	സ്റ്റാഫ് റൂം	ആവശ്യമായ ഫർണിച്ചർ	കളിസ്ഥലം	ഇനി ആവശ്യമുള്ളവ മൂത്രപ്പുര	കക്കൂസ്	ക്ലാസ് റൂം
1	ജി.എൽ.പി.എസ്. കിനാലൂർഈസ്റ്റ്	4	4	–	–	2	2	കിണർ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	70 സെ.	–	–	4
2	എ.എൽ.പി.എസ്. തലയാട്	9	3	–	10	2	1	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	30 ,,	2	1	–
3	എ.എൽ.പി.എസ്. വയലട	4	1	–	–	1	–	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	30 സെ.	1	1	–
4	എ.യു.പി.എസ്. പനങ്ങാട് നോർത്ത്	15	2	2	2	2	1	കിണർ ടാപ്പ്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	15 സെ.	1	1	–
5	എ.യു.പി.എസ്. മുണ്ടക്കര	14	1	–	2	2	1	ടാപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	1	1	–
6	ലോഹ്യ മെമ്മോ എൽ.പി.എസ്.	4	1	–	4	–	1	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	100 സെ.	2	–	–
7	എ.എൽ.പി.എസ്. നിർമല്ലൂർ	7	1	2	7	2	1	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	–	–
8	എ.എൽ.പി.എസ്. പനങ്ങാട് വെസ്റ്റ്	4	1	–	4	1	–	കിണർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	1	–
9	എ.യു.പി.എസ്. പനങ്ങാട് സൗത്ത്	16	2	3	5	3	1	കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	7 സെ.	–	–	–
10	ജി.യു.പി.എസ്. കിനാലൂർ	7	–	1	1	2	1	കിണർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10 സെ.	–	–	3
11	ദേശസേന യു.പി.എസ്.	16	2	5	–	3	2	പൈപ്പ് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10 സെ.	–	–	–
12	എ.എം.എച്ച്.എസ്. പുവമ്പായ്	41	3	7	15	2	1	കിണർ ടാപ്പ്	ഭാഗികം	ഉണ്ട്	ഉണ്ട്	ഇല്ല	100 സെ.	3	5	26

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 30339 ആണ്. ഇതിൽ 4357 ആളുകൾ പട്ടികജാതി വിഭാഗത്തിലും 45 ആളുകൾ പട്ടികവർഗ്ഗത്തിലും പെടുന്നു. ആകെ ജനസംഖ്യയിൽ 14990 പുരുഷന്മാരും 15349 സ്ത്രീകളുമാണുള്ളത്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഈ വിഭാഗത്തിന് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യസാമ്പത്തികരംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്നവർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും ഒരുപരിധിവരെ മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും വിവാഹം പോലുള്ള പരിപാടികളിലും പൊതുപരിപാടികളിലും പങ്കെടുക്കുവാനും സാംസ്കാരിക - രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുവാനും ഈ വിഭാഗത്തിന് കഴിയുന്നുണ്ട്.

ഇവരുടെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് നേട്ടങ്ങൾ കൈവരിക്കുവാൻ സഹായകമായിട്ടുണ്ട്. എങ്കിലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കാതെ കിടക്കുന്നുണ്ട്.

ലഭ്യമായ കണക്കുപ്രകാരം കോളനിയിലടക്കം ജനസംഖ്യ 4402 ആണ്. കോളനികളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ചുകിട്ടുന്നതിനും വളരെ പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കോളനികളുടെ വിവരം 1-ാം പട്ടികയിൽ ചേർക്കുന്നു.

പിന്നോക്ക സമുദായങ്ങളുടെ ഇല്ലായ്മകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ആശ്വാസത്തിന് ഇട നൽകുന്നത് ഇന്ന് ഇവർ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പൂർണ്ണമായും ബോധവാന്മാരാണെന്നുള്ളതാണ്. എന്നാൽ തങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്നുപോലും അറിയാത്ത പന്ത്രണ്ട് കുടുംബങ്ങൾ ആദിവാസികളായി കോട്ടക്കുന്നിൽ താമസിക്കുന്നു. ഒരുകാലത്ത് കിഴക്കൻ മലയോരങ്ങളിൽ, ആധിപത്യം പുലർത്തിയിരുന്ന പണിയസമുദായത്തിൽപ്പെട്ട ഇവർക്ക് വീട്, കുടിവെള്ളം, മരുന്ന്, വൈദ്യുതി തുടങ്ങി എല്ലാറ്റിന്റേയും കാര്യത്തിൽ ഇല്ലായ്മയുടെ പട്ടിക മാത്രമേയുള്ളു. ഇവർക്ക് സ്വന്തമായി കൃഷിഭൂമിയും വീടും മറ്റുഭൗതികസൗകര്യങ്ങളും എത്തിക്കാൻ ഇനിയും വൈകിയാൽ പനങ്ങാട്ടിലും ആദിവാസി കുടുംബങ്ങൾ ജീവിച്ചിരുന്നു എന്ന് നമുക്ക് സമീപഭാവിയിൽത്തന്നെ രേഖപ്പെടുത്തേണ്ടതായി വരും.

അംഗീകരിച്ച പട്ടികജാതി കോളനികളുടെ വിവരം - പട്ടിക-1

ക്രമ. നം.	വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	6	ആലം നോക്കിവയൽ	10	40
2	6	അരീക്കച്ചാലിൽ	10	66
3	9	കാപ്പിക്കുന്ന്	32	176
4	11	കൊല്ലരുകണ്ടിപൊയിൽ	19	82
5	1	കോട്ടക്കുന്ന് മല (നിർമ്മല്ലൂർ)	37	195
6	4	കൊട്ടാരത്തിൽ കോളനി	21	91
7	2	നെരാടിമല	25	150
8	5	പൂവുള്ളകണ്ടി	25	110
9	9	തോരാട്മല	19	83
10	1	വാഴോറമല വാർഡ് I	35	152
11	2	വാഴോറമല വാർഡ് II	13	92
12	10	വാരിമല	13	70
13	2	പാറയരുകണ്ടി	14	65
14	10	തലയാട്	17	76
15	1	വലിയ മലക്കുഴി	22	83
16	11	മനത്താംവയൽ	26	120

നിലവിലുള്ള മറ്റ് കോളനികൾ

1). തെക്കെയിൽ, (2) ചേനാട്ടുകണ്ടി (3) കൈതോട്ട് (4) ചെമ്പായിതാഴെ (5) അരീപ്പുറത്ത് (6) ആനക്കുണ്ടുങ്ങൽ (7) ചാത്തോത്ത് (8) പാറംകുന്ന് (9) കാവുംകുന്ന് (10) കാന്തലാട് മല (11) ഏച്ചിങ്ങാപൊയിൽ (12) മണിച്ചേരി (13) കോട്ടക്കുന്ന് (14) കിളികുടുക്ക് (15) കാവുംപുറം (16) പുളിയുള്ളതിൽ (17) കാക്കക്കുനി.

ഈ കോളനികളിൽ പട്ടികജാതി കോളനികളായി അംഗീകരിക്കേണ്ടുന്ന കോളനികൾ ഉണ്ട് അവയ്ക്ക് അംഗീകാരം നല്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ് എസ് എൽ സിക്കുശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികൾക്കും വ്യത്യസ്ത കാരണങ്ങളാൽ കഴിയുന്നില്ല. കുടുംബബാധ്യതു ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്ന കുട്ടികളും ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽകരണപരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ കൂടുതൽ വരുമാനം ലഭിക്കുന്ന നിർമ്മാണമേഖലയിലേക്ക് പോകുന്ന സ്ഥിതിയുണ്ട്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് കാർഷിക മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മിക്ക കർഷകതൊഴിലാളികളുടെയും ഉപതൊഴിലായിരുന്ന പായനെയ്ത്ത്, അസംസ്കൃത പദാർത്ഥമായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. അതിനാൽ കൈതോല ഉല്പാദിപ്പിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതുണ്ട്. കൂലിവേല മാത്രം ചെയ്ത് ഉപജീവനം കഴിച്ച് വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ വരുമാനമാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുകയും വേണം.

പാർപ്പിടം

പാർപ്പിടപ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ ഒരുപരിധിവരെ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക പട്ടികജാതി കോളനികളിലും പരിമിതമായ സൗകര്യങ്ങളാണുള്ളത്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന വായ്പയെടുത്ത് കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ കിട്ടാത്ത അവസ്ഥ ഉണ്ട്. വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തിയാക്കാതെ കിടക്കുന്നുണ്ട്. വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുകയുള്ളൂ. രണ്ട് കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന വീട്ടുകാർക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ച് കൊടുക്കേണ്ടതുണ്ട്. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ ഇത്തരം പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1). വിദ്യാഭ്യാസപുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല. ചെറിയതോതിൽ നിരക്ഷരതയും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും നിലനില്ക്കുന്നു.

2) കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരികയും തൊഴിലാളികൾ ഒഴിഞ്ഞുപോവുകയും ചെയ്യുന്നു.

3). വീടുനിർമ്മിക്കാൻ നല്കുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന പണം ദുർവിനിയോഗം ചെയ്യുന്നു.

4). പ്രാഥമിക സൗകര്യങ്ങൾ ആയ കുടിവെള്ളം വൈദ്യുതി ഗതാഗതത്തിന് പറ്റിയ സൗകര്യം ഇവ പല കോളനികളിലും ഇല്ല.

5). കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവർ ഉണ്ട്.

6). ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

7). നിർധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

8). I R D P പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9). പട്ടികജാതി വികസന കോർപ്പറേഷനും പട്ടികജാതി ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ യുവാക്കൾക്ക് നല്കുന്ന വായ്പകളും വേണ്ടത്ര ലക്ഷ്യം നേടുന്നില്ല.

10) പട്ടികജാതി-വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള അറിവ് ഗുണഭോക്താക്കളിൽ വേണ്ട രീതിയിൽ എത്തുന്നില്ല.

വൈദ്യുതി

ആകെ കോളനികളിൽ 4 എണ്ണത്തിൽ ഒഴികെ ബാക്കി ഒന്നിലും വൈദ്യുതി ഇല്ല. അതിനാൽ മറ്റ് കോളനികളും വൈദ്യുതീകരിക്കാനാവശ്യമായ പദ്ധതിക്ക് രൂപം നല്കണം.

കുടിവെള്ളം

കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുവാൻ വേണ്ടി പഞ്ചായത്തും - ബ്ലോക്കും കിണറുകളും കുഴൽ കിണറുകളും ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലദൗർലഭ്യം കാരണം അവ പ്രവർത്തിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. ചില സാധ്യതകൾ 2-ാം പട്ടികയിൽ ചേർക്കുന്നു.

വാർഡ്	ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ	വാർഡ്	ജനപങ്കാളിത്തത്തോടെ ജലസേചനപദ്ധതികൾ നടപ്പാക്കാവുന്ന കോളനികൾ
VI	അരീക്കച്ചാലിൽ	I	കോട്ടക്കുന്ന് മല
VII	കാപ്പിക്കുന്ന്	V	പൂവുള്ളകണ്ടി
VI	കൊല്ലരുകണ്ടിപൊയിൽ	IX	തോരാട്മല
IV	കൊട്ടാരത്തിൽ ലക്ഷംവീട്	I	വാഴോറമല
XI	മനത്താംവയൽ	II	വാഴോറമല
		X	വാരിമല
I	വലിയമലക്കുഴി	X	വാരിമല

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ 3-ാം പട്ടികയിൽ ചേർക്കുന്നു

പട്ടിക-3
അംഗീകരിച്ച കോളനി (പട്ടികജാതി)

ക്രമ.നം.	കോളനികളുടെ പേര്	റോഡ്	ഗതാഗതയോഗ്യമായത് അല്ലാത്തത്	വൈദ്യുതി	കിണർ	ടാപ്പ്
1	ആലംനോക്കിവയൽ	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല
2	അരീക്കച്ചാലിൽ	ഉണ്ട്	അല്ല	ഇല്ല	ഇല്ല	ഇല്ല
3	കാപ്പിക്കുന്ന്	ഉണ്ട്	അല്ല	ഉണ്ട്	ഉണ്ട്	ഇല്ല
4	കൊല്ലരുകണ്ടിപൊയിൽ	ഉണ്ട്	അതെ	ഉണ്ട്	ഉണ്ട്	ഉണ്ട്
5	കോട്ടക്കുന്ന്മല	ഇല്ല		ഇല്ല	ഇല്ല	ഇല്ല
6	കൊട്ടാരത്തിൽ കോളനി	ഉണ്ട്	അതെ	ഇല്ല	ഉണ്ട്	ഇല്ല
7	നെരാടിമല	ഉണ്ട്	അതെ	ഉണ്ട്	ഉണ്ട്	ഉണ്ട്
8	പൂവുള്ളകണ്ടി	ഉണ്ട്	അല്ല	ഇല്ല	ഉണ്ട്	ഇല്ല
9	തോരാട്മല	ഉണ്ട്	അതെ	ഉണ്ട്	ഇല്ല	ഇല്ല
10	വാഴോറമല വാർഡ് I	ഇല്ല		ഇല്ല	ഇല്ല	ഇല്ല
11	വാഴോറമല വാർഡ് II	ഇല്ല		ഇല്ല	ഇല്ല	ഇല്ല
12	വാരിമല	ഇല്ല		ഇല്ല	ഇല്ല	ഇല്ല
13	പറയരുകണ്ടി	ഇല്ല		ഇല്ല	ഇല്ല	ഇല്ല
14	തലയാട്	ഉണ്ട്	അതെ	ഇല്ല	ഇല്ല	ഉണ്ട്
15	വലിയമലക്കുഴി	ഉണ്ട്	അതെ	ഇല്ല	ഉണ്ട്	ഇല്ല
16	മനത്താംവയൽ	ഉണ്ട്	അല്ല	ഇല്ല	ഇല്ല	ഇല്ല

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ ആവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതാണ്. പട്ടികജാതി കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തണം. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമെ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ പറ്റൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ട ചില കാര്യങ്ങൾ

• വിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാൻ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ ഇവരുടെ കൂടിച്ചേരലും ചർച്ചയും നടത്താൻ കഴിയണം.

• കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

• പായനെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇവയ്ക്കായി സഹകരണയൂനിറ്റുകൾ സ്ഥാപിക്കുക.

• പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള മേഖലകൾ വിപുലപ്പെടുത്തുകയും തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് അറിയുന്നതിന് സൗകര്യമേർപ്പെടുത്തുകയും വേണം.

• ഗ്രാമപഞ്ചായത്തിലെ കോളനികളിലെ പെൺകുട്ടികളെ കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

• കുടിവെള്ളം, പാർപ്പിടം, വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

• അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ നല്കിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

• വ്യവസായ പരിശീലനം നല്കുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ, സാമ്പത്തികസഹായവും അസംസ്കൃതവസ്തുക്കളും എത്തിച്ചുകൊടുക്കുകയും വിപണന സൗകര്യം ഉണ്ടാക്കുകയും വേണം. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

• സ്ത്രീകൾക്ക് തൊഴിൽസാധ്യത വർധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കയറുല്പന്നനിർമ്മാണം, അച്ചാർ നിർമ്മാണം, കസേര മടയൽ, കോഴിവളർത്തൽകേന്ദ്രം, ഹോളോബ്രിക്സ് നിർമ്മാണം തുടങ്ങിയവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

• കോളനികൾക്ക് കൃഷിഭവൻ മുഖേന നല്കിവരുന്ന സഹായങ്ങൾ പച്ചക്കറി ഉല്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽസാധ്യത വർദ്ധിപ്പിക്കുക.

• എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയുക.

• ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടാക്കി മാറ്റുക.

• വീടു പുതുക്കി പണിയുന്നതിനും മറ്റും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പാക്കുക.

• പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങൾക്ക് അവ ലഭ്യമാക്കുക.

• കോളനികളിലെ വീടുകളുടെ അറ്റകുറ്റപണിക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

• ബോധവത്ക്കരണത്തിന്റെ ഭാഗമായി കോളനികളിൽ വായനശാലകളും ടി വി സെറ്റുകളും സ്ഥാപിക്കുക.

• പുഴയോരത്തുള്ള കോളനികളെ സംരക്ഷിക്കുന്നതിനായി പുഴയുടെ വശങ്ങൾ കെട്ടി ഉറപ്പിക്കണം.

• കുടുംബ ബാധ്യതകൾ ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുവാൻ വേണ്ടസഹായങ്ങൾ ചെയ്യേണ്ടതുണ്ട്.

• അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഉപയോഗപ്പെടുത്തുക.

• എസ് എസ് എൽ സി വരെയും തുടർന്നും പഠനം നടത്തുന്നതിനാവശ്യമായ പ്രോത്സാഹനം നല്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക (സ്കോളർഷിപ്പ് നടപ്പാക്കുക) ഈ വിഭാഗത്തിൽനിന്ന് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് കേഷ് അവാർഡ് ഏർപ്പെടുത്തുക.

• പഞ്ചായത്തിലേക്ക് കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത തുക കൊടുക്കുകയും അത് ഏത് മേഖലകളിൽ ചെലവാക്കണം എന്ന് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തിന് കൊടുക്കുകയും വേണം.

• [PADIK] കക്കൂസ് നിർമ്മാണം പഞ്ചായത്ത് വാർഡ് തലത്തിൽ എത്തിക്കുക, സ്ഥലങ്ങളുടെ സ്വഭാവം മനസ്സിലാക്കി വയൽ പ്രദേശങ്ങളിലും മലമുകളിലും കക്കൂസ് നിർമ്മാണത്തിന് ആവശ്യമായത്ര സാമ്പത്തിക സഹായങ്ങൾ നല്കുക. IHDP സഹായത്തോടെ ഇത് നടപ്പിലാക്കുക, കോളനികളിൽ ശുദ്ധജലവിതരണം നടത്തുക.

• പഞ്ചായത്തിലുള്ള ഭൂരിപക്ഷം കോളനികളും ചതുപ്പ്നിലങ്ങളിലോ കുന്നിൻ മുകളിലോ ആണ് സ്ഥിതി ചെയ്യുന്നത് – പുതിയ സൈറ്റുകൾ തെരഞ്ഞെടുക്കുമ്പോൾ ഇത്തരം സ്ഥലങ്ങൾ ആവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വനിത

കേരളത്തിന്റെ മൊത്തം ജനസംഖ്യയിൽ പകുതിയിലധികം വരുന്നത് സ്ത്രീകളാണെങ്കിലും എല്ലാ മേഖലയിലും ഇവർ അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. വർത്തമാനകാല കേരളീയ സമൂഹത്തിലെ പുരുഷമേധാവിത്വപരമായ അവസ്ഥയിൽ നിന്നും മോചനം നേടുന്നതിന് വേണ്ടിയുള്ള സ്ത്രീമോചന പ്രസ്ഥാനങ്ങളും ആശയങ്ങളും ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരള വികസന പ്രവർത്തനങ്ങളിൽ സ്ത്രീ സമൂഹത്തെ ഒഴിച്ചുനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. സമത്വത്തിനും തുല്യനീതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളീയ സ്ത്രീ വിമോചന സംഘടനകൾ സജീവമായി ആരംഭിച്ചുകഴിഞ്ഞു.

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന പഴയകാലത്ത് സാമൂഹ്യ പ്രവർത്തന മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നിരുന്നാലും കേരളത്തിലെ ആദ്യ ഗൈനക്കോളജിസ്റ്റ് ഡോ. സുമതിയുടെ ജന്മദേശമാണ് പനങ്ങാട് എന്നത് പ്രത്യേകം സ്മരണീയമാണ്.

പൊതുപ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവായിരുന്നുവെങ്കിലും പനങ്ങാട് പഞ്ചായത്തിലെ ചില അവകാശസമരങ്ങളിൽ സ്ത്രീകൾ സജീവ പങ്കുവഹിച്ചിരുന്നു. താണജാതിക്കാർ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിൽ അയിത്തം കൽപ്പിക്കപ്പെട്ടിരുന്ന കാലത്ത് വിലക്ക് ലംഘിച്ചുകൊണ്ട് ബാലുശ്ശേരി കോട്ട ക്ഷേത്രത്തിൽ പ്രവേശിച്ച കണ്ണാടിപ്പൊയിലിലെ ഇമ്പിച്ചിപ്പെണ്ണ് എന്നവരുടെ പ്രവർത്തനം സ്മരണീയമാണ്. വിദ്യാഭ്യാസരംഗത്ത് ഇന്ന് സ്ത്രീകൾക്ക് ഒട്ടേറെ മുന്നേറാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യപദവിയിൽ പുരുഷന്മാരെക്കാൾ പിന്നോക്കം തന്നെയാണ് ഇന്നത്തെ അവസ്ഥ. അവസരങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കുകയാണെങ്കിൽ ഇന്നത്തെ നിലയിൽ നിന്നും വളരെ അധികം മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടി ഭരണരംഗത്തും പൊതുപ്രവർത്തനരംഗത്തും ചെറിയ തോതിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡണ്ടുൾപ്പെടെ 4 വനിതകൾ ഇന്ന് പഞ്ചായത്ത് മെമ്പർമാരായും ഒരു വനിത ബ്ലോക്ക് പഞ്ചായത്ത് മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം പനങ്ങാട് പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 15349 ആണ്. പുരുഷ ജനസംഖ്യയെക്കാൾ 350 എണ്ണം കൂടുതലാണിത്. ജനസംഖ്യയുടെ വർധനവിനനുസരിച്ചുള്ള അംഗീകാരം സ്ത്രീസമൂഹം എല്ലാ മേഖലയിലും കൈവരിക്കേണ്ടിയിരിക്കുന്നു.

ആദ്യകാലത്തുണ്ടായിരുന്നതുപോലെയുള്ള നിയന്ത്രണങ്ങളും വിലക്കുകളും ഇന്ന് വിദ്യാഭ്യാസത്തിന്റെ മേഖലയിൽ പെൺകുട്ടികൾക്ക് തടസ്സമാകുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിക്കുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തെ ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. 1991 ലെ സെൻസസ് പ്രകാരം തൊഴിൽമേഖലയിലെ സ്ത്രീപുരുഷ വ്യത്യാസം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു:

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കൃഷി	23	416
കർഷകതൊഴിലാളി	214	753
തോട്ടംതൊഴിലാളി	196	1394
കാറിതൊഴിലാളികൾ	117	207
ഗൃഹോപകരണനിർമാണം	12	16
മുറ്റുൽപാദന തൊഴിലാളികൾ	136	564
കെട്ടിടനിർമാണ തൊഴിലാളി	15	373
വാണിജ്യ വ്യവസായ തൊഴിലാളി	30	834
ഗതാഗത വാർത്താവിനിമയം	19	624
മറ്റ് ശ്രേണികൾ	271	936
മറ്റ് മേഖലയിലെ തൊഴിലാളികൾ	590	1017
തൊഴിൽരഹിതർ	13726	7852

തൊഴിൽമേഖലയിൽ ഇന്ന് സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. പുരുഷ ജനസംഖ്യയിൽ പകുതിയോളംപേർ വിവിധ മേഖലകളിലായി തൊഴിലെടുക്കുമ്പോൾ ഒരു ചെറിയ ശതമാനം സ്ത്രീകൾ മാത്രമാണ് തൊഴിലുള്ളവരായി ഉള്ളത്. ഉള്ള തൊഴിലിൽ തന്നെ ഒരേ മേഖലയിലെ ജോലിക്ക് പുരുഷന് ലഭിക്കുന്ന കൂലിയെക്കാൾ കുറവാണ് സ്ത്രീക്ക് ലഭിക്കുന്നത്.

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	30-50	60-75
നിർമാണതൊഴിലാളി	60-80	90-125

കേരളത്തിലാദ്യമായി പാരമ്പര്യ ചട്ടങ്ങൾ ലംഘിച്ച് മഗ്ഗത്തിൽ കയറി തുണി നെയ്യാൻ തയ്യാറായത് അറപ്പീടികയിലെ ഖാദി സെൻററിലെ (അന്നത്തെ നായനാർ സ്മാരകമന്ദിരം) വനിതകളാണ്. സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന ഖാദി മേഖലയിൽ രണ്ട് യൂനിറ്റ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആകെ 156 തൊഴിലാളികളുള്ളതിൽ 10 പുരുഷന്മാരും 146 സ്ത്രീകളുമാണ്. അറപ്പീടികയിലെ ഖാദി യൂനിറ്റിലാണ് കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത്. ഇരുപതോളം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു യൂനിററാണ് പനങ്ങാട് നോർത്തിലെ ഖാദി യൂനിറ്റ്. സ്ത്രീതൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്ന മറ്റൊരു മേഖല കിനാലൂർ റബർ എസ്റ്റേറ്റിലാണ്. സ്ഥിരം തൊഴിലാളികളായി ഇവിടെയുള്ള 608 പേരിൽ 444 പുരുഷന്മാരും 164 സ്ത്രീകളുമാണ്. താൽക്കാലികാടിസ്ഥാനത്തിൽ 1294 സ്ത്രീകളും 598 പുരുഷന്മാരും ഇവിടെ ജോലി ചെയ്യുന്നു.

സ്ത്രീകൾ മാത്രമായി ജോലി ചെയ്യുന്ന മേഖലയിലും കൂടുതൽ സ്ത്രീ തൊഴിലാളികളുള്ള മേഖലയിലും കൂലിനിരക്ക് വളരെ കുറവാണ്. ഖാദിമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികളുടെ ഇന്നത്തെ നില വളരെ പരിതാപകരമാണ്. 15 രൂപയിൽ താഴെ മാത്രമാണ് ഈ മേഖലയിലെ പീസ് വർക്ക് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളതും സാധ്യതയുള്ളതുമായ ഖാദി മേഖലയിൽ കൂലിയിലുള്ള കുറവുകാരണം പുതുതായി സ്ത്രീകൾ കടന്നുവരുന്നില്ല.

കാർഷികരംഗത്തുണ്ടായ മുരടിപ്പ് കാരണം ഈ മേഖലയിൽ സ്ത്രീതൊഴിലാളികൾക്ക് ആദ്യകാലത്ത് ലഭിച്ചിരുന്ന തൊഴിലവസരങ്ങൾ ഗണ്യമായി കുറയുകയുണ്ടായി. പട്ടികയിൽ സൂചിപ്പിക്കുന്നതുപോലെ പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികൾ. ഇവിടെയും കൂലിയിലുള്ള സ്ത്രീ പുരുഷ വ്യത്യാസം ശ്രദ്ധേയമാണ്. കാർഷിക മേഖലയിലുണ്ടായ തകർച്ച കാരണം തൊഴിൽ നഷ്ടപ്പെട്ടതിന്റെ ഭാഗമായി ഇന്ന് നിർമാണ മേഖലയിലേക്ക്

തൊഴിലാളികൾ കൂടുതലായി കടന്നുവരുന്നുണ്ട്. ഈ രംഗത്തും കൂലിനിരക്കിൽ സ്ത്രീകളോടുള്ള വിവേചനം നിലനിൽക്കുന്നു.

പഞ്ചായത്തിൽ 47 വ്യവസായ യൂനിറ്റുകൾ ഉള്ളതിൽ 3 വനിതാ വ്യവസായ യൂനിറ്റുകൾ മാത്രമേയുള്ളു. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. തിരുവാഞ്ചേരിപ്പൊയിലിൽ 1989 ൽ രജിസ്റ്റർ ചെയ്ത സോപ്പ്നിർമാണ യൂനിറ്റിൽ ഇതുവരെ ഉല്പാദനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. 11 സ്ത്രീകൾക്ക് ഇവിടെ തൊഴിൽ സാധ്യതയുണ്ട്. വട്ടോളിയിൽ ക്ഷീര വികസന വകുപ്പിന്റെ കീഴിൽ 4 സ്ത്രീകൾ ജോലി ചെയ്യുന്ന ക്ഷീരോല്പന്ന യൂനിറ്റ് പ്രവർത്തിക്കുന്നു. ഈ യൂനിറ്റിന്റെ പ്രവർത്തനം മെച്ചപ്പെട്ടതുമല്ല. അറപ്പീടികയിൽ ഡി ഡബ്ല്യു സി ആർ എയുടെ കീഴിൽ ഒരു ബേഗ് നിർമ്മാണ യൂനിറ്റ് പ്രവർത്തിക്കുന്നു.

തയ്യൽ പഠിക്കാനുള്ള പ്രവണത ഇന്ന് സ്ത്രീകളിൽ വ്യാപകമായി കാണുന്നുണ്ട്. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. വിദ്യാഭ്യാസത്തിന് ശേഷവും വിദ്യാഭ്യാസ കാലത്തും തയ്യൽ പരിശീലനം നടത്തുന്നതിൽ പെൺകുട്ടികൾ ഇന്ന് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതായി കാണുന്നു. സ്ത്രീകൾ തന്നെ നടത്തുന്ന തയ്യൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്.

വീടുകൾ കേന്ദ്രീകരിച്ചുള്ള പരമ്പരാഗത തൊഴിലായ പായനെയ്ത്ത്, കുട്ട മെടയൽ തുടങ്ങിയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ പഞ്ചായത്തിലെ ചില വാർഡുകളിൽ ഉണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണനത്തിലുള്ള പ്രയാസങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളാണ്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് ഈ രംഗത്തെ തൊഴിലാളികൾ. കാർഷികമേഖലയിലെ മുരടിപ്പ് മാറ്റി ഈ രംഗത്തേക്ക് സ്ത്രീകളെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്.

ടൈലറിങ്ങ്, നൂൽനൂൽപ്, മെറ്റൽ നിർമ്മാണം, ചുമടെടുപ്പ്, പായനെയ്ത്ത്, അധ്യാപനം, നഴ്സിങ്ങ്, ലാബ്ടെക്നീഷ്യൻ തുടങ്ങി നിരവധി മേഖലകളിൽ തൊഴിൽ ചെയ്ത് കുടുംബം പുലർത്തുകയും ഗൃഹഭരണം നടത്തുകയും ചെയ്യുന്ന നിരവധി സ്ത്രീകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുണ്ട്. എന്നാൽ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവരാനുള്ള പ്രവണത സ്ത്രീകളിൽ പല കാരണങ്ങളാലും കുറവാണ്. ഈ രംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് സമൂഹത്തിൽനിന്ന് നേരിടേണ്ടിവരുന്ന അവജ്ഞയും പുരുഷമേധാവിത്വപരമായ പരമ്പരാഗത ധാരണകളും പ്രധാനമാണെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ സൂചിപ്പിക്കുന്നു. സ്ത്രീകൾക്കിടയിലുള്ള അജ്ഞതയും രക്ഷിതാക്കളുടെ അമിതമായ നിയന്ത്രണങ്ങളും മറ്റ് കാര്യങ്ങളാണ്. വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനംവഴി ഇതിന് മാറ്റമുണ്ടാകണം.

പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനം തൃപ്തികരമല്ല. 28 അങ്കണവാടികളുടെ കീഴിൽ 28 മഹിളാ സമാജങ്ങൾ എല്ലാ വാർഡിലുമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനരംഗത്ത് നിർജീവമാണ്. പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത് മഹിളാസംഘടനകൾ മാത്രമാണ്. വിവിധ രാഷ്ട്രീയ, യുവജന സംഘടനകളിലും കലാസമിതികളിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വപരമായ പങ്ക് സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. ഇത്തരം സംഘടനകളിൽ നേതൃത്വപദവിയിലേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

ബോധപൂർവമായ പ്രവർത്തനത്തിലൂടെ ഉത്തരം രംഗത്തേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽമേഖലകളിലും അർഹമായ പങ്ക്വഹിക്കാൻ സ്ത്രീകൾക്ക് കഴിയുകയുള്ളു. സാക്ഷരതാ പ്രസ്ഥാനത്തിലും ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ മേഖലയിലും സ്ത്രീകൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ നിറവേറ്റിയിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനത്തിൽ സ്ത്രീകൾ ആയിരുന്നു ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ചവരിൽ നല്ലൊരു ശതമാനം. പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏത് രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകളുടെ വിമോചനത്തിനുള്ള മാർഗവും ഇതുതന്നെയാണെന്ന തിരിച്ചറിവിലൂടെ പ്രവർത്തിക്കേണ്ടതുണ്ട്.

സമൂഹത്തിലാകെ ബാധിച്ചിരിക്കുന്ന ഉപഭോഗസംസ്കാരത്തിനും ഫാഷൻഭ്രമത്തിനും സ്ത്രീകളാണ് കൂടുതൽ അടിമപ്പെടുന്നത്. മദ്യവും മയക്കുമരുന്നും ജീർണസംസ്കാരവും സ്ത്രീകളെയാണ് കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. പുരുഷന്മാരുടെ മദ്യപാനംമൂലം ശാരീരികവും മാനസികവുമായ പീഡനം അനുഭവിക്കുന്ന വനിതകൾ നമ്മുടെ പ്രദേശത്തുണ്ട്. ഗ്രാമസഭയിലെ സജീവമായ ചർച്ച വ്യക്തമാക്കുന്നത് മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബഹുജനപ്രസ്ഥാനം വളർത്തിയെടുത്ത് ഈ വിപത്ത് അവസാനിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ്. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കാണമെന്ന ആവശ്യവും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവരികയുണ്ടായി. അശ്ലീലപോസ്റ്ററുകൾ പതിക്കുന്നത് നിരോധിക്കണമെന്നും പൈങ്കിളി വാരികകൾക്കെതിരെ ബോധവൽക്കരണം നടത്തണമെന്നും ഗ്രാമസഭയിൽ ചർച്ചയിൽ പങ്കെടുത്തവർ നിർദേശിക്കുകയുണ്ടായി.

സ്ത്രീധനം നൽകാൻ കഴിയാത്തതിനാൽ മാത്രം അവിവാഹിതകളായി കഴിയുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ത്രീധനനിരോധനനിയമം വളരെ കർശനമായി നടപ്പിലാക്കേണ്ടതിന്റെയും സ്ത്രീധനത്തിനെതിരായി വ്യാപകമായ പ്രചാരണബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതിന്റെയും ആവശ്യകത ഇത് വ്യക്തമാക്കുന്നു. സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയും വനിതകൾക്കെതിരായി നടക്കുന്ന കയ്യേറ്റവും പീഡനവും തടയാൻ

ആവശ്യമായ നടപടിയെടുക്കണം. സ്ത്രീകളെ പരസ്യവസ്തുവാക്കി മാറ്റുന്ന സാംസ്കാരികരംഗത്തെ പ്രതിലോമ പ്രവർത്തനങ്ങളെ ശക്തമായെതിർക്കണം. സാക്ഷരതാ രംഗത്ത് സ്ത്രീകൾ ഏതാണ്ട് പുരുഷന്മാർക്ക് തുല്യമായിതന്നെ നിൽക്കുന്ന പനങ്ങാട് പഞ്ചായത്തിലെ സ്കൂളുകളിൽ ആകെ 4660 വിദ്യാർത്ഥികൾ ഉള്ളതിൽ 2045 ആൺകുട്ടികളും 2255 പെൺകുട്ടികളുമാണ്. പട്ടികജാതിയിപ്പെട്ട 325 ആൺകുട്ടികളും 336 പെൺകുട്ടികളും വിദ്യാഭ്യാസം നേടുന്നു. ഈ കണക്ക് വ്യക്തമാക്കുന്നത് വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ മുന്നേറ്റത്തെയാണ്. പത്താം ക്ലാസിനുശേഷം ഉയർന്നുപഠിക്കുന്നതിൽ പെൺകുട്ടികളാണ് കൂടുതലെങ്കിലും ഡിഗ്രിതലം വരെയോ ബി. എഡ്. വരെയോ എത്തിനിൽക്കുന്നു. ഇവരിൽ ഭൂരിഭാഗത്തിന്റെയും പഠനം.

പ്രൈമറി ഹെൽത്ത് സെന്ററിലെയും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെയും കണക്കനുസരിച്ച് രോഗികളായെത്തുന്നവർ കൂടുതൽ സ്ത്രീകളാണ്. രോഗാതുരത കൂടുതൽ ഉള്ളത് സ്ത്രീകളിലാണെന്ന് ഇത് വ്യക്തമാക്കുന്നു.

സ്ത്രീകളുടെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികളും യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നില്ല. വിധവാപെൻഷൻ ലഭിക്കുന്ന 54 പേർ പഞ്ചായത്തിലുണ്ട്. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിന് അവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 28-ഓളം അങ്കണവാടികൾ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറണം. അങ്കണവാടികളുടെ ഇന്നത്തെ നിലവിലുള്ള ശോചനീയാവസ്ഥയും അങ്കണവാടി ജീവനക്കാർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന തുച്ഛമായ വേതനവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. വനിതകളെ പൊതുജീവിതവുമായും സാമൂഹ്യരംഗത്തും ഇടപെടാൻ കഴിവുള്ളവരാക്കി മാറ്റുന്നതിൽ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

- രൂക്ഷമായ തൊഴിലില്ലായ്മയാണ് സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം. പനങ്ങാട് പഞ്ചായത്തിൽ വനിതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള തൊഴിൽമേഖലകൾ കുറവാണ്.
- തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. തൊഴിൽരംഗത്ത് വിവേചനം നിലനിൽക്കുന്നു.
- തൊഴിൽനിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനവും തൊഴിൽരംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസവും ലഭിക്കുന്നില്ല.
- കൃഷിരംഗത്തെ മുരടിപ്പ് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി.
- പൊതുപ്രവർത്തനത്തിൽ പങ്കെടുക്കുന്നതിലുള്ള വൈമുഖ്യം.
- അഭിപ്രായസ്വാതന്ത്ര്യം പോലും അനുവദിക്കാത്ത പുരുഷമേധാവിത്വം.
- കുടുംബാസൂത്രണം സ്ത്രീകളിൽ അടിച്ചേൽപ്പിക്കുന്നു.
- സ്ത്രീധനസമ്പ്രദായം.
- സാംസ്കാരികവും സാമൂഹികവും ശാരീരികവുമായ ആക്രമണങ്ങൾ.
- മാദ്ധ്യമങ്ങളിലെ അശ്ലീലവും സ്ത്രീവിരുദ്ധ ആവിഷ്കാരവും.
- ദാരിദ്ര്യനിർമ്മാർജനപരിപാടിയിൽ സ്ത്രീകളോടുള്ള അവഗണന.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.
- പൊതുസ്ഥലങ്ങളിലെ പ്രാഥമികസൗകര്യക്കുറവ്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള തൊഴിൽമേഖല സൃഷ്ടിക്കുക. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബേഗ് നിർമ്മാണം, ബുക്ക് നിർമ്മാണം, മെഴുകുതിരി, സിമൻറ്കട്ട, കയറുൽപന്നങ്ങൾ തുടങ്ങി വിഭവസാധ്യത കണക്കിലെടുത്ത് ഇവയുടെ നിർമ്മാണത്തിന് വനിതാവ്യവസായ യൂനിറ്റ് ആരംഭിക്കുകയും അവക്കുള്ള പരിശീലനപരിപാടി സംഘടിപ്പിക്കുകയും ചെയ്യുക. ഭക്ഷ്യസംസ്ക്കരണ യൂനിറ്റും ക്ഷീരോല്പന്ന യൂനിറ്റും ബേക്കറി പലഹാരനിർമ്മാണ യൂനിറ്റും വിവിധ പ്രദേശങ്ങളിൽ ആരംഭിക്കുക. (ഉൽപ്പന്നങ്ങൾ ആകർഷണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം).

2) കൂട്ടുകൃഷി സമ്പ്രദായം ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ വാർഡ്തലത്തിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.

3) തുല്യജോലിക്ക് തുല്യകൂലി നൽകുകയും തൊഴിൽനിയമങ്ങൾ, തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും വേണം.

4) പൊതുപ്രവർത്തനത്തിൽ സജീവമായി ഇടപെടാൻ സ്ത്രീകളെ സജ്ജരാക്കുകയും അവർക്ക് സ്വതന്ത്രമായ ചുമതല നൽകുകയും വേണം.

5) പായനെയ്ത്ത്, കൊച്ചുവീർമ്മാണം, ചൂടിനിർമ്മാണം, കുമ്മായനിർമ്മാണം, മൺപാത്രനിർമ്മാണം തുടങ്ങി പരമ്പരാഗത തൊഴിൽമേഖലയെ കാലാനുസൃതമായി പരിഷ്കരിച്ച് സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

6) ഖാദി മേഖലയിൽ വൈവിധ്യമാർന്ന പുതിയ തരം ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുക.

7) തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടി ക്രഷെ മുതലായ സ്ഥാപനങ്ങൾ തുടങ്ങുക.

8) പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

9) അനൗപചാരിക വിദ്യാഭ്യാസസമ്പ്രദായം പ്രോത്സാഹിപ്പിക്കുക. സ്ത്രീകൾക്ക് പ്രത്യേകമായി വായനശാല ഏർപ്പെടുത്തുക, സഞ്ചരിക്കുന്ന വായനശാല ആവിഷ്കരിക്കുക.

10) അശ്ലീലപോസ്റ്ററുകൾ പൊതുസ്ഥലങ്ങളിൽ പതിക്കുന്നത് നിരോധിക്കുക.

11) സ്ത്രീപുരുഷ സമത്വം വളർത്താനുപകരിക്കുന്ന രീതിയിൽ വിദ്യാഭ്യാസമേഖലയിൽ ഇടപെടുക.

12) അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.

13) സ്ത്രീകൾക്കായി കലാ-കായിക സാംസ്കാരിക സംഘടന രൂപീകരിക്കുകയും പ്രത്യേക നേതൃത്വപരിശീലനകേന്ദ്രം സംഘടിപ്പിക്കുകയും ചെയ്യുക.

14) ബഹുജനസംഘടനകളിൽ സ്ത്രീകളെ നേതൃത്വത്തിലേക്കുയർത്തുക.

15) അറപ്പീടിക, വട്ടോളി, തലയാട്, ബാലുശ്ശേരിമുക്ക് തുടങ്ങിയ സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാക്കുക.

16) പഞ്ചായത്തടിസ്ഥാനത്തിൽ വനിതാസെൽ രൂപീകരിക്കുക.

17) ആരോഗ്യഉപകേന്ദ്രങ്ങളിൽ എല്ലാ ആഴ്ചയിലും നിശ്ചിതദിവസം ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുക.

സംസ്കാരം

മലബാറിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട പല സംഭവങ്ങൾക്കും പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടാൻ പനങ്ങാടിന് കഴിഞ്ഞിട്ടുണ്ട്. ഇവിടം പ്രവർത്തനമേഖലയാക്കിയ പ്രശസ്തരുടെ ഒരു പട്ടികതന്നെ തയ്യാറാക്കാനുണ്ടാവാം. അതിലേക്കൊന്നും കടക്കുന്നില്ല. എങ്കിലും പഴയ കുറുമ്പ്രനാട് രാജാക്കന്മാരുടെ ഭരണം വന്നതോടെയാവാം ഈ ഭൂഭാഗം ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നത്. അതിനുമുമ്പുള്ള പലതും വിസ്മൃതിയിലേക്ക് മറഞ്ഞുകഴിഞ്ഞു.

ആട്ടക്കഥാ സാഹിത്യത്തിൽ കോട്ടയം കേരളവർമ്മ തന്റെ പ്രതിഭയുടെ മാറ്റ് തെളിയിച്ചിട്ടുള്ളതാണല്ലൊ. കോട്ടയം രാജസ്വരൂപവും കുറുമ്പ്രനാട് രാജകുടുംബവും അടുത്ത ബന്ധുക്കളുമാണ്. അതിൽനിന്നുതന്നെ കഥകളിക്ക് ഈ ഭാഗങ്ങളിലുണ്ടായിരുന്ന സ്വാധീനം കുറച്ചു കാണാനും വയ്യ. ബാലുശ്ശേരി കോട്ടയിലെ അധിഷ്ഠാന ദേവതയായ കിരാതമൂർത്തിയെ പ്രീതിപ്പെടുത്താൻ സേവയായി ഏത് കഥകളിസംഘവും ഓട്ടൻതുള്ളൻ സംഘവും ഈ നാട്ടിൽ വന്നാൽ ബാലുശ്ശേരി കോട്ടയിലെത്തുക പതിവായിരുന്നു.

മതസൗഹാർദത്തിന് ഉത്തമോദാഹരണം തന്നെയായിരുന്നു ഈ ഭൂഭാഗം. വ്യത്യസ്ത കാലഘട്ടത്തിൽ എത്തിപ്പെട്ട വരാണെങ്കിലും പരസ്പരബഹുമാനത്തോടെ കഴിയുന്നവരാണ് ഇവിടുത്തെ ഹിന്ദു-മുസ്ലിം ക്രിസ്ത്യൻ സമുദായാംഗങ്ങൾ.

പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. വിവിധ ഭാഗങ്ങളിലായി ചെറുതും വലുതുമായ മുപ്പതോളം ക്ഷേത്രങ്ങളുണ്ടെങ്കിലും വിപുലമായ ഉത്സവങ്ങളും നിത്യപൂജകളും നടക്കുന്ന ക്ഷേത്രങ്ങളിൽ ബാലുശ്ശേരി കോട്ടപരദേവതാക്ഷേത്രം, കിനാലൂർ ചിന്ത്രമംഗലം ശ്രീകൃഷ്ണക്ഷേത്രം, നിർമ്മല്ലൂർ നരസിംഹക്ഷേത്രം, പുതിയകാവ് പരദേവതാക്ഷേത്രം എന്നിവ പ്രധാനങ്ങളാണ്. എല്ലാ ക്ഷേത്രങ്ങളോടനുബന്ധിച്ചും ഉത്സവങ്ങൾ നടത്തിവരുന്നുണ്ട്. ബാലുശ്ശേരി കോട്ട പരദേവതാ ക്ഷേത്രത്തിലെ പന്തീരായിരം തേങ്ങയേറും കളമെഴുത്തും കളം പാട്ടും വളരെ പ്രസിദ്ധമാണ്.

എല്ലാ വർഷവും കുംഭമാസം മൂന്നിന് ആരംഭിക്കുന്ന ചിന്ത്രമംഗലം ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടക്കുന്ന "കിനാലൂർ കന്നുകാലിച്ചന്ത" ഓർക്കാട്ടേരിക്കും കിഴൂരിനും ഒപ്പം പ്രസിദ്ധമാണ്. മറ്റു ക്ഷേത്രങ്ങളിൽ ആരാധനാ മൂർത്തികൾക്കൊത്ത് വിവിധ തരം ആചാരാനുഷ്ഠാനങ്ങളുമായി തിറ, വിളക്ക്, പാട്ട്, ആട്ടം തുടങ്ങിയവ നടത്തപ്പെടുന്നു.

പഞ്ചായത്തിലെ മറ്റൊരു പ്രധാന മതവിഭാഗമായ മുസ്ലിംകളുടെ ആരാധനാലയങ്ങളിൽ കിനാലൂരിലെ പഴേടത്ത് ജുമാമസ്ജിദും ബാലുശ്ശേരി മുക്കിലുള്ള ജുമാ മസ്ജിദുമാണ് ഏറ്റവും പഴക്കമുള്ളത്. ഇവ കൂടാതെ ചെറുതും വലു

തുമായ 25 പള്ളികൾ ഉണ്ട്. കൂടാതെ മതപഠനത്തിനായി 19 മദ്രസകളും പ്രവർത്തിവരുന്നു. ചെറിയ പെരുന്നാൾ, ബലി പെരുന്നാൾ, നബിദിനം എന്നിവ മുസ്ലിംകൾ ആഘോഷിച്ചുവരാറുണ്ട്. റമസാൻ മാസം വ്രതാനുഷ്ഠനത്തിലൂടെയും പ്രത്യേക പ്രാർഥനകളിലൂടെയും ഭക്തിപൂർവ്വം കഴിച്ചുകൂട്ടുന്നു. ഒപ്പന, ദഫ്മുട്ട് എന്നിവ ഈ വിഭാഗത്തിന്റെ പ്രത്യേകം കലാരൂപങ്ങളാണ്.

1945-ൽ കുന്നംകുളങ്ങര ജോസഫ് എന്ന സാഹസിക കർഷകൻ ഇവിടെ എത്തിയതോടെയാണ് പനങ്ങാട് അതിർത്തിക്കുള്ളിൽ ക്രിസ്ത്യൻ കുടിയേറ്റം ആരംഭിക്കുന്നത്. തലയാട് സെൻറ് ജോർജ് ദേവാലയവും മണിച്ചേരിയിലെ സെൻറ് തോമസ് സി എസ് ഐ ദേവാലയവും വയലിടയിലെ സെൻറ് തോമസ് ദേവാലയവുമാണ് ക്രിസ്തീയ ദേവാലയങ്ങൾ. മാർഗ്ഗംകളിയാണ് ഇവരുടെ പ്രധാന കലാരൂപം. പള്ളിപ്പെരുന്നാൾ, ക്രിസ്തുമസ്, ഈസ്റ്റർ എന്നിവ ഇവർ ആഘോഷിച്ചുവരുന്നുണ്ട്.

ആദിവാസികളായ പണിയ സമുദായത്തിൽപെട്ട ഏതാനും കുടുംബങ്ങളും പനങ്ങാട് ഗ്രാമപഞ്ചായത്തിലുണ്ട്. ജീവിതരീതിയിലും സംസ്കാരത്തിലും മറ്റു ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തരാണിവർ.

സാമൂഹ്യ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന "പണം പയറ്റ്" അഥവാ കുറിക്കല്യാണം ഈ പ്രദേശത്ത് നിലനിൽക്കുന്ന ഒരു സാമ്പത്തിക ഇടപാടാണ്.

സാംസ്കാരിക നവോത്ഥാനത്തിന് വേഗം കൂട്ടാൻ ശ്രീ വാഗ്ഭടാനന്ദ ഗുരുദേവരുടെ പര്യടനവും സഹായിച്ചിട്ടുണ്ട്. മൃഗബലി പോലുള്ള അനാചാരങ്ങൾക്കെതിരെയും ഏക ദൈവ വിശ്വാസ സംസ്ഥാപനത്തിനും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

നമ്മുടെ പഞ്ചായത്തിലെ സാംസ്കാരികരംഗത്ത് ഗ്രന്ഥാലയങ്ങളും വായനശാലകളും മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്. അറപ്പീടികയിൽ പ്രവർത്തിച്ചിരുന്ന ഉദയ കേരള കലാസമിതിയുടേത് പോലെ കൊച്ചു ലൈബ്രറികളും വായനശാലകളും പലയിടങ്ങളിലും ആരംഭിച്ചിരുന്നുവെങ്കിലും 1960-ൽ നിർമ്മല്ലൂരിലെ ഗാന്ധി സ്മാരകനിധി വക ലൈബ്രറിയാണ് ഇന്ന് പ്രവർത്തിക്കുന്ന ലൈബ്രറികളിൽ ഏറ്റവും പഴയത് എന്ന് കരുതപ്പെടുന്നു. വട്ടോളിയിലെ പഞ്ചായത്ത് ലൈബ്രറി, കിനാലൂരിലെ ടാഗോർ ലൈബ്രറി, കറ്റോട്ടിലെ ദർശന ലൈബ്രറി, പനങ്ങാട് നോർത്തിലെ മേഘ ലൈബ്രറി, കണ്ണാടിപ്പൊയിലിലെ യുവജന ലൈബ്രറി, 1963-ൽ തലയാട്ട് ആരംഭിച്ച പബ്ലിക് ലൈബ്രറി എന്നിവയും കുറുമ്പൊയിലിൽ ഒരു സ്വകാര്യ ലൈബ്രറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ ലൈബ്രറികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വായനശാലകൾ കൂടാതെ തിരുവാഞ്ചേരിപൊയിലിലും ഒരു വായനശാല നന്നായി പ്രവർത്തിക്കുന്നുണ്ട്.

നൃത്തം, നാടകം, സംഗീതം, നാടൻ പാരമ്പര്യകലകൾ തുടങ്ങിയവരും പ്രോത്സാഹിപ്പിക്കുന്നതും പരിശീലനക്ലാസുകളും മത്സരങ്ങളും സംഘടിപ്പിക്കുന്നതും മുഖ്യലക്ഷ്യമാക്കിയവും വോളിബോൾ തുടങ്ങിയ കളികളും അത്ലറ്റിക്സും പ്രോത്സാഹിപ്പിക്കുന്നവയുമായി 35-ലധികം സാംസ്കാരിക സംഘടനകൾ ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഈ സംഘടനകളിൽ 4 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുമ്പോൾ 12 എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ളവ പ്രവർത്തകരുടെ വീടുകളും പൊതുസ്ഥലങ്ങളും കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ ആകെ 1113 സന്നദ്ധപ്രവർത്തകർ ഈ സംഘടനകളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

വ്യക്തമായ ദിശാബോധവും പ്രവർത്തനപരിപാടികളും തയ്യാറാക്കി നൽകുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യസാംസ്കാരികരംഗത്ത് വലിയൊരുണർവ്വ് സൃഷ്ടിക്കാൻ ഈ പ്രവർത്തകർക്ക് കഴിയുമെന്ന് 'സമ്പൂർണ്ണ സാക്ഷരതാ യജ്ഞം' തെളിയിച്ചിട്ടുണ്ട്.

ധാരാളം കലാകായിക പ്രതിഭകളെ വളർത്തിയെടുക്കാൻ ഈ കലാസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. കായികരംഗത്ത് ഇന്ത്യൻ ടീമിൽ അംഗങ്ങളായവരേയും അന്യസംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചവരേയും സംസ്ഥാനതല പരിശീലകരേയും സംഘാടകരേയും സംഭാവനചെയ്യാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മലബാർ പ്രദേശത്തെ കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന വോളിബോൾ താരങ്ങളുടെ കളിത്തൊട്ടിലാണ് പനങ്ങാട്. 1987-ൽ കോട്ടയത്ത് വെച്ച് നടന്ന സംസ്ഥാന യുവജന മേളയിലെ വോളിബോൾ മത്സരത്തിൽ പഞ്ചായത്തിന് ഒന്നാംസ്ഥാനം നേടിത്തന്നത് മേഘ പനങ്ങാടാണ്.

മദ്യവർജനം, മതസൗഹാർദം, സാക്ഷരത, കുടുംബക്ഷേമ പരിപാടികൾ തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലും കോൽക്കളി, കണ എയ്ത് തുടങ്ങിയ പഴയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിച്ച് നിലനിർത്തുന്നതിലും ഈ കലാസമിതികൾ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്.

സാമൂഹ്യ സേവനരംഗത്ത് സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഈ കലാസമിതികൾ മുൻകയ്യെടുത്തിട്ടുണ്ട്.

സേവനമേഖലയിൽ പ്രത്യേകിച്ചും വിദ്യാഭ്യാസരംഗത്ത് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനം എടുത്തുപറയത്തക്കതാണ്.

വരൾച്ചാകാലത്ത് കിണർകുഴിക്കുക, പൊതുവഴികൾ ഗതാഗത യോഗ്യമാക്കുക തുടങ്ങിയ സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും അഗ്നിബാധ, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിലും രോഗബാധകൊണ്ടും അവിചാരിത മരണം കൊണ്ടും നിരാലംബരായ കുടുംബങ്ങളെ സഹായിക്കുന്നതിലും രാഷ്ട്രീയ പാർടികളും അവയുടെ യുവജനസംഘടനകളും നേതൃത്വപരമായ പങ്ക് വഹിക്കാറുണ്ട്.

സന്നദ്ധതയും സജീവതയും ഉള്ള സംഘടനകളും പ്രവർത്തകരും ഏറെ ഉണ്ടെങ്കിലും പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ധാരാളം പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്.

1) 6, 9, 10, 11 വാർഡുകളിൽ ഗ്രന്ഥാലയങ്ങൾ ഇല്ല. ഉള്ളവയുടെ പ്രവർത്തനത്തിൽ വേണ്ടത്ര പൊതുജനപങ്കാളിത്തവുമില്ല.

2) പൊതുകളിസ്ഥലങ്ങളുടെയും ഓഡിറ്റോറിയത്തിന്റെയും അഭാവം.

3) സംഘടനകളുടെ പ്രവർത്തനത്തിന് സാമ്പത്തിക പരാധീനത തടസ്സമാണ്.

4) കുട്ടികളിൽ സാംസ്കാരിക രംഗത്ത് താല്പര്യം വളർത്തുന്ന പരിപാടികൾ ഇല്ല.

5) നാടൻ പാരമ്പര്യകലകൾക്കും കായിക വിനോദങ്ങൾക്കും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല.

നിർദേശങ്ങൾ:-

1) സാംസ്കാരിക പുരോഗതിയിൽ ഗ്രന്ഥാലയങ്ങൾക്ക് ഉള്ള പങ്കിനെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും അവരെ ഗ്രന്ഥാലയങ്ങൾ സംഘടിപ്പിക്കുന്നതിലും അവ പ്രവർത്തിപ്പിക്കുന്നതിലും മുൻനിരയിലേക്ക് കൊണ്ടുവരികയും വേണം.

2) പഞ്ചായത്തിൽ പരമാവധി പൊതുമൈതാനങ്ങൾ കണ്ടെത്തുകയും ഏതെങ്കിലും ഒരു പ്രധാന കേന്ദ്രത്തിൽ ഓഡിറ്റോറിയം സ്ഥാപിക്കുകയും വേണം.

3) പഞ്ചായത്ത് ലൈബ്രറി കേന്ദ്രമായും മറ്റ് ലൈബ്രറികൾ ഉപകേന്ദ്രങ്ങളായും പ്രവർത്തിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കുക.

4) സംഘടനകളെ കൊണ്ടും വ്യക്തികളെ കൊണ്ടും പത്രം സ്പോൺസർ ചെയ്യിക്കുക.

5) സ്കൂൾ കുട്ടികളിൽ കലാസാംസ്കാരിക ബോധം വളർത്തി യെടുക്കാൻ കലാകായിക പ്രദർശനങ്ങളും പഠനകളരികളും കുട്ടികളുടെ മത്സരങ്ങളും സംഘടിപ്പിക്കുക- ഇത്തരം പരിപാടികളിൽ നാടൻ പാരമ്പര്യകലകൾക്കും കായിക വിനോദങ്ങൾക്കും പ്രാമുഖ്യം നൽകുക.

6) പഞ്ചായത്തിലെ പ്രാചീന കലകളിൽ പ്രാവീണ്യം നേടിയവരെ കണ്ടെത്തി, അവരുടെ അറിവ് പുതിയ തലമുറക്ക് പരിചയപ്പെടുത്തണം.

7) പഞ്ചായത്തിലെ കലാസമിതികളുടെ പ്രതിനിധികളും സാംസ്കാരിക നായകന്മാരേയും ഉൾപ്പെടുത്തി പഞ്ചായത്തല കലാസമിതിക്ക് രൂപം നൽകുക.

കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളേയും അവയുടെ അനിവാര്യതയേയും അംഗീകരിച്ചുകൊണ്ടുതന്നെ, മനുഷ്യന്റെ സ്വസമൂഹത്തിലെ ഇടപെടലുകളുടെ ഫലമായി ആർജിച്ച നമ്മുടെ സംസ്കാരം നിലനിർത്താനും പുഷ്ടിപ്പെടുത്താനും ബോധപൂർവ്വമായ പരിശ്രമത്തിന്റെ അനിവാര്യത ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ റിപ്പോർട്ട് പരിഗണനക്കായി സമർപ്പിക്കുന്നു.

പനങ്ങാട് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കലാ-സാംസ്കാരിക സംഘടനകളുടെ പട്ടിക

1. അപ്സര ആട്സ് നിർമ്മല്ലൂർ
2. അർച്ചന തിയേറ്റേഴ്സ്, കിനാലൂർ.
3. ആസാദ് ഓർക്കസ്ട്ര
4. കലാരാജൻ ആട്സ് വട്ടോളി ബസാർ
5. കിനാലൂർ എസ്റ്റേറ്റ് ലേബർ ക്ലബ്, കിനാലൂർ
6. കിനാലൂർ റിക്രിയേഷൻ ക്ലബ്, കിനാലൂർ
7. കുറുമ്പൊയിൽ ആട്സ് ആൻറ് സ്പോട്സ് ക്ലബ്, കുറുമ്പൊയിൽ
8. കോസ്മോസ്, വട്ടോളി ബസാർ
9. തിരുവാഞ്ചേരി പൊയിൽ തിയേറ്റേഴ്സ്, തിരുവാഞ്ചേരി പൊയിൽ
10. ത്യാഗരാജ കലാസമിതി, അറപ്പീടിക
11. ദർശന ആട്സ് ആൻറ് സ്പോട്സ് ക്ലബ്, കറ്റോട്
12. ധ്വനി സോഷ്യൽ ആൻറ് കൾച്ചറൽ ഓർഗനൈസേഷൻ, അറപ്പീടിക
13. നാട്ടരങ്ങ്, നിർമ്മല്ലൂർ
14. പുലരി, പടിക്കൽവയൽ
15. ഫ്രൻസ്, തലയാട്
16. ഭാവന, മണിച്ചേരി
17. മനോരഞ്ജൻ ആട്സ് ക്ലബ്, വട്ടോളി ബസാർ
18. മാർഷൽ ആട്സ് ആൻറ് സ്പോട്സ് ക്ലബ്, കണ്ണാടിപ്പൊയിൽ
19. മേഘ പനങ്ങാട്, പനങ്ങാട് നോർത്ത്
20. യുവശക്തി, വയലിട
21. രാഗം ആട്സ് ആൻറ് സ്പോട്സ് ക്ലബ്, പൂവമ്പായ്
22. രംഗോലി തീയറ്റേഴ്സ്, കിനാലൂർ
23. വാസ്കോ, കിനാലൂർ
24. വികാസ് മരപ്പാലം, മരപ്പാലം
25. വെസ്പ സ്പോട്സ് വട്ടോളി ബസാർ
26. വോയ്സ് ഓഫ് മണിച്ചേരി, മണിച്ചേരി
27. സമന്വയ അറപ്പീടിക, അറപ്പീടിക
28. സർഗ ആട്സ്, കാവുംപുറം
29. സർഗശക്തി, തിരുവാഞ്ചേരിപൊയിൽ
30. സിംഫണി, കരയാത്തൊടി
31. സൃഷ്ടി ആട്സ്, തലയാട്
32. യുവജന വായനശാല, കണ്ണാടിപ്പൊയിൽ

വനിത

കേരളത്തിന്റെ മൊത്തം ജനസംഖ്യയിൽ പകുതിയിലധികം വരുന്നത് സ്ത്രീകളാണെങ്കിലും എല്ലാ മേഖലയിലും ഇവർ അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. വർത്തമാനകാല കേരളീയ സമൂഹത്തിലെ പുരുഷമേധാവിത്വപരമായ അവസ്ഥയിൽ നിന്നും മോചനം നേടുന്നതിന് വേണ്ടിയുള്ള സ്ത്രീമോചന പ്രസ്ഥാനങ്ങളും ആശയങ്ങളും ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരള വികസന പ്രവർത്തനങ്ങളിൽ സ്ത്രീ സമൂഹത്തെ ഒഴിച്ചുനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. സമത്വത്തിനും തുല്യനീതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളീയ സ്ത്രീ വിമോചന സംഘടനകൾ സജീവമായി ആരംഭിച്ചുകഴിഞ്ഞു.

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന പഴയകാലത്ത് സാമൂഹ്യ പ്രവർത്തന മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നിരുന്നാലും കേരളത്തിലെ ആദ്യ ഗൈനക്കോളജിസ്റ്റ് ഡോ. സുമതിയുടെ ജന്മദേശമാണ് പനങ്ങാട് എന്നത് പ്രത്യേകം സ്മരണീയമാണ്.

പൊതുപ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവായിരുന്നുവെങ്കിലും പനങ്ങാട് പഞ്ചായത്തിലെ ചില അവകാശസമരങ്ങളിൽ സ്ത്രീകൾ സജീവ പങ്കുവഹിച്ചിരുന്നു. താണജാതിക്കാർ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിൽ അയിത്തം കൽപ്പിക്കപ്പെട്ടിരുന്ന കാലത്ത് വിലക്ക് ലംഘിച്ചുകൊണ്ട് ബാലുശ്ശേരി കോട്ട ക്ഷേത്രത്തിൽ പ്രവേശിച്ച കണ്ണാടിപ്പൊയിലിലെ ഇമ്പിച്ചിപ്പെണ്ണ് എന്നവരുടെ പ്രവർത്തനം സ്മരണീയമാണ്. വിദ്യാഭ്യാസരംഗത്ത് ഇന്ന് സ്ത്രീകൾക്ക് ഒട്ടേറെ മുന്നേറാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യപദവിയിൽ പുരുഷന്മാരെക്കാൾ പിന്നോക്കം തന്നെയാണ് ഇന്നത്തെ അവസ്ഥ. അവസരങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കുകയാണെങ്കിൽ ഇന്നത്തെ നിലയിൽ നിന്നും വളരെ അധികം മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടി ഭരണരംഗത്തും പൊതുപ്രവർത്തനരംഗത്തും ചെറിയ തോതിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡണ്ടുൾപ്പെടെ 4 വനിതകൾ ഇന്ന് പഞ്ചായത്ത് മെമ്പർമാരായും ഒരു വനിത ബ്ലോക്ക് പഞ്ചായത്ത് മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം പനങ്ങാട് പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 15349 ആണ്. പുരുഷ ജനസംഖ്യയെക്കാൾ 350 എണ്ണം കൂടുതലാണിത്. ജനസംഖ്യയുടെ വർധനവിനനുസരിച്ചുള്ള അംഗീകാരം സ്ത്രീസമൂഹം എല്ലാ മേഖലയിലും കൈവരിക്കേണ്ടിയിരിക്കുന്നു.

ആദ്യകാലത്തുണ്ടായിരുന്നതുപോലെയുള്ള നിയന്ത്രണങ്ങളും വിലക്കുകളും ഇന്ന് വിദ്യാഭ്യാസത്തിന്റെ മേഖലയിൽ പെൺകുട്ടികൾക്ക് തടസ്സമാകുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിക്കുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. 1991 ലെ സെൻസസ് പ്രകാരം തൊഴിൽമേഖലയിലെ സ്ത്രീപുരുഷ വ്യത്യാസം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു:

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കൃഷി	23	416
കർഷകതൊഴിലാളി	214	753
തോട്ടംതൊഴിലാളി	196	1394
കച്ചവടതൊഴിലാളികൾ	117	207
ഗൃഹോപകരണനിർമാണം	12	16
മുറ്റുൽപാദന തൊഴിലാളികൾ	136	564
കെട്ടിടനിർമാണ തൊഴിലാളി	15	373
വാണിജ്യ വ്യവസായ തൊഴിലാളി	30	834
ഗതാഗത വാർത്താവിനിമയം	19	624
മറ്റ് ശ്രേണികൾ	271	936
മറ്റ് മേഖലയിലെ തൊഴിലാളികൾ	590	1017
തൊഴിൽരഹിതർ	13726	7852

തൊഴിൽമേഖലയിൽ ഇന്ന് സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. പുരുഷ ജനസംഖ്യയിൽ പകുതിയോളംപേർ വിവിധ മേഖലകളിലായി തൊഴിലെടുക്കുമ്പോൾ ഒരു ചെറിയ ശതമാനം സ്ത്രീകൾ മാത്രമാണ് തൊഴിലുള്ളവരായി ഉള്ളത്. ഉള്ള തൊഴിലിൽ തന്നെ ഒരേ മേഖലയിലെ ജോലിക്ക് പുരുഷന് ലഭിക്കുന്ന കൂലിയെക്കാൾ കുറവാണ് സ്ത്രീക്ക് ലഭിക്കുന്നത്.

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	30-50	60-75
നിർമാണതൊഴിലാളി	60-80	90-125

കേരളത്തിലാദ്യമായി പാരമ്പര്യ ചട്ടങ്ങൾ ലംഘിച്ച് മഗ്ഗത്തിൽ കയറി തുണി നെയ്യാൻ തയ്യാറായത് അറപ്പീടികയിലെ ഖാദി സെൻററിലെ (അന്നത്തെ നായനാർ സ്മാരകമന്ദിരം) വനിതകളാണ്. സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന ഖാദി മേഖലയിൽ രണ്ട് യൂനിറ്റ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആകെ 156 തൊഴിലാളികളുള്ളതിൽ 10 പുരുഷന്മാരും 146 സ്ത്രീകളുമാണ്. അറപ്പീടികയിലെ ഖാദി യൂനിറ്റിലാണ് കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത്. ഇരുപതോളം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു യൂനിററാണ് പനങ്ങാട് നോർത്തിലെ ഖാദി യൂനിറ്റ്. സ്ത്രീതൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്ന മറ്റൊരു മേഖല കിനാലൂർ റബർ എസ്റ്റേറ്റിലാണ്. സ്ഥിരം തൊഴിലാളികളായി ഇവിടെയുള്ള 608 പേരിൽ 444 പുരുഷന്മാരും 164 സ്ത്രീകളുമാണ്. താൽക്കാലികാടിസ്ഥാനത്തിൽ 1294 സ്ത്രീകളും 598 പുരുഷന്മാരും ഇവിടെ ജോലി ചെയ്യുന്നു.

സ്ത്രീകൾ മാത്രമായി ജോലി ചെയ്യുന്ന മേഖലയിലും കൂടുതൽ സ്ത്രീ തൊഴിലാളികളുള്ള മേഖലയിലും കൂലിനിരക്ക് വളരെ കുറവാണ്. ഖാദിമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികളുടെ ഇന്നത്തെ നില വളരെ പരിതാപകരമാണ്. 15 രൂപയിൽ താഴെ മാത്രമാണ് ഈ മേഖലയിലെ പീസ് വർക്ക് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളതും സാധ്യതയുള്ളതുമായ ഖാദി മേഖലയിൽ കൂലിയിലുള്ള കുറവുകാരണം പുതുതായി സ്ത്രീകൾ കടന്നുവരുന്നില്ല.

കാർഷികരംഗത്തുണ്ടായ മുരടിപ്പ് കാരണം ഈ മേഖലയിൽ സ്ത്രീതൊഴിലാളികൾക്ക് ആദ്യകാലത്ത് ലഭിച്ചിരുന്ന തൊഴിലവസരങ്ങൾ ഗണ്യമായി കുറയുകയുണ്ടായി. പട്ടികയിൽ സൂചിപ്പിക്കുന്നതുപോലെ പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികൾ. ഇവിടെയും കൂലിയിലുള്ള സ്ത്രീ പുരുഷ വ്യത്യാസം ശ്രദ്ധേയമാണ്. കാർഷിക മേഖലയിലുണ്ടായ തകർച്ച കാരണം തൊഴിൽ നഷ്ടപ്പെട്ടതിൻെറ ഭാഗമായി ഇന്ന് നിർമാണ മേഖലയിലേക്ക് സ്ത്രീതൊഴി

ലാളികൾ കൂടുതലായി കടന്നുവരുന്നുണ്ട്. ഈ രംഗത്തും കൂലിനിരക്കിൽ സ്ത്രീകളോടുള്ള വിവേചനം നിലനിൽക്കുന്നു.

പഞ്ചായത്തിൽ 47 വ്യവസായ യൂനിറ്റുകൾ ഉള്ളതിൽ 3 വനിതാ വ്യവസായ യൂനിറ്റുകൾ മാത്രമേയുള്ളു. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. തിരുവാഞ്ചേരിപ്പൊയിലിൽ 1989 ൽ രജിസ്റ്റർ ചെയ്ത സോപ്പ്നിർമാണ യൂനിറ്റിൽ ഇതുവരെ ഉല്പാദനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. 11 സ്ത്രീകൾക്ക് ഇവിടെ തൊഴിൽ സാധ്യതയുണ്ട്. വട്ടോളിയിൽ ക്ഷീര വികസന വകുപ്പിന്റെ കീഴിൽ 4 സ്ത്രീകൾ ജോലി ചെയ്യുന്ന ക്ഷീരോല്പന്ന യൂനിറ്റ് പ്രവർത്തിക്കുന്നു. ഈ യൂനിറ്റിന്റെ പ്രവർത്തനം മെച്ചപ്പെട്ടതുമല്ല. അറപ്പീടികയിൽ ഡി ഡബ്ല്യു സി ആർ എയുടെ കീഴിൽ ഒരു ബേഗ് നിർമ്മാണ യൂനിറ്റ് പ്രവർത്തിക്കുന്നു.

തയ്യൽ പഠിക്കാനുള്ള പ്രവണത ഇന്ന് സ്ത്രീകളിൽ വ്യാപകമായി കാണുന്നുണ്ട്. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. വിദ്യാഭ്യാസത്തിന് ശേഷവും വിദ്യാഭ്യാസ കാലത്തും തയ്യൽ പരിശീലനം നടത്തുന്നതിൽ പെൺകുട്ടികൾ ഇന്ന് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതായി കാണുന്നു. സ്ത്രീകൾ തന്നെ നടത്തുന്ന തയ്യൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്.

വീടുകൾ കേന്ദ്രീകരിച്ചുള്ള പരമ്പരാഗത തൊഴിലായ പായനെയ്ത്ത്, കുട്ട മെടയൽ തുടങ്ങിയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ പഞ്ചായത്തിലെ ചില വാർഡുകളിൽ ഉണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണനത്തിലുള്ള പ്രയാസങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളാണ്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് ഈ രംഗത്തെ തൊഴിലാളികൾ. കാർഷികമേഖലയിലെ മുരടിപ്പ് മാറ്റി ഈ രംഗത്തേക്ക് സ്ത്രീകളെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്.

ടൈലറിങ്ങ്, നൂൽനൂൽപ്, മെറ്റൽ നിർമ്മാണം, ചുമടെടുപ്പ്, പായനെയ്ത്ത്, അധ്യാപനം, നഴ്സിങ്ങ്, ലാബടെക്നീഷ്യൻ തുടങ്ങി നിരവധി മേഖലകളിൽ തൊഴിൽ ചെയ്ത് കുടുംബം പുലർത്തുകയും ഗൃഹഭരണം നടത്തുകയും ചെയ്യുന്ന നിരവധി സ്ത്രീകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുണ്ട്. എന്നാൽ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവരാനുള്ള പ്രവണത സ്ത്രീകളിൽ പല കാരണങ്ങളാലും കുറവാണ്. ഈ രംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് സമൂഹത്തിൽനിന്ന് നേരിടേണ്ടിവരുന്ന അവജ്ഞയും പുരുഷമേധാവിത്വപരമായ പരമ്പരാഗത ധാരണകളും പ്രധാനമാണെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ സൂചിപ്പിക്കുന്നു. സ്ത്രീകൾക്കിടയിലുള്ള അജ്ഞതയും രക്ഷിതാക്കളുടെ അമിതമായ നിയന്ത്രണങ്ങളും മറ്റ് കാര്യങ്ങളാണ്. വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനംവഴി ഇതിന് മാറ്റമുണ്ടാകണം.

പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനം തൃപ്തികരമല്ല. 28 അങ്കണവാടികളുടെ കീഴിൽ 28 മഹിളാ സമാജങ്ങൾ എല്ലാ വാർഡിലുമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനരംഗത്ത് നിർജീവമാണ്. പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത് മഹിളാസംഘടനകൾ മാത്രമാണ്. വിവിധ രാഷ്ട്രീയ, യുവജന സംഘടനകളിലും കലാസമിതികളിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വപരമായ പങ്ക് സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. ഇത്തരം സംഘടനകളിൽ നേതൃത്വപദവിയിലേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

ബോധപൂർവമായ പ്രവർത്തനത്തിലൂടെ ഉത്തരം രംഗത്തേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽമേഖലകളിലും അർഹമായ പങ്കുവഹിക്കാൻ സ്ത്രീകൾക്ക് കഴിയുകയുള്ളു. സാക്ഷരതാ പ്രസ്ഥാനത്തിലും ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ മേഖലയിലും സ്ത്രീകൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ നിറവേറ്റിയിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനത്തിൽ സ്ത്രീകൾ ആയിരുന്നു ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ചവരിൽ നല്ലൊരു ശതമാനം. പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏത് രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകളുടെ വിമോചനത്തിനുള്ള മാർഗവും ഇതുതന്നെയാണെന്ന തിരിച്ചറിവിലൂടെ പ്രവർത്തിക്കേണ്ടതുണ്ട്.

സമൂഹത്തിലാകെ ബാധിച്ചിരിക്കുന്ന ഉപഭോഗസംസ്കാരത്തിനും ഫാഷൻഭ്രമത്തിനും സ്ത്രീകളാണ് കൂടുതൽ അടിമപ്പെടുന്നത്. മദ്യവും മയക്കുമരുന്നും ജീർണസംസ്കാരവും സ്ത്രീകളെയാണ് കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. പുരുഷന്മാരുടെ മദ്യപാനംമൂലം ശാരീരികവും മാനസികവുമായ പീഡനം അനുഭവിക്കുന്ന വനിതകൾ നമ്മുടെ പ്രദേശത്തുണ്ട്. ഗ്രാമസഭയിലെ സജീവമായ ചർച്ച വ്യക്തമാക്കുന്നത് മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബഹുജനപ്രസ്ഥാനം വളർത്തിയെടുത്ത് ഈ വിപത്ത് അവസാനിപ്പിക്കാൻ ആവശ്യമായ നപടപടികൾ സ്വീകരിക്കണമെന്നതാണ്. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കാണമെന്ന ആവശ്യവും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവരികയുണ്ടായി. അശ്ലീലപോസ്റ്ററുകൾ പതിക്കുന്നത് നിരോധിക്കണമെന്നും പൈങ്കിളി വാരികകൾക്കെതിരെ ബോധവൽക്കരണം നടത്തണമെന്നും ഗ്രാമസഭയിൽ ചർച്ചയിൽ പങ്കെടുത്തവർ നിർദേശിക്കുകയുണ്ടായി.

സ്ത്രീധനം നൽകാൻ കഴിയാത്തതിനാൽ മാത്രം അവിവാഹിതകളായി കഴിയുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ത്രീധനനിരോധനനിയമം വളരെ കർശനമായി നടപ്പിലാക്കേണ്ടതിന്റെറയും സ്ത്രീധനത്തിനെതിരായി വ്യാപകമായ പ്രചാരണബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതിന്റെറയും ആവശ്യകത ഇത് വ്യക്തമാക്കുന്നു. സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയും വനിതകൾക്കെതിരായി നടക്കുന്ന കയ്യേറ്റവും പീഡനവും തടയാൻ

ആവശ്യമായ നടപടിയെടുക്കണം. സ്ത്രീകളെ പരസ്യവസ്തുവാക്കി മാറ്റുന്ന സാംസ്കാരികരംഗത്തെ പ്രതിലോമ പ്രവർത്തനങ്ങളെ ശക്തമായെതിർക്കണം. സാക്ഷരതാ രംഗത്ത് സ്ത്രീകൾ ഏതാണ്ട് പുരുഷന്മാർക്ക് തുല്യമായിതന്നെ നിൽക്കുന്ന പനങ്ങാട് പഞ്ചായത്തിലെ സ്കൂളുകളിൽ ആകെ 4660 വിദ്യാർത്ഥികൾ ഉള്ളതിൽ 2045 ആൺകുട്ടികളും 2255 പെൺകുട്ടികളുമാണ്. പട്ടികജാതിയിപ്പെട്ട 325 ആൺകുട്ടികളും 336 പെൺകുട്ടികളും വിദ്യാഭ്യാസം നേടുന്നു. ഈ കണക്ക് വ്യക്തമാക്കുന്നത് വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ മുന്നേറ്റത്തെയാണ്. പത്താം ക്ലാസിനുശേഷം ഉയർന്നുപഠിക്കുന്നതിൽ പെൺകുട്ടികളാണ് കൂടുതലെങ്കിലും ഡിഗ്രിതലം വരെയോ ബി. എഡ്. വരെയോ എത്തിനിൽക്കുന്നു. ഇവരിൽ ഭൂരിഭാഗത്തിന്റെയും പഠനം.

പ്രൈമറി ഹെൽത്ത് സെന്ററിലെയും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെയും കണക്കനുസരിച്ച് രോഗികളായെത്തുന്നവർ കൂടുതൽ സ്ത്രീകളാണ്. രോഗാതുരത കൂടുതൽ ഉള്ളത് സ്ത്രീകളിലാണെന്ന് ഇത് വ്യക്തമാക്കുന്നു.

സ്ത്രീകളുടെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികളും യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നില്ല. വിധവാപെൻഷൻ ലഭിക്കുന്ന 54 പേർ പഞ്ചായത്തിലുണ്ട്. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിന് അവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 28-ഓളം അങ്കണവാടികൾ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറണം. അങ്കണവാടികളുടെ ഇന്നത്തെ നിലവിലുള്ള ശോചനീയാവസ്ഥയും അങ്കണവാടി ജീവനക്കാർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന തുച്ഛമായ വേതനവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. വനിതകളെ പൊതുജീവിതവുമായും സാമൂഹ്യരംഗത്തും ഇടപെടാൻ കഴിവുള്ളവരാക്കി മാറ്റുന്നതിൽ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

- രൂക്ഷമായ തൊഴിലില്ലായ്മയാണ് സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം. പനങ്ങാട് പഞ്ചായത്തിൽ വനിതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള തൊഴിൽമേഖലകൾ കുറവാണ്.
- തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. തൊഴിൽരംഗത്ത് വിവേചനം നിലനിൽക്കുന്നു.
- തൊഴിൽനിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനവും തൊഴിൽരംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസവും ലഭിക്കുന്നില്ല.
- കൃഷിരംഗത്തെ മുരടിപ്പ് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി.
- പൊതുപ്രവർത്തനത്തിൽ പങ്കെടുക്കുന്നതിലുള്ള വൈമുഖ്യം.
- അഭിപ്രായസ്വാതന്ത്ര്യം പോലും അനുവദിക്കാത്ത പുരുഷമേധാവിത്വം.
- കുടുംബാസൂത്രണം സ്ത്രീകളിൽ അടിച്ചേൽപ്പിക്കുന്നു.
- സ്ത്രീധനസമ്പ്രദായം.
- സാംസ്കാരികവും സാമൂഹികവുമായ ആക്രമണങ്ങൾ.
- മാദ്ധ്യമങ്ങളിലെ അശ്ലീലവും സ്ത്രീവിരുദ്ധ ആവിഷ്കാരവും.
- ദാരിദ്ര്യനിർമ്മാർജനപരിപാടിയിൽ സ്ത്രീകളോടുള്ള അവഗണന.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.
- പൊതുസ്ഥലങ്ങളിലെ പ്രാഥമികസൗകര്യക്കുറവ്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള തൊഴിൽമേഖല സൃഷ്ടിക്കുക. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബേഗ് നിർമ്മാണം, ബുക്ക് നിർമ്മാണം, മെഴുകുതിരി, സിമൻറ്കട്ട, കയറുൽപന്നങ്ങൾ തുടങ്ങി വിഭവസാധ്യത കണക്കിലെടുത്ത് ഇവയുടെ നിർമ്മാണത്തിന് വനിതാവ്യവസായ യൂനിറ്റ് ആരംഭിക്കുകയും അവക്കുള്ള പരിശീലനപരിപാടി സംഘടിപ്പിക്കുകയും ചെയ്യുക. ഭക്ഷ്യസംസ്കരണ യൂനിറ്റും ക്ഷീരോല്പന്ന യൂനിറ്റും ബേക്കറി പലഹാരനിർമ്മാണ യൂനിറ്റും വിവിധ പ്രദേശങ്ങളിൽ ആരംഭിക്കുക. (ഉൽപ്പന്നങ്ങൾ ആകർഷണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം).

2) കൂട്ടുകൃഷി സമ്പ്രദായം ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ വാർഡ്തലത്തിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.

3) തുല്യജോലിക്ക് തുല്യകൂലി നൽകുകയും തൊഴിൽനിയമങ്ങൾ, തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും വേണം.

4) പൊതുപ്രവർത്തനത്തിൽ സജീവമായി ഇടപെടാൻ സ്ത്രീകളെ സജ്ജരാക്കുകയും അവർക്ക് സ്വതന്ത്രമായ ചുമതല നൽകുകയും വേണം.

5) പായനെയ്ത്ത്, കൊട്ടനിർമ്മാണം, ചൂടിനിർമ്മാണം, കുമ്മായനിർമ്മാണം, മൺപാത്രനിർമ്മാണം തുടങ്ങി പരമ്പരാഗത തൊഴിൽമേഖലയെ കാലാനുസൃതമായി പരിഷ്കരിച്ച് സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

6) ഖാദി മേഖലയിൽ വൈവിധ്യമാർന്ന പുതിയ [illegible]പ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുക.

7) തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടി ക്രഷെ മുതലായ സ്ഥാപനങ്ങൾ തുടങ്ങുക.

8) പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

9) അനൗപചാരിക വിദ്യാഭ്യാസസമ്പ്രദായം പ്രോത്സാഹിപ്പിക്കുക. സ്ത്രീകൾക്ക് പ്രത്യേകമായി വായനശാല ഏർപ്പെടുത്തുക, സഞ്ചരിക്കുന്ന വായനശാല ആവിഷ്കരിക്കുക.

10) അശ്ലീലപോസ്റ്ററുകൾ പൊതുസ്ഥലങ്ങളിൽ പതിക്കുന്നത് നിരോധിക്കുക.

11) സ്ത്രീപുരുഷ സമത്വം വളർത്താനുപകരിക്കുന്ന രീതിയിൽ വിദ്യാഭ്യാസമേഖലയിൽ ഇടപെടുക.

12) അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.

13) സ്ത്രീകൾക്കായി കലാ-കായിക സാംസ്കാരിക സംഘടന രൂപീകരിക്കുകയും പ്രത്യേക നേതൃത്വപരിശീലനകേന്ദ്രം സംഘടിപ്പിക്കുകയും ചെയ്യുക.

14) ബഹുജനസംഘടനകളിൽ സ്ത്രീകളെ നേതൃത്വത്തിലേക്കുയർത്തുക.

15) അറപ്പിടിക, വട്ടോളി, തലയാട്, ബാലുശ്ശേരിമുക്ക് തുടങ്ങിയ സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാക്കുക.

16) പഞ്ചായത്തടിസ്ഥാനത്തിൽ വനിതാസെൽ രൂപീകരിക്കുക.

17) ആരോഗ്യഉപകേന്ദ്രങ്ങളിൽ എല്ലാ ആഴ്ചയിലും നിശ്ചിതദിവസം ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുക.

സഹകരണം

സാഹൂഹിക വളർച്ചയുടെ ഒരു ഘട്ടത്തിൽ ക്ഷേമത്തിനുവേണ്ടിയുള്ള തെരച്ചിലിൽ കൈവന്ന സൗഭാഗ്യമാണ് സഹകരണസംഘങ്ങൾ, ഈ ആശയം രൂപംകൊണ്ടതിനുശേഷം ഇന്നേക്ക് 112 വർഷം പിന്നിടുകയാണ്. സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിലാകെ, വൻ പൊളിച്ചെഴുത്തിന്റെയും ചരിത്രം മാറ്റിമറിക്കലിന്റെയും കാലഘട്ടമായിരുന്നു ഇതെങ്കിലും സഹകരണത്തിന്റെ മഹനീയ ആശയം മാനവമനസ്സിലാകെ കടന്നുകയറുന്ന മാസ്മര ശക്തിയായി നിലകൊള്ളുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ കഴിവുകൾ അംഗീകരിച്ചുകൊണ്ടല്ലാതെ ഒരു രാജ്യത്തിനും നിലനിൽക്കാനാകില്ല എന്ന വസ്തുത നാം കാണുന്നു. "ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി" എന്നതാണ് സഹകരണത്തിന്റെ മൗലികതത്വം.

87 വർഷം മുമ്പ് പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര എന്ന സ്ഥലത്താണ് കേരളത്തിലെ ആദ്യ സഹകരണസ്ഥാപനം രൂപീകൃതമാവുന്നത്. ഇതിന്റെ സംഘാടകൻ ഒരു ബ്രിട്ടീഷുകാരനായിരുന്നു.

ആസൂത്രണത്തിലൂടെ സാമ്പത്തിക പുരോഗതി എന്ന തത്വം സ്വീകരിച്ചുകൊണ്ട് അമ്പതുകളിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചതോടെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന്യം പതിന്മടങ്ങ് വർധിച്ചു.

"വികസനം സഹകരണത്തിലൂടെ" എന്ന മുദ്രാവാക്യം പ്ലാനിങ്ങ് കമ്മീഷൻ തത്വത്തിലംഗീകരിച്ചു. ഇങ്ങനെ ലഭിച്ച പിന്തുണ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ തളർവാതം മാറ്റി ചലനാത്മകങ്ങളാക്കി.

വിവിധ മേഖലകളിലായി പതിനൊന്നിലധികം സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിരുന്നു. ഈ മേഖലയിൽ പ്രത്യക്ഷമായി 33 പേരും പരോക്ഷമായി 350-ഓളം പേരും ഇന്ന് ജോലിചെയ്യുന്നു.

പനങ്ങാട് സർവ്വീസ് സഹകരണസംഘം:-

1919-ൽ രൂപീകരിക്കപ്പെട്ട വിവിധോദ്ദേശ ഐക്യനാണയ സഹകരണസംഘമാണ് പനങ്ങാട് ഗ്രാമപഞ്ചായത്തിൽ ഈ രംഗത്തെ ആദ്യസ്ഥാപനം. ശ്രീ. കുളപ്പറത്ത് കോവിലകത്ത് രാമവർമ്മ തമ്പുരാൻ, ശ്രീ. ഇടക്കണ്ടിയിൽ രാമുണ്ണി കിടാവ്, ശ്രീ. ഊളമൽ രാമക്കുറുപ്പ്, ശ്രീ. പുത്തലത്ത് കേളു, ശ്രീ. ഇ കുഞ്ഞിക്കണ്ണൻ കിടാവ് എന്നിവർ ഈ സംഘത്തിന്റെ ആദ്യസഹകാരികളായിരുന്നു. പ്രസ്തുത സ്ഥാപനം രജിസ്റ്റർ ചെയ്ത് പിന്നീട് കണ്ടിയോത്ത് കൃഷ്ണൻനായർ, പാലവിട്ടിൽ മാധവൻ എന്നീ സഹകാരികളുടെ നേതൃത്വത്തിൽ വട്ടോളി ബസാറിൽ പ്രവർത്തനം തുടർന്നു. 1974-ൽ നെരോത്ത് അഹമ്മദ്കോയയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ പരിശ്രമഫലമായി സംഘം സർവ്വീസ് സൊസൈറ്റിയായി ഉയർത്തപ്പെട്ടു. തുടർന്ന് 1981-ൽ ഇത് പനങ്ങാട് സർവ്വീസ് സഹകരണബേങ്ക് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഇന്ന് ബേങ്കിന് വട്ടോളി ബസാറിൽ ഹെഡ് ഓഫീസും തലയാട് ദേരു ബ്രാഞ്ചും സ്വന്തം കെട്ടിടത്തിൽ സാമാന്യം നന്നായി പ്രവർത്തിക്കുന്നു. ശ്രീ. വി എം കുട്ടികൃഷ്ണൻ പ്രസിഡണ്ടായുള്ള ഭരണസമിതിയാണ് ബേങ്കിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ഏകദേശം 4000-ത്തോളം കർഷക കുടുംബങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ആശ്രയിക്കുന്നത് പനങ്ങാട് സർവ്വീസ് സഹകരണ ബേങ്കിനെയാണ്. 1995-96 വർഷത്തിൽ 14,50,000 രൂപ ബേങ്ക് ഈ ഇനത്തിൽ വായ്പയായി നൽകി. ഏകദേശം ഇത്രത്തോളം തന്നെ തുക ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയായും നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി 2,50,000 രൂപയും വായ്പ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് വളം, കീടനാശിനി എന്നിവയും വിതരണം ചെയ്തുവരുന്നു. കൊപ്രസംഭരിക്കുന്നതിൽ കേര ഫെഡിന്റെ ഏജൻസിയായും ബേങ്ക് പ്രവർത്തിക്കുന്നു.

വട്ടോളി ബസാർ ക്ഷീരവ്യവസായ സഹകരണസംഘം

ആദ്യകാലത്ത് മുട്ടയുടെയും പാലിന്റെയും ഉല്പാദനവും വിപണനവും ലക്ഷ്യംവെച്ച് തുടങ്ങിയ സംഘം പിന്നീട് 1972 മുതൽ പ്രവർത്തനം ക്ഷീരവ്യവസായരംഗത്ത് മാത്രം കേന്ദ്രീകരിച്ചു.

ശരാശരി പ്രതിദിനം 500 ലിറ്റർ പാൽ ഇവിടെ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. ഈ സംഘത്തിന്റെ കീഴിൽ ഒരു ക്ഷീരോല്പന്ന നിർമാണ യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. യൂനിറ്റിന്റെ ഉല്പന്നങ്ങളുടെ വിപണനവും സംഘത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയും നടത്തിവരുന്നു. ഇപ്പോൾ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സഹകരണസംഘം ബാലുശ്ശേരി ബ്ലോക്കിൽ നന്നായി പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളിൽ ഒന്നാണ്.

തലയാട് ക്ഷീരോല്പാദക സഹകരണസംഘം:-

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന തലയാട് ക്ഷീരോല്പാദക സഹകരണസംഘം അടുത്തകാലത്തായി രൂപീകരിച്ചതും ആനന്ദ് മാതൃകയിൽ പ്രവർത്തിക്കുന്നതുമാണ്. ഇവിടെ ദിവസം ശരാശരി 115 ലിറ്റർ പാൽ ശേഖരിക്കപ്പെടുന്നു.

പനങ്ങാട് ക്ഷീരോല്പാദക സഹകരണസംഘം:-

ആനന്ദ് മാതൃകയിൽ തന്നെ പ്രവർത്തിക്കുന്ന ഈ സംഘം പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 1, 2 വാർഡ് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നു. ദിവസം ശരാശരി 120 ലിറ്റർ പാൽ സംഭരിക്കുന്ന സംഘം ആരംഭിച്ചിട്ട് ഒരുവർഷം ആകുന്നതേയുള്ളൂ.

കിനാലൂർ എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി:-

1964-ൽ കിനാലൂർ റബ്ബർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ആരംഭിച്ചതാണ്. ഈ രംഗത്ത് സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം പരിസരത്തുള്ള നാട്ടുകാരും പ്രയോജനപ്പെടുത്തുന്നു. റബ്ബർ ഉല്പാദന വിപണന മേഖലകളിൽ രണ്ട് സഹകരണസംഘങ്ങൾ തലയാടും വയലടയും കേന്ദ്രീകരിച്ചുകൊണ്ട് ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇതുകൂടാതെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഏതാനും സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പൂവമ്പായി ഹൈസ്കൂളിലേത് സാമാന്യം മെച്ചപ്പെട്ട സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു.

1962-ൽ വട്ടോളി ബസാർ കേന്ദ്രമായി വ്യവസായവകുപ്പിന്റെ സഹായത്തോടെ ആരംഭിച്ച "ദി ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്" ഏകദേശം മൂന്ന് വർഷമേ പ്രവർത്തിച്ചിട്ടുള്ളൂ. ഇതുകൂടാതെ ഗ്രാമപഞ്ചായത്തിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച ഒരു സഹകരണസംഘവും പിന്നീട് ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

ബാലുശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന റീജനൽ കോ-ഓപ്പറേറ്റീവ് ബേങ്കും കോഴിക്കോട് ജില്ലാ സഹകരണ ബേങ്കും ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബേങ്കും വിവിധ ആവശ്യങ്ങൾക്കായി ഇവിടെ ഹ്രസ്വകാല വായ്പകൾ അനുവദിക്കുന്നുണ്ട്.

കൊയിലാണ്ടി താലൂക്ക് സഹകരണ കാർഷിക വികസനബേങ്കാണ് ഈ ഗ്രാമപഞ്ചായത്തിൽ ദീർഘകാല കാർഷിക വായ്പകൾ നൽകുന്നത്. ഇതിന്റെ ആസ്ഥാനം ബാലുശ്ശേരിയിലാണ്. ഭവനനിർമ്മാണരംഗത്ത് മേൽപറഞ്ഞ സഹകരണ ബേങ്കുകളെ കൂടാതെ ഈ ആവശ്യത്തിലേക്ക് മാത്രമായി വായ്പ നൽകുന്ന നന്മണ്ട റൂറൽ ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനപരിധിക്കുള്ളിൽ ഈ ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നു.

സഹകരണരംഗത്തെ പ്രശ്നങ്ങൾ (കാർഷികരംഗം)

1) കാർഷിക വായ്പകൾ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാവുന്നില്ല.

2) ദീർഘകാല വായ്പകൾ നൽകുന്ന താലൂക്ക് സഹകരണ ബേങ്കിന്റെ വായ്പാ വിതരണ സമ്പ്രദായം വളരെ സങ്കീർണ്ണമാണ്.

3) സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം ലഭിക്കുന്നില്ല.

4) കാർഷിക വായ്പയോടൊപ്പം വളപ്രയോഗത്തിനുള്ള സബ്സിഡി ലഭിക്കുന്നതിന് രാസവളം വാങ്ങാൻ കർഷകർ നിർബന്ധിതരാവുന്നു.

5) സഹകരണ ബേങ്കിന്റെ പ്രവർത്തനം വട്ടോളി ബസാറിലും തലയാടും കേന്ദ്രീകരിച്ചതുകൊണ്ട് മറ്റു പ്രദേശങ്ങളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും വായ്പകൾ വിതരണം ചെയ്യുന്നതിനും വിഘാതമാണ്.

6) സഹകരണ ബേങ്കിങ്ങ് രംഗത്തെ ത്രിതല സംവിധാനം പലിശഭാരം വർദ്ധിപ്പിക്കുന്നു. (പട്ടിക ശ്രദ്ധിക്കുക.)

പലിശനിരക്ക് പട്ടിക:-

	കാർഷിക വായ്പകൾ			കാർഷികേതര വായ്പകൾ		
ബാങ്കുകൾ	25,000	25,000 മുതൽ 2 ലക്ഷം വരെ	2 ലക്ഷത്തിന് മുകളിൽ	25,000 വരെ	25,000 മുതൽ 2 ലക്ഷം വരെ	2 ലക്ഷത്തിന് മുകളിൽ
കേന്ദ്ര ബാങ്ക് നബാഡ്	6.5%	9.5%	12.5%	6.5%	9.5%	12%
സംസ്ഥാന ബാങ്ക്	7.5%	10%	12.5%	8%	11.5%	13.5%
ജില്ലാ ബാങ്ക്	9 %	11.5 %	14 %	12 %	14 %	16.5%
പ്രൈമറി ബാങ്ക്	12 %	14 %	14.5 %	-	-	-

പ്രശ്നങ്ങൾ (ക്ഷീരവികസന രംഗം)

1) 47 ചതുരശ്ര കിലോമീറ്ററിനുള്ളിൽ മൂന്ന് പാൽ സംഭരണ കേന്ദ്രങ്ങൾ മാത്രമേ ഫലത്തിൽ പ്രവർത്തിക്കുന്നുള്ളു.

2) ക്ഷീരോല്പന്നങ്ങൾ ആകർഷണീയമല്ലാത്തതിനാൽ വിറ്റഴിക്കാനാവുന്നില്ല.

3) സംഭരിക്കപ്പെടുന്ന പാലിന്റെ അളവ് വളരെ കുറവാണ്.

4) ക്ഷീരവികസന രംഗത്ത്, മൃഗസംരക്ഷണവകുപ്പും കൃഷിവകുപ്പും ക്ഷീരവികസനവകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ തമ്മിൽ ബന്ധമില്ലാത്തതിനാൽ ദുർവ്യയം ഏറെയാണ്.

5) ധനസഹായം ദുർവ്യയം ചെയ്യുന്ന പ്രവണത വ്യാപകമാണ്.

പരിഹാര നിർദ്ദേശങ്ങൾ (കാർഷികരംഗം)

• കാർഷികവായ്പകൾ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഇത്തരം വായ്പകൾ ഈ മേഖലയിൽ രൂപീകരിക്കപ്പെടുന്ന വികസന സമിതികളുടെ മേൽനോട്ടത്തിൽ വിതരണം ചെയ്യണം- ഇത്തരം വായ്പകൾക്ക് വാർഷാരംഭത്തിൽ തന്നെ ടാർജറ്റ് നിശ്ചയിക്കുകയും കൃഷിയുടെ ഓരോ ഘട്ടങ്ങളിലും ആവശ്യാനുസരണം വിതരണം ചെയ്യുകയും വേണം.

• ദീർഘകാല വായ്പകളും പ്രൈമറി ബേങ്കുകൾ മുഖേന കാലതാമസം കൂടാതെ വിതരണം ചെയ്യുന്ന സംവിധാനം ഉണ്ടാക്കാം.

• പദ്ധതിയോടൊപ്പം പ്രഖ്യാപിക്കപ്പെടുന്ന സബ്സിഡി വായ്പതുകയോടൊപ്പം അനുവദിക്കുക.

• സബ്സിഡിയായി രാസവളം നൽകുന്നതിനുപകരം ഇഷ്ടമുള്ള ജൈവവളം വാങ്ങിക്കുന്നതിന് കർഷകർക്ക് സ്വാതന്ത്ര്യം നൽകുക, അപാകതകൾ വികസനസമിതികൾ മുഖേന പരിഹരിക്കാവുന്നതാണ്.

• സഹകരണ ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി കൂടുതൽ ശാഖകൾ ആരംഭിക്കണം. ബാലുശ്ശേരിയും കണ്ണാടിപൊയിലും ഉചിതമായ കേന്ദ്രങ്ങളാണ്.

• പലിശഭാരം കുറക്കുന്നതിന് സംസ്ഥാന ബാങ്കുകളിൽനിന്നും പ്രൈമറി ബാങ്കുകൾക്ക് നേരിട്ട് പണം അനുവദിക്കുന്ന സംവിധാനമുണ്ടാവണം.

പരിഹാരനിർദ്ദേശങ്ങൾ (ക്ഷീരവികസനം)

1) കൂടുതൽ ക്ഷീരസംഭരണ വിപണന യൂനിറ്റുകൾ ആരംഭിക്കുകയും ഇവയുടെ പ്രവർത്തനം പഞ്ചായത്ത്തലത്തിൽ ഏകീകരിക്കുകയും ചെയ്യുക.

2) ക്ഷീരോല്പന്നങ്ങൾ വൈവിധ്യമാർന്നതും ആകർഷകമായി പാക്ക് ചെയ്തതും ആക്കി മാറ്റുന്നതിന് സംവിധാനം ഒരുക്കുക.

3) ഇന്ന് വളർത്തപ്പെടുന്ന നാടൻ, സങ്കരയിനങ്ങൾക്ക് പകരം കൂടുതൽ ഉല്പാദനശേഷിയുള്ള വിദേശ ഇനങ്ങളെയും വളർത്താൻ സഹായിക്കുക (ഇൻഡോ-സ്വിസ്സ് പ്രോജക്ട്)

4) തീറ്റപ്പുൽകൃഷി, കന്നുകുട്ടി വിതരണം, [illegible] നിർമാണം, കന്നുകാലി സംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള എല്ലാ ധനസഹായങ്ങളും സ്വയം [illegible] സംഘങ്ങൾ മുഖേന മാത്രം നൽകുക.

5) ധനസഹായം യഥാസമയം ലഭ്യമാക്കുകയും അവ യഥാർഥ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവ

രുത്തുകയും തിരിച്ചടക്കുന്നതിന് പ്രയാസം നേരിടുമ്പോൾ ഉചിതമായ കൂടുതൽ സഹായം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

പൊതുനിർദ്ദേശങ്ങൾ

സ്കൂളുകളിൽ ഇന്ന് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളെ കാര്യക്ഷമമാക്കേണ്ടതുണ്ട്. എല്ലാ സ്കൂളുകളിലും സഹകരണവിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുകയും പഞ്ചായത്തിലെ മറ്റ് വിവിധ സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ ഇതുവഴി വിൽക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്കൂൾ സഹകരണ സംഘത്തിൽ പുറത്തുനിന്നുള്ള ഒരാളെ സെയിൽസ്മാനായി നിയമിച്ചാൽ സംഘം സെക്രട്ടറിയായി പ്രവർത്തിക്കുന്ന അധ്യാപകന്റെ ജോലിഭാരം ലഘൂകരിക്കാം.

സാദ്ധ്യതകൾ

പഞ്ചായത്തിൽ വിവിധ മേഖലകളിലായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉല്പാദന വിപണന ഉപഭോക്തൃ സഹകരണസംഘങ്ങൾക്ക് പരസ്പരപൂരകങ്ങളായി പ്രവർത്തിക്കാനുള്ള സാധ്യതകൾ ഒട്ടേറെയുണ്ട്.

1. കോഴിവളർത്തൽ സഹകരണസംഘം:- കോഴിമുട്ടക്കും കോഴിയിറച്ചിക്കും അന്യസംസ്ഥാനങ്ങളെയാണ് നാമിന്ന് ആശ്രയിക്കുന്നത്. ഈ രംഗത്ത് വീടുതോറും ചെറിയ യൂനിറ്റുകൾ ആരംഭിച്ച് അവയുടെ പ്രവർത്തനം ഒരു പഞ്ചായത്തല കോഴിവളർത്തൽ സഹകരണസംഘം മുഖേന കേന്ദ്രീകരിപ്പിക്കുക.

2. കയർ ഉല്പാദക സഹകരണസംഘം:- പഞ്ചായത്തിൽ ഒരു കയർ സഹകരണസംഘം വേണമെന്ന ആവശ്യം പല ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംയോജിത കയർ വ്യവസായപദ്ധതിയിൻ കീഴിൽ യന്ത്രവൽകൃത ചകിരിനാര് നിർമാണവും കയർഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കേരളത്തിലുടനീളം പുതിയ സംഘങ്ങൾ രൂപീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു സംഘം പഞ്ചായത്തിൽ യുക്തമായ സ്ഥലത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം. ഈ സ്കീമിൽ ഉൾപ്പെടുത്തുമ്പോൾ 20 ലക്ഷം രൂപ വരെ സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ട്. ഇതിൽ ഒമ്പത് ലക്ഷം രൂപയും സബ്സിഡിയായി അനുവദിക്കുന്നതാണ്. സ്ഥലം വാങ്ങുന്നതിനും വായ്പാസഹായം ലഭ്യമാണ്. ഗതാഗതസൗകര്യവും ജലലഭ്യതയും ഈ വ്യവസായ യൂനിറ്റിന് അത്യാവശ്യമാണ്. ഒരു പ്രത്യേകതരം ഫങ്കസ് ഉപയോഗിച്ച് ഗുണനിലവാരം കൂടിയ ഫൈബർ ആണ് ചകിരിയിൽനിന്നും ഉല്പാദിപ്പിക്കുന്നത്. ഈ ഫാക്ടറിയിൽനിന്നും പുറത്തേക്ക് തള്ളുന്ന ചകിരിച്ചോറ് "പിത്ത് +" സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ജൈവവളമാക്കി മാറ്റാൻ കഴിയുമെന്ന് തെളിയിച്ചിട്ടുമുണ്ട്. ഇതുമൂലം ചകിരിച്ചോറുകൊണ്ട് പരിസ്ഥിതിപ്രശ്നവും ഉണ്ടാകുന്നില്ല. ഇതിന്റെ ഫൈബർ (ചകിരിനാര്) വാർഡുതോറുമുള്ള ചെറുയൂനിറ്റുകളിൽ എത്തിച്ച് വിവിധതരം കയറുല്പന്നങ്ങൾ ഉണ്ടാക്കി മറ്റു വിപണന സഹകരണസംഘങ്ങൾ മുഖേന വിറ്റഴിക്കാവുന്നതാണ്. റബ്ബർ കൃഷി ഏറെയുള്ള ഈ പഞ്ചായത്തിൽ റബ്ബറും ചകിരിനാരും ഉപയോഗിച്ചുള്ള മെത്ത നിർമാണത്തിനും സാധ്യതയുണ്ട്.

പരമ്പരാഗത കുടിൽവ്യവസായ സഹകരണസംഘം:- പരമ്പരാഗത തൊഴിൽമേഖലയിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പായ, പരമ്പ്, കുട്ട, പനയോല തടുക്ക്, മുറം തുടങ്ങിയ ഗൃഹോപകരണങ്ങളുടെ നിർമാണവും വിപണനവും ലക്ഷ്യമാക്കി ഒരു സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

വനിതാ സഹകരണസംഘങ്ങൾ:- റെഡിമെയ്ഡ് വസ്ത്രം, നോട്ടുബുക്ക്, മെഴുകുതിരി, പപ്പടം, മറ്റ് ഭക്ഷ്യവസ്തുക്കൾ, സോപ്പ് തുടങ്ങിയ സാധനങ്ങളുടെ നിർമ്മാണം ലക്ഷ്യമാക്കി സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചാൽ ധാരാളം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും.

ഇലക്ട്രോണിക് ഉപകരണങ്ങളുടെ ചെറുഘടകങ്ങൾ നിർമ്മിക്കുന്ന വനിതാ സഹകരണസംഘങ്ങൾ, കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിക്കാവുന്നതാണ്.

പനങ്ങാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ പരിസരത്ത് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യവിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്.

ലേബർ കോൺട്രാക്ട് സഹകരണസംഘത്തിനും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനസാധ്യതയുണ്ട്.

ഹൗസിങ്ങ് സൊസൈറ്റി:- ഭവനനിർമാണ രംഗത്ത് കോഴിക്കോട് ജില്ലാ സഹകരണബേങ്കും കൊയിലാണ്ടി താലൂക്ക് സഹകരണബേങ്കും നന്മണ്ട ഹൗസിങ്ങ് സൊസൈറ്റിയും പനങ്ങാട് സഹകരണബേങ്കും ഈ പഞ്ചായത്തിൽ വായ്പകൾ നൽകിവരുന്നുണ്ടെങ്കിലും ആവശ്യകതയെ അപേക്ഷിച്ച് ഇത് തുലോം പരിമിതമാണ്. അതിനാൽ പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി ആരംഭിക്കാവുന്നതാണ്.

സഹകരണ ബേങ്കിങ്ങ് രംഗത്ത് സംസ്ഥാനത്തിൽ ഇന്ന് പ്രവർത്തിക്കുന്ന ത്രിതല ബേങ്കിങ്ങ് സംവിധാനം കാരണം ഗുണഭോക്താവിന് ഭാരിച്ച പലിശ കൊടുക്കേണ്ടിവരുന്നു. സംസ്ഥാന ബേങ്കുകളിൽനിന്നും നേരിട്ട് പ്രൈമറി ബേങ്കുകൾക്ക് ധനം ലഭ്യമാക്കിയാൽ പലിശഭാരം ലഘൂകരിക്കാൻ കഴിയുമെന്ന് ഇതുസംബന്ധിച്ച് നൽകിയ പട്ടികയിൽ നിന്ന് വ്യക്തമാകും.

പഴയകാല പ്രഗത്ഭ സഹകാരികൾ, ഇപ്പോഴത്തെ സഹകാരികൾ, ജനപ്രതിനിധികൾ, സഹകരണ വകുപ്പിലെയും സംഘങ്ങളിലെയും ഉദ്യോഗസ്ഥന്മാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഗ്രാമപഞ്ചായത്തല സഹകരണ സെൽ രൂപീകരിച്ചാൽ വിവിധ സംഘങ്ങൾക്ക് ഉപദേശനിർദേശങ്ങൾ നൽകി സഹായിക്കാൻ കഴിയും.

വിഭവ സമാഹരണം

പഞ്ചായത്തിന്റെ പുരോഗതിയിൽ വിഭവസമാഹരണം അതിപ്രധാനമായ പങ്ക് വഹിക്കുന്നു. എന്നാൽ ഈ ഇനത്തിലുള്ള പഞ്ചായത്തിന്റെ മൊത്തവരുമാനം ആശാവഹമല്ല. വരുമാനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ഏറെയുണ്ടുതാനും.

കാർഷിക മേഖലയിൽ നിന്നാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനം. എന്നാൽ ഉല്പാദനക്ഷമത നന്നേ കുറവാണ്. കൃഷിക്കാർക്ക് വ്യത്യസ്തകാരണങ്ങളാൽ കൃഷിയിൽ താല്പര്യമില്ല എന്നതാണ് ഏറ്റവും വലിയ ശാപം. ഉല്പാദന ചെലവും വരുമാനവും തമ്മിലുള്ള അന്തരം അവരെ നിരാശരാക്കുന്നു. വയലുകൾ നികത്തി പറമ്പുകളാക്കുന്നത് മൂലം നെൽകൃഷി കടുത്ത ഭീഷണിയാണ് നേരിടുന്നത്. കൂടാതെ വയലുകൾ നികത്തി കോൺക്രീറ് മന്ദിരങ്ങൾ നിർമ്മിക്കലും വ്യാപകമായി തുടർന്നുവരുന്നു. പ്രത്യുല്പാദനപരമല്ലാത്ത ഇത്തരം പ്രവർത്തനങ്ങളാണ് വിഭവസമാഹരണത്തിന് മുഖ്യ തടസ്സം.

വരുമാനം വർദ്ധിപ്പിക്കുന്നതിൽ കൃഷിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക - വരുമാനം പുറത്തുപോകുന്നത് തടയുന്നതിനായി വ്യാപകമായി ഇടവിളകൾ പരിപോഷിപ്പിക്കുക (ഉദാ:- പച്ചക്കറികൾ, അലങ്കാരചെടികൾ, ഔഷധസസ്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, തുടങ്ങിയവ). കാർഷിക വിഭവങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം സഹകരണസംഘങ്ങളുടെ സഹായത്തോടെ പഞ്ചായത്തിൽ ഏർപ്പെടുത്തുക - പഞ്ചായത്ത് അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ നാണ്യവിളകൾ വെച്ച് പിടിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നത് വഴി സാമ്പത്തികനേട്ടമുണ്ടാക്കാം. ഏറ്റവും കൂടുതൽ പഞ്ചായത്ത് ഫണ്ട് റോഡിനുവേണ്ടി ഉപയോഗിക്കുന്ന നിലവിലുള്ള അവസ്ഥ മാറ്റി കാർഷിക വിഭവങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിക്കുക. മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിൽരഹിതരായ യുവതികളെ സംഘടിപ്പിച്ച് കൃഷിഭവനുമായി സഹകരിച്ച്, പച്ചക്കറി ഉല്പാദനയൂനിറ്റുകൾ മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് നമ്മുടേത്. കിനാലൂർ റബ്ബർ എസ്റ്റേറ്റിലുള്ള ഒരേയൊരു വ്യവസായസ്ഥാപനമേ നമുക്കുള്ളൂ. കൂലിയിനത്തിലും നികുതിയിനത്തിലും നാമമാത്രമായ വരുമാനമേ ഇവിടെനിന്നും ലഭിക്കുന്നുള്ളൂ. ധാരാളം പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള, കിനാലൂരിൽ തുടങ്ങാൻ പോകുന്ന വ്യവസായവികസന കേന്ദ്രത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

കുടിൽ വ്യവസായം വളർത്തിക്കൊണ്ടുവന്നാൽ വിഭവസമാഹരണത്തിനുള്ള വഴി തുറക്കുകയായി. ഉദാ:- പായ നെയ്ത്ത്, കുട്ടനിർമ്മാണം, പപ്പടനിർമ്മാണം, എംബ്രോയ്ഡറി ഉൾപ്പെടെയുള്ള വസ്ത്രനിർമ്മാണ യൂനിറ്റുകൾ, അച്ചാർ, സ്കാഷ് എന്നിവയുടെ നിർമ്മാണം.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽ നിന്നുള്ള വരുമാനം ആശാവഹമല്ല - പഞ്ചായത്തിൽ ആകെ 360-ഓളം പേരാണ് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നത്. ഗൾഫ് പണത്തിന്റെ നല്ലൊരുഭാഗം കോൺക്രീറ്റ് മന്ദിരങ്ങൾ നിർമ്മിക്കുന്നതിനാണ് വിനിയോഗിക്കുന്നത്. ഇത് പ്രത്യുല്പാദനപരമായ മേഖലയിലേക്ക് മാറ്റിയാലേ വിഭവശേഷി വർദ്ധിക്കുകയുള്ളൂ.

നികുതിയിനത്തിലുള്ള വരുമാനമാണ് പഞ്ചായത്തിന്റെ മുഖ്യധനാഗമമാർഗ്ഗം - നികുതി സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

പട്ടിക

നികുതിയിനത്തിലുള്ള വർദ്ധനവ് 91-92 വർഷത്തെ കണക്കും, 95-96 വർഷത്തെ കണക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ മനസ്സിലാക്കാം. കെട്ടിടനികുതിഘടന ശാസ്ത്രീയമായ രീതിയിൽ പരിഷ്കരിക്കേണ്ടതുണ്ട്. ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക, ആഴ്ചച്ചന്തകൾ സംഘടിപ്പിക്കുക, വെട്ടുകല്ല്, കരിങ്കൽ ക്വാറി ഉടമകളിൽനിന്ന് നികുതി പിരിക്കുന്ന ഇന്നത്തെ സംവിധാനത്തിൽ മാറ്റം വരുത്തി പഞ്ചായത്ത് നേരിട്ട് നടത്തിപ്പുകാരിൽ നിന്ന് നികുതി പിരിക്കുന്ന സമ്പ്രദായം ആവിഷ്കരിക്കുക.

വിനോദനികുതിയിനത്തിൽ നമുക്കുള്ള വരുമാനം നന്നേ കുറവാണ്. തലയാട് പടിക്കൽ വയലിലെ തങ്കം ടാക്കീസിൽ നിന്നുള്ള നാമമാത്രമായ വരുമാനമേ ഈ ഇനത്തിൽ വരുന്നുള്ളൂ. എന്നാൽ ബാലുശ്ശേരിമുക്ക് - അറപ്പീടിക എന്നീ സ്ഥലങ്ങൾക്കിടയിൽ ഒരു സിനിമാ തിയേറ്ററിനുള്ള സാദ്ധ്യത നില്ക്കുന്നു. ഇത് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നാതണ്.

അധ്യാപകരിൽ നിന്നും ജീവനക്കാരിൽ നിന്നും ഉള്ള തൊഴിൽനികുതി വരുമാനവും നന്നേ കുറവാണ്. വാഹനഉടമകളിൽ നിന്നും ചെറുകിട വ്യാപാരികളിൽ നിന്നും ചുരുങ്ങിയ നികുതി ഈടാക്കി വരുമാനം കണ്ടെത്താം.

പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണബേങ്കും അതിന്റെ ഒരു ശാഖയും ഉണ്ട്. കൂടാതെ സൗത്ത് മലബാർ ഗ്രാമീൺ ബേങ്കിന്റെയും സൗത്ത് ഇന്ത്യൻ ബേങ്കിന്റെയും ഓരോ ശാഖകൾ നിലവിലുണ്ട്. ഇവിടങ്ങളിലെ നിക്ഷേപങ്ങൾക്കാനുപാതികമായുള്ള വായ്പകൾ ഈ സ്ഥാപനങ്ങൾ അനുവദിക്കുന്നില്ല. അതിനാൽ സ്വയംതൊഴിൽ തേടുന്നവർക്ക്, ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണേണ്ടതാണ്.

മനുഷ്യാദ്ധ്വാനം സ്വരൂപിക്കലാണ് മറ്റൊരു പ്രധാന ഘടകം. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലക്ഷക്കണക്കിന് രൂപയുടെ മൂല്യം വരുന്ന മനുഷ്യാദ്ധ്വാനം സ്വരൂപിച്ചതിന്റെ അനുഭവം നമുക്കുണ്ട്. ഉദാഹരണമായി കോട്ടനടപാലം, അതിനോടനുബന്ധിച്ച റോഡ്, ക്ലബ്ബ്, ലൈബ്രറി, ഓഫീസുകൾ, കിണർ എന്നിവയെല്ലാം ശ്രമദാനത്തിലൂടെയാണ് നാം പൂർത്തീകരിച്ചത്. ഇതുപോലെ എത്രയോ പ്രവർത്തനങ്ങൾ വികസനരംഗത്ത് ചെയ്യാൻ നമുക്ക് കഴിയും.

പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ജനകീയ കമ്മറ്റികളുടെ നിയന്ത്രണത്തിൽ വരുമ്പോൾ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും അനാവശ്യ ചെലവുകൾ ഒഴിവാക്കാനും നമുക്ക് കഴിയും.

സാമ്പത്തികശേഷിയുള്ള ആളുകളിൽ നിന്നുള്ള വായ്പയാണ് മറെറാരു ധനാഗമമാർഗ്ഗം പഞ്ചായത്തിൽ ഇതിനുള്ള സാദ്ധ്യത ഏറെയാണ്. ഈ ധനം കാർഷിക-വ്യാവസായിക മേഖലകളിൽ ഉപയോഗിക്കാവുന്നതാണ്. നിർമ്മാണ പ്രവർത്തന ചെലവിലേക്ക് ആവശ്യമായ ഉല്പന്നപ്പിരിവുകൾ സംഘടിപ്പിച്ചും വരുമാനം കണ്ടെത്താം. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരം, കല്ല് എന്നീ അസംസ്കൃത സാധനങ്ങൾ സംഭാവനയായി സ്വീകരിച്ചും വിഭവശേഷി ഉയർത്താം.

പൊതുപ്രവൃത്തികൾ കരാറുകാരെ ഏല്പിക്കുന്നതിനാൽ നിർമ്മാണച്ചെലവ് കൂടുകയും പലപ്പോഴും പ്രവൃത്തി വേണ്ട വിധത്തിൽ നടക്കാതിരിക്കുകയും ചെയ്യുന്നു. ഇത് പരിഹരിക്കുന്നതിന് പൊതുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ജനകീയ സമിതികളെ ഏല്പിക്കാവുന്നതാണ്.

വികസനപ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും അതുവരെയുള്ള പ്രവൃത്തികൾ വിലയിരുത്തി പണം യഥാസമയം നൽകുന്നതിനുള്ള സംവിധാനമുണ്ടാവണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉള്ള കലാസമിതികൾ, യുവജനസംഘടനകൾ, മറ്റ് സന്നദ്ധസംഘടനകൾ ഇവയെ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കുള്ള മനുഷ്യാദ്ധ്വാനശേഷി സംഭരിക്കാവുന്നതാണ്.

കെട്ടിടങ്ങളുടെ ഫ്ലോറിംഗ് മാർബിൾ, കടപ്പ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിച്ച് നടത്തുന്നവരിൽ നിന്ന് ഒരു പ്രത്യേക നികുതി ഈടാക്കുക.

വരുമാനത്തിലെ വ്യതിയാനം

	1991-92	1995-96	വ്യത്യാസം
ഇനം	1	2	3
കെട്ടിടനികുതി	1,59,881.15	2,32,205.35	
" സർചാർജ്			
തൊഴിൽനികുതി	89,841.00	64,910.00	
വിനോദനികുതി	14715.90	13,315.00	
അഡീഷനൽ നികുതി		7988.00	
പ്രദർശനനികുതി	1546.00	1864.00	
" " സർചാർജ്		466.00	
ചന്തവരവ്	14000.00	35600.00	
ലൈസൻസ് ഫീസ്	7266.00	9848.25	
സിനിമ		462.00	
വസ്തു കൈമാറ്റനികുതി 75%	1,69,230.00	1,77,115.00	
വസ്തുകൈമാറ്റ നികുതി 25%	-	-	
ഗ്രാൻറുകൾ സംഭാവന			
ഡെപ്പോസിറ്റ്	94,488.92	25,063.75	
മറ്റുള്ളവ	1,82,389.94	2,89,692.90	
ഉപാധിരഹിതഫണ്ട്	2,00,000.00	363590.00	
ജെ ആർ വൈ	4,48,870	6,51,094	
വരവ്	937358.91		
ചെലവ് എസ്റ്റാബ്ലിഷ്മെൻറ്	2,94,749	397450	

വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

1. **കൃഷി**

കെ. വി. ബാലകൃഷ്ണൻ
വി. എം. പത്മനാഭൻ
ഇ. കെ. ഹുസൈൻഹാജി
കെ. കെ. ശിവരാമൻനായർ
സദാനന്ദൻ കെ. കെ

2. **മത്സ്യബന്ധനം-മൃഗപരിപാലനം**

വി. പി. ചന്ദ്രൻ വയലിട
കേഞ്ഞങ്ങാട്ട് മുഹമ്മദ്

3. **വിദ്യാഭ്യാസം**

പി. സിദ്ദിഖ്മാസ്റ്റർ
കെ. മുഹമ്മദ്മാസ്റ്റർ
എ. കെ. അബ്ദുൽഹക്കീം
വി. അബൂബക്കർമാസ്റ്റർ

ആരോഗ്യം-കുടിവെള്ളം

എ. സി. ഭാസ്കരൻ
കെ. കെ. പത്മനാഭൻമാസ്റ്റർ
തങ്കമ്മ എ.

5. **ഗതാഗതം**

മധുയം രാഘവൻമാസ്റ്റർ
കെ. കെ. ബാബു
കെ. സി. ശ്രീധരൻ
സുഗതൻ കെ. പി.

6. **വ്യവസായം**

സി. അബ്ദുൾറസാഖ്
കെ. സി. അബ്ദുൾവഹാബ്
പി. എസ്. ഭാരതി
എം. എ. അബ്ദുൾമനാഫ്

7. **പാർപ്പിടം-സാമൂഹ്യക്ഷേമം**

കെ. എ. റസാഖ്മാസ്റ്റർ
രാധാമണി പി. വി.
ശകുന്തള എ. സി.

8. **സംസ്കാരം**

ബെന്നിജോസഫ്
സതീഷ് എൻ. ജി.
റീന പി. ജി.

9. **വനിത**

ടി. എം. പത്മിനി
വി. എം. കമലാക്ഷി
കെ. സി. ലീല
ദേവിടീച്ചർ
ആർ. കെ. മനോജ്

10. **സഹകരണം**

ഗോപി എം.
സുരേഷ് പി. കെ.
പുഷ്പ പി. സി.

11. **പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം**

സദാനന്ദൻ ഇ. പി.
അഭിജ പി. എ.
എ. ശാന്തകുമാരി

12. **വിഭവസമാഹരണം**

സി. പി. ബാലൻമാസ്റ്റർ
കെ. കെ. സുരേഷ്

13. **ചരിത്രം**

കെ. ശശിധരൻമാസ്റ്റർ
ബഷീർ അഹമ്മദ് പി.

14. **പഠനപര്യടനം**

ദിനേശൻ കെ.
ബാബു കുന്നോത്ത്
മോഹനൻ ആർ.
പ്രഭീഷ് കെ.
ടി എ കുഞ്ഞിരാമൻ

മാപ്പിംഗ് : ഷനീജ്

സമഗ്ര ഗ്രാമവികസനം

സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമവികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

ഗ്രാമവികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവസമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക

**പഞ്ചായത്തിന് നൽകേണ്ട വിവിധയിനം നികുതികൾ,
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക**

അതുവഴി ഗ്രാമവികസനത്തിൽ പങ്കാളികളാവുക

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുമായി സഹകരിക്കുക

പബ്ലിസിറ്റി വിഭാഗം,
പനങ്ങാട് ഗ്രാമപഞ്ചായത്ത്

അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്